

കേരളപാഠാവലി

# സാമൂഹ്യശാസ്ത്രം-I

സ്റ്റാൻഡേർഡ് X

TB/X/2004/900(M)

TB|X|2004|90@(m)

കേരളപാഠാവലി

# സാമൂഹ്യശാസ്ത്രം-I

## സ്റ്റാന്റേർഡ് X

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2004

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാട്ട മറാഠാ
ദ്രാവിഡ ഉത്ക്കല വംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ, ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

പ്രിയപ്പെട്ട കുട്ടികളേ,

തുടർച്ചയായ ഒരു പരിണാമപ്രക്രിയയുടെ ഫലമായിട്ടാണ് നമ്മുടെ വർത്തമാനകാലസമൂഹം രൂപപ്പെട്ടത്. മാനവികതയിലും സമത്വസങ്കല്പത്തിലും അധിഷ്ഠിതമായ ഈ സമൂഹത്തിന്റെ പിറവിക്കു പിന്നിൽ നമ്മുടെ മുൻഗാമികളുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങളും നിസ്വാർഥമായ ഇടപെടലുകളുമുണ്ട്. ഇതേക്കുറിച്ചെല്ലാമുള്ള ധാരണകൾ ആധുനിക സമൂഹം നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നതിന് നമുക്കു മാർഗദർശകമാകണം. നഷ്ടപ്പെടുന്ന നന്മകളെ തിരികെക്കൊണ്ടുവരുന്നതിനും സമൂഹത്തിന്റെ ചലനാത്മകത നിലനിർത്തുന്നതിനും ഈ അറിവുകൾ നമുക്ക് ഊർജം പകരണം. വൈവിധ്യമാർന്ന സ്രോതസ്സുകളിൽ നിന്നാണ് നാം ഇതിനായി വിവരം ശേഖരിക്കേണ്ടത്. ഇതിനൊരു ഉപാധിയായി ഈ പാഠപുസ്തകം പ്രയോജനപ്പെടുത്തുമല്ലോ.

ഇങ്ങനെ അർഥപൂർണമായ അന്വേഷണങ്ങളുടെയും യുക്തിഭദ്രമായ വിലയിരുത്തലുകളുടെയും ജനാധിപത്യപരമായ ആശയവിനിമയത്തിന്റെയും വേദികളായി നമ്മുടെ ക്ലാസ് മുറികൾ മാറട്ടെ.

സ്നേഹപൂർവം

**ഡോ. പി.എം. ജലീൽ**
*ഡയറക്ടർ*
*എസ്.സി.ഇ.ആർ.ടി.*

# ഇന്ത്യൻ ഭരണഘടന

## ഭാഗം IV ക

### മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.

©
Government of Kerala

Prepared by
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 12
2004

# സാമൂഹ്യശാസ്ത്രപഠനം ഒരു മാർഗരേഖ

**വി**ജ്ഞാനവിസ്ഫോടനത്തിന്റേതായ ഒരു കാലത്താണ് നാം ജീവിക്കുന്നത്. ദിനംപ്രതി ഓരോ വിഷയത്തിലും പുതിയ അറിവുകളും കണ്ടെത്തലുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓരോ പഠനമേഖലയിലും ലഭ്യമായതും സാധ്യമായതുമായ വിവിധ സ്രോതസ്സുകളിൽ നിന്നു വിവരങ്ങൾ ശേഖരിക്കുകയും അവയെ ഒറ്റയ്ക്കും കൂട്ടായും വിശകലനം ചെയ്ത് ധാരണകൾ നിർമിച്ചെടുക്കാൻ പ്രാപ്തരാവുകയും ചെയ്യുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സാമൂഹ്യശാസ്ത്ര ക്ലാസ് മുറിയിൽ നാം വിഭാവനം ചെയ്യുന്നത്. ഇങ്ങനെ രൂപപ്പെടുത്തുന്ന ധാരണകൾ മാത്രമേ സാമൂഹ്യജീവിതത്തിൽ പ്രയോജനപ്പെടുകയുള്ളു.

### വിവരശേഖരണം എവിടെനിന്ന്?

- ചരിത്രപുസ്തകങ്ങൾ, സാഹിത്യകൃതികൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, സഞ്ചാരസാഹിത്യ കൃതികൾ, വിജ്ഞാനകോശങ്ങൾ മുതലായവ.
- ഭൂപടങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ, ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ, ഇന്റർനെറ്റ്, സി.ഡി. റോം മുതലായവ.
- വിവിധ മേഖലയിലെ പരിചയസമ്പന്നരായവർ.
- ചരിത്രസ്മാരകങ്ങൾ, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ചരിത്രരേഖകൾ മുതലായവ.

ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങളാണ് 'അന്വേഷണക്കുറിപ്പുകളിൽ' രേഖപ്പെടുത്തേണ്ടത്.

### ശേഖരിച്ച വിവരങ്ങളുടെ വിശകലനവും വിനിമയവും

ഒറ്റയ്ക്കും സംഘമായും സമാഹരിക്കുന്ന വിവരങ്ങളാണല്ലോ അന്വേഷണക്കുറിപ്പുകളിൽ ഉണ്ടായിരിക്കുക. ഈ വിവരങ്ങൾ കൂടുതൽ കാര്യങ്ങൾ കൂട്ടിച്ചേർത്ത് പുഷ്ടിപ്പെടുത്തണം. ഈ കുറിപ്പുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള ഉപാധികളാണ് താഴെ പറയുന്ന പ്രവർത്തനങ്ങൾ:

- സെമിനാർ/സിമ്പോസിയം
- പാനൽ ചർച്ച
- സംവാദം
- പ്രശ്നോത്തരി
- പാർലമെന്റ്
-

### രേഖപ്പെടുത്തൽ

ശേഖരിക്കുന്ന വിവരങ്ങളും പൊതുവായി രൂപീകരിക്കപ്പെടുന്ന ധാരണകളും ചിട്ടയായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. എങ്ങനെയൊക്കെയാവാം?

- അസൈൻമെന്റുകൾ
- ലേഖനങ്ങൾ
- പതിപ്പുകൾ
- റിപ്പോർട്ടുകൾ
-

### പ്രോജക്ട്

അന്വേഷണവും വിവരശേഖരണവും വിവരങ്ങളുടെ അപഗ്രഥനവും നിഗമനങ്ങളുടെ രൂപീകരണവും രേഖപ്പെടുത്തലുമെല്ലാം ഉൾപ്പെടുന്ന പ്രവർത്തനമാണല്ലോ പ്രോജക്ട്. ചരിത്രം, രാഷ്ട്രതന്ത്രം എന്നീ വിഷയങ്ങളിൽ ചില പ്രോജക്ടുകൾ നിർദേശിച്ചിട്ടുണ്ട്. അവ സമയബന്ധിതമായി ചെയ്തു തീർക്കുമല്ലോ.

### മൂല്യനിർണയം

ആശയങ്ങളും ധാരണകളും വിലയിരുത്തുന്നതിനു പുറമേ നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾകൂടി വിലയിരുത്തലിനു വിധേയമാവും:

**⊙ പ്രോജക്ടുകൾ**

- ഭൂപരിഷ്കരണനടപടികളും കാർഷിക രംഗത്തെ ഇതര മാറ്റങ്ങളും കേരളത്തിലെ കാർഷികാഭിവൃദ്ധിക്ക് എത്രമാത്രം സാഹയകമായി? (എട്ട്, ഒൻപത്, പത്ത് അധ്യായങ്ങളിലൂടെ പൂർത്തിയാകേണ്ടത്.)
- യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കുമോ? (ഒന്ന്, രണ്ട്, മൂന്ന്, നാല് അധ്യായങ്ങളിലൂടെ പൂർത്തിയാകേണ്ടത്)
- മനുഷ്യാവകാശങ്ങളും വർത്തമാനകാല ലോകവും (പതിമൂന്നാം അധ്യായത്തിൽ).

**⊙ സെമിനാർ**

- ഇന്ത്യയുടെ വിദേശനയത്തിന്റെ സവിശേഷതകൾ (ആറാം അധ്യായത്തിൽ)
- കേരളത്തിലെ ദേശീയപ്രസ്ഥാനം (ഒൻപതാം അധ്യായത്തിൽ)
- സാമൂഹീകരണ ഏജൻസി എന്ന നിലയിലും സാമൂഹ്യനിയന്ത്രണ ഏജൻസി എന്ന നിലയിലും മതം വഹിക്കുന്ന പങ്ക്. (പതിനൊന്നാം അധ്യായത്തിൽ)

**⊙ ശേഖരം (സമകാലികം)**

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കുന്ന ചിത്രങ്ങൾ, ഫോട്ടോകൾ, വാർത്തകൾ തുടങ്ങിയവ ചേർത്ത് തയാറാക്കുന്നതാണ് സമകാലികം.
- ക്ലാസ് മുറിയിലും പുറത്തും നടക്കുന്ന നിരവധി പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവയിലെ പങ്കാളിത്തവും മൂല്യനിർണയത്തിന്റെ ഭാഗമായി വിലയിരുത്തപ്പെടും.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിലൂടെയാണ് സാമൂഹ്യശാസ്ത്രപഠനം പൂർത്തിയാകുന്നത്. ഇവയൊന്നും പഠനത്തിൽനിന്നു വേറിട്ടു നിൽക്കുന്ന പ്രവർത്തനങ്ങളല്ല.

## മറിച്ചു നോക്കുമ്പോൾ


സാമൂഹ്യശാസ്ത്രപഠനം ഒരു മാർഗരേഖ

1. സാമ്രാജ്യത്വവും ഒന്നാം ലോകമഹായുദ്ധവും ........ 7
2. ആധുനിക വിപ്ലവങ്ങൾ ........ 18
3. രണ്ടാം ലോകമഹായുദ്ധം ........ 26
4. യുദ്ധാനന്തരലോകം ........ 40
5. നവലോകം ........ 54
6. ഇന്ത്യ നവയുഗത്തിലേക്ക് ........ 64
7. ഇന്ത്യ വികസനപാതയിൽ ........ 75
8. മധ്യകാലകേരളം ........ 87
9. ആധുനികകേരളത്തിലേക്ക് ........ 100
10. കേരളം ഇന്ന് ........ 120
11. വ്യക്തിയും സമൂഹവും ........ 130
12. ജനാധിപത്യം ഇന്ത്യയിൽ ........ 136
13. മനുഷ്യാവകാശങ്ങൾ ........ 144

# 1 സാമ്രാജ്യത്വവും ഒന്നാം ലോകമഹായുദ്ധവും

**ശാ**സ്ത്ര സാങ്കേതിക വിദ്യകൾ ഉൽപാദന രംഗത്ത് പ്രയോഗിക്കപ്പെട്ടപ്പോൾ വ്യാവസായിക വിപ്ലവം ഉണ്ടായി. തുടർന്ന് മുതലാളിത്ത വ്യവസ്ഥിതി ഉദയം ചെയ്തതും ലോകത്തിന്റെ പല ഭാഗത്തും കോളനികൾ സ്ഥാപിക്കപ്പെട്ടതും മുൻക്ലാസിൽ ചർച്ച ചെയ്തല്ലോ. ഇത് സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാമെന്നു നോക്കാം.

### മുതലാളിമാർ മത്സരിക്കുന്നു

മനുഷ്യവാസമുള്ള എല്ലാ സ്ഥലങ്ങളിലും മുതലാളിമാർ ഉൽപന്നവുമായി എത്തി. ആഭ്യന്തര കമ്പോളത്തിൽ വിൽക്കാൻ കഴിയാത്തത് കോളനികളിൽ വിറ്റു. കമ്പോളം നില നിർത്താനായി കോളനികൾക്കു വേണ്ടി പരസ്പരം പടവെട്ടി. ഈ മത്സരങ്ങളുടെ ഫലമായി ചില വൈരുദ്ധ്യങ്ങൾ പ്രത്യക്ഷപ്പെട്ടു:

- മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ
- മുതലാളിത്ത രാജ്യങ്ങളിലെ മുതലാളിമാർ തമ്മിൽ
- മുതലാളിത്ത രാജ്യങ്ങളും കോളനികളും തമ്മിൽ
- മുതലാളിത്ത രാജ്യങ്ങളിലെ മുതലാളിമാരും തൊഴിലാളികളും തമ്മിൽ

ഈ വൈരുദ്ധ്യങ്ങൾ യുദ്ധങ്ങൾക്കിടയാക്കി. യുദ്ധച്ചെലവ് കൂടി. തൊഴിലാളിസമരങ്ങളുടെ ഫലമായി കൂലി വർധിപ്പിക്കേണ്ടതായി വന്നു. മുമ്പത്തെപ്പോലെയുള്ള ലാഭം കിട്ടാതായി. ഉൽപാദനം യൂറോപ്പിലും വിപണനം കോളനികളിലുമെന്ന സ്ഥിതി മാറ്റണമെന്നു ബോധ്യപ്പെട്ടു.

### സാമ്രാജ്യത്വത്തിന്റെ ആവിർഭാവം

മുതലാളിത്തത്തിന്റെ ആന്തരിക വൈരുദ്ധ്യങ്ങളെയും പ്രതിസന്ധികളെയും തരണംചെയ്തു

വളർന്നുവന്നതാണ് സാമ്രാജ്യത്വം. അത് മുതലാളിത്തത്തിന്റെ വികസിത രൂപമാണ്.

എന്തൊക്കെയാണ് ഇതിന്റെ സവിശേഷതകൾ?

- ഉൽപാദനം കോളനികളിലേക്കു കൂടി വ്യാപിപ്പിച്ചു.
- അതിലേക്കായി മൂലധനം കയറ്റുമതി ചെയ്തു.
- സാങ്കേതികവിദ്യയും വിദഗ്ധന്മാരും കയറ്റുമതി ചെയ്യപ്പെട്ടു.
- മൂലധനക്കയറ്റുമതി സുഗമമാക്കാൻ ബാങ്കിങ് സമ്പ്രദായം വിപുലീകരിച്ചു.
- പല മേഖലകളിലും വ്യവസായക്കുത്തക നിലവിൽവന്നു.

ഈ പ്രത്യേകതകൾ ഉള്ളതിനാൽ സാമ്രാജ്യത്വത്തെ കുത്തകമുതലാളിത്തമെന്നു വിളിക്കുന്നു.

സാമ്രാജ്യത്വഘട്ടത്തിലാണ് കോളനിവൽക്കരണം പൂർണമാവുന്നത്. ലഭ്യമായ ഭൂപ്രദേശങ്ങളെല്ലാം സാമ്രാജ്യത്വരാജ്യങ്ങൾ പങ്കിട്ടെടുത്തു. കോളനികളിലെ മനുഷ്യരെയും പ്രകൃതിവിഭവങ്ങളെയും നിഷ്കരുണം ചൂഷണം ചെയ്തു. ചൂഷണം സുഗമമാക്കാൻ ജനങ്ങളെ തമ്മിലടിപ്പിച്ചു. മതവിശ്വാസികളെ തമ്മിൽ ഭിന്നിപ്പിച്ചു. വർണവെറിയും വംശീയവിദ്വേഷവും ആളിക്കത്തിച്ചു.

✸ *ഇന്ത്യയിലും ദക്ഷിണാഫ്രിക്കയിലും ഇംഗ്ലീഷുകാർ ഊതിക്കത്തിച്ച വർണവിദ്വേഷത്തെപ്പറ്റി ഒരു ചർച്ച സംഘടിപ്പിക്കൂ.*

**സാമ്രാജ്യത്വം വളർത്തുന്ന സംഘർഷങ്ങൾ**

സാമ്രാജ്യത്വചൂഷണത്തിന്റെ ഭാഗമായി കോളനികളിലെ പരമ്പരാഗതസാമൂഹ്യവ്യവസ്ഥ, നിയമവ്യവസ്ഥ, വിദ്യാഭ്യാസ സമ്പ്രദായം, ഭരണസംവിധാനം എന്നിവ തകർത്തു. സാമ്രാജ്യത്വത്തോട് ആഭിമുഖ്യം വളർത്തുന്നതിനാവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി.

പരമ്പരാഗതമായ ഭക്ഷ്യോൽപാദന വ്യവസ്ഥ തകർത്തു. നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിച്ചു. റബ്ബർ, കാപ്പി, തേയില, പുകയില തുടങ്ങിയ ഭക്ഷ്യേതര വിളകൾ കൃഷി ചെയ്തു. അതിനായി കൃഷിയിടങ്ങൾ മാത്രമല്ല വനങ്ങളും വൻതോതിൽ നശിപ്പിച്ചു.

സാമ്രാജ്യത്വരാജ്യങ്ങൾ കോളനികൾക്കു വേണ്ടി മത്സരിച്ചു. തുടർന്ന് യുദ്ധങ്ങളുടെ ഒരു പരമ്പരതന്നെ ഉണ്ടായി. റഷ്യയും ബ്രിട്ടനും ക്രിമിയയ്ക്കുവേണ്ടി പടപൊരുതി. റഷ്യയും ജപ്പാനും ചൈനയ്ക്കുവേണ്ടി യുദ്ധം ചെയ്തു. ചൈനയ്ക്കു വേണ്ടി യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും മത്സരിച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമനി, ബൽജിയം തുടങ്ങിയ രാജ്യങ്ങൾ ആഫ്രിക്കൻ മണ്ണിനു വേണ്ടി തമ്മിൽത്തല്ലി. ഒരു സാമ്രാജ്യത്വരാജ്യത്തിനെതിരായ കോളനിരാജ്യങ്ങളിലെ പോരാട്ടങ്ങളെ മറ്റു സാമ്രാജ്യത്വരാജ്യങ്ങൾ സാമ്പത്തികമായും സൈനികമായും സഹായിച്ചു. ലാഭത്തിനു വേണ്ടി സത്യധർമാദികളും നീതിബോധവും കൈവെടിഞ്ഞു.

**ദേശീയത വളരുന്നു**

യൂറോപ്പിലെ മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ കടുത്ത മത്സരമുണ്ടായപ്പോൾ ഓരോ രാജ്യത്തിനും ആഭ്യന്തരകമ്പോളം നിലനിറുത്തേണ്ടത് ആവശ്യമായിവന്നു. മറ്റു രാജ്യങ്ങളുടെ ഉൽപന്നങ്ങൾ ആഭ്യന്തരകമ്പോളത്തിൽ ഇറക്കുമതി ചെയ്യപ്പെടാതിരിക്കുന്നതിന് ഉയർന്ന താരിഫ് ചുമത്തി. അതോടൊപ്പം അന്യരാജ്യങ്ങളുടെ ഉൽപന്നങ്ങൾ വർജിക്കുന്നതിനും ആഭ്യന്തര ഉൽപന്നങ്ങൾ മാത്രം ഉപയോഗിക്കുന്നതിനും ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ടായിരുന്നു. അതിനുവേണ്ടി മതം, ഭാഷ, വംശബോധം, സംസ്കാരം, ഭൂതകാലമഹത്വം എന്നിവ ഭരണാധികാരികൾ ഉപയോഗപ്പെടുത്തി. അവർ ജനങ്ങളുടെ വൈകാരിക ഉണർവിനെ ഇത്തരത്തിൽ ഉപയോഗപ്പെടുത്തുകയായിരുന്നു. മേൽപ്പറഞ്ഞ ഘടകങ്ങളാൽ പ്രചോദിതമായി ഉയർന്നുവന്നതാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ ദേശീയത.

### ഇറ്റലിയുടെയും ജർമനിയുടെയും ഏകീകരണം

ദേശീയതയുടെ അടിസ്ഥാനത്തിലാണ് ജർമനി, ഇറ്റലി എന്നീ രാജ്യങ്ങൾ ഏകീകരിക്കപ്പെട്ടത്. ഭരണപരവും രാഷ്ട്രീയവുമായി ഭിന്നിച്ചിരുന്ന ദേശീയജനവിഭാഗങ്ങളുടെ ഒരുമിച്ചു ചേരാനുള്ള മോഹം മുതലാളിത്ത ഭരണകൂടങ്ങൾ ഉപയോഗപ്പെടുത്തി.

മസീനിയെപ്പോലുള്ള ചിന്തകന്മാരുടെ രചനകളാൽ പ്രചോദിതരായി വിക്ടർ ഇമ്മാനുവൽ രാജാവ്, കൗണ്ട് കാവൂർ എന്ന പ്രധാനമന്ത്രി, ഗാരിബാൾഡിയെപ്പോലുള്ള പോരാളികൾ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് വിഘടിച്ചു കിടന്ന ഇറ്റലി 1870-ൽ ഏകീകരിക്കപ്പെട്ടത്. അതിനുശേഷമാണ് ഇറ്റലി ഒരു സാമ്രാജ്യത്വരാഷ്ട്രമായി വളർന്നത്.

**ഏകീകരണത്തിനുവേണ്ടിയും യുദ്ധങ്ങൾ**

*ജർമനിയുടെ ഏകീകരണം സാധ്യമായത് മൂന്നു യുദ്ധങ്ങളോടെയാണ്-പ്രഷ്യയും ഡന്മാർക്കുമായുള്ള യുദ്ധം (1864), ഓസ്ട്രിയയും പ്രഷ്യയും തമ്മിലുള്ള യുദ്ധം (1866), ഫ്രാൻസും പ്രഷ്യയും തമ്മിലുള്ള യുദ്ധം (1870-71). പ്രഷ്യയുടെ നേതൃത്വത്തിലാണ് ജർമനിയുടെ ഏകീകരണം നടന്നത്.*

മുപ്പത്തിയെട്ടു നാട്ടുരാജ്യങ്ങളായി ഭിന്നിച്ചു കിടന്ന ജർമനി ഏകീകരിക്കപ്പെട്ടത് ഓട്ടാവോൺ ബിസ്മാർക്കിന്റെയും കൈസർ വില്യം ഒന്നാമൻ ചക്രവർത്തിയുടെയും നേതൃത്വത്തിലാണ്. വൈകി ഉണർന്ന ജർമനി അമിതാവേശത്തോടുകൂടി കോളനികൾ സ്ഥാപിക്കാൻ പുറപ്പെട്ടത് ആഫ്രിക്കയിലും ഏഷ്യയിലും പ്രതിസന്ധികൾ സൃഷ്ടിച്ചു.

അയൽ രാജ്യങ്ങളും കോളനികളും കീഴടക്കുന്നതിനുള്ള ഉപാധിയെന്ന നിലയ്ക്കാണ് യൂറോപ്യൻ രാജ്യങ്ങളിൽ ദേശീയത വളർന്നു വന്നത്. ഇത് 'ആക്രമണപരമായ ദേശീയത'യായിരുന്നു.

ദേശീയബോധവും സങ്കുചിത ദേശീയതയും തമ്മിലുള്ള വ്യത്യാസമെന്താണ്? സങ്കുചിത ദേശീയതയുടെ വിപത്തുകളെന്തെല്ലാമാണ്? വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

### കോളനികളിലെ ദേശീയത

മതം, ഭാഷ, സംസ്കാരം മുതലായവ കോളനിരാജ്യങ്ങളിലെ ജനവിഭാഗങ്ങളെ ഏകോപിപ്പിക്കാൻ അവിടത്തെ നേതാക്കൾ ഉപയോഗിച്ചു. അങ്ങനെ ജനങ്ങളിൽ ഐക്യബോധം വളർത്തി. ഇത് ചൂഷണത്തിനും അവഹേളനത്തിനും എതിരായ പ്രതിരോധമായിരുന്നു. ഇതിനെ 'പ്രതിരോധപരമായ ദേശീയത' എന്നു പറയാം.

ഇന്ത്യ, ദക്ഷിണാഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളെപ്പറ്റി മുൻക്ലാസിൽ ചർച്ച ചെയ്തത് ഓർക്കുമല്ലോ.

### കറുപ്പു യുദ്ധം (Opium War)

പതിനാറാം നൂറ്റാണ്ടു മുതൽ യൂറോപ്യന്മാർ ചൈനയിൽ കോളനികളാരംഭിച്ചു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ചൈനയിലേക്ക് വൻതോതിൽ ലഹരിപദാർഥമായ കറുപ്പു കയറ്റുമതി ചെയ്ത് കൊള്ളലാഭമുണ്ടാക്കി. കറുപ്പു കച്ചവടത്തിലൂടെ ലാഭമുണ്ടാക്കുന്നതിനു പുറമെ ചൈനക്കാരെ ലഹരിമരുന്നിന്റെ അടിമകളും വിപ്ലവ വിരുദ്ധരുമാക്കി മാറ്റുകയായിരുന്നു വെള്ളക്കാരുടെ ഉദ്ദേശ്യം. കറുപ്പുകച്ചവടത്തെ ചൈനീസ് സർക്കാർ എതിർത്തു. കറുപ്പുമായി വന്ന കപ്പൽ നാൻകിങ് തുറമുഖത്തു വച്ച് പിടിച്ചെടുത്തു. കപ്പൽ വിട്ടുകിട്ടാനും കറുപ്പുകച്ചവടം നിർബാധം തുടരാനുമായി ഇംഗ്ലണ്ട് ചൈനയോട് യുദ്ധം ചെയ്തു. 1839 മുതൽ 1842 വരെ നീണ്ടുനിന്ന ഈ പോരാട്ടം 'കറുപ്പുയുദ്ധം' എന്നറിയപ്പെടുന്നു. യുദ്ധത്തിൽ ചൈന പരാജയപ്പെട്ടു. കറുപ്പുകച്ചവടം തുടരാൻ അനുവദിക്കപ്പെട്ടു.

**ബോക്സർ കലാപം**

കറുപ്പുയുദ്ധത്തിൽ ചൈനയ്ക്കുണ്ടായ പരാജയം വിദേശികൾക്ക് ഗുണകരമായി. ചൈനയുടെ തീരപ്രദേശങ്ങളിൽ അവർ യഥേഷ്ടം താവളങ്ങളുണ്ടാക്കി. വടക്കുനിന്ന് റഷ്യയും കിഴക്കുനിന്ന് ജപ്പാനും ഇതിൽ പങ്കുചേർന്നു. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങൾ അവർക്കിഷ്ടമുള്ള പ്രദേശങ്ങൾ കൈയടക്കി. 1895-ൽ ജപ്പാനുമായുണ്ടായ യുദ്ധത്തിൽ ചൈന ദയനീയമായി പരാജയപ്പെട്ടു.

ഇതിനെതിരെ ജനങ്ങൾക്കിടയിൽ പ്രതിഷേധം വളർന്നു. അവർ വിപ്ലവസംഘടനകൾ രൂപീകരിച്ചു. ചെറുപ്പക്കാർ ചൈനീസ് രീതിയിലുള്ള മുഷ്ടിയുദ്ധം പരിശീലിച്ചു. വിദേശാധിപത്യം അവസാനിപ്പിക്കാനും മാഞ്ചു രാജവംശത്തെ രക്ഷിക്കാനുമായി മുഷ്ടിയുദ്ധക്കാർ പോരാട്ടങ്ങളിലേർപ്പെട്ടു. ആധുനിക യുദ്ധോപകരണങ്ങളുമായി ചൈനയിൽ താവളമുറപ്പിച്ച വിദേശീയരെ മുഷ്ടിയുദ്ധത്തിലൂടെ നേരിടാൻ ശ്രമിച്ചതിനാൽ പാശ്ചാത്യർ പരിഹാസസ്വരത്തിൽ ലഹളക്ക് 'ബോക്സർ കലാപം' എന്നു പേരിട്ടു.

ബോക്സർ കലാപം അടിച്ചമർത്തുന്നതിൽ വിദേശികൾ വിജയിച്ചു.

> **ചൈനീസ് തണ്ണിമത്തൻ**
>
> *പ്രതിരോധിക്കാനാവാതെ നിസ്സഹായാവസ്ഥയിൽ കഴിഞ്ഞ ചൈനയുടെ തുറമുഖങ്ങളും നാടുകളും വിദേശികൾ പങ്കിട്ടെടുത്തതിനെ ചരിത്രകാരന്മാർ വിശേഷിപ്പിച്ചത് 'ചൈനീസ് തണ്ണിമത്തനെ പങ്കിട്ടെടുത്തു' (Cutting the Chinese Melon) എന്നാണ്. ചൈനയിലെ പ്രധാനപ്പെട്ട ഒരു കൃഷിവിളയാണ് തണ്ണിമത്തൻ.*

**ചൈനീസ് റിപ്പബ്ലിക്ക്**

ചൈനയിൽ പ്രവർത്തിച്ചുവന്നിരുന്ന വിവിധ വിപ്ലവസംഘടനകളെ യോജിപ്പിച്ചുകൊണ്ട് ചൈനീസ് റവല്യൂഷനറി ലീഗ് എന്ന സംഘടന രൂപീകരിച്ച വിപ്ലവകാരിയാണ് സൺയാറ്റ്സൺ. ആധുനിക പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച അദ്ദേഹം ജനാധിപത്യം, ദേശീയത, സഹിഷ്ണുത എന്നീ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിച്ചിരുന്നു. സൺയാറ്റ്സണി



ബോക്സർമാരെ പരസ്യമായി വധിക്കുന്നു

ന്റെയും കൂട്ടരുടെയും പ്രവർത്തനഫലമായി രാജവാഴ്ചയ്ക്കെതിരായ ജനവികാരം ശക്തിപ്പെട്ടു.

1912 ജനുവരി 1-ന് രാജവാഴ്ച അവസാനിപ്പിച്ച് ചൈനീസ് റിപബ്ലിക്ക് സ്ഥാപിച്ചു. സൺ യാറ്റ്സൺ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. വിദേശഭരണം അവസാനിപ്പിക്കാൻ റിപ്പബ്ലിക്കൻ ഭരണകൂടത്തിനും കഴിഞ്ഞില്ല.

#### ബൂവർ യുദ്ധം

ദക്ഷിണാഫ്രിക്കയിൽ സ്ഥിരതാമസമാക്കിയിരുന്ന ഡച്ചുകാരുടെ പിൻമുറക്കാരായിരുന്നു ബൂവർമാർ. ബൂവർമാരുടെ കൈവശമുണ്ടായിരുന്ന വൻതോട്ടങ്ങൾ പിടിച്ചെടുക്കാൻ ഇംഗ്ലീഷുകാർ ശ്രമിച്ചു. ഇത് യുദ്ധത്തിൽ കലാശിച്ചു. ഈ യുദ്ധത്തിൽ ഇംഗ്ലീഷുകാർ വിജയിച്ചു. കറുത്തവരായ നീഗ്രോകളെയും വെളുത്തവരായ ബൂവർമാരെയും അടിച്ചമർത്തി ഇംഗ്ലീഷുകാർ രൂപീകരിച്ച കോളനിയാണ് ദക്ഷിണാഫ്രിക്ക.

#### ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ

ബൂവർമാരുടെയും ബ്രിട്ടീഷുകാരുടെയും ഉടമസ്ഥതയിലുണ്ടായിരുന്ന തോട്ടങ്ങളിലും ഖനികളിലും ഫാക്ടറികളിലും പണിയെടുത്തിരുന്ന ഇന്ത്യാക്കാരുടെ കേസുകൾ കോടതിയിൽ വാദിക്കുന്നതിനു വേണ്ടിയാണ് അഭിഭാഷകനായ മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന യുവാവ് ദക്ഷിണാഫ്രിക്കയിൽ കാലുകുത്തിയത്. ബൂവർ യുദ്ധകാലത്ത് അദ്ദേഹം ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്നു.

അംഗോള, മൊസാമ്പിക്, സൊമാ

### തൊഴിലാളികൾ സംഘടിക്കുന്നു

മുതലാളിമാരുടെ ഖനികളിലും ഫാക്ടറികളിലും ദിവസം പതിനെട്ടു മണിക്കൂറോളം തൊഴിലാളികൾക്ക് അധ്വാനിക്കേണ്ടി വന്നു. പ്രതിഫലമായി തുച്ഛമായ കൂലി മാത്രം! ഖനികളിൽ ശ്വാസം മുട്ടിയും വെള്ളം കയറിയും തൊഴിലാളികൾ മരിക്കുക സാധാരണമായിരുന്നു. ഫാക്ടറികളിൽ ഭീമാകാരമായ യന്ത്രങ്ങൾക്കിടയിൽപ്പെട്ട് ചതഞ്ഞരഞ്ഞ് മരിക്കുകയോ അംഗവിഹീനരാകുകയോ ചെയ്താലും മുതലാളിമാർ അവർക്ക് യാതൊരു നഷ്ടപരിഹാരവും നൽകിയിരുന്നില്ല

ഇത്തരം ദുരവസ്ഥയ്ക്കെതിരെ തൊഴിലാളികൾ സംഘടിച്ചു. നിരവധി സംഘടനകൾ അക്കാലത്ത് ഉണ്ടായി.

- ഇംഗ്ലണ്ടിലെ ചാർട്ടിസ്റ്റ് പ്രസ്ഥാനം
- ജർമനിയിലെ നീതിമാന്മാരുടെ സഖ്യം
- കമ്യൂണിസ്റ്റ് ലീഗ്
- 



**ഒന്നാം ഇന്റർനാഷണൽ (1864)**

മുതലാളിമാർ നടത്തിവരുന്നത് സാർവദേശീയമായ ചൂഷണമാണെന്നും അതിനെ നേരിടാൻ തൊഴിലാളി വർഗത്തിന് സാർവദേശീയമായ ഒരു സംഘടന ആവശ്യമാണെന്നും ഉള്ള തിരിച്ചറിവിൽ നിന്നാണ് ഒന്നാം ഇന്റർനാഷണൽ രൂപീകൃതമായത്. യൂറോപ്പിലെയും അമേരിക്കയിലെയും വിവിധ രാജ്യങ്ങളിലെ തൊഴിലാളി പ്പാർട്ടികളുടെ കൂട്ടായ്മയായിരുന്നു അത്. ഇന്റർനാഷണൽ വർക്കിങ് മെൻസ് അസോസിയേഷൻ എന്നായിരുന്നു യഥാർഥ പേര്. പൊതുവെ അറിയപ്പെട്ടത് ഒന്നാം ഇന്റർനാഷണൽ എന്നായിരുന്നു. മാർക്സ്, ഏംഗൽസ് എന്നിവരാണ് അതിന് നേതൃത്വം നൽകിയത്. എന്നാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ആ സംഘടനയ്ക്ക് കഴിഞ്ഞില്ല. അല്പകാലം കഴിഞ്ഞപ്പോൾ അത് തകർന്നുപോയി. എന്താവാം കാരണം?

- ആശയപരമായ അഭിപ്രായഭിന്നത.
- വിവിധ രാജ്യങ്ങൾ പ്രവർത്തന സ്വാതന്ത്ര്യം നിഷേധിച്ചത്.
- ഒരു കേന്ദ്രീകൃത ആസ്ഥാനമില്ലാതിരുന്നത്.
- 

**രണ്ടാം ഇന്റർനാഷണൽ (1889)**

ഒന്നാം ഇന്റർനാഷണലിന്റെ തകർച്ച തൊഴിലാളി വർഗത്തെ നിരാശരാക്കി. ഇത് മുതലാളി വർഗത്തിന് കരുത്തു പകർന്നു. ചൂഷണം നിർബാധം തുടർന്നു. തൊഴിലാളികളുടെ പ്രതിഷേധത്തെയും പണിമുടക്കുകളെയും ക്രൂരമായി അടിച്ചമർത്തി. അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന വെടിവെയ്പ്പിനെക്കുറിച്ച് മുൻക്ലാസുകളിൽ ചർച്ച ചെയ്തല്ലോ.

ചൂഷണവും അടിച്ചമർത്തലും രൂക്ഷമായപ്പോൾ ഒരു സാർവദേശീയ സംഘടന രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് തൊഴിലാളികൾക്ക് ബോധ്യപ്പെട്ടു. അങ്ങനെയാണ് 1889-ൽ പാരീസിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള തൊഴിലാളി സംഘടനാ നേതാക്കൾ ചേർന്ന് രണ്ടാം ഇൻർനാഷണലിന് രൂപം കൊടുത്തത്.

**ഇന്ത്യൻ പ്രതിനിധി**

*പാരീസ് സമ്മേനത്തിൽ ഇന്ത്യയിൽ നിന്ന് ഒരു പ്രതിനിധി പങ്കെടുത്തിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് ചൂഷണത്തിനെതിരെ പൊരുതിക്കൊണ്ടിരുന്ന ദാദാഭായ് നവറോജി ആയിരുന്നു അത്. പ്രതിനിധികൾ ഹർഷാരവത്തോടെയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. പലിശ, ലാഭം, നികുതി എന്നിങ്ങനെ ഇന്ത്യയുടെ സമ്പത്ത് ചോർത്തിക്കൊണ്ടു പോകുന്ന ബ്രിട്ടീഷ് നയമായ 'ചോർച്ചാ സിദ്ധാന്തം' (Drain Theory) അവതരിപ്പിച്ചത് അദ്ദേഹമായിരുന്നു.*

## ഒന്നാം ലോകമഹായുദ്ധം (1914–18)

അതിരുകവിഞ്ഞ ദേശീയതയുടെ പ്രകടിത രൂപങ്ങളായ നിരവധി പ്രസ്ഥാനങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ ഉയർന്നുവന്നു. അവ ഏതെല്ലാം?

- കിഴക്കൻ യൂറോപ്പിലെ സ്ലാവ് വർഗക്കാരെ ഏകോപിപ്പിക്കാൻ റഷ്യ മുൻകൈ എടുത്തു. അങ്ങനെ റഷ്യ "അഖില സ്ലാവ് പ്രസ്ഥാനത്തിന്റെ" (Pan- Slav Movement) വക്താവായി.
- അഖില ജർമൻ പ്രസ്ഥാനവുമായി മുന്നോട്ടു വന്ന ജർമനി മധ്യയൂറോപ്പിലും ബാൾക്കൻ ഉപദ്വീപിലും ജർമൻ ജനതയ്ക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങളെല്ലാം സ്വന്തം അധീനതയിൽ കൊണ്ടുവരാൻ ശ്രമിച്ചു.
- 1871-ലെ ഫ്രാങ്കോ- പ്രഷ്യൻ യുദ്ധാനന്തരം ജർമനി പിടിച്ചെടുത്ത അൽസെയ്സ് - ലൊറൈൻ വീണ്ടെടുക്കാൻ ഫ്രാൻസിൽ പ്രതികാരപ്രസ്ഥാനം (Revenge Movement) രൂപീകരിക്കപ്പെട്ടു.

യൂറോപ്പിലെങ്ങും യുദ്ധാന്തരീക്ഷം സംജാതമായി. ലാഭം കുന്നുകൂട്ടാനുള്ള വ്യഗ്രതയിൽ സാമ്രാജ്യത്വരാജ്യങ്ങൾ നിസ്സാരകാര്യങ്ങളുടെ പേരിൽ യുദ്ധത്തിനൊരുമ്പെട്ടു. ആധുനിക യുദ്ധോപകരണങ്ങൾ വാങ്ങിക്കൂട്ടി. സൈനികരുടെ എണ്ണം വർധിപ്പിച്ചു. ചേരിതിരഞ്ഞ് രാജ്യങ്ങൾ സൈനിക സഖ്യങ്ങൾ രൂപീകരിച്ചു.

### സൈനിക സഖ്യങ്ങൾ

ഫ്രാങ്കോ-പ്രഷ്യൻ യുദ്ധാനന്തരം യൂറോപ്പ് രണ്ട് സൈനിക ചേരികളായി തിരിഞ്ഞു. അൽസെയ്സ് ലൊറൈൻ പ്രദേശം നിലനിർത്താനും ഫ്രാൻസിന്റെ ഭീഷണി ഒഴിവാക്കാനും 1879-ൽ ആസ്ട്രിയയുമായി ജർമനി സഖ്യമുണ്ടാക്കി. 1882-ൽ ഇറ്റലി ഇതിനോടൊപ്പം ചേർന്നു. അങ്ങനെ ത്രികക്ഷി സഖ്യം (Triple Alliance) രൂപം കൊണ്ടു.

ജർമനിയുണ്ടാക്കിയ സൈനിക സഖ്യത്തിൽ പരിഭ്രാന്തരായി ഫ്രാൻസും സഖ്യങ്ങൾ രൂപീകരിക്കാൻ പരിശ്രമിച്ചു. ഫ്രാൻസും റഷ്യയും ചേർന്ന് 1894-ൽ ഒരു രഹസ്യസഖ്യം ഉണ്ടാക്കി. 1904-ൽ ബ്രിട്ടൺ ഇവരോടൊപ്പം ചേർന്നു. അങ്ങനെ ത്രികക്ഷി സൗഹാർദം (Triple Entente) രൂപം കൊണ്ടു.

ഇത്തരം സഖ്യങ്ങൾ അന്തരീക്ഷം പ്രക്ഷുബ്ധമാക്കാനേ ഉപകരിച്ചുള്ളു. സഖ്യത്തിലേർപ്പെട്ട രാഷ്ട്രങ്ങളുടെ നടപടികൾ പരിശോധിക്കാം:

- സൈനിക സഖ്യങ്ങളിൽപെട്ട രാജ്യങ്ങൾ രഹസ്യനയതന്ത്രം പിന്തുടർന്നു. ഇത് സംശയത്തിനും വിദ്വേഷത്തിനും ഇടയാക്കി.
- ഈ രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർ പുതിയ മാരകായുധങ്ങൾ കണ്ടുപിടിക്കാനുള്ള ഗവേഷണങ്ങളിൽ മുഴുകി.
- യൂറോപ്യൻ രാജ്യങ്ങളിൽ മിക്കവയും ദേശീയ വരുമാനത്തിന്റെ സിംഹഭാഗവും ആയുധഗവേഷണത്തിനും ആയുധ ശേഖരണത്തിനും വേണ്ടി ചെലവഴിച്ചു.
- ഒരോ രാജ്യവും ആക്രമണത്തിന് ഇരയാകുമെന്നു ഭയന്ന് ഏതെങ്കിലുമൊരു സൈനിക സഖ്യത്തിൽ ചേർന്നു.
- യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ചാരവൃത്തിക്ക് പ്രോത്സാഹനം ലഭിച്ചു.
- വാർത്തകൾ വളച്ചൊടിച്ചും മറ്റു രാജ്യങ്ങളിലെ സാഹചര്യങ്ങൾ തെറ്റായി വ്യാഖ്യാനിച്ചും സമാധാനത്തിന് അനുകൂലമായ വിവരങ്ങൾ മറച്ചുവെച്ചും ദേശീയ വികാരത്തെ ആളിപ്പടർത്തിയും സഖ്യരാഷ്ട്രങ്ങളിലെ പത്രങ്ങൾ യുദ്ധാന്തരീക്ഷം വളർത്തി.
- ബഹുമതികളും ഉദ്യോഗക്കയറ്റവും ലഭിക്കുന്നത് യുദ്ധകാലത്താണെന്നും സൈനികമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം അതു മാത്രമാണെന്നും ബോധ്യമുണ്ടായിരുന്ന സൈനികോദ്യോഗസ്ഥർ സമാധാന ശ്രമങ്ങൾക്ക് തുരങ്കം വച്ചുകൊണ്ട് യുദ്ധാവേശം വളർത്തിയെടുത്തു.
- ആയുധനിർമാതാക്കളും യുദ്ധം ആഗ്രഹിച്ചിരുന്നു. ജർമനിയിലെ ക്രഫ്സ് കമ്പനിയും ഫ്രാൻസിലെ ഷിൻഡേഴ്സ് കമ്പനിയും ഇംഗ്ലണ്ടിലെ വിക്കർ-ആംസ്ട്രോങ് കമ്പനിയും ആയുധങ്ങൾ വിൽക്കുവാൻ യോജിച്ചു പ്രവർത്തിക്കുകയും തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധത്തിനു കാരണമായ ചില അന്താരാഷ്ട്ര പ്രതിസന്ധികൾ ഈ കാലഘട്ടത്തിലുണ്ടായി.

- ■ മൊറോക്കോയെ ചൊല്ലി ഫ്രാൻസും ജർമനിയും രംഗത്തു വന്നത് സ്ഥിതിഗതികൾ വഷളാക്കി.
- ■ 1908-ൽ ബാൽക്കൻ പ്രവിശ്യകളായ ബോസ്നിയയും ഹെർസോഗോവിനയും ആസ്ട്രിയ പിടിച്ചെടുത്തതോടെ ബോസ്നിയൻ പ്രതിസന്ധി ആരംഭിച്ചു. ധാരാളം സെർബുകൾ അധിവസിച്ചിരുന്ന ഈ പ്രവിശ്യകൾ ആസ്ട്രിയ കൈയടക്കിയത്

സെർബിയയെ ആസ്ട്രിയയുടെ ബദ്ധശത്രുവാക്കി മാറ്റി.

- 1912-ലെ ബാൽക്കൻ യുദ്ധങ്ങൾ ആസ്ട്രിയയും സെർബിയയും തമ്മിലുള്ള ശത്രുത വർധിപ്പിച്ചു.

രാജ്യങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ ചർച്ചയിലൂടെ രമ്യമായി പരിഹരിക്കാൻ ഒരു അന്താരാഷ്ട്ര സംഘടന ഇല്ലാതെ പോയതും ഒന്നാം ലോകമഹായുദ്ധത്തിനു കാരണമായി. ഈ സാഹചര്യത്തിൽ ഏതൊരു രാജ്യത്തിനും ഇഷ്ടമുള്ള ഏതു നടപടിയും സ്വീകരിക്കാമായിരുന്നു.

ബാൾക്കൻ പ്രതിസന്ധിയിലൂടെ വളർന്നുവന്ന ആസ്ട്രിയ-സെർബിയ വിരോധം ഒന്നാം ലോകമഹായുദ്ധത്തിലേക്ക് പെട്ടെന്നു വഴിമാറുകയായിരുന്നു.

1914 ജൂൺ 28ന് ആസ്ട്രിയൻ കിരീടാവകാശിയായ ആർച്ച്ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാന്റും ഭാര്യയും ആസ്ട്രിയൻ പ്രവിശ്യയായ ബോസ്നിയയുടെ തലസ്ഥാനമായ സരാജിവോയിൽ വച്ച് വധിക്കപ്പെട്ടു. ഇതിന് സെർബിയയ്ക്ക് പങ്കുണ്ടെന്ന് ആരോപിച്ച് 1914 ജൂലൈ 28ന് ആസ്ട്രിയ സെർബിയയ്ക്ക് എതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് രണ്ടുപക്ഷത്തുമായി രാജ്യങ്ങൾ അണിനിരന്നു.

**യുദ്ധപ്രഖ്യാപനങ്ങൾ**

1914 ജൂലായ് 29 : റഷ്യ, ജർമനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തുന്നു.

1914 ആഗസ്റ്റ് 1 : ജർമനി, റഷ്യയ്ക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തുന്നു.

1914 ആഗസ്റ്റ് 4 : ബ്രിട്ടൻ യുദ്ധത്തിൽ പ്രവേശിക്കുന്നു.

1914 ആഗസ്റ്റ് 6 : ആസ്ട്രിയ-ഹംഗറി, റഷ്യയ്ക്കു നേരെ യുദ്ധം പ്രഖ്യാപിക്കുന്നു.

യുദ്ധം നടന്ന മേഖലകൾ ഏതൊക്കെ?

1917 ഏപ്രിലിൽ ജർമൻ നാവിക ഉപരോധം ശക്തിപ്പെട്ടപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയ്ഡ് ജോർജ് അമേരിക്കയുടെ സഹായം തേടി. ജർമൻ തീരങ്ങളിൽ മൈൻ ഇടുന്നതിന് അമേരിക്ക സഖ്യസേനയെ സഹായിച്ചു.

1917 ഏപ്രിലിൽ അമേരിക്ക ജർമനിക്കെതിരെയും ഡിസംബറിൽ ആസ്ട്രിയയ്ക്കെതിരെയും യുദ്ധം പ്രഖ്യാപിച്ചു. 1918 സെപ്തംബറിൽ ബൾഗേറിയ ബ്രിട്ടന് കീഴടങ്ങി. ആഭ്യന്തര കലാപത്തെ തുടർന്ന് കൈസർ വില്യം രണ്ടാമൻ സ്ഥാനത്യാഗം ചെയ്ത് ഹോളണ്ടിലേക്ക് പലായനം ചെയ്തു. പുതുതായി വന്ന ജർമൻ റിപ്പബ്ലിക്കൻ ഗവൺമെന്റ് 1918 നവംബർ 11 ന്

| മേഖല | സംഭവവികാസങ്ങൾ |
|---|---|
| പശ്ചിമമേഖല | • ബെൽജിയത്തിലൂടെ മുന്നേറിയ ജർമൻ സൈന്യം പാരീസ് നഗരത്തിന്റെ പരിസരത്തുവരെ എത്തിച്ചേർന്നു. മാൺ യുദ്ധത്തിൽ ഫ്രഞ്ചുകാർ ജർമൻ സൈന്യത്തെ പരാജയപ്പെടുത്തി. |
| പൂർവമേഖല | • ആസ്ട്രിയയും ജർമനിയും റഷ്യയെ നേരിട്ടു. റഷ്യൻ വിപ്ലവത്തെ തുടർന്നു റഷ്യ യുദ്ധത്തിൽ നിന്നു പിന്മാറി. |
| യൂറോപ്പിനു വെളിയിൽ | • ഉത്തരാഫ്രിക്കയിലും പശ്ചിമേഷ്യയിലും പ്രത്യാഘാതങ്ങൾ ഉണ്ടായി. 1916-ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലുണ്ടാക്കിയ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അറബ് രാജ്യങ്ങൾ പങ്കുവയ്ക്കപ്പെട്ടു. |

യുദ്ധവിരാമകരാറിൽ ഒപ്പുവെച്ചു. ഇതോടെ ഒന്നാം ലോകമഹായുദ്ധത്തിന് തിരശ്ശീല വീണു.

ഒന്നാം ലോകമഹായുദ്ധമവസാനിച്ചപ്പോൾ 1919 ജനുവരിയിൽ ഫ്രാൻസ്, ബ്രിട്ടൺ എന്നീ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരും അമേരിക്കൻ പ്രസിഡന്റും പാരീസിൽ സമ്മേളിച്ച് സമാധാന ഉടമ്പടികൾ ചർച്ച ചെയ്തു. അവർ രൂപം നൽകിയ ഉടമ്പടികൾ പട്ടികപ്പെടുത്തിയത് ശ്രദ്ധിക്കുക.

| ഉടമ്പടി | വ്യവസ്ഥകൾ |
|---|---|
| വേഴ്സായ് ഉടമ്പടി | • ജർമനിയുടെ അൽസെയ്സ് - ലൊറെയ്ൻ പ്രദേശവും സാർ പ്രദേശത്തെ കൽക്കരി ഖനികകളും ഫ്രാൻസിനു വിട്ടുനൽകൽ.<br>• ജർമനിയുടെ ചില ഭാഗങ്ങൾ ഡെൻമാർക്ക്, ഹോളണ്ട്, ബെൽജിയം ഇവയ്ക്കു നൽകൽ.<br>• ജർമനിയുടെ കോളനികൾ പങ്കിട്ടെടുക്കൽ<br>• ജർമനിയെ നിരായുധീകരിക്കൽ<br>• നഷ്ടപരിഹാരത്തുക ജർമനിയിൽ നിന്ന് ഈടാക്കൽ. |
| സെന്റ് ജർമെയ്ൻ ഉടമ്പടി<br>ട്രയാനൻ ഉടമ്പടി | ആസ്ട്രിയ, ഹംഗറി എന്നീ സ്വതന്ത്രരാജ്യങ്ങൾ ഉണ്ടാക്കൽ |
| നെയി ഉടമ്പടി | ബാൾക്കൻ യുദ്ധത്തെ തുടർന്ന് ബൾഗേറിയ നേടിയ സ്ഥലങ്ങൾ വിട്ടുകൊടുക്കൽ. |
| സെവ്റെ സന്ധി | ഏഷ്യാമൈനറിനു പുറത്തുള്ള തുർക്കിയുടെ പ്രദേശങ്ങൾ എല്ലാം വിട്ടുകൊടുക്കൽ |

✱ *ഈ സന്ധികൾക്ക് രൂപം നൽകിയ പ്രധാനമന്ത്രിമാരുടെയും പ്രസിഡന്റുമാരുടെ ചിത്രങ്ങളും അവരെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിച്ച് ഒരു പതിപ്പു തയാറാക്കുക.*

ഈ ഉടമ്പടികൾ പരാജിതരാജ്യങ്ങളോട് നീതി പുലർത്തിയോ? ഈ വിഷയത്തെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാമെന്നു പരിശോധിക്കൂ.

- ○ സൈനികരുടെയും നിരപരാധികളായ സാധാരണക്കാരുടെയും നാശം.
- ○ സാമ്പത്തികത്തകർച്ച
- ○ തൊഴിലില്ലായ്മ, പട്ടിണി, രോഗം ഇവയുടെ വർധനവ്
- ○ കൃഷി, വ്യവസായം, വാർത്താവിനിമയം തുടങ്ങിയവയുടെ തകർച്ച
- ○ പണത്തിന്റെ മൂല്യത്തകർച്ച

മറ്റെന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഒന്നാം ലോകമഹായുദ്ധം സൃഷ്ടിച്ചത്?

- ○ ഏഷ്യയിലെയും ആഫ്രിക്കയിലെയും യൂറോപ്യൻ കോളനികളിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെ ശക്തിയാർജിക്കൽ.
- ○ റഷ്യയിലെ റൊമനോവ്, ജർമനിയിലെ ഹോഹൻസോളൻ, ആസ്ട്രിയ- ഹംഗറിയിലെ ഹാംബ്സ്ബർഗ്, തുർക്കിയിലെ ഒട്ടോമൻ തുടങ്ങിയ രാജവംശങ്ങൾ തകർന്നു.
- ○ പോളണ്ട്, റുമേനിയ, ഹംഗറി, അൽബേനിയ, ചെക്കോസ്ലോവാക്യ, യുഗോസ്ലാവ്യ തുടങ്ങിയ പുതിയ രാജ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു.
- ○

ഒന്നാം ലോകമഹായുദ്ധത്തിലുണ്ടായ ആൾനാശം സൂചിപ്പിക്കുന്ന ഗ്രാഫ് പരിശോധിക്കൂ.




ഒന്നാം ലോകമഹായുദ്ധത്തിലെ ആൾനാശം

✸ *യുദ്ധത്തിന്റെ ഭീകരതകളും യുദ്ധവിരുദ്ധ സന്ദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു ചുമർപത്രിക ഗ്രൂപ്പടിസ്ഥാനത്തിൽ നിർമിക്കുക.*

ഒന്നാം ലോകമഹായുദ്ധം ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനും ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന് കരുത്തു പകരുന്നതിനും എങ്ങനെ സഹായകമായി എന്ന് നാം മുൻക്ലാസിൽ ചർച്ച ചെയ്തതാണല്ലോ.

### ഒരു അന്താരഷ്ട്രസംഘടന രൂപം കൊള്ളുന്നു

അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പു വരുത്തുക, അന്താരാഷ്ട്ര സഹകരണം മെച്ചപ്പെടുത്തുക, യുദ്ധം തടയുകയെന്നത് ഒരു കടമയായി അംഗീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് 1920 ഫെബ്രുവരി 10 ന് സർവരാജ്യസഖ്യം (ലീഗ് ഓഫ് നേഷൻസ്) രൂപീകൃതമായത്. അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസനാണ് ഈ ആശയം മുന്നോട്ടുവച്ചത്. സ്വിറ്റ്സർലണ്ടിലെ ജനീവയായിരുന്നു സമിതിയുടെ ആസ്ഥാനം.

എന്നാൽ ലീഗ് ഓഫ് നേഷൻസിൽ അംഗമാകാൻ അമേരിക്ക തയാറായില്ല.

ഈ സമിതിയുടെ ഘടന പരിശോധിക്കാം.

- അസംബ്ലി
- കൗൺസിൽ
- സെക്രട്ടേറിയറ്റ്

മറ്റു രണ്ടു ഘടകങ്ങളായിരുന്നു അന്താരാഷ്ട്ര നീതിന്യായ കോടതിയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും.

ഈ ഘടകങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് 'അന്വേഷണക്കുറിപ്പുകളി'ൽ ചേർക്കുക.

#### സഖ്യത്തിന്റെ വിജയങ്ങൾ

ചുരുങ്ങിയ കാലം കൊണ്ട് പല അന്താരാഷ്ട്ര പ്രശ്നങ്ങളിലും ഇടപെടുന്നതിനും വിജയിക്കുന്നതിനും സഖ്യത്തിനു കഴിഞ്ഞു. അവ ഏതൊക്കെ?

- ബാൽക്കൻസിലെ അലാൻഡി ദ്വീപുകളെക്കുറിച്ചുള്ള തർക്കം.
- ആംഗ്ലോ - ഫ്രഞ്ചുവിവാദം
- ഗ്രീസും ബൾഗേറിയയും തമ്മിലുള്ള അതിർത്തിത്തർക്കം.

ക്രമേണ ഈ സഖ്യം നാശോന്മുഖമായി. എന്തൊക്കെയായിരിക്കാം ഈ സഖ്യം പരാജയപ്പെടുവാനുള്ള കാരണങ്ങൾ? ക്ലാസിൽ ഒരു ചർച്ചയാകാമല്ലോ.

## പ്രോജക്ട്

ആദ്യ നാല് അധ്യായങ്ങളെയും പരിഗണിച്ച് 'യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കുമോ?' എന്ന ഒരു പ്രോജക്ട് പൂർത്തിയാക്കേണ്ടതുണ്ട്. ഈ അധ്യായത്തിൽ നിന്ന് പ്രോജക്ടിനു വേണ്ടി എന്തെല്ലാം വിവരങ്ങൾ ശേഖരിക്കാം?

- മുതലാളിത്തത്തിന്റെ വളർച്ച
- സാമ്രാജ്യത്വത്തിന്റെ വളർച്ച,
- മത്സരങ്ങൾ
- അക്രമാസക്തദേശീയത
- ചേരികളുടെയും സഖ്യങ്ങളുടെയും രൂപീകരണം
- ആധുനിക യുദ്ധോപകരണങ്ങളുടെ വികസനവും പ്രയോഗവും
- 

## സമകാലികം

നിങ്ങളുടെ ശേഖരണ പുസ്തകമായ 'സമകാലിക' ത്തിൽ എന്തെല്ലാം ചേർക്കാം?

- ഒന്നാം ലോകമഹായുദ്ധക്കെടുതികളെ സംബന്ധിക്കുന്ന വാർത്തകളും ചിത്രങ്ങളും.
- സമാധാനം നിലനിർത്തുന്നതിനു വേണ്ടിയുള്ള സംഘടനകളെക്കുറിച്ചുള്ള വാർത്തകൾ, നേതാക്കളുടെ ചിത്രങ്ങൾ തുടങ്ങിയവ

## സംഗ്രഹം

- വ്യാവസായിക വിപ്ലവത്തെ തുടർന്ന് സാമ്രാജ്യത്വം വളർന്നുവന്നു.
- മുതലാളിത്തത്തിന്റെ വളർച്ചയോടെ കോളനികൾക്കും കമ്പോളങ്ങൾക്കും വേണ്ടി മത്സരങ്ങൾ ഉടലെടുത്തു.
- സാമ്രാജ്യത്വ താൽപര്യസംരക്ഷണത്തിനായി ആക്രമണോത്സുക ദേശീയത യൂറോപ്പിലാകമാനം ഉണ്ടായി.
- സാമ്രാജ്യത്വത്തിനെതിരെയുള്ള ചെറുത്തുനിൽപ്പുകൾ കോളനികളിൽ സജീവമായി.
- മുതലാളി- തൊഴിലാളി തർക്കങ്ങൾ രൂക്ഷമായി. തൊഴിലാളികൾ സംഘടിച്ചു.
- രാഷ്ട്രങ്ങൾ ഏകീകരിക്കപ്പെട്ടപ്പോൾ പല തരം സൈനികസഖ്യങ്ങൾ നിലവിൽ വന്നു.
- 1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചു.
- യുദ്ധാനന്തരം സർവരാജ്യസഖ്യം രൂപീകൃതമായി.

## ചോദ്യങ്ങൾ

- ആക്രമണപരമായ ദേശീയത എന്നാലെന്ത്?
- മൂലധനക്കയറ്റുമതി എന്നാലെന്ത്?
- ബൂവർ യുദ്ധത്തെക്കുറിച്ച് വിവരിക്കുക.
- ഒന്നാം ഇന്റർനാഷണലിന്റെ പ്രാധാന്യം വ്യക്തമാക്കുക.
- കോളനികൾക്കു വേണ്ടിയുള്ള മത്സരം ഒന്നാം ലോകമാഹായുദ്ധത്തിന് കാരണമായത് എങ്ങനെ?
- ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ എന്തെല്ലാം?

# 2 ആധുനിക വിപ്ലവങ്ങൾ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ വൻകരകളിലെ രാജ്യങ്ങളിൽ സമ്രാജ്യത്വവിരുദ്ധ ദേശീയ വിമോചന സമരങ്ങൾക്ക് അനുകൂലമായ സാഹചര്യം നിലനിന്നിരുന്നു. ഇന്ത്യയിലും സാമ്രാജ്യത്വവിരുദ്ധപ്രക്ഷോഭങ്ങൾ ശക്തമായത് ഈ കാലഘട്ടത്തിലാണ്.

ഒന്നാം ലോകമഹായുദ്ധവും തുടർന്നുണ്ടായ സംഭവവികാസങ്ങളും ദേശീയവിമോചന വിപ്ലവങ്ങൾക്കും സോഷ്യലിസ്റ്റ് വിപ്ലവങ്ങൾക്കും വഴിയൊരുക്കി. ഇത് രാഷ്ട്രീയവും സാമ്പത്തികവുമായ മാറ്റങ്ങൾക്ക് കാരണമാവുകയും ചെയ്തു.

സേച്ഛാധിപത്യഭരണകൂടങ്ങൾക്കും സാമ്രാജ്യത്വ കൊളോണിയൽ ശക്തികൾക്കും എതിരെ ഉണ്ടായ വിപ്ലവങ്ങളെയും പ്രക്ഷോഭങ്ങളെയും സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

- സോഷ്യലിസ്റ്റ് -മാർക്സിസ്റ്റ് ആശയങ്ങളുടെ പ്രചാരം
- തൊഴിലാളിവർഗ പ്രസ്ഥാനങ്ങളുടെ വളർച്ച
- ദേശീയ ജനാധിപത്യതത്ത്വങ്ങളിലുള്ള വിശ്വാസം
- 

ഇത്തരം വിപ്ലവങ്ങളിൽ ചിലതെല്ലാം അതിന്റെ ലക്ഷ്യം നേടുകയും ചിലത് അടിച്ചമർത്തപ്പെടുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധം സൃഷ്ടിച്ച രാഷ്ട്രീയ അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിഞ്ഞെങ്കിലും ചില രാജ്യങ്ങളിൽ ജനാധിപത്യവിരുദ്ധവും പ്രതിലോമപരവുമായ സംവിധാനങ്ങൾ നിലവിൽ വന്നു.

സോഷ്യലിസ്റ്റ് - ജനാധിപത്യ ആശയങ്ങളായിരുന്നു ഇത്തരം വിപ്ലവങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും സൈദ്ധാന്തിക അടിത്തറ.

വ്യാവസായിക മുതലാളിത്തത്തിന്റെ നിയന്ത്രണത്തിലുള്ള സ്വേച്ഛാധിപത്യഭരണ

കൂടങ്ങൾക്കെതിരെ ശക്തമായ തിരിച്ചടികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായി.

**ഇന്ത്യ ഉണരുന്നു**

ഒന്നാം ലോകമഹായുദ്ധത്തിന്റെ കാലത്തും തുടർന്നുള്ള വർഷങ്ങളിലുമാണ് ഇന്ത്യയിൽ സാമ്രാജ്യത്വവിരുദ്ധ ദേശീയപ്രക്ഷോഭം ശക്തമായത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ദേശീയപ്രസ്ഥാനം ബഹുജനസ്വഭാവം കൈവരിച്ചത് ഈ കാലഘട്ടത്തിലാണ്. ഇന്ത്യയുടെ മോചനത്തിനായി രാജ്യത്തിനകത്തും പുറത്തും തീവ്രവാദപ്രസ്ഥാനങ്ങൾ ഈ സമയത്ത് സജീവമായി.

കർഷകരെയും തൊഴിലാളികളെയും മറ്റു ബഹുജനവിഭാഗങ്ങളെയും ദേശീയപ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിന് ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങളെയും പ്രക്ഷോഭങ്ങളെയും കുറിച്ച് കഴിഞ്ഞ ക്ലാസിൽ നാം ചർച്ച ചെയ്തല്ലോ.

✸ *സ്വാതന്ത്ര്യസമര കാലഘട്ടത്തിലെ ചമ്പാരൻ സമരം മുതൽ ചൗരി ചൗര വരെയുള്ള സംഭവങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ടൈം ലൈൻ നിർമിക്കൂ.*

**തുർക്കിയിലെ ജനാധിപത്യവിപ്ലവം**

1908-ൽ തുർക്കിയിൽ യുവാക്കൾ കലാപം സംഘടിപ്പിക്കുകയും സുൽത്താൻ അബ്ദുൾ ഹമീദ് രണ്ടാമനെക്കൊണ്ട് ഭരണഘടന അംഗീകരിപ്പിക്കുകയും ചെയ്തു. ഇതോടെ തുർക്കിയുടെ ഭരണം യുവതുർക്കികൾക്ക് ലഭിക്കുകയും 1918 വരെ അവരുടെ സ്വേച്ഛാധിപത്യ ഭരണം നിലനിൽക്കുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധത്തിൽ ജർമനിയുമായുള്ള സഖ്യം തുർക്കിക്ക് തിരിച്ചടിയായി. ഏഷ്യാമൈനറും ഇസ്താംബുളും ഒഴികെ മുഴുവൻ പ്രദേശങ്ങളും തുർക്കിക്ക് നഷ്ടപ്പെട്ടു. ഈ ഘട്ടത്തിൽ യുവതുർക്കികളിലെ ഉൽപതിഷ്ണു വിഭാഗത്തിൽപ്പെട്ട മുസ്തഫാ കമാൽ പാഷയുടെ നേതൃത്വത്തിൽ ദേശീയവാദികൾ നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചുപിടിക്കുകയും 1923-ൽ തുർക്കിയെ റിപ്പബ്ളിക്കായി പ്രഖ്യാപിക്കുയും ചെയ്തു.

> **യുവതുർക്കികൾ**
>
> *പാശ്ചാത്യവിദ്യാഭ്യാസം നേടുകയും തുർക്കിയുടെ ആധുനികവൽക്കരണത്തിനു വേണ്ടി ശക്തമായി വാദിക്കുയും ചെയ്ത തീവ്രദേശീയവാദികളുടെ യുവനേതൃത്വമാണ് യുവതുർക്കികൾ എന്ന് അറിയപ്പെടുന്നത്.*

**ഈസ്റ്റർ കലാപം**

നൂറ്റാണ്ടുകളോളം ബ്രിട്ടീഷ് മേധാവിത്വത്തിൻകീഴിലായിരുന്നു അയർലണ്ട്. സ്വയംഭരണാവകാശത്തിനുവേണ്ടി അയർലണ്ടിലെ ജനങ്ങൾ 1916-ലെ ഈസ്റ്റർ ദിനത്തിൽ കലാപത്തിന് ഒരുങ്ങി. കലാപത്തിൽ നിരവധി പേർ വധിക്കപ്പെടുകയും നൂറുകണക്കിന് ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. എന്നാൽ വിപ്ലവം അടിച്ചമർത്തപ്പെടുകയാണ് ഉണ്ടായത്. നേതാക്കൾ വധിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ ഐറിഷ് റിപബ്ലിക്കൻ ആർമിയും ബ്രിട്ടീഷ് സ്പെഷ്യൽ പോലീസും തമ്മിൽ അതിരൂക്ഷമായ സായുധപോരാട്ടം നടന്നു. ഇതിന്റെ ഫലമായി 1922-ൽ കിഴക്കൻ അയർലണ്ടിലെ 26 പ്രവിശ്യകൾ ഉൾപ്പെടുന്ന 'ഐറിഷ് ഫ്രീ സ്റ്റേറ്റ്' രൂപീകരിക്കപ്പെട്ടു.

**റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം**

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനനാളുകളിൽ റഷ്യയിലുണ്ടായ സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ച് കഴിഞ്ഞ ക്ലാസുകളിൽ നമ്മൾ ചർച്ച ചെയ്തു. 1898 മുതൽ 1917 വരെയുള്ള കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു ടൈം ലൈൻ നിർമിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

വിപ്ലവാനന്തരം ലെനിന്റെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റിന്റെ നയങ്ങളെ സാർ

ഭരണകൂടത്തോട് കൂറുപുലർത്തിയിരുന്ന സൈനിക ഉദ്യോഗസ്ഥർ എതിർത്തു. വിപ്ലവത്തെ അട്ടിമറിക്കാനുള്ള അവരുടെ ശ്രമങ്ങളെ വ്യവസായികളും ഭൂവുടമകളും പിന്തുണച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ റഷ്യയിലെ ആഭ്യന്തരയുദ്ധത്തിൽ ഇടപെട്ടു. പ്രതിവിപ്ലവകാരികളുടെ വെള്ളപ്പടയെ (White Army) ബോൾഷെവിക്കുകളുടെ നേതൃത്വത്തിലുള്ള ചുവപ്പു സേന (Red Army) പരാജയപ്പെടുത്തി. 1920-ൽ ആഭ്യന്തരയുദ്ധവും വൈദേശിക ഇടപെടലും അവസാനിച്ചു.

ഒന്നാം ലോകമഹായുദ്ധം താറുമാറാക്കിയ റഷ്യൻ സമ്പദ്‌വ്യവസ്ഥയെ ഉദ്ധരിക്കാൻ വിപ്ലവ ഗവൺമെന്റ് സ്വീകരിച്ച പ്രധാന നടപടികളാണ് യുദ്ധകാല കമ്യൂണിസവും പുതിയ സാമ്പത്തിക നയങ്ങളും.

**യുദ്ധകാല കമ്യൂണിസം**

*ഒന്നാം ലോകമഹായുദ്ധാനന്തരം ദശലക്ഷക്കണക്കിന് ആളുകൾ റഷ്യയിൽ ക്ഷാമം കാരണം മരിച്ചു. അതിനാൽ പുതിയൊരു നയം വിപ്ലവ ഭരണകൂടത്തിന് സ്വീകരിക്കേണ്ടി വന്നു. കൃഷി ഭൂമി പിടിച്ചെടുത്ത് കർഷകർക്കു വിതരണം ചെയ്തു. കൃഷിക്കാരുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് എടുത്തശേഷം ബാക്കിയുള്ള കാർഷിക ഉൽപന്നങ്ങൾ സർക്കാരിന് നൽകണം. മറ്റു ജനവിഭാഗങ്ങൾക്ക് സർക്കാർ അതു വിതരണം ചെയ്യും. സാധനങ്ങളൊന്നും വാങ്ങാനോ വിൽക്കാനോ പാടില്ല. വ്യവസായങ്ങളിൽ ഉൽപാദിപ്പിക്കുന്നതെല്ലാം തൊഴിലാളികൾക്കും മറ്റുള്ളവർക്കും വിതരണം ചെയ്തു. സർക്കാരിന്റെ കർശന നിയന്ത്രണത്തിൻകീഴിൽ നടപ്പിലാക്കിയ ഈ സാമ്പത്തിക നയം യുദ്ധകാല കമ്യൂണിസം എന്ന പേരിൽ അറിയപ്പെടുന്നു.*

**പുതിയ സാമ്പത്തികനയം**

യുദ്ധകാല കമ്യൂണിസം വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കി. ഈ വിഷമതകൾ തരണം ചെയ്യുന്നതിനും സാമ്പത്തിക തകർച്ച ഒഴിവാക്കുന്നതിനും വേണ്ടി ലെനിൻ പുതിയ സാമ്പത്തിക നയം (New Economic Policy) കൊണ്ടുവന്നു. സ്വകാര്യ വാണിജ്യത്തിലേക്കുള്ള ഭാഗികമായൊരു തിരിച്ചുപോക്കായിരുന്നു ഇത്. ചില വ്യവസായങ്ങളിൽ സ്വകാര്യ ഉടമസ്ഥത അനുവദിക്കപ്പെട്ടു. ചില ചെറുകിട വ്യവസായങ്ങൾ സ്വകാര്യമേഖലയിൽ തുടങ്ങാൻ അനുവദിച്ചു. സഹകരണ സംവിധാനം സ്ഥാപിക്കപ്പെട്ടു. വൻവ്യവസായങ്ങൾ, ബാങ്കിങ് എന്നിവ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാക്കി.

പുതിയ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിലാണ് 1929-ൽ പഞ്ചവൽസര പദ്ധതികൾ ആരംഭിച്ചത്. ഇത് രാജ്യത്തിന്റെ അടിത്തറ ഭദ്രമാക്കി.

**ജർമനിയിലെ വിപ്ലവം**

ഒന്നാംലോകമഹായുദ്ധം ജർമനിയിൽ രാഷ്ട്രീയ അനിശ്ചിതാവസ്ഥയും അസ്വസ്ഥതയും സൃഷ്ടിച്ചു. ജർമനിയിലെ കൈസറുടെ സ്വേച്ഛാധിപത്യഭരണം അവസാനിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് റോസാലുക്സംബർഗും കാൾലീബ്നിക്തും നേതൃത്വം നൽകി. 1918 ഒക്ടോബർ 28-ന് കിയേൽ എന്ന സ്ഥലത്തെ യുദ്ധക്കപ്പലിലുണ്ടായ കലാപമാണ് വിപ്ലവത്തിന് തുടക്കം കുറിച്ചത്. മിക്ക ജർമൻ നഗരങ്ങളും തൊഴിലാളികൾ പിടിച്ചെടുക്കുകയും തൊഴിലാളി കൗൺസിൽ രൂപീകരിക്കുകയും ചെയ്തു. കൈസർ വില്യം ചക്രവർത്തി ഹോളണ്ടിൽ അഭയം തേടി. രാജവാഴ്ച അവസാനിച്ചു. എങ്കിലും മർദക ഭരണസംവിധാനങ്ങൾ തുടർന്നു. വ്യവസായങ്ങൾ ദേശസാൽക്കരിക്കുക, ഭരണം ജനാധിപത്യവൽക്കരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ് തയാറായില്ല. വലതുപക്ഷ ഡമോക്രാറ്റുകളുടെ സഹായത്തോടെ ഗവൺമെന്റ് വിപ്ലവം അടിച്ചമർത്തുകയും നേതാക്കളെ വധിക്കുകയും ചെയ്തു.

നാം ചർച്ച ചെയ്ത വിപ്ലവങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് 'ആധുനിക വിപ്ലവങ്ങൾ ഒരു പഠനം' എന്ന ശീർഷകത്തിൽ ഒരു റിപ്പോർട്ട് തയാറാക്കൂ. റിപ്പോർട്ടിൽ എന്തെല്ലാം ഉൾപ്പെടുത്താം? വിപ്ലവങ്ങൾക്കനുകൂലമായ അന്തരീക്ഷം, പൊതുസ്വഭാവം, നേതൃത്വം, വിപ്ലവങ്ങളുടെ ഫലം.

### ഫാസിസം

ഒന്നാം ലോകമഹായുദ്ധാനന്തര യൂറോപ്പിന്റെ രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ നിർണായക സ്വാധീനം ചെലുത്തിയ ദർശനമായിരുന്നു ഫാസിസം. യുദ്ധം വരുത്തിവെച്ച സാമ്പത്തിക ആഘാതങ്ങളും രാഷ്ട്രീയ അസ്ഥിരതയും റിപ്പബ്ലിക്കൻ ഭരണത്തോടുള്ള ജനങ്ങളുടെ വിശ്വാസം തകർക്കാൻ ഇടയാക്കി. ഈ പശ്ചാത്തലത്തിലാണ് ജനാധിപത്യവിരുദ്ധവും തീവ്രദേശീയതയിൽ ഊന്നിയതുമായ ഫാസിസ്റ്റ് ആശയങ്ങൾ ബദൽ രാഷ്ട്രീയ വ്യവസ്ഥയായി അവതരിപ്പിക്കപ്പെട്ടത്.

> **ഫാസിസം**
>
> *ഫാസസ് (Fasces) എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ഫാസിസം എന്ന പദം രൂപപ്പെട്ടത്. ഫാസിസം എന്ന വാക്കിന്റെ അർഥം കൂട്ടം അല്ലെങ്കിൽ ഗ്രൂപ്പ് എന്നാണ്. റോമൻ ഉദ്യോഗസ്ഥർ കൊണ്ടുനടക്കാറുള്ള അധികാരചിഹ്നമായ ഒരു കെട്ടു ദണ്ഡുകളുമായും ഈ വാക്കിന് ബന്ധമുണ്ട്. സാമാന്യേന ഒരുമ എന്ന വാക്കായിട്ടാണ് ഇത് ഉപയോഗിക്കുന്നത്.*

ഒന്നാം ലോകമഹായുദ്ധം ജനാധിപത്യത്തിന്റെ ഭാവി സുരക്ഷിതമാക്കാനുള്ള പോരാട്ടമായിരുന്നുവെന്ന് സഖ്യശക്തികൾ അവകാശപ്പെട്ടു. എന്നാൽ ജനാധിപത്യവിരുദ്ധമായ സ്വേച്ഛാധിപത്യരാഷ്ട്രീയ രൂപമാണ് യുദ്ധാനന്തര യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടത്.

### ഫാസിസം ഇറ്റലിയിൽ

ലോകമഹായുദ്ധത്തിൽ ജേതാക്കളുടെ നിരയിലായിരുന്നു ഇറ്റലിയെങ്കിലും യുദ്ധാനന്തരം അവിടത്തെ ഭരണകൂടം അതിരൂക്ഷമായി വിമർശിക്കപ്പെട്ടു. എന്തായിരിക്കും ഇതിന്റെ കാരണം?

- യുദ്ധത്തിൽ സഖ്യകക്ഷികളോടൊപ്പം പോരാടിയിട്ടും സമാധാന സമ്മേളനങ്ങളിൽ ഇറ്റലിക്ക് വേണ്ടത്ര പരിഗണന ലഭിച്ചില്ല.
- യുദ്ധമുതൽ പങ്കുവെച്ചപ്പോൾ വളരെ കുറഞ്ഞ പങ്കാണ് ഇറ്റലിക്ക് ലഭിച്ചത്.

മറ്റെന്തെല്ലാം കാരണങ്ങൾ കണ്ടെത്താം? കണ്ടെത്തിയ വിവരങ്ങൾ അന്വേഷണക്കുറിപ്പുകളിൽ രേഖപ്പെടുത്തൂ.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ ഇറ്റലിയിൽ നിരവധി പാർട്ടികളും ഗ്രൂപ്പുകളും രൂപം കൊണ്ടു. ഈ പാർട്ടികൾ തമ്മിലുള്ള അനൈക്യത്തിന്റെയും സംഘർഷത്തിന്റെയും കാലഘട്ടത്തിലാണ് മുസോളിനിയുടെ നേതൃത്വത്തിൽ ഫാസിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെടുന്നത്.

#### മുസോളിനിയും കരിങ്കുപ്പായക്കാരും

ഇറ്റലിയിൽ വളർന്നുവന്ന ഫാസിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവ് മുസോളിനി ആയിരുന്നു. 1921-ൽ അദ്ദേഹം ഫാസിസ്റ്റ് പാർട്ടി രൂപീകരിച്ചു. ഫാസിസ്റ്റ് പാർട്ടിയുടെ വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ ഏതൊക്കെ?

- തൊഴിലാളികളെയും കർഷകരെയും സംഘടിപ്പിക്കുന്നതിന് സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളും മുന്നോട്ടുവന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ വളർച്ച ഭൂവുടമകളിലും വ്യവസായികളിലും വിഭ്രാന്തി ഉയർത്തി. അവർ സോഷ്യലിസ്റ്റ് വിരുദ്ധപ്രസ്ഥാനങ്ങളെ പിന്തുണച്ചു.
- ഒന്നാം ലോകമഹായുദ്ധത്തിനുവേണ്ടി തങ്ങൾ ചൊരിഞ്ഞ രക്തം പാഴായി എന്ന

ഇറ്റലിക്കാരുടെ ധാരണ പുതിയ പ്രസ്ഥാന ങ്ങളിലേക്ക് അവരെ ആകർഷിച്ചു.

അക്രമത്തിന്റെയും ഹിംസയുടെയും മാർഗം അവലംബിച്ചുകൊണ്ടാണ് ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ വളർന്നുവന്നത്. സോഷ്യ ലിസ്റ്റുകൾ, കമ്യൂണിസ്റ്റുകൾ, തൊഴിലാളി-കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി ഫാസിസ്റ്റുകൾ മുദ്രകുത്തി. ജന ങ്ങളുടെ ഇടയിൽ ഭീകരത സൃഷ്ടിക്കുന്നതിനു വേണ്ടി ഫാസസ് (Fasces) എന്ന സായുധസം ഘങ്ങളെ മുസോളിനി നിയോഗിച്ചു. തൊഴിലാ ളികളുടെ പണിമുടക്കുകൾ പൊളിക്കുന്നതിനും കമ്യൂണിസ്റ്റ് -സോഷ്യലിസ്റ്റ് നേതാക്കളെ വധി ക്കുന്നതിനുമായി കരിങ്കുപ്പായക്കാർ (Black Shirts) എന്ന സംഘത്തെ സൃഷ്ടിച്ചു.

ഫാസസിന്റെയും കരിങ്കുപ്പായക്കാരുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള ഒരു നട പടിയും ഗവൺമെന്റ് കൈക്കൊണ്ടില്ല. 1919-ലെ പൊതുതിരഞ്ഞെടുപ്പിൽ ഫാസിസ്റ്റുകൾ മത്സ രിച്ചുവെങ്കിലും ദയനീയമായി പരാജയപ്പെടുക യാണുണ്ടായത്. 1921-ലെ തിരഞ്ഞെടുപ്പിൽ അവർക്ക് കേവലം 35 സീറ്റുകളിൽ വിജയിക്കാൻ കഴിഞ്ഞു. 1922-ൽ മുസോളിനി റോമിലേക്ക് ഒരു മാർച്ച് സംഘടിപ്പിച്ചു. ഈ മാർച്ചിലൂടെ ഗവൺമെന്റിനെ മുസോളിനി ഭയപ്പെടുത്തി. ഇറ്റ ലിയിലെ രാജാവായ വിക്ടർ ഇമ്മാനുവൽ രണ്ടാ മൻ മുസോളിനിയെ ഗവൺമെന്റുണ്ടാക്കാൻ ക്ഷണിച്ചു. അങ്ങനെ ഇറ്റലിയുടെ പ്രധാനമന്ത്രി യായി മുസോളിനി അധികാരത്തിലെത്തി.

മുസോളിനിക്ക് അധികാരം ലഭിച്ചതോടെ ഇറ്റലി സ്വേച്ഛാധിപത്യഭരണത്തിന് വഴിമാറി. തന്റെ അധികാരം നിലനിർത്താനുള്ള നടപടി കളാണ് തുടർന്ന് അദ്ദേഹം സ്വീകരിച്ചത്.

- തനിക്ക് എതിരെ പ്രവർത്തിച്ച ഉദ്യോഗസ്ഥ ന്മാരെ പുറത്താക്കി.
- എതിരാളികളെ വകവരുത്തി
- പത്രങ്ങൾക്ക് കർശനസെൻസർഷിപ്പ് ഏർപ്പെടുത്തി.
- ഫാസിസം ഭരണഘടനാവിധേയമാക്കി
- യുദ്ധം ആവശ്യമാണെന്ന് ജനങ്ങൾക്കിട യിൽ ധാരണയുണ്ടാക്കി.

മുസ്സോളിനിയുടെ കീഴിൽ ഇറ്റലിയിൽ ഉയർന്നുവന്ന ഹിംസാത്മകവും ജനാധിപത്യവി രുദ്ധവുമായ പ്രസ്ഥാനത്തെ വിശദീകരിക്കാ നാണ് 'ഫാസിസം' എന്ന പദം ആദ്യമായി ഉപ യോഗിച്ചത്. ഇന്നും ജനാധിപത്യവിരുദ്ധവും ഹിംസാത്മകവുമായ പ്രവർത്തനങ്ങളെ ഫാ സിസം എന്നാണ് വിശേഷിപ്പിക്കുന്നത്.

### ഹിറ്റ്ലറും നാസിസവും

ഫാസിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ കിരാ തരൂപമായിരുന്നു ജർമനിയിലെ നാസിസം. അഡോൾഫ് ഹിറ്റ്ലറുടെ നേതൃത്വത്തിൽ നാസി കൾ വളരാൻ ഇടയായ സാഹചര്യം എന്തായി രുന്നു?

- വേഴ്സായി ഉടമ്പടിയിലെ വ്യവസ്ഥകൾ ജർമനിക്ക് എതിരായിരുന്നു.
- 1929-ലെ സാമ്പത്തിക മാന്ദ്യം കടുത്ത പ്രതിസന്ധി സൃഷ്ടിച്ചു.

കൂടുതൽ കണ്ടെത്തി വിവരങ്ങൾ അന്വേ ഷണക്കുറിപ്പുകളിൽ ചേർക്കുക.

ഫാസിസത്തിന്റെ ഏറ്റവും പൈശാചി കവും പ്രാകൃതവുമായ രൂപമായാണ് നാസിസം നിലവിൽ വന്നത്. പൗരാവകാശം, സ്വാതന്ത്ര്യം എന്നിവയെ അത് ശക്തമായി എതിർത്തു. കമ്യൂ ണിസത്തെ ശത്രുവായി കാണുകയും അതിനെ തകർക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന്പ്രഖ്യാ പിക്കുകയും ചെയ്തു.

വംശങ്ങളിൽ ശ്രേഷ്ഠർ ആര്യന്മാരാ ണെന്നും അവരിൽ ഏറ്റവും കേമന്മാർ ജർമൻകാരാണെന്നും നാസികൾ വാദിച്ചു. ജർമനിയുടെ യുദ്ധപരാജയത്തിന്റെ ഉത്തരവാ ദിത്വം പോലും അവർ യഹൂദന്മാരിൽ ആരോ പിച്ചു.

1919-ലാണ് ഹിറ്റ്ലർ നാസി പാർട്ടി എന്ന ചുരുക്കപ്പേരുള്ള നാഷണൽ സോഷ്യലിസ്റ്റ് ജർമൻ വർക്കേഴ്സ് പാർട്ടി രൂപീകരിച്ചത്. 1923-ൽ അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ചതിനെത്തുടർന്ന് ഹിറ്റ്ലർ അറസ്റ്റ് ചെയ്യപ്പെടുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. തടവറയിൽ വച്ച് അദ്ദേഹം രചിച്ച "മെയിൻ കാംഫ്" (Mein Kampf ) എന്ന ഗ്രന്ഥം നാസിസത്തിന്റെ പ്രമാണഗ്രന്ഥമായി.

**ബ്രൗൺ ഷർട്സ്**

*നാസികൾ ബ്രൗൺ ഷർട്സ് (Brown Shirts) എന്ന പേരിൽ ഒരു സ്വകാര്യ സൈന്യം രൂപീകരിച്ചിരുന്നു. യഹൂദരെയും ഫാസിസ്റ്റു വിരുദ്ധരെയും മർദിക്കുകയും വധിക്കുകയുമായിരുന്നു ഇവരുടെ ജോലി.*

1923-ലെ സായുധവിപ്ലവശ്രമം പരാജയപ്പെട്ടതിനെത്തുടർന്ന് നാസികൾ തിരഞ്ഞെടുപ്പിന്റെ മാർഗം സ്വീകരിച്ചു. കേവലം 12 സീറ്റുകളിൽ



ഹിറ്റ്ലറും മുസ്സോളിനിയും

ഒതുങ്ങി നിന്നിരുന്ന നാസികൾ 1932-ലെ തിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി വളർന്നു. 1933-ൽ ബാങ്കർമാരുടെയും വ്യവസായികളുടെയും പ്രേരണയാൽ ഹിറ്റ്ലറെ പ്രസിഡന്റ് ഹിൻഡൻബർഗ് ജർമനിയുടെ പ്രധാനമന്ത്രിയായി നിയമിച്ചു. ഹിൻഡൻ ബർഗ് അന്തരിച്ചപ്പോൾ പ്രസിഡന്റ് സ്ഥാനം കൂടി ഏറ്റെടുത്ത് ഹിറ്റ്ലർ ഏകാധിപതിയായി വളർന്നു.

ആക്രമണോത്സുക വിദേശനയം സ്വീകരിച്ചുകൊണ്ട് ജർമനിയെ സൈനികവൽക്കരിക്കുകയും നാസി പാർട്ടി ഒഴികെയുള്ള പാർട്ടികളെ നിരോധിക്കുകയും യഹൂദരെ ക്രൂരമായി വധിക്കുകയും ചെയ്തുകൊണ്ട് ഹിറ്റ്ലർ തന്റെ അധികാരം ഉറപ്പിച്ചു.

രണ്ട് ലോകമഹായുദ്ധങ്ങൾക്കിടയിൽ വികാസം പ്രാപിച്ച സമഗ്രാധിപത്യദർശനമായിരുന്നു ഫാസിസം. ഫാസിസത്തിന്റെ പ്രവർത്തന രീതി ഇറ്റലിയിലെയും ജർമനിയിലെയും സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്താം.

- വംശമാഹാത്മ്യം പ്രചരിപ്പിച്ചു.
- വ്യക്തിസ്വാതന്ത്ര്യത്തെയും പൗരാവകാശങ്ങളെയും നിഷേധിച്ചു.
- ന്യൂനപക്ഷങ്ങളെ ക്രൂരമായി കൊന്നൊടുക്കി
- രാഷ്ട്രത്തിന്റെ ഭൂതകാലമഹിമയെ വാഴ്ത്തി
- യുദ്ധം പുരോഗതിയിലേക്കുള്ള ചവിട്ടുപടിയായി അംഗീകരിച്ചു.

### സ്പെയിനിൽ ആഭ്യന്തരയുദ്ധം

1936-ൽ സ്പെയിനിൽ അധികാരത്തിൽ എത്തിയ ജനകീയമുന്നണി കർഷകർക്കും തൊഴിലാളികൾക്കും അനുകൂലമായ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കി. സ്പെയിനിലെ വലതുപക്ഷസംഘടനകളും ഫാസിസ്റ്റ് സംഘടനയായ ഫലാൻജും (Falange) ചേർന്ന് ജനറൽ ഫ്രാങ്കോവിന്റെ നേതൃത്വത്തിൽ കലാപം ആരംഭിച്ചു. ഈ കലാപത്തെ ഇറ്റലിയും ജർമനിയും സജീവമായി സഹായിച്ചു.

സ്പെയിനിലെ ആഭ്യന്തരയുദ്ധം അവരുടെ മാത്രം പ്രശ്നമായിരുന്നില്ല. ഫാസിസത്തിനെതിരായി ജനാധിപത്യത്തിലും മാനവികതയിലും വിശ്വസിച്ച മുഴുവൻ ലോകരാഷ്ട്രങ്ങളുടെയും പിന്തുണ അവർക്കുണ്ടായിരുന്നു. കലാകാരന്മാരും ബുദ്ധിജീവികളും ജനകീയ മുന്നണിക്ക് പിന്തുണ പ്രഖ്യാപിച്ചു.

**കണ്ണീരും വേദനയും**

*ഗേർണിക്കാ നഗരം ഫാസിസ്റ്റുപട്ടാളം തകർത്തപ്പോൾ നഗരത്തിന്റെ കണ്ണീരും വേദനയും പാബ്ലോ പിക്കാസോ തന്റെ മഹത്തായ ചിത്രത്തിലൂടെ ആവിഷ്കരിച്ചു.*

സ്പാനിഷ് ആഭ്യന്തരയുദ്ധം നടക്കുമ്പോൾ ജവഹർലാൽ നെഹ്റു അവിടം സന്ദർശിക്കുകയും അവരുടെ ജനകീയ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

ഫാസിസ്റ്റുകൾക്ക് തങ്ങളുടെ പുത്തൻ ആയുധങ്ങൾ പരീക്ഷിച്ചു നോക്കാനുള്ള വേദിയായിരുന്നു സ്പെയിനിലെ ആഭ്യന്തരയുദ്ധം. അതിനാലാണ് ഇത് രണ്ടാം ലോകമഹായുദ്ധത്തിന്റെ മുന്നൊരുക്കം എന്നറിയപ്പെടുന്നത്.

✸ *വായനസാമഗ്രികളുടെയും സി.ഡി. റോമുകളുടെയും സഹായത്തോടെ ഫാസിസത്തിന്റെ ക്രൂരതകളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് 'ഫാസിസത്തിന്റെ ക്രൂരമുഖം' എന്ന ഒരു റിപ്പോർട്ടു തയാറാക്കുക.*

**സംഗ്രഹം**

- ഒന്നാം ലോകമഹായുദ്ധവും തുടർന്നുണ്ടായ സംഭവവികാസങ്ങളും ദേശീയ വിമോചന വിപ്ലവങ്ങൾക്കും സോഷ്യലിസ്റ്റ് വിപ്ലവങ്ങൾക്കും വഴിയൊരുക്കി.

- ഇന്ത്യ, ചൈന, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽ ജനാധിപത്യഭരണത്തിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ സജീവമായി.
- റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം യുദ്ധകാലകമ്യൂണിസം പുത്തൻ സാമ്പത്തിക നയം, പഞ്ചവത്സരപദ്ധതികൾ എന്നിവ ആരംഭിച്ചു.
- രണ്ട് ലോകമഹായുദ്ധങ്ങൾക്കിടയിൽ ആവിർഭവിച്ച സമഗ്രാധിപത്യ ദർശനമായിരുന്നു ഫാസിസം. ഇറ്റലിയിലും ജർമനിയിലും ഫാസിസ്റ്റ് ശക്തികൾ ജനാധിപത്യ വിരുദ്ധനയങ്ങൾ നടപ്പിലാക്കി.

**ചോദ്യങ്ങൾ**

- സോഷ്യലിസ്റ്റ് - ജനാധിപത്യ ആശയങ്ങളായിരുന്നു വിപ്ലവങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും സൈദ്ധാന്തിക അടിത്തറ'- ഈ പ്രസ്താവന പരിശോധിക്കുക.
- "ഐറിഷ് ഫ്രീ സ്റ്റേറ്റ്" രൂപീകരിക്കാനിടയായ സാഹചര്യം വിലയിരുത്തുക.
- യുദ്ധകാലകമ്യൂണിസവും പുതിയ സാമ്പത്തികനയവും താരതമ്യം ചെയ്യുക.
- ഇറ്റലിയിലും ജർമനിയിലും ഫാസിസം ശക്തമായത് എങ്ങനെയെന്നു പരിശോധിക്കുക.

# 3 രണ്ടാം ലോകമഹായുദ്ധം (1939 - 45)

*ബെൽസൻ എന്ന് പേരുള്ള ഒരു ക്യാമ്പിൽ മാത്രം 40,000 തടവുകാരെയാണ് കണ്ടെത്തിയത്. അവരിൽ ഭൂരിഭാഗം പേരും പട്ടിണി കൊണ്ടും ക്ഷയം, ടൈഫോയിഡ്, ടൈഫസ് തുടങ്ങിയ രോഗങ്ങൾ കൊണ്ടും മൃതപ്രായരായിരുന്നു.*

*ചീഞ്ഞളിഞ്ഞു തുടങ്ങിയിരുന്ന നഗ്ന ശവശരീരങ്ങളുടെ കൂനകൾ പലയിടത്തും കൂട്ടിയിരുന്നു. അത്തരത്തിലുള്ള ഒരു ശവക്കൂമ്പാരത്തിനു മാത്രം 80 വാര നീളവും 30 വാര വീതിയും 4 അടി ഉയരവും ഉണ്ടായിരുന്നു. മരിച്ചവരും ജീവിച്ചിരുന്നവരും മെലിഞ്ഞൊട്ടിയ ശരീരങ്ങളോടു കൂടിയവരും മനുഷ്യരാണെന്ന് ഒരു തരത്തിലും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലുള്ളവരുമായിരുന്നു. മനുഷ്യന്റെ തൊലിയുരിച്ചുണ്ടാക്കിയ ലാമ്പ് ഷേഡുകളും ചാട്ടവാറുകളും കണ്ടെടുത്തു. തടവുകാരെ നിരവധി വൈദ്യഗവേഷണങ്ങൾക്ക് വിധേയരാക്കുകയും അനസ്തീഷ്യ നൽകാതെ ഓപ്പറേഷൻ ചെയ്യുകയും ചെയ്തു.*

നാസി കോൺസൻട്രേഷൻ ക്യാമ്പുകളിൽ മനുഷ്യർക്കുനേരെ നടന്ന പീഡനത്തെക്കുറിച്ചാണ് ഇരുപതാം നൂറ്റാണ്ടിലെ പ്രധാന പത്രവാർത്തകളുടെ സംഗ്രഹമായ 'ദി ക്രോണിക്കിൾ' ഇപ്രകാരം പറയുന്നത്.

ഉപജാപങ്ങളിലൂടെ ജനാധിപത്യ പ്രക്രിയയെ അട്ടിമറിച്ചുകൊണ്ടാണ് ഫാസിസ്റ്റ്- നാസി കക്ഷികൾ അധികാരത്തിലെത്തിയതെന്ന് നാം മുൻ അധ്യായത്തിൽ ചർച്ച ചെയ്തല്ലോ. ഇതര യൂറോപ്യൻ രാജ്യങ്ങളിലും ഫാസിസ്റ്റു പ്രവണതകൾ പ്രകടമാവുന്നതും സ്പെയിനിൽ അവർ അധികാരം പിടിച്ചെടുത്തതും ഇരുപതാം നൂറ്റാണ്ടിലെ ശ്രദ്ധേയമായ സംഭവവികാസങ്ങളാണ്. എല്ലാ ജനാധിപത്യ ആശയങ്ങളെയും പൗരാവകാശങ്ങളെയും നിഷ്ഠൂരമായി അവഗണിച്ചു



ഒരു നാസി കോൺസൻട്രേഷൻ ക്യാമ്പിന്റെ ദൃശ്യം.

കൊണ്ടും ആക്രമണോത്സുകമായ ദേശീയതയ്ക്ക് ഊന്നൽ നൽകിക്കൊണ്ടും ഫാസിസം കൂടുതൽ കരുത്താർജിച്ചു. ഈ സമയത്ത് നിലവിലിരുന്ന ആഗോള സാഹചര്യത്തിന്റെ മറ്റു പ്രത്യേകതകളെന്തൊക്കെയാണ്?

- ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ആഗോളതലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യം.
- അസംസ്കൃത വസ്തുക്കൾക്കും കമ്പോളത്തിനും വേണ്ടിയുള്ള കിടമത്സരം
- സോവിയറ്റ് യൂണിയന്റെ വളർച്ചയും മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളി വർഗ മുന്നേറ്റങ്ങളും
- ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുണ്ടായ സമാധാന ഉടമ്പടികൾ, ലീഗ് ഓഫ് നേഷൻസ് തുടങ്ങിയവയുടെ പരാജയം.
- സോവിയറ്റ് യൂണിയനോട് ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾക്കുണ്ടായിരുന്ന ശത്രുതാപരമായ നിലപാട്.

### ആസ്ട്രിയയിലും ചെക്കോസ്ലോവാക്യയിലും ഫാസിസ്റ്റ് അധിനിവേശം

ജർമൻ വംശീയതയുടെ പേരു പറഞ്ഞുകൊണ്ട് 1938 ൽ ഹിറ്റ്ലർ ആസ്ട്രിയയെ ജർമനിയോടു ചേർത്തു. ആസ്ട്രിയയിലെ നാസികളുടെ പിന്തുണയോടെ നടന്ന ഈ കൈയേറ്റത്തെ ആദ്യം എതിർത്തിരുന്ന മുസ്സോളിനി പിന്നീട് ഹിറ്റലർക്ക് പിന്തുണ പ്രഖ്യപിച്ചത് ആഗോളമായിത്തന്നെ ഒരു ഫാസിസ്റ്റ് ഐക്യമുന്നണി രൂപം കൊള്ളുന്നതിന്റെ സൂചനയായിരുന്നു. എന്നാൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ചേമ്പർലെയിൻ ഹിറ്റ്ലറുടെ നടപടിയെ ഭൂമിശാസ്ത്രപരമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ന്യായീകരിക്കുകയാന്നു ചെയ്തത്.

എന്തുകൊണ്ടായിരിക്കും ബ്രിട്ടൻ ഇങ്ങനെ പരോക്ഷമായ ഫാസിസ്റ്റ് അനുകൂല നിലപാട് കൈക്കൊണ്ടത്?

### മ്യൂണിച്ച് ഉടമ്പടി

ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനും കോളനികൾ സ്ഥാപിക്കുന്നതിനും പോളണ്ട്, ചെക്കോസ്ലോവാക്യ, സോവിയറ്റ് യൂണിയൻ എന്നിവ ഉൾപ്പെട്ട പ്രദേശങ്ങൾ ലഭിക്കുകയെന്നത് ജർമൻകാരുടെ അവകാശമാണ് എന്ന് ഹിറ്റ്ലർ വിശ്വസിച്ചിരുന്നു. അതുകൊണ്ടു തന്നെ ചെക്കോസ്ലോവാക്യയിലെ ജർമൻ വംശജർ കോൺറാഡ് ഹെൻലിന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന കലാപത്തിനനുകൂലമായി ഹിറ്റ്ലർ ഇടപെടുമെന്ന് ഏവർക്കും ഉറപ്പായിരുന്നു. 1919-ൽ അംഗീകരിക്കപ്പെട്ട ദേശീയ സ്വയം നിർണയാവകാശമാണ് ഹിറ്റ്ലർ ഇതിന് ന്യായീകരണമായി പറഞ്ഞത്.

> **ദേശീയ സ്വയംനിർണയാവകാശം**
>
> *ഒന്നാം ലോകമഹായുദ്ധാനന്തരം ദക്ഷിണ പൂർവ യൂറോപ്പിൽ ചില പുതിയ രാഷ്ട്രങ്ങൾ നിലവിൽ വന്നു. ദേശീയ ജനവിഭാഗങ്ങൾക്ക് സ്വയംഭരണം അനുവദിക്കണമെന്ന വേഴ്സായി ഉടമ്പടിയിലെ വ്യവസ്ഥപ്രകാരമായിരുന്നു ഇത്. പുതുതായി രൂപീകൃതമായ ചെക്കോസ്ലോവാക്യ, ആസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ ജർമൻ വംശജർ ഉണ്ടായിരുന്നു. അവർക്ക് സ്വയം നിർണയാവകാശം ഉണ്ടെന്ന തത്ത്വം അംഗീകരിച്ചാൽ ആ പ്രദേശങ്ങൾ ജർമനിയോട് ചേർക്കാമെന്ന് ഹിറ്റ്ലർ കണക്കുകൂട്ടി.*

ചെക്കോസ്ലോവാക്യയുടെ വ്യവസായ സ്ഥാപനങ്ങളിൽ 70 ശതമാനം ഉൾപ്പെട്ട സമ്പന്ന പ്രദേശമായിരുന്ന സുഡറ്റൻ ലാന്റ് എന്ന സ്ഥലത്തായിരുന്നു കലാപം. 'യുദ്ധമൊഴിവാക്കാനായി' ഹിറ്റ്ലറും ബ്രിട്ടീഷ് പ്രധാനമന്ത്രി ചേമ്പർലെയിൻ, ഫ്രഞ്ച് പ്രധാന മന്ത്രി ദലാദിയർ, മുസ്സോളിനി എന്നിവരും ചേർന്ന് ഒരു ധാരണാപത്രം തയാറാക്കി. മ്യൂണിച്ച് ഉടമ്പടി എന്നറിയപ്പെടുന്ന ഈ ധാരണാപത്രം അവതരിപ്പിച്ചത് മുസ്സോളിനിയായിരുന്നു. സുഡറ്റൻ ലാന്റ് ജർമനിക്കു നൽകാൻ തീരുമാനിച്ചു. മുൻപുണ്ടായിരുന്ന പല സമാധന സന്ധികളെയും അസാധുവാക്കിക്കൊണ്ടുള്ള ഈ ഉടമ്പടി ലോകചരിത്രത്തിൽ ഫാസിസ്റ്റ് ശക്തികൾക്ക് അനുകൂലമായ നിർണായക വഴിത്തിരിവായി. സ്വാഭാവികമായും ഈ നടപടിയെക്കുറിച്ച് വ്യാപകമായ പ്രതികരണങ്ങളുണ്ടായി. ഹിറ്റ്ലർ തന്നെ പിൽക്കാലത്ത് പറഞ്ഞതു നോക്കൂ:

"1938-ൽ തന്നെ നാം യുദ്ധം ആരംഭിക്കേണ്ടതായിരുന്നു. പക്ഷേ ഭീരുക്കളെപ്പോലെ അവർ നമുക്ക് കീഴടങ്ങി. നമുക്ക് മ്യൂണിച്ചിൽ നഷ്ടമായത് ഒരു വ്യത്യസ്ത സന്ദർഭമാണ്".

ബ്രിട്ടനും ഫ്രാൻസും ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടായിരുന്നു?

സോവിയറ്റ് യൂണിയനോട് സഹകരിക്കുന്നതിൽ ബ്രിട്ടണും ഫ്രാൻസും വൈമുഖ്യം കാണിച്ചത് എന്തുകൊണ്ടായിരിക്കും?

✸ *അന്നത്തെ ആഗോള സാഹചര്യത്തെക്കുറിച്ച് മുൻ അധ്യായത്തിൽ ചർച്ച ചെയ്ത വിവരങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ലേഖനം തയാറാക്കൂ. ലേഖനത്തിന് 'മഹായുദ്ധത്തിന് കളമൊരുക്കുന്നു' എന്ന് പേർ നൽകാം.*

### ജർമൻ- സോവിയറ്റ് അനാക്രമണ സന്ധി

അതുവരെയുണ്ടായിരുന്ന ലോകചരിത്ര ഗതിയിൽ നിന്ന് വ്യത്യസ്തമായി 1939 ആഗസ്റ്റ് 24ന് ജർമനിയും സോവിയറ്റ് യൂണിയനും തമ്മിൽ ഒരു അനാക്രമണ സന്ധിയിലേർപ്പെട്ടത് ലോകരാജ്യങ്ങളെ അത്ഭുതപ്പെടുത്തി. അതുവരെ ഫാസിസ്റ്റ് വിരുദ്ധ സമീപനം കൈക്കൊണ്ട സോവിയറ്റ് യൂണിയൻ ജർമനിയുമായി സഖ്യത്തിലേർപ്പെട്ടത് എന്തുകൊണ്ടാവും.?

ജർമനിയുമായുള്ള ഉടമ്പടി കൊണ്ട് പിൽക്കാലത്ത് ഫാസിസ്റ്റ് ആക്രമണത്തെ ചെറുക്കുന്നതിനുള്ള സൈനികവും രാഷ്ട്രീയവുമായ നടപടിൾ സ്വീകരിക്കാൻ സോവിയറ്റ് യൂണിയന് സാവകാശം കിട്ടി.

### യുദ്ധത്തിന്റെ ആരംഭം

ആസ്ട്രിയയിലും ചെക്കോസ്ലോവാക്യയിലും നടത്തിയ അധിനിവേശത്തിനു ശേഷം ജർമനിയുടെ ശ്രദ്ധപതിഞ്ഞത് പോളണ്ടിനു മേലായിരുന്നു. ജർമനി പോളണ്ടിനെ ആക്രമിച്ച് രണ്ടു ദിവസം കഴിഞ്ഞതോടെ ബ്രിട്ടനും ഫ്രാൻസും ജർമനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.

സോവിയറ്റ് യൂണിയൻ, പോളണ്ടിലെ പഴയ റഷ്യൻ പ്രദേശങ്ങളായ ഉക്രെയിൻ, ബെലോറഷ്യ എന്നിവ സ്വന്തം പ്രദേശത്തോടു കൂട്ടിച്ചേർത്തു. ഫിൻലാന്റ്, സോവിയറ്റ് സൈനിക ആസ്ഥാനമായി. ലാത്വിയ, ലിത്വാനിയ, എസ്തോണിയ എന്നിവിടങ്ങളിലും സോവിയറ്റ് സൈനിക ആസ്ഥാനങ്ങൾ സ്ഥാപിച്ചു. ലോക ഭൂപടത്തിൽ മേൽപ്പറഞ്ഞ പ്രദേശങ്ങൾ ശ്രദ്ധിക്കൂ. നാസി ആക്രമണത്തെ ചെറുക്കുന്നതിന് ഈ പിടിച്ചെടുക്കൽ സോവിയറ്റ് യൂണിയനെ എങ്ങനെയാവും സഹായിച്ചിരിക്കുക? ബ്രിട്ടനും ഫ്രാൻസും ജർമനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചെങ്കിലും ജർമനി, പോളണ്ട് കീഴടക്കിയപ്പോൾ അവർ സഹായത്തിനെത്തിയില്ല. യുദ്ധപ്രഖ്യാപനത്തിനുശേഷം ഏഴുമാസം പിന്നിടുന്നതു വരെ സജീവമായ യുദ്ധനീക്കങ്ങളൊന്നും ഉണ്ടായില്ല.

### യുദ്ധവും പ്രധാന സംഭവങ്ങളും

1940 ഏപ്രിലിൽ ഡെൻമാർക്ക്, നോർവേ, ബൽജിയം, നെതർലാന്റ് , ലക്സംബർഗ് എന്നീ പ്രദേശങ്ങളും ജൂണിൽ ഫ്രാൻസിന്റെ വടക്കൻ പ്രദേശങ്ങളും അൽസേസ്- ലൊറൈനും ജർമനി കീഴടക്കി. 1940 സെപ്തംബറിൽ ജർമനിയും ഇറ്റലിയും ജപ്പാനും ചേർന്ന് 'ത്രികക്ഷി സഖ്യം' രൂപീകരിച്ചു. ഒക്ടോബറിൽ ഇറ്റലി ഗ്രീസിനെ ആക്രമിച്ചുകൊണ്ട് യുദ്ധരംഗത്തു പ്രവേശിച്ചു. അതേവർഷം നവംബറിൽ ജർമനി ബ്രിട്ടനെ ആക്രമിച്ചെങ്കിലും കടുത്ത പ്രതിരോധമാണ് നേരിടേണ്ടി വന്നത്.

അതിനിടെ അമേരിക്കയും ബ്രിട്ടനും ചേർന്ന് ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു. 'അറ്റ്ലാന്റിക് ചാർട്ടർ' എന്നറിയപ്പെടുന്ന ഈ പ്രഖ്യാപനം യുദ്ധരംഗത്ത് ഒരു പുതിയ ഫാസിസ്റ്റ് വിരുദ്ധ മുന്നണിക്ക് തുടക്കം കുറിച്ചു.

1941 ജൂൺ മാസത്തിൽ ജർമനി സോവിയറ്റ് യൂണിയനെ ആക്രമിച്ചു. ശക്തമായ പ്രതിരോധം മൂലം ജർമനിക്ക് വിജയിക്കാനായില്ല. അതേ വർഷം തന്നെ ഫിലിപ്പൈൻസ്, മലയ, സിംഗപ്പൂർ, ഇന്തോനേഷ്യ തുടങ്ങിയ പ്രദേശങ്ങൾ കീഴടക്കിക്കൊണ്ട് ജപ്പാനും യുദ്ധരംഗത്തേക്ക് പ്രവേശിച്ചു. 1941 ഡിസംബറിൽ ജപ്പാൻ അമേരിക്കയുടെ നിയന്ത്രണത്തിലുള്ള പേൾഹാർബർ ആക്രമിച്ചു.

> **ഫാസിസ്റ്റ് ലോകാക്രമണ പരിപാടി**
>
> *യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ എന്നീ വൻകരകളെ ഫാസിസ്റ്റ് വ്യവസ്ഥയ്ക്കു കീഴിൽ കൊണ്ടുവരുന്നതിനായി രൂപീകരിച്ചതാണ് 'അച്ചുതണ്ടു സഖ്യം' (Axis Powers). മധ്യയൂറോപ്പിലൂടെ, മധ്യേഷ്യവഴി ജർമനിയും ഉത്തരാഫ്രിക്കയിലൂടെ പശ്ചിമേഷ്യവഴി ഇറ്റലിയും കിഴക്കോട്ട് നീങ്ങണമെന്നും ഏഷ്യാവൻകര കീഴടക്കിക്കൊണ്ട് ജപ്പാൻ പടിഞ്ഞാറോട്ട് നീങ്ങണമെന്നുമായിരുന്നു ഫാസിസ്റ്റ് ലോകാക്രമണ പരിപാടി. ഈ മൂന്നു രാഷ്ട്രങ്ങളുടെയും സൈന്യങ്ങൾ ഡൽഹിയിൽ സന്ധിക്കണമെന്നും ആയിരുന്നുവത്രേ അവർ ആശിച്ചിരുന്നത്. സോവിയറ്റ് യൂണിയന്റെ ശക്തമായ ചെറുത്തുനിൽപ്പ് ഹിറ്റ്ലറുടെ ഈ പദ്ധതിയെ തകർത്തു.*

1942 ജൂണിൽ ജപ്പാനെ അമേരിക്ക മിഡ്‌ലാന്റിൽ തോൽപ്പിച്ചു. ജൂലായിൽ ഈജിപ്തിനെ ആക്രമിച്ച ജർമൻ സൈന്യത്തെ



പേൾഹാർബർ ആക്രമണം

ഇംഗ്ലീഷുകാർ തോൽപ്പിച്ചു. 1943 ഫെബ്രുവരിയിൽ ഐതിഹാസികമായ ഒരു ചെറുത്തുനിൽപ്പിലൂടെ സോവിയറ്റ് യൂണിയൻ സ്റ്റാലിൻഗ്രാഡിൽ നിന്ന് ജർമനിയെ തുരത്തി. 1943-ൽ ഉത്തര ആഫ്രിക്കയിൽ ജർമനിയും ഇറ്റലിയും വീണ്ടും തിരിച്ചടി നേരിടുകയും 1945-ൽ ഇറ്റലി സഖ്യസേനയ്ക്ക് കീഴടങ്ങുകയും ചെയ്തതോടെ യൂറോപ്യൻ രാഷ്ട്രങ്ങളെല്ലാം ഫാസിസ്റ്റ് പിടിയിൽ നിന്ന് മോചിതമായി. അതേ വർഷം ഏപ്രിൽ 28ന് സോവിയറ്റ് സേന ജർമൻ തലസ്ഥാനമായ ബർലിൻ ഉപരോധിച്ചു. പരാജയം ഉറപ്പായ ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. ആഗസ്റ്റ് 6ന് ജപ്പാനിലെ ഹിരോഷിമയിലും മൂന്നു ദിവസം കഴിഞ്ഞ് നാഗസാക്കിയിലും അമേരിക്ക അണുബോംബ് വർഷം നടത്തിയതോടെ യുദ്ധത്തിന് പൂർണമായ അന്ത്യമായി.

യുദ്ധവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ മാത്രമാണ് മുകളിലുള്ളത്. ഈ സംഭവങ്ങളെ സമാനസ്വഭാവമനുസരിച്ച് മേഖലകളാക്കി തിരിക്കൂ.

പൊതുസ്വഭാവം പരിഗണിച്ചുകൊണ്ട് ഏതെല്ലാം മേഖലകളിലായി ഈ വസ്തുതകളെ വർഗീകരിക്കാം?

1. ആദ്യ ഫാസിസ്റ്റ് മുന്നേറ്റങ്ങൾ

- പോളണ്ട് ആക്രമണം.
- ഡെന്മാർക്ക്, നോർവേ, ബെൽജിയം, ലക്സംബർഗ്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ കീഴടങ്ങുന്നു.
- 
- 



ഹിരോഷിമ
അണുബോംബു സ്ഫോടനത്തിനു ശേഷം

2. **ആഗോളയുദ്ധത്തിലേക്ക്**

- ബ്രിട്ടൻ ആക്രമിക്കപ്പെടുന്നു.
- സോവിയറ്റ് യൂണിയൻ ആക്രമിക്കപ്പെടുന്നു.
-
-

3. **പ്രതിരോധവും ഫാസിസത്തിന്റെ കീഴടങ്ങലും**

- ബ്രിട്ടൻ തിരിച്ചടിക്കുന്നു.
- സോവിയറ്റ് യൂണിയൻ തിരിച്ചടിക്കുന്നു.
-
-

മറ്റേതെല്ലാം വിധത്തിൽ ഈ സംഭവങ്ങളെ വർഗീകരിക്കാം? കാലഗണനനയനുസരിച്ചും വർഗീകരിക്കാമല്ലോ.

## ദുരിതം വിതച്ച യുദ്ധം

യുദ്ധം ദുരിതമാണ്, വിജയിച്ചവർക്കും പരാജയപ്പെട്ടവർക്കും. ലക്ഷക്കണക്കിന് മനുഷ്യജീവനും വീടുകളും വ്യവസായസ്ഥാപനങ്ങളും യാത്രാമാർഗങ്ങളും തകർന്നടിഞ്ഞ രണ്ടാം ലോകമഹായുദ്ധത്തിൽ മാനവരാശി അതുവരെ ആർജിച്ചെടുത്ത പുരോഗതിയും സംസ്കാരങ്ങളുമെല്ലാം തകർന്നു. അന്നത്തെ ലോകജനസംഖ്യയുടെ മുക്കാൽ ഭാഗം വരുന്ന ജനത യുദ്ധത്തിൽ പങ്കാളികളായി.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കപ്പെടേണ്ട ശാസ്ത്ര സാങ്കേതിക വിദ്യയുടെ ദുരുപയോഗമാണ് ലോകമഹായുദ്ധത്തിലുണ്ടായത്. റോക്കറ്റുകളും റഡാറുകളും ആദ്യമായി ഉപയോഗിക്കപ്പെട്ടതും സർവസംഹാരശേഷിയുള്ള അണു ബോംബുകൾ വർഷിക്കപ്പെട്ടതും ഈ

യുദ്ധത്തിലാണ്. 15 മെട്രിക് ടൺ വെടിമരുന്നിന്റെ പ്രഹരശേഷിയുള്ള രണ്ട് അണുബോംബുകളാണ് ജപ്പാനിലെ ഒന്നര ലക്ഷത്തിലേറെ ആളുകളെ നിമിഷം കൊണ്ട് ചുട്ടെരിച്ചത്.

✸ *രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യുദ്ധ ഭീകരതയെക്കുറിച്ച് ഓർമിപ്പിക്കുകയും യുദ്ധവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന നിരവധി സാഹിത്യകൃതികളും ചലച്ചിത്രങ്ങളും ലോകമെമ്പാടുമുണ്ടായിട്ടുണ്ട്. അവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൂ.*

യുദ്ധത്തിൽ പ്രധാന കക്ഷികകൾക്കുണ്ടായ

**യൂറോപ്യൻ ആധിപത്യത്തിന്റെ അവസാനവും ശീതയുദ്ധത്തിന്റെ ആരംഭവും**

യൂറോപ്യൻ രാജ്യങ്ങളുടെ ആധിപത്യം അവസാനിക്കുന്നതിന് ലോകമഹായുദ്ധം വഴി വെച്ചതെങ്ങനെയാണ്? ഏതെല്ലാം രാജ്യങ്ങളാണ് പുതിയ വൻശക്തികളായത്? പിൽക്കാല അന്താരാഷ്ട്രബന്ധങ്ങളെ എങ്ങനെയാണ് ഈ വൻശക്തികൾ സ്വാധീനിച്ചത്? ഇതേക്കുറിച്ചെല്ലാം ചർച്ച ചെയ്യുമല്ലോ.

⊙ യൂറോപ്യൻ ആധിപത്യം അവസാനിക്കുകയും ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികൾ സ്വതന്ത്രമാവുകയും ചെയ്തു.




രണ്ടാം ലോകമഹായുദ്ധത്തിലെ ആൾനാശം

ഐ.എൻ.എ. രൂപീകരിച്ചതിനെക്കുറിച്ചും നാം മുൻക്ലാസിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ.

അമേരിക്കയുടെയും സോവിയറ്റു യൂണിയന്റെയും നേതൃത്വത്തിൽ രണ്ടു ചേരികളായി ലോകരാഷ്ട്രങ്ങളിൽ പലതും മാറി. ഇന്ത്യ ഉൾപ്പെടെ ഏതാനും രാജ്യങ്ങൾ ചേരിചേരാ രാജ്യങ്ങളായി നിലകൊണ്ടു. കമ്യൂണിസം കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. ഫാസിസത്തിന്റെ അന്ത്യം കുറിക്കപ്പെട്ടു.

### പ്രോജക്ട്

യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കുമോ എന്ന പ്രോജക്ട് അടുത്ത അധ്യായത്തോടെ പൂർത്തിയാവേണ്ടതുണ്ട്. ഇതിലേക്കായി ഈ അധ്യായത്തിൽ നിന്ന് താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുമല്ലോ:

- യുദ്ധം ഉണ്ടാകാനിടയായ സാഹചര്യം
- യുദ്ധക്കെടുതികൾ
- നിഷ്ഫലമായ സമാധാന ഉടമ്പടികൾ

### സമാധാന ശ്രമങ്ങളും ഐക്യരാഷ്ട്ര സംഘടനയും

യുദ്ധത്തിന്റെ കെടുതികൾ വ്യാപിച്ചുകൊണ്ടിരിക്കെത്തന്നെ സമാധാനം സ്ഥാപിക്കുന്നതിനുള്ള ആഗ്രഹവും ശക്തമായി. യുദ്ധസന്നാഹങ്ങൾ ശക്തിപ്പെടുത്തുന്നതിനിടയിലാണ് സഖ്യകക്ഷികൾ യുദ്ധാനന്തര ലോകത്തെക്കുറിച്ചും ശാശ്വതസമാധാനത്തെക്കുറിച്ചുമൊക്കെ ചർച്ച ചെയ്തു തുടങ്ങിയത്. ഈ ചർച്ചകളുടെയും ഇതിനായി വിളിച്ചുചേർക്കപ്പെട്ട സമ്മേളനങ്ങളുടെയും പരിസമാപ്തിയായിരുന്നു ഐക്യരാഷ്ട്ര സംഘടനയുടെ (United Nations Organisation) രൂപീകരണം. ഇതിന്റെ പ്രധാനപ്പെട്ട ചില സമ്മേളനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.

| വർഷം | പേര്/സ്ഥലം | പങ്കെടുത്ത രാജ്യം/ രാജ്യനേതാക്കൾ | പ്രധാന തീരുമാനങ്ങൾ |
|---|---|---|---|
| 1941 | അറ്റ്ലാന്റിക് ചാർട്ടർ | വിൻസ്റ്റൺ ചർച്ചിൽ - ഫ്രാങ്ക്ളിൻ.ഡി.റൂസ്‌വെൽറ്റ് | • രാഷ്ട്രങ്ങളിൽ സ്വതന്ത്രസർക്കാരുകൾ വേണം.<br>• സ്വതന്ത്രവ്യാപാരം അനുവദിക്കണം<br>• സമുദ്രങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിക്കണം.<br>• ജനാഭിലാഷമനുസരിച്ചുള്ള സർക്കാരുകൾ രാജ്യങ്ങളിൽ ഉണ്ടാവണം. |
| 1943 | മോസ്കോ സമ്മേളനം | ബ്രിട്ടൻ, അമേരിക്ക, സോവിയറ്റ് യൂണിയൻ, ചൈന എന്നിവിടങ്ങളിലെ വിദേശകാര്യമന്ത്രിമാർ. | • യുദ്ധാനന്തരം ലോകസമാധാനത്തിന് ഒരു സംഘടന വേണം. |
| 1944 | ഡെംബാർട്ടൺ - ഓക്സ് സമ്മേളനം | ബ്രിട്ടൺ, സോവിയറ്റ് യൂണിയൻ, അമേരിക്ക എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ | • ഐക്യരാഷ്ട്ര സംഘടന എന്ന പേര് തീരുമാനിച്ചു. |
| 1945 ഫെബ്രുവരി | യാൾട്ടാ സമ്മേളനം | ചർച്ചിൽ, സ്റ്റാലിൻ, റൂസ്‌വെൽറ്റ് | • യു.എൻ.ന്റെ പ്രാതിനിധ്യം, ഘടന, വോട്ടിംഗ് എന്നീ കാര്യങ്ങൾ തീരുമാനിച്ചു. |
| 1945 ഏപ്രിൽ | സാൻഫ്രാൻസിസ്കോ സമ്മേളനം | വിവിധ രാഷ്ട്രനേതാക്കൾ | • സംഘടനയുടെ രൂപീകരണ നടപടികൾ പൂർത്തിയായി.<br>• കാര്യങ്ങൾ കോർത്തിണക്കാൻ ഒരു കോ-ഓർഡിനേഷൻ സമിതി രൂപീകരിച്ചു.<br>• ഐക്യരാഷ്ട്ര പ്രമാണം അംഗീകരിച്ചു. |
| 1945 ജൂലൈ | പോട്സ് ഡാം സമ്മേളനം | സ്റ്റാലിൻ, ചർച്ചിൽ, ആറ്റ്ലി, ചിയാങ്ങ് കൈഷെക്, ട്രൂമാൻ | • ജർമനിയുടെയും പോളണ്ടിന്റെയും അതിർത്തികൾ തീരുമാനിച്ചു.<br>• ജപ്പാനെ നിരായുധീകരിക്കുന്നതിന് തീരുമാനിച്ചു.<br>• ഇറ്റലി, ബൾഗേറിയ, റുമാനിയ, ഹംഗറി, ഫിൻലാന്റ് തുടങ്ങിയ രാജ്യങ്ങളുമായി സമാധാന ചർച്ചകൾ നടത്താൻ തീരുമാനിച്ചു. |



യു.എൻ. ആസ്ഥാനം

മേൽ സൂചിപ്പിച്ച തീരുമാനങ്ങളെല്ലാം ജനാധിപത്യവും സമാധാനവും ഉറപ്പിക്കുന്നവയായിരുന്നല്ലോ. അവയിൽ എന്തെല്ലാമാണ് പിൽക്കാലത്ത് നടപ്പിലായത്? ഈ സമ്മേളനങ്ങൾക്കൊടുവിൽ 1945 ഒക്ടോബർ 24 നാണ് ഐക്യരാഷ്ട്ര സംഘടന ഔപചാരികമായി നിലവിൽ വന്നത്. അതിന്റെ ആസ്ഥാനം ന്യൂയോർക്ക് ആണ്.

തീരാത്ത ദുരിതങ്ങൾ വരുത്തിവെച്ച രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം രൂപംകൊണ്ട ഐക്യരാഷ്ട്ര സംഘടന ശാശ്വതസമാധാനത്തിനും സഹകരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ചില ലക്ഷ്യങ്ങൾ അംഗീകരിച്ചു.

- അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും പരിപാലിക്കുക.
- തുല്യാവകാശം എന്ന തത്ത്വത്തിൽ ഉറച്ചു നിന്നുകൊണ്ട് രാജ്യങ്ങൾ തമ്മിൽ സൗഹാർദപൂർണമായ ബന്ധം വളർത്തുക.
- സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും മനുഷ്യത്വപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അന്താരാഷ്ട്ര സഹകരണം ഉറപ്പാക്കുക.
- ഈ പൊതുലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വിവിധ രാജ്യങ്ങളുടെ നടപടികൾ സമന്വയിപ്പിക്കുന്നതിനുള്ള കേന്ദ്രമായി പ്രവർത്തിക്കുക.

ഐക്യരാഷ്ട്രസംഘടനയുടെ ഘടന സൂചിപ്പിക്കുന്ന ചിത്രവും ഓരോ ഘടകത്തിന്റെയും അധികാരങ്ങൾ, ചുമതലകൾ, തീരുമാനങ്ങളെടുക്കുന്ന രീതി ഇവ സംബന്ധിച്ച് ചില വിവരങ്ങളും താഴെ ചേർത്തിരിക്കുന്നു.

### പൊതുസഭ (General Assembly)

- എല്ലാ അംഗരാജ്യങ്ങളും പൊതുസഭയിൽ അംഗങ്ങളാണ്. ഓരോ അംഗരാജ്യത്തിനും പൊതുസഭയിലേക്ക് 5 അംഗങ്ങളെ വീതം അയയ്ക്കാമെങ്കിലും ഒരു രാജ്യത്തിന് ഒരു

വോട്ടു മാത്രമാണ് ഉള്ളത്. വർഷത്തിൽ ഒരു പ്രാവശ്യം സഭ സമ്മേളിക്കണമെന്ന താണ് സാധാരണ നടപടിക്രമമെങ്കിലും അടിയന്തിരഘട്ടങ്ങളിൽ രക്ഷാസമിതിയുടെയോ അംഗങ്ങളുടെയോ ആവശ്യപ്രകാരം പ്രത്യേക സമ്മേളനങ്ങൾ ചേരാൻ വ്യവസ്ഥയുണ്ട്.

- സാധാരണ പ്രശ്നങ്ങളിൽ ഭൂരിപക്ഷ തീരുമാനമനുസരിച്ചും പ്രധാന പ്രശ്നങ്ങളിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷമനുസരിച്ചും പൊതുസഭ തീരുമാനമെടുക്കുന്നു.
- പുതിയ അംഗങ്ങളെ പ്രവേശിപ്പിക്കുക, മറ്റു ഘടകങ്ങളിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുക എന്നീ പ്രധാന ചുമതലകളും പൊതുസഭ നിർവഹിക്കുന്നു.
- നിർണായക പ്രശ്നങ്ങളിൽ ശുപാർശകൾ സമർപ്പിക്കുന്നതിനു മാത്രം അവകാശമുള്ള പൊതുസഭയ്ക്ക് തീരുമനമെടുക്കുന്നതിനുള്ള അധികാരം പരിമിതമാണ്.

## രക്ഷാസമിതി (Security Council)

- ഐക്യരാഷ്ട്ര സംഘടനയുടെ ഏറ്റവും ശക്തമായ ഘടകമാണ് രക്ഷാസമിതി. അന്താരാഷ്ട്ര പ്രശ്നങ്ങളിൽ നിർണായകമായ തീരുമാനങ്ങളെടുക്കുന്നത് ഈ സമിതിയാണ്.
- അഞ്ചു സ്ഥിരാംഗങ്ങളും പത്തു താൽക്കാലികാംഗങ്ങളുമാണ് സമിതിയിലുള്ളത്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ചൈന എന്നിവയാണ് സ്ഥിരാംഗങ്ങൾ. മറ്റ് അംഗങ്ങളുടെ കാലാവധി രണ്ടു വർഷമാണ്.
- ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണ് രക്ഷാസമിതി തീരുമാനങ്ങളെടുക്കുന്നത്. എന്നാൽ ഒരു സുപ്രധാന പ്രമേയം പാസാകണമെങ്കിൽ അഞ്ച് സ്ഥിരാംഗങ്ങളും ഐകകണ്ഠ്യേന വോട്ട് ചെയ്യണം. ഏതെങ്കിലും ഒരു സ്ഥിരാംഗം എതിരായി വോട്ടു ചെയ്താൽ ആ പ്രമേയം പാസാകുകയില്ല. സ്ഥിരാംഗങ്ങളുടെ ഈ അവകാശത്തിന് 'വീറ്റോ അധികാരം' എന്നു പറയുന്നു.




ഐക്യരാഷ്ട്രസംഘടനയുടെ ഘടന

### സെക്രട്ടേറിയറ്റ് (Secretariat)

ഐക്യരാഷ്ട്രസംഘടനയുടെ ഭരണ നിർവഹണഘടകമാണ് സെക്രട്ടേറിയറ്റ്. അമ്പതിനായിരത്തോളം പേർ ജോലി ചെയ്യുന്ന ഈ ഘടകത്തിന്റെ തലവൻ സെക്രട്ടറി ജനറലാണ്. രക്ഷാസമിതിയുടെ ശുപാർശ അനുസരിച്ച് പൊതുസഭ അദ്ദേഹത്തെ 5 വർഷ കാലാവധിയിലേക്ക് നിയമിക്കുന്നു.

പൊതുസഭയിൽ അധ്യക്ഷത വഹിക്കുക, സംഘടനയുടെ പ്രവർത്തന റിപ്പോർട്ട് തയാറാക്കി സമർപ്പിക്കുക, ഐക്യരാഷ്ട്രസഭയുടെ വക്താവ് എന്ന നിലയിൽ പ്രവർത്തിക്കുക എന്നിവ സെക്രട്ടറി ജനറലിന്റെ ചുമതലയാണ്.

### ട്രസ്റ്റീഷിപ് കൗൺസിൽ(Trusteeship Council)

സ്വയംഭരണം ഇല്ലാത്ത പ്രദേശങ്ങളുടെ ഭരണനിർവഹണത്തിനുള്ള ഘടകമാണ് ട്രസ്റ്റീഷിപ്പ് കൗൺസിൽ, രക്ഷാ സമിതിയിലെ സ്ഥിരാംഗങ്ങൾ, ട്രസ്റ്റ് പ്രദേശത്ത് ഭരണം നടത്തുന്ന അംഗരാഷ്ട്രങ്ങൾ, പൊതുസഭ മൂന്നു വർഷകാലാവധിയിൽ തിരഞ്ഞെടുക്കുന്ന അംഗങ്ങൾ എന്നിവർ ചേർന്നതാണ് ട്രസ്റ്റീഷിപ്പ് കൗൺസിൽ.

### അന്താരാഷ്ട്ര നീതിന്യായ കോടതി (International Court of Justice)

ലോകകോടതി എന്നറിയപ്പെടുന്ന അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ആസ്ഥാനം ബെൽജിയത്തിലെ ഹേഗ് ആണ്. ഒമ്പതു വർഷ കാലയളവിലേക്ക് പൊതുസഭയും രക്ഷാസമിതിയും സംയുക്തമായി തിരഞ്ഞെടുക്കുന്ന 15 ന്യായാധിപന്മാരാണ് ഇതിലുള്ളത്. ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണ് കോടതി തീരുമാനങ്ങളെടുക്കുന്നത്. എന്നാൽ തീരുമാനങ്ങൾ നടപ്പിലാക്കാൻ ഈ കോടതിക്ക് സംവിധാനങ്ങളില്ല.

### സാമ്പത്തിക - സാമൂഹിക സമിതി (Economic and Social Council)

ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ സമിതിയിൽ 54 അംഗങ്ങളുണ്ട്. ഒരു സ്ഥിരം സമിതിയാണെങ്കിലും മൂന്നിൽ ഒരു ഭാഗം അംഗങ്ങൾ ഓരോ വർഷവും പിരിയുന്നു. ഒരംഗത്തിന് മൂന്നുവർഷ കാലാവധിയാണ് ലഭിക്കുക. വർഷത്തിൽ രണ്ടു പ്രാവശ്യം ഈ സമിതി യോഗം ചേരുന്നു.

രാഷ്ട്രീയേതര പ്രവർത്തനങ്ങളാണ് സമിതി നടത്തുന്നത്. ജനസംഖ്യാപ്രശ്നം, ഔഷധപ്രശ്നം, മനുഷ്യാവകാശങ്ങൾ, സ്ത്രീകളുടെ പദവി എന്നീ മേഖലകളിൽ സമിതി പ്രത്യേകം കമ്മിഷനുകളെ നിയോഗിച്ചിട്ടുണ്ട്.

✸ *ഈ ഏജൻസികൾ താഴെ പറയുന്ന ഓരോ മേഖലയിലും നടത്തിയിട്ടുള്ള സേവനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് 'യു. എൻ. സേവനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ' എന്ന പതിപ്പു തയാറാക്കൂ.*

- ○ യുദ്ധാനന്തര സേവനങ്ങൾ
- ○ രോഗനിർമാർജനം
- ○ ദാരിദ്ര്യനിർമാർജനം
- ○ നിരക്ഷരതാ നിർമാർജനം
- ○ വിദ്യാഭ്യാസ സഹായങ്ങൾ
- ○ പ്രകൃതി ദുരന്തങ്ങൾക്കുള്ള സഹായം
- ○ മനുഷ്യാവകാശ സംരക്ഷണം
- ○
- ○

✸ *ശാശ്വതസമാധാനം സ്ഥാപിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടനയ്ക്ക് സാധിച്ചോ? എന്തുകൊണ്ട്? ഒരു ചർച്ചയായാലോ? 'ഐക്യരാഷ്ട്ര സംഘടനയും അതിന്റെ ദൗത്യനിർവഹണവും,' എന്തെല്ലാം ഉൾപ്പെടുത്താം?*

➤ യുദ്ധങ്ങൾ ഇല്ലാതാക്കാനും സമാധാനം സ്ഥാപിക്കാനും യു. എൻ. ന് കഴിയുന്നുണ്ടോ?

- ➢ യു.എൻ.ഒ. വൻശക്തിരാഷ്ട്രങ്ങളുടെ കളിപ്പാവയാവുന്നുണ്ടോ?
- ➢ അംഗരാഷ്ട്രങ്ങളുടെ പരമാധികാരം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ?
- ➢ മനുഷ്യാവകാശപോരാട്ടങ്ങളെ യു.എൻ. നിഷ്പക്ഷമായി സഹായിക്കുന്നുണ്ടോ?

നിഗമനങ്ങൾ, കണ്ടെത്തലുകൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കണം.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക ഏജൻസികൾ ഏതൊക്കെയാണ്? താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| ഏജൻസി | സേവനമേഖല |
|---|---|
| ലോകാരോഗ്യ സംഘടന (WHO) | • ലോകജനതയുടെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.<br>• പകർച്ച വ്യാധികളുടെ ഉന്മൂലനം ചെയ്യുക.<br>•<br>• |
| ഭക്ഷ്യ- കാർഷിക സംഘടന (FAO) | • ക്ഷേമ്യാൽപാദനം വർധിപ്പിക്കുക<br>•<br>• |
| ലോക തൊഴിൽ സംഘടന (ILO) | • തൊഴിൽ സാഹചര്യങ്ങൾ, വേതനം ഇവ മെച്ചപ്പെടുത്തുക.<br>•<br>• |
| കുട്ടികളുടെ ക്ഷേമത്തിനുള്ള സംഘടന (UNICEF) | • കുട്ടികളുടെ ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ നടത്തുക |
| | •<br>• |
| ഐക്യരാഷ്ട്ര വിദ്യാഭ്യാസ-ശാസ്ത്ര-സാംസ്കാരിക സംഘടന (UNESCO)<br>അന്താരാഷ്ട്ര നാണയനിധി (IMF) | •<br>•<br>•<br>• |

## സംഗ്രഹം

- ഫാസിസത്തിന്റെ തീവ്രദേശീയതയും ആക്രമണോത്സുകതയും സാമ്രാജ്യത്വതന്ത്രങ്ങളുമാണ് രണ്ടാം ലോകമഹായുദ്ധത്തിന് കാരണമായത്. ആദ്യഘട്ടത്തിൽ പ്രബല രാഷ്ട്രങ്ങളെടുത്ത നിലപാട് ഫാസിസ്റ്റ് അധിനിവേശത്തിന് ആക്കം കൂട്ടി.
- പോളണ്ടിൽ ജർമനി നടത്തിയ ആക്രമണത്തോടെയാണ് യുദ്ധത്തിന് തുടക്കമായത്.
- സോവിയറ്റ് യൂണിയനെ ജർമനി ആക്രമിച്ചതും പേൾഹാർബറിൽ ജപ്പാൻ നടത്തിയ ആക്രമണവും യുദ്ധത്തിലെ വഴിത്തിരിവാണ്.
- സ്റ്റാലിൻഗ്രാഡിൽ ജർമനിക്കേറ്റ പരാജയവും അമേരിക്കയും സഖ്യകക്ഷികളും നേടിയ വിജയങ്ങളും യുദ്ധഗതിയെ ഫാസിസ്റ്റ് കക്ഷികൾക്കെതിരാക്കി മാറ്റി.
- യുദ്ധം ഭൂരിപക്ഷം ജനങ്ങൾക്കും മഹാദുരിതങ്ങൾ വരുത്തിവെച്ചു. ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികൾ സ്വതന്ത്രമായി.

- ലോകസമാധാനം ഉറപ്പു വരുത്തുന്നതിനും അന്താരാഷ്ട്രപ്രശ്നങ്ങൾ പരിഹരിക്കുന്ന തിനും ഐക്യരാഷ്ട്ര സംഘടന രൂപീകൃതമായി.

**ചോദ്യങ്ങൾ**

- രണ്ടാം ലോകമഹായുദ്ധത്തിലേക്ക് നയിച്ച ആഗോള സാഹചര്യം വിലയിരുത്തുക.
- ഫാസിസ്റ്റ് അതിക്രമങ്ങൾക്കെതിരെ സംഘടിത പ്രതിരോധമുയർത്താൻ ലോകരാഷ്ട്രങ്ങൾക്ക് കഴിയാതെ പോയതെന്തുകൊണ്ടാണ്?
- മ്യൂണിച്ച് ഉടമ്പടിയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
- രക്ഷാസമിതിയുടെ ഘടന ജനാധിപത്യ സങ്കല്പപ്പങ്ങൾക്കനുസൃതമാണോ? എന്തുകൊണ്ട്?
- രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ഫലങ്ങൾ എന്തൊക്കെയാണ്?
  - ദുരിതങ്ങൾ, ദുരന്തങ്ങൾ
  - യൂറോപ്യൻ ആധിപത്യത്തിനേറ്റ തിരിച്ചടി
  - സാമ്രാജ്യത്വ ധ്രുവീകരണം, ശീതയുദ്ധം
  -
  -

# 4 യുദ്ധാനന്തരലോകം

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. വ്യത്യസ്ത ആശയാദർശങ്ങൾ വച്ചുപുലർത്തിപ്പോന്ന രാജ്യങ്ങൾ യുദ്ധവേളയിൽ കൈകോർത്തു പ്രവർത്തിച്ചു. മുതലാളിത്ത അമേരിക്കയും കമ്യൂണിസ്റ്റ് റഷ്യയും യുദ്ധത്തിന്റെ പേരിൽ ഇങ്ങനെ ഒന്നിച്ചു. യുദ്ധാനന്തരം ഈ ഐക്യത്തിന് എന്താണ് സംഭവിച്ചത്? വിവിധ രാജ്യങ്ങളിൽ യുദ്ധം വരുത്തിവെച്ച മാറ്റങ്ങൾ എന്തെല്ലാമാണ്? ചേരികളും സഖ്യങ്ങളും ലോകരാജ്യങ്ങളിൽ പിറവികൊണ്ടതെങ്ങനെയാണ്? ഇത്തരം നിരവധി ചോദ്യങ്ങൾ യുദ്ധാനന്തരലോകത്തെക്കുറിച്ചുള്ള ഒരന്വേഷണത്തിന് ആക്കം കൂട്ടുന്നു.

## ന്യൂക്ലിയർ യുഗാരംഭം

സോവിയറ്റ് യൂണിയൻ ജപ്പാനെതിരായ യുദ്ധത്തിൽ പ്രവേശിച്ചപ്പോൾത്തന്നെ പെസഫിക് മേഖലയിൽ യുദ്ധഫലം സംഖ്യകക്ഷികൾക്കനുകൂലമായി വിധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അണുബോംബു പോലുള്ള അറ്റകൈപ്രയോഗം കൂടാതെതന്നെ ജയിക്കാമായിരുന്ന ഒരു യുദ്ധത്തിൽ എന്തുകൊണ്ട് അത് പ്രയോഗിക്കപ്പെട്ടു? യുദ്ധാനന്തരലോകവ്യവസ്ഥയ്ക്ക് അടിത്തറയിടേണ്ട ഒരു സുപ്രധാന മുഹൂർത്തം അടുത്തുവരുന്നത് അമേരിക്ക മുൻകൂട്ടി കണ്ടിരുന്നു. ഈ സന്ദർഭത്തിൽ സോവിയറ്റ് യൂണിയനിൽ സമ്മർദം ചെലുത്താൻ പറ്റിയ നടപടിയായിരുന്നു അണുബോംബ് വർഷം. എങ്ങനെയായാലും ഈ നടപടി സാമ്രാജ്യത്വരാജ്യങ്ങൾക്കിടയിൽ ഒരു പുതിയ വിദേശനയരൂപീകരണത്തിന് വഴിവെച്ചു. ആണവനയതന്ത്രം (Atom Diplomacy) എന്നാണ് അവർ അതിനു പേരിട്ടത്.

എന്താണ് ഈ നയത്തിന്റെ കാതൽ? ഈ നയം സാമ്രാജ്യത്വരാജ്യങ്ങൾ എങ്ങനെയാണ് തങ്ങൾക്കനുകൂലമാക്കി മാറ്റിയത്?

## യുദ്ധത്തിലും നേട്ടം

യുദ്ധം അതിലേർപ്പെട്ട രാജ്യങ്ങളുടെ നട്ടെല്ലൊടിക്കുകയാണ് പതിവ്. എന്നാൽ അമേരി

ക്കയോ? അവർ ഈ യുദ്ധത്തിലൂടെ നേട്ടമാണ് ഉണ്ടാക്കിയത്. എന്തായിരിക്കും അതിനു കാരണം?

- യുദ്ധോപകരണങ്ങളുടെ ആവശ്യം വർധിച്ചു.
- അമേരിക്കയുടെ വ്യാവസായിക ഉൽപാദനം രണ്ടുമടങ്ങു വർധിച്ചു.
- ജർമനിയുടെയും ജപ്പാന്റെയും പതനം വിതരണരംഗത്ത് അമേരിക്കയ്ക്ക് മേൽക്കോയ്മ നേടിക്കൊടുത്തു.
- യുദ്ധം അമേരിക്കൻ മണ്ണിൽ നടന്നതേയില്ല. യൂറോപ്യൻ രാജ്യങ്ങൾക്കാണ് യുദ്ധത്തിൽ നഷ്ടമുണ്ടായത്.
- കോളനികൾ ഓരോന്നായി സ്വാതന്ത്ര്യം പ്രാപിച്ചതോടെ യൂറോപ്യൻ രാജ്യങ്ങൾ സാമ്പത്തികമായി തകർന്നുപോയി. അതിനാൽ അമേരിക്കയ്ക്ക് മേൽക്കോയ്മ ലഭിച്ചു.
-

എന്നാൽ സഖ്യകക്ഷികളായിരുന്ന ബ്രിട്ടന്റെയും ഫ്രാൻസിന്റെയും വിഭവങ്ങൾ കാലിയായിക്കഴിഞ്ഞിരുന്നു. സഹായത്തിനായി അവർക്ക് പിന്നീട് അമേരിക്കയെ ശരണം പ്രാപിക്കേണ്ടി വന്നു. സാമ്പത്തികവും പിന്നീട് രാഷ്ട്രീയവും സൈനികവുമായ സാമ്രാജ്യത്വശക്തി കേന്ദ്രം യൂറോപ്പിൽനിന്ന് അമേരിക്കയിലേക്ക് മാറ്റപ്പെട്ടു. ലോകത്തിനു മേലുള്ള ചോദ്യം ചെയ്യപ്പെടാത്ത ആധിപത്യം അമേരിക്കയുടെ ചിരകാല സ്വപ്നമായിരുന്നു. യുദ്ധം തീർന്ന ഉടൻ വലിയ പ്രയാസമൊന്നുമില്ലാതെ അവർ അതു നേടിയെടുക്കുകയും ചെയ്തു.

ഈ ആധിപത്യം ഏകപക്ഷീയമായി തുടരാൻ അമേരിക്കയ്ക്കു സാധിച്ചുവോ?

### അപ്രതീക്ഷിതമായ തിരിച്ചടികൾ

അമേരിക്ക പ്രതീക്ഷിച്ച നാശം സോവിയറ്റ് യൂണിയനുണ്ടായില്ല. മറിച്ച് അവർ കൂടുതൽ കരുത്താർജിക്കുകയായിരുന്നു. 1939-ൽ യുദ്ധം തുടങ്ങുമ്പോൾ സോവിയറ്റ് യൂണിയനും മംഗോളിയയും മാത്രമാണ് സോഷ്യലിസ്റ്റ് രാജ്യങ്ങളായുണ്ടായിരുന്നത്. എന്നാൽ യുദ്ധാനന്തരം യൂറോപ്യൻ രാജ്യങ്ങളായ പോളണ്ട്, ചെക്കോസ്ലോവാക്യ, യൂഗോസ്ലാവ്യ, ബൾഗേറിയ, ഹങ്കറി, റുമേനിയ, അൽബേനിയ എന്നീ രാജ്യങ്ങൾ കൂടി സോഷ്യലിസത്തിന്റെ പാത തിരഞ്ഞെടുത്തു. ഇതിനു പുറമെ സോവിയറ്റ് യൂണിയന്റെ സഹായത്തോടെ കിഴക്കൻ ജർമനിയും സോഷ്യലിസ്റ്റ് ഭരണക്രമത്തിലേക്ക് അടുക്കുന്നുണ്ടായിരുന്നു. കൂടാതെ ലോകത്താകമാനം തൊഴിലാളി പ്രസ്ഥാനങ്ങൾ ശക്തിപ്രാപിക്കാൻ തുടങ്ങി. 1946-47 കാലഘട്ടത്തിൽ ഫ്രാൻസ്, ഇറ്റലി, ബൽജിയം, ഡെന്മാർക്ക്, നോർവെ, ഐസ്‌ലാൻഡ്, ഓസ്ട്രിയ, ഫിൻലാൻഡ്, ലക്സംബർഗ് എന്നീ രാജ്യങ്ങളിലെ ഗവൺമെന്റുകളിൽ കമ്യൂണിസ്റ്റുകാർക്ക് പ്രാതിനിധ്യം ഉണ്ടായിരുന്നു.

### ജർമൻ പ്രതിസന്ധിയും ജർമനിയുടെ വിഭജനവും

പോട്സ്ഡാം സമ്മേളനതീരുമാനപ്രകാരം ജർമനി നാല് ഭാഗങ്ങളായി വിഭജിക്കപ്പെട്ടു. ഓരോ ഭാഗവും ഫ്രാൻസ്, അമേരിക്ക, ബ്രിട്ടൻ, സോവിയറ്റ് യൂണിയൻ എന്നിവരുടെ നിയന്ത്രണത്തിലായി. പിന്നീട് ആദ്യത്തെ മൂന്നു രാഷ്ട്രങ്ങളുടെ നിയന്ത്രണത്തിലുള്ള ഭാഗങ്ങളെ സംയോജിപ്പിച്ച് പശ്ചിമജർമനിയും സോവിയറ്റ് യൂണിയന്റെ നിയന്ത്രണത്തിലുള്ള ഭാഗം കിഴക്കൻ ജർമനിയും ആയി മാറി. രണ്ടു രാഷ്ട്രങ്ങളെയും വേർതിരിക്കുന്ന ഒരതിർത്തിയായി ബർലിൻ മതിൽ ഉയർന്നുവന്നു. രണ്ടു വിരുദ്ധ പ്രത്യയശാസ്ത്രങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഈ രാജ്യങ്ങളിൽ സദാ സംഘർഷം നിലനിന്നു.

ബർലിൻ മതിലിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.



ബർലിൻ മതിൽകൊണ്ട് വിഭജിക്കപ്പെട്ട
പശ്ചിമ-പൂർവ ജർമനികൾ

യുദ്ധാനന്തരം യൂറോപ്പിലുണ്ടായ സംഭവ വികാസങ്ങൾ നാം ചർച്ച ചെയ്തല്ലോ. ഏഷ്യ യിലെ പല രാജ്യങ്ങളിലും ലോകശ്രദ്ധയാ കർഷിച്ച വിപ്ലവങ്ങൾ അക്കാലത്ത് നടന്നു.

**ചൈനയിലെ വിപ്ലവം**

യുദ്ധത്തിൽ ജപ്പാൻ തകർക്കപ്പെട്ടതോടെ അവരുടെ പിടിയിലായിരുന്ന ചൈനയുടെ പ്രവിശ്യകൾ സ്വതന്ത്രമാക്കപ്പെട്ടു. തുടർന്ന് ചൈന രണ്ട് ഭരണസംവിധാനത്തിൻ കീഴിലാ യി. ചൈനയുടെ നാലിൽ മൂന്നു ഭാഗം ചിയാങ് കൈഷെക്കിന്റെ കുമിന്താങ് ഗവൺമെന്റിനു കീഴിലും ബാക്കി ഭാഗം കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനു കീഴിലുമാ യിരുന്നു. അമേരിക്കയുടെ കീഴിൽ പരിശീലിപ്പി ക്കപ്പെട്ട വമ്പിച്ച ഒരു സൈന്യമാണ് ചിയാങ് കൈഷെക്കിനുണ്ടായിരുന്നത്. ജനങ്ങളുടെ സന്നദ്ധസംഘമായ ജനകീയ വിമോചനസേന (Peoples Liberation Army)യായിരുന്നു മറുവശത്ത്. 1946-ൽ ഈ രണ്ടു പക്ഷക്കാരും തമ്മിൽ ഏറ്റുമുട്ടി. അതൊരു ആഭ്യന്തരയുദ്ധ മായി വളർന്നു. 600 കോടി ഡോളർ വിലവരുന്ന യുദ്ധോപകരണങ്ങളാണ് അമേരിക്ക ചിയാങ് കൈഷെക്കിനു നൽകിയത്. എന്നാൽ ജന കീയ സേന ധീരമായി പോരാടി കുമിന്താങ് പടയെ പരാജയപ്പെടുത്തി. ചിയാങ് കൈഷെക്ക് തായ്‌വാൻ ദ്വീപിൽ അഭയം തേടി. 1949-ൽ ഒരു വലിയ ജനാവലിയുടെ സാന്നി ധ്യത്തിൽ പീക്കിംഗിലെ ടിയാനൻമെൻ സ്ക്വയറിൽ വെച്ച് ചൈന ഒരു ജനകീയ റിപ്പ ബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു. ജനകീയ ചൈനയുടെ ചെയർമാൻ മാവോ സെ തൂങ് ആയിരുന്നു.

### കൊറിയ ജനാധിപത്യ റിപ്പബ്ലിക്കാവുന്നു

വടക്കൻ കൊറിയയെയും തെക്കൻ കൊറിയയെയും വേർതിരിക്കുന്ന അതിർത്തിരേഖ ഏതാണ്? രണ്ടാം ലോകമഹായുദ്ധത്തിലെ തോൽവി ജപ്പാന് കൊറിയയുടെ മേലുണ്ടായിരുന്ന ആധിപത്യം നഷ്ടമാക്കി. കരാറിന്റെ അടിസ്ഥാനത്തിൽ ഉത്തരകൊറിയ സോവിയറ്റ് യൂണിയന്റെയും ദക്ഷിണകൊറിയ അമേരിക്കയുടെയും നിയന്ത്രണത്തിൻ കീഴിലായി. വടക്കൻ കൊറിയയിൽ താൽക്കാലിക ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിവെച്ചു. സോവിയറ്റ് സൈന്യത്തിന്റെ സഹായത്തോടെയായിരുന്നു ഇത്തരം പ്രവർത്തനങ്ങൾ നടന്നത്.

ദക്ഷിണകൊറിയയിൽ നിലവിലുണ്ടായിരുന്ന ജപ്പാൻ ഭരണരീതി തുടരുകയാണ് അമേരിക്ക ചെയ്തത്. പൊറുതിമുട്ടിയ ജനങ്ങൾ 1948-ൽ സുപ്രീം പീപ്പിൾസ് അസംബ്ലിയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ രണ്ടു കൊറിയകളും യോജിച്ച് ഒരു സ്വതന്ത്രജനാധിപത്യരാഷ്ട്രമായിത്തീരാനുള്ള ആഗ്രഹം പ്രകടമാക്കി. 1948 സെപ്തംബറിൽ നടന്ന ഈ അസംബ്ലിയുടെ ആദ്യസമ്മേളനത്തിൽ കൊറിയ ജനകീയ ജനാധിപത്യറിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു. അമേരിക്കയോടും സോവിയറ്റ് യൂണിയനോടും അവരുടെ സേനകളെ ഇരുകൊറിയകളിൽ നിന്നും പിൻവലിക്കാൻ അസംബ്ലി ആവശ്യപ്പെട്ടു.



കൊറിയ

സോവിയറ്റ് യൂണിയൻ അത് അനുസരിച്ചെങ്കിലും അമേരിക്ക ദക്ഷിണകൊറിയയിൽ നിന്ന് പിൻമാറിയില്ലെന്നു മാത്രമല്ല ഉത്തരകൊറിയയുമായി ഒരു യുദ്ധത്തിനു വട്ടംകൂട്ടുകയും ചെയ്തു.

### വിയറ്റ്നാം ജനാധിപത്യറിപ്പബ്ലിക്കാകുന്നു

"എന്റെ ജീവിതത്തിലുടനീളം എന്റെ പിതൃരാജ്യത്തെയും വിപ്ലവത്തെയും ജനങ്ങളെയും നിറഞ്ഞ ആത്മാർഥതയയോടെയും കഴിവിന്റെ പരമാവധിയും ഞാൻ സേവിച്ചിട്ടുണ്ട്. ഞാനിപ്പോൾ ഈ ലോകത്തുനിന്ന് വേർപിരിയേണ്ടി വന്നാൽ ഖേദിക്കാനൊന്നുമില്ല? ഇനിയും കുറച്ചുകാലം കൂടി രാജ്യത്തെ കൂടുതലായി സേവിക്കാൻ കഴിയാത്ത ദു:ഖമല്ലാതെ. ഞാൻ മരിച്ചാൽ ആർഭാടപൂർണമായ ശവദാഹകർമങ്ങൾ ഒഴിവാക്കണം. ജനങ്ങളുടെ സമയവും പണവും ദുർവ്യയം ചെയ്യലാണത്".

വിയറ്റ്നാംജനത സ്നേഹാദരങ്ങളോടെ 'ഹോ അമ്മാവൻ' എന്നു വിളിക്കുന്ന ഹോചിമിന്റെ 'ഒസ്യത്തിൽ' നിന്നുള്ള വരികൾ വായിച്ചുവല്ലോ.

**ആരായിരുന്നു ഹോചിമിൻ?**

രണ്ടാം ലോകമഹായുദ്ധാനന്തരം തെക്കുകിഴക്കെ ഏഷ്യയിലെ ഏറ്റവും വലിയ തർക്കപ്രദേശമായി ഇന്തോചൈന നിലകൊണ്ടു. വിയറ്റ്നാം, ലാവോസ്, കമ്പോഡിയ എന്നീ രാജ്യങ്ങളാണ് ഇന്തോചൈനയിൽ ഉൾപ്പെട്ടിരുന്നത്. സാമ്രാജ്യത്വത്തിനെതിരെയുള്ള സമരങ്ങളുടെ ഒന്നാംഘട്ടത്തിൽ 1945 സെപ്തംബർ 2 ന്




ഇന്തോ ചൈന

വിയറ്റ്നാം ജനത ഫ്രഞ്ച് ആധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി. ഹോചിമിന്റെ നേതൃത്വത്തിൽ ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് വിയറ്റ്നാം സ്ഥാപിച്ചു. കമ്യൂണിസത്തെ ഒതുക്കി നിർത്താനുള്ള അമേരിക്കൻ നയം വിയറ്റ്നാമിൽ യുദ്ധത്തിന് വേദിയൊരുക്കി. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ ഹോചിമിന്റെ നേതൃത്വത്തിൽ ഐതിഹാസിക യുദ്ധം നടത്തിയ വിയറ്റ്നാം ജനത അമേരിക്കൻ സാമ്രാജ്യത്വത്തെ അടിയറവു പറയിച്ചു. 1945 മുതൽ1975 വരെയുള്ള കാലഘട്ടത്തിൽ വിയറ്റ്നാം ജനത ജപ്പാൻ, ഫ്രാൻസ്, അമേരിക്ക എന്നീ ശക്തികൾക്കെതിരെ പോരാടുകയും അന്തിമ വിജയം കൈവരിക്കുകയും ചെയ്തു.

കൊറിയൻ വിപ്ലവവുമായി വിയറ്റ്നാമിലെ ജനങ്ങളുടെ പോരാട്ടത്തെ താരതമ്യം ചെയ്യൂ.

ലോകത്തിലെ ഏറ്റവും വലിയ സൈനിക-സാമ്പത്തിക ശക്തിയായ അമേരിക്കയെ ഒരു കൊച്ചു ഏഷ്യൻ രാജ്യമായ വിയറ്റ്നാം ചെറുത്തുതോൽപ്പിച്ചതെങ്ങനെയാണ്? വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള ആശയസംഘട്ടനമായിരുന്നു ലോകത്ത് നടന്നത്. ഈ കിടമത്സരം സൃഷ്ടിച്ച പ്രധാന പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരുന്നു?

യുദ്ധകാലത്ത് സോവിയറ്റ് യൂണിയനും അമേരിക്കയ്ക്കും സുപ്രധാനമായ പല അന്തർദേശീയപ്രശ്നങ്ങളെ സംബന്ധിച്ചും ധാരണയിലെത്താൻ കഴിഞ്ഞിരുന്നു. ഐക്യരാഷ്ട്ര സംഘടന രൂപംകൊണ്ടതും പോട്സ്ഡാം സമ്മേളനം നടന്നതും ഇറ്റലി, റുമേനിയ, ഹങ്കറി, ബൾഗേറിയ ഫിൻലാൻഡ് തുടങ്ങി നാസി ജർമനിയോട് ചേർന്നു നിന്ന രാജ്യങ്ങളെ സംബന്ധിക്കുന്ന ഉടമ്പടികൾ ആവിഷ്കരിച്ചതുമെല്ലാം ഇത്തരത്തിലുള്ള ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു. യുദ്ധകാലത്ത് സോവിയറ്റ് യൂണിയനും സാമ്രാജ്യത്വശക്തികളും ഒരുമിച്ച് പല മണ്ഡലങ്ങളിലും പ്രവർത്തിച്ചിരുന്നു. യു.എൻ.ഒ. യുടെ രൂപീകരണം ഉൾപ്പെടെയുള്ള പല അന്താരാഷ്ട്ര പ്രശ്നങ്ങളിലും അവർ സഹകരിച്ചിരുന്നു

പിന്നീട് എങ്ങനെയാണ് അത്തരം ധാരണകൾ തെറ്റിയത്?

1946 മാർച്ച് അഞ്ചാം തീയതി ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിൽ അമേരിക്കൻ പട്ടണമായ ഫുൾട്ടണിൽ ഒരു പ്രസംഗം നടത്തി. അമേരിക്കൻ പ്രസിഡന്റ് ട്രൂമാന്റെ സാന്നിധ്യത്തിലായിരുന്നു ഇത്. സോവിയറ്റ് യൂണിയനോട് രാഷ്ട്രീയമായി വിട്ടുവീഴ്ച ഇല്ലാത്ത നിലയിൽ പോരാടാനുള്ള ആഹ്വാനമായിരുന്നു അത്. ഈ പോരാട്ടത്തിനു വേണ്ടി ആംഗ്ലോ-അമേരിക്കൻ രാജ്യങ്ങൾ ഒന്നിക്കണമെന്നു കൂടി അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ പ്രസംഗമായിരുന്നു നീണ്ടുനിന്ന ശീതയുദ്ധത്തിനു തുടക്കമിട്ടത്.

**ശീതയുദ്ധം**

ആയുധങ്ങൾക്കു പകരം വാക്കുകൾ കൊണ്ടും ആശയങ്ങൾ കൊണ്ടും നടത്തിയ യുദ്ധമായിരുന്നു ശീതയുദ്ധം. അത് യുദ്ധത്തിന്റെയോ സമാധാനത്തിന്റെയോ അവസ്ഥയായിരുന്നില്ല. ശീതയുദ്ധമെന്ന പദം ആദ്യമായി പ്രയോഗിച്ചത് അമേരിക്കൻ നയതന്ത്രജ്ഞനമായിരുന്ന ബർണാഡ് ബറൂച്ച് ആയിരുന്നു.

ശീതയുദ്ധം വളർത്തുന്നതിൽ അമേരിക്കൻ ചേരിയും സോഷ്യലിസ്റ്റ് ചേരിയും വഹിച്ച പങ്ക് പരിശോധിക്കാം

| അമേരിക്കൻ ചേരി | സോഷ്യലിസ്റ്റ് ചേരി |
|---|---|
| • മുതലാളിത്ത വ്യവസ്ഥിതി ലോകമെങ്ങും സ്ഥാപിക്കാൻ ശ്രമിച്ചു.<br>• മുതലാളിത്ത വ്യവസ്ഥിതി സംരക്ഷിക്കാൻ ശ്രമിച്ചു.<br>• അമേരിക്കൻ സ്വാധീനം യൂറോപ്പിൽ വ്യാപിപ്പിക്കാൻ ശ്രമിച്ചു.<br>• NATO, SEATO, CENTO തുടങ്ങിയ സഖ്യങ്ങൾ രൂപീകരിച്ചു.<br>• | • സോഷ്യലിസ്റ്റ് വ്യവസ്ഥിതി പ്രചരിപ്പിക്കാൻ ശ്രമിച്ചു.<br>• സോഷ്യലിസ്റ്റ് വ്യവസ്ഥിതി സംരക്ഷിക്കാൻ ശ്രമിച്ചു.<br>• യുദ്ധാനന്തരം സോവിയറ്റ് സ്വാധീനം യൂറോപ്പിൽ വർധിപ്പിക്കാൻ സ്റ്റാലിൻ ശ്രമിച്ചു.<br>• വാഴ്സാ ഉടമ്പടി എന്ന സഖ്യം ഉണ്ടാക്കി.<br>• |

സോഷ്യലിസത്തിന്റെയും വിപ്ലവപ്രസ്ഥാനങ്ങളുടെയും വളർച്ച മുതലാളിത്തത്തിന് ഭീഷണിയായി. മുതലാളിത്ത രാജ്യങ്ങൾ ലോക പോലീസിന്റെ റോൾ സ്വയം ഏറ്റെടുക്കുകയായിരുന്നു. ലോകത്തിന്റെ ഏതു കോണിലായാലും ഒരു പ്രശ്നമുള്ളിടത്ത് ഓടി എത്തി ഇടപെടാൻ സദാ സന്നദ്ധരായിരിക്കുകയായിരുന്നു അവർ. ഇത്തരം ഇടപെടലുകളെ സോവിയറ്റ്യൂണിയൻ എതിർത്തുപോന്നു. ലോകത്ത് അമേരിക്കൻ ചേരിയിലും റഷ്യൻ ചേരിയിലുമായി പല രാജ്യങ്ങളും അണി നിരന്നു. ഈ ചേരികൾ പിന്നീട് സൈനിക സഖ്യങ്ങളായിമാറി. ഇവ ശീതയുദ്ധത്തെ ത്വരിതപ്പെടുത്തി.

✸ *അടുത്ത പേജിൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക. ലോകഭൂപടത്തിൽ നാലു സഖ്യങ്ങളിൽ ഉൾപ്പെട്ട രാജ്യങ്ങൾ അടയാളപ്പെടുത്തൂ. അറ്റ്ലസ് ഉപയോഗപ്പെടുത്തുമല്ലോ.*

ഈ സഖ്യങ്ങൾ നിലവിൽ വന്നതോടെ ഉടലെടുത്ത പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?

### പാലസ്തീൻ - ഇസ്രയേൽ പ്രശ്നം

"എന്റെ ഒരു കൈയിൽ ഒലിവ് ഇലയും മറുകൈയിൽ തോക്കുമാണ്. ഒലിവ് ഇല താഴെ വയ്ക്കാൻ നിങ്ങളെന്നെ നിർബന്ധിക്കരുത്.' പാലസ്തീൻ വിമോചന സംഘടന(Palestine Liberation Organization)യുടെ നേതാവായ യാസർ അരാഫത്തിന്റെ യു. എൻ. പ്രസംഗത്തിന്റെ ഭാഗമാണിത്. വാർത്താമാധ്യമങ്ങളിൽ ഇന്നും നിറഞ്ഞുനിൽക്കുന്ന വിഷയമാണല്ലോ ഇസ്രായേൽ - പാലസ്തീൻ പ്രശ്നം. നിരന്തരമായി രക്തച്ചൊരിച്ചിലുണ്ടാക്കുന്ന ഈ പശ്ചിമേഷ്യൻ പ്രശ്നത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

### സിയോണിസ്റ്റു പ്രസ്ഥാനം

ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ജൂതന്മാർക്കും ഒരു പോലെ പ്രധാനപ്പെട്ട പ്രദേശമായിരുന്നു പാലസ്തീനിലെ ജറൂസലേം. രണ്ടായിരം വർഷങ്ങൾക്കു മുമ്പു തന്നെ തങ്ങളുടെ മാതൃരാജ്യമായ പാലസ്തീനിൽനിന്ന് ജൂതന്മാർ റോമാക്കാരാൽ തുരത്തപ്പെട്ടു. ഒരു ചെറിയ വിഭാഗം ജൂതന്മാർ മാത്രം പാലസ്തീനു ചുറ്റുമായി കഴിഞ്ഞുകൂടിയിരുന്നു. കാലക്രമേണ അറബികൾ തങ്ങളുടെ മാതൃരാജ്യമാക്കി പാലസ്തീനെ മാറ്റി. . 1879-ൽ യൂറോപ്പിൽ താമസിച്ചിരുന്ന ജൂതന്മാർ സ്വിറ്റ്സർലാൻഡിലെ ബാസിലിയിൽ ലോക 'സിയോണിസ്റ്റ്' സംഘടനയ്ക്ക് രൂപം നൽകി. പാലസ്തീനിൽ തിരിച്ചെത്തി ജൂതന്മാർക്കു മാത്രമായി ഒരു ദേശീയ മാതൃരാജ്യം (National Home Land) സ്ഥാപിച്ചെടുക്കുക എന്നതായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം. ലോകത്തിന്റെ പല ഭാഗത്തുമുള്ള പീഡനമനുഭവിക്കുന്ന ജൂതന്മാർക്ക് ഈ രാഷ്ട്രം അഭയ സ്ഥാനമായിരിക്കുമെന്നവർ കരുതി.

| സൈനിക സഖ്യങ്ങൾ | ഒപ്പുവച്ച സ്ഥലം, തീയതി | പ്രവർത്തിക്കുന്ന മേഖല/ ആസ്ഥാനം | അംഗരാജ്യങ്ങൾ | ലക്ഷ്യം |
|---|---|---|---|---|
| 1. ഉത്തര അറ്റ്ലാന്റിക് ഉടമ്പടി സഖ്യം (North Atlantic Treaty Organisation-NATO) | 1949 ഏപ്രിൽ വാഷിംഗ്ടൺ | പടിഞ്ഞാറൻ യൂറോപ്പ് | ബ്രിട്ടൻ<br>ഫ്രാൻസ്<br>ബെൽജിയം<br>നെതർലാൻഡ്<br>ഇറ്റലി<br>പോർച്ചുഗൽ<br>കാനഡ<br>അമേരിക്ക<br>ഗ്രീസ്<br>ജർമനി | • സാമ്പത്തിക സഹായങ്ങൾ അന്യോന്യം ലഭ്യമാക്കുക<br>• പരസ്പരമുള്ള തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക.<br>• ഏതെങ്കിലും ഒരു രാജ്യത്തിനെതിരെയുള്ള ആക്രമണം എല്ലാ രാജ്യങ്ങൾക്കും നേരെയുള്ള ആക്രമണമായി പരിഗണിച്ച് സൈനിക സഹായം നൽകുക.<br>• തെക്കു കിഴക്കൻ ഏഷ്യയിലും സമീപ പസഫിക് പ്രദേശങ്ങളിലും കമ്യൂണിസത്തിന്റെ വളർച്ച തടയുക. |
| 2. തെക്കു കിഴക്കെ ഏഷ്യൻ ഉടമ്പടി സഖ്യം (South East Asian Treaty Organisation-SEATO). | 1954, മനില | തെക്കുകിഴക്കെ ഏഷ്യ ബാങ്കോക്ക് | അമേരിക്ക<br>ബ്രിട്ടൻ<br>ഫ്രാൻസ്<br>ആസ്ത്രേലിയ<br>ന്യൂസിലന്റ്<br>പാക്കിസ്ഥാൻ<br>തായ്ലണ്ട്<br>ഫിലിപ്പൈൻസ് | • അന്താരാഷ്ട്രതർക്കങ്ങൾ സമാനാധനപരമമായി പരിഹരിക്കുക.<br>• സൈനികാക്രമണങ്ങളെ സംയുക്തമായി തകർക്കുക. |
| 3. മധ്യ ഉടമ്പടി സഖ്യം (Central Treaty Organisation CENTO). | 1955-ൽ രൂപീകൃതമായ ബാഗ്ദാദ് ഉടമ്പടി 1958-ൽ CENTOഎന്ന് പുനർ നാമകരണംചെയ്തു | പശ്ചിമേഷ്യ അങ്കാറ | തുർക്കി<br>ബ്രിട്ടൻ<br>പാക്കിസ്ഥാൻ<br>ഇറാൻ | • പ്രതിരോധത്തിനും സുരക്ഷിതത്വത്തിനും വേണ്ടി അന്യോന്യം സഹകരിക്കുക.<br>• മറ്റുള്ളവരുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കുക. പരസ്പരമുള്ള തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുക. |
| 4. വാഴ്സാ ഉടമ്പടി (Warsaw Pact) | 1955 മേയ് വാഴ്സ | കിഴക്കൻ യൂറോപ്പ് മോസ്കോ | സോവിയറ്റ് യൂണിയൻ<br>പോളണ്ട്<br>ഹംഗറി<br>ചെക്കോസ്ലോവാക്യ<br>ബൾഗേറിയ<br>റുമേനിയ<br>അൽബേനിയ<br>കിഴക്കൻ ജർമനി | • അംഗങ്ങൾ തമ്മിലുള്ള തർക്കം സമാധാനപരമായി പരിഹരിക്കുക.<br>• പുറത്തു നിന്നുള്ള ആക്രമണത്തെ തടയുന്നതിന് സൈനിക സഹായം നൽകുക.<br>• സാമ്പത്തിക സാംസ്കാരിക ബന്ധങ്ങളിലേർപ്പെടുക. |

1917-ൽ ഇംഗ്ലണ്ട് ഈ ആശയത്തെ പിന്താങ്ങി. 1919-ൽ പാലസ്തീൻ ബ്രിട്ടന്റെ നിയന്ത്രണത്തിലായതോടെ ജൂത അഭയാർഥികൾ അങ്ങോട്ട് ഒഴുകി. ആയിരത്തിലേറെ വർഷങ്ങളായി പാലസ്തീനിൽ താമസിച്ചുവന്ന അറബികളുടെ പുതിയ തലമുറ ഇതിനെ ശക്തമായി എതിർത്തു. 1937 ആയപ്പോഴേക്കും പാലസ്തീനിലെ പകുതിയിലധികം ജനസംഖ്യ ജൂതന്മാരുടേതായി. 1937-ൽ പാലസ്തീൻ വിഭജിച്ച് ജൂതന്മാർക്കും അറബികൾക്കുമായി നൽകുന്നതി

നുള്ള ബ്രിട്ടന്റെ ശ്രമം, തലമുറകളായി അവിടെ കഴിഞ്ഞുവന്ന അറബികൾ അംഗീകരിച്ചില്ല. രണ്ടാം ലോകമഹായുദ്ധത്തോടെ ഹിറ്റ്ലറിൽ നിന്നു രക്ഷപ്പെട്ട് ആയിരക്കണക്കിന് ജൂതന്മാർ പാലസ്തീനിലെത്തി മാതൃരാജ്യത്തിനു വേണ്ടി തീവ്രവാദപോരാട്ടങ്ങളിലേർപ്പെട്ടു.

### ഒന്നാം അറബ് ഇസ്രായേൽ യുദ്ധം

1948 മെയ് 14 ന് പാലസസ്തീനിൽനിന്നു ബ്രിട്ടീഷുകാർ തങ്ങളുടെ സൈന്യത്തെ പിൻവലിച്ചു. അറബികൾക്കോ യഹൂദർക്കോ അധികാരം കൈമാറാതെയാണ് അവർ പിൻവാങ്ങിയത്. പാലസ്തീൻ കൈയടക്കാനുള്ള ഒരു പൊതുയുദ്ധം ഇതോടെ ആരംഭിച്ചു. ബ്രിട്ടൻ പിൻമാറിയ അതേദിവസംതന്നെ സിയോണിസ്റ്റുകൾ ടെൽ അവീവിൽ വെച്ച് ഇസ്രായേൽ എന്ന രാജ്യത്തിന്റെ രൂപീകരണം പ്രഖ്യാപിച്ചു. പാലസ്തീൻ അറബികൾക്ക് നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള പോരാട്ടത്തിന്റെ ഭാഗമായി ഈജിപ്ത്, ഇറാഖ്, സിറിയ, ലബനോൻ, യെമൻ, സൗദി അറേബ്യ, ജോർദാൻ മുതലായ രാജ്യങ്ങൾ ഇസ്രായേലിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. യുദ്ധത്തിൽ ലോകത്തെ അമ്പരപ്പിച്ചുകൊണ്ട് ഇസ്രായേൽ വിജയിച്ചു. ലക്ഷക്കണക്കിനു പാലസ്തീൻ അറബികളെ അത് അഭയാർഥികളാക്കിത്തീർത്തു. ഏതാണ്ട് 10 ലക്ഷത്തോളം പാലസ്തീൻ അറബികൾ ഈജിപ്ത്, ലബനോൻ, ജോർദാൻ, സിറിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പലായനം ചെയ്തു. ഈ രാജ്യങ്ങളിലെ അഭയാർഥി ക്യാമ്പുകളിൽ നരകതുല്യമായ ജീവിതം അവർക്കു നയിക്കേണ്ടിവന്നു. സ്വന്തമായി ഒരു ഭാഷയും സംസ്കാരവും പതാകയും ദേശീയഗാനവും സർവോപരി യു.എൻ-ൽ അംഗത്വവുമുണ്ടായിരുന്നിട്ടും പാലസ്തീൻ അറബികൾ ഇപ്രകാരം രാജ്യമില്ലാത്ത ഒരു ജനതയായിത്തീർന്നു.

പശ്ചിമേഷ്യ ഇന്നും പുകയുകയാണ്. ഇസ്രായേൽ-പാലസ്തീൻ പ്രശ്നത്തെക്കുറിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിന്ന് വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് 'സമകാലിക'ത്തിൽ ചേർക്കൂ. പാലസ്തീൻ - ഇസ്രായേൽ പ്രശ്നത്തെ അധികരിച്ച് ഒരു സമഗ്ര റിപ്പോർട്ട് തയാറാക്കൂ. റിപ്പോർട്ടിൽ എന്തെല്ലാം ഉൾപ്പെടുത്താം?

- 1967-ലെ ആറുദിന യുദ്ധം.
- 1973-ലെ യോം കിപ്പൂർ യുദ്ധം
- പി.എൽ.ഒയും ഇതര സംഘടനകളും.
- സമാധാനശ്രമങ്ങൾ
- പി.എൽ.ഒ. ഇസ്രായേൽ ഉടമ്പടി
- 

✸ *പാലസ്തീൻ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പോസ്റ്ററുകളും ലഘുലേഖകളും തയാറാക്കൂ.*



പാലസ്തീൻ കുട്ടികൾ സൈനിക പരിശീലനത്തിൽ

### സൂയസ് കനാൽ പ്രതിസന്ധി

1952-ൽ വിദേശാധിപത്യത്തിൽനിന്ന് ഈജിപ്ത് മോചിപ്പിക്കപ്പെട്ടു. അന്നു മുതൽ സ്വതന്ത്രമായ ഒരു വിദേശനയമാണ് ഈജിപ്ത് അവലംബിച്ചത്. സോവിയറ്റ് യൂണിയനെതിരായ മധ്യേഷ്യൻ രാഷ്ട്രങ്ങളുടെ സൈനിക സഖ്യത്തിൽ (CENTO) ചേരാൻ ഈജിപ്ത് വിസമ്മതിച്ചു. മധ്യധരണ്യാഴിയെ ചെങ്കടലുമായി യോജിപ്പിക്കുന്ന സൂയസ് കനാൽ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും ഉടമസ്ഥതയിലുള്ള ഒരു കമ്പനിയുടെ നിയന്ത്രണത്തിലായിരുന്നു. മധ്യേഷ്യൻ വ്യാപാരത്തെയും സൈനിക നയതന്ത്ര ബന്ധങ്ങളെയും സാമ്രാജ്യത്വശക്തികൾ നിയന്ത്രിച്ചിരുന്നത് ഈ കനാലിലൂടെയുള്ള ഗതാഗതം വഴിയായിരുന്നു. 1956 ജൂലൈ മാസത്തിൽ ഈജിപ്ഷ്യൻ പ്രസിഡന്റ് ഗമാൽ അബ്ദുൽ നാസർ സൂയസ് കനാൽ ദേശസാൽക്കരിച്ചു. ഇത് ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ സാമ്രാജ്യത്വശക്തികൾക്ക് കനത്ത ആഘാതമായിരുന്നു. ഈ രാജ്യങ്ങളുടെ പ്രേരണയാൽ അയൽ രാജ്യമായ ഇസ്രായേൽ ഈജിപ്തിനെ ആക്രമിച്ചു. അധികം വൈകാതെ ബ്രിട്ടനും ഫ്രാൻസും യുദ്ധത്തിൽ ചേർന്നു. സോവിയറ്റ് യൂണിയൻ ഈജിപ്തിന്റെ സഹായത്തിനായി എത്തി. ഇത് അന്താരാഷ്ട്രരംഗത്ത് ഒരു പ്രതിസന്ധി സൃഷ്ടിച്ചു. ലോകം മറ്റൊരു മഹായുദ്ധത്തിലേക്കു നീങ്ങുകയാണോ എന്ന ഭയം ഉണ്ടായി. ഈജിപ്തിനനുകൂലമായ സോവിയറ്റ് യൂണിയന്റെ നിലപാട് സാമ്രാജ്യത്വശക്തികളെ യുദ്ധത്തിൽ നിന്ന് പിന്തിരിയാൻ പ്രേരിപ്പിച്ചു.

സൂയസ് കനാൽ പ്രതിസന്ധി അറബി-ഇസ്രായേൽ ബന്ധങ്ങളിൽ എന്ത് പ്രത്യാഘാതമാണ് ഉണ്ടാക്കിയത്? വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

### ക്യൂബൻ പ്രതിസന്ധി

ലാറ്റിനമേരിക്കയിലെ ഒരു ചെറിയ രാജ്യമാണ് ക്യൂബ. 1898-ൽ സ്പാനിഷ് ഭരണത്തിൽ നിന്നു മോചിപ്പിക്കപ്പെട്ട ആ രാജ്യം അമേരിക്കയുടെ അർധകോളനിയായി മാറി. ബാറ്റിസ്റ്റയുടെ നേതൃത്വത്തിലുള്ള ഭരണമായിരുന്നു പിന്നീട്. അഴിമതി നിറഞ്ഞതും മനുഷ്യത്വരഹിതവുമായ ആ കിരാത ഭരണത്തിനെതിരെ ഫിഡൽ കാസ്ട്രോയുടെ നേതൃത്വത്തിലുള്ള വിപ്ലവകാരികൾ പോരാടുകയും 1959 ജനുവരി 1ന് ക്യൂബയിലെ ഭരണം പിടിച്ചെടുക്കുകയും ചെയ്തു. ക്യൂബയിലെ ഭരണമാറ്റത്തിൽ അസ്വസ്ഥരായ അമേരിക്കൻ ഭരണാധികാരികൾ ക്യൂബയ്ക്കെതിരെ പ്രതികാര നടപടികൾ കൈക്കൊള്ളാൻ തുടങ്ങി. ക്യൂബയുമായുള്ള നയതന്ത്രബന്ധം അമേരിക്ക വിച്ഛേദിച്ചു. കൂടാതെ ക്യൂബയിൽ നിന്ന് പഞ്ചസാര വാങ്ങുന്നതും നിർത്തി. പ്രതികാരം തീരാത്ത അമേരിക്ക ക്യൂബയിലെ 'ബേ ഓഫ് പിഗ്'സിലേക്കു കൂലിപ്പട്ടാളത്തെ അയയ്ക്കുകയും ക്യൂബൻ ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, ഈ ശ്രമത്തെ ഫിഡൽ കാസ്ട്രോ പരാജയപ്പെടുത്തി.

### മിസൈൽ പ്രതിസന്ധി

ബേ ഓഫ് പിഗ്സ് പ്രതിസന്ധിക്കു ശേഷം ലോകത്തിന്റെ ഈ 'പഞ്ചസാരക്കിണ്ണം' റഷ്യയുമായി അടുത്തു. രണ്ടാമത്തെ പ്രതിസന്ധിക്ക് ഈ ബന്ധം വഴിവെച്ചു. അതാണ് 'മിസൈൽ പ്രതിസന്ധി'. റഷ്യ ക്യൂബയിൽ മിസൈലുകൾ സ്ഥാപിക്കാൻ തുടങ്ങിയതാണ് ഈ പ്രതിസന്ധിക്ക് തുടക്കമിട്ടത്. ക്യൂബയിലെ മിസൈൽ താവളങ്ങൾക്കു നേരെ സൈനിക നടപടികൾ സ്വീകരിക്കാൻ സൈനിക ഉപദേഷ്ടാക്കൾ അമേരിക്കൻ പ്രസിഡന്റായിരുന്ന കെന്നഡിയോട് ആവശ്യപ്പെട്ടു. ക്യൂബയിലേക്ക് മിസൈലുകൾ കൊണ്ടുവന്നിരുന്ന പതിനൊന്ന് റഷ്യൻ കപ്പലുകളെ തടഞ്ഞുനിർത്തി നശിപ്പിക്കാൻ അമേരിക്ക പദ്ധതിയിട്ടു. മറ്റൊരു ലോകമഹായുദ്ധം മണത്ത സന്ദർഭമായിരുന്നു അത്. ലോകത്തെ സൂചിമുനയിൽ നിർത്തിയ ഈ നിമിഷങ്ങളെ അന്നു ക്യൂബയിലുണ്ടായിരുന്ന തകഴി വിവരിക്കുന്നത് നോക്കൂ.

*"..... അന്ന് രാവിലെ മുതൽ ന്യൂ ഓർലിയൻസിലെ തെരുവുകളിൽ ഒരു പിരിമുറുക്കം അനുഭവപ്പെടുന്നതുപോലെ*

*തോന്നി. എന്തോ ആപത്ത് സംഭവിക്കാൻ പോകുന്ന പ്രതീതിയാണ് എവിടെ ചെന്നാലും. പകൽ നാലുമണിയായപ്പോൾ ഒരു പ്രഖ്യാപനമുണ്ടായി. എട്ടുമണിക്ക് ടെലിവിഷനിൽ പ്രസിഡന്റ് കെന്നഡി ഒരു പ്രസംഗം ചെയ്യാൻ പോകുന്നു. കൃത്യം എട്ടുമണിക്കു തന്നെ ടെലിവിഷനിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു.... സമുദ്രത്തിലെ ഏതോ ഒരു ലൈൻ പരമാർശിച്ചിട്ട് അദ്ദേഹം (കെന്നഡി) പറഞ്ഞു: "ഈ പരിധി ലംഘിക്കുന്ന ഏതൊരു കപ്പലിനെയും മുക്കിക്കളയുന്നതിന് അമേരിക്കൻ ഗവൺമെന്റിന്റെയും അമേരിക്കൻ ജനതയുടെയും പേരിൽ അമേരിക്കൻ സായുധസേനയ്ക്ക് ഉത്തരവു നൽകുന്നു." അതൊരുത്തരവു തന്നെയായിരുന്നു. കല്ലേപിളർക്കുന്ന കൽപ്പന - അപ്പോൾ പതിനൊന്ന് സോവിയറ്റു കപ്പലുകൾ ക്യൂബയെ ലക്ഷ്യമാക്കി കടലിൽക്കൂടി ഓടിക്കൊണ്ടിരിക്കുകയായിരുന്നു.... ന്യൂ ഓർലിയൻസിനു ഭ്രാന്തുപിടിച്ചു. മടങ്ങിവന്നു കാത്തയെയും മക്കളെയും കാണാനൊക്കുമോ? എന്റെ പ്രിയപ്പെട്ട തകഴിദേശം മുഴുവൻ ഞാൻ ഓർത്തു.... രാത്രി പതിനൊന്നു മണിക്ക് ഒറ്റവാചകത്തിൽ റഷ്യൻ പ്രസിഡന്റ് ക്രൂഷ്ചേവിന്റെ വകയായി ഒരു പ്രഖ്യാപനമുണ്ടായി. അതിങ്ങനെയായിരുന്നു. 'സോവിയറ്റ് ജനതയുടെയും സോവിയറ്റ് ഗവൺമെന്റിന്റെയും നാമധേയത്തിൽ സമാധാനത്തിനുവേണ്ടി ക്യൂബയിലേക്കു പോകുന്ന പതിനൊന്നു കപ്പലുകളും ഗതിമാറ്റി യാത്ര തുടരുവാൻ ഞാൻ ആജ്ഞാപിക്കുന്നു'. ആ രാത്രി തെരുവീഥികളിൽ മുഴങ്ങിക്കേട്ട ഒരു ശബ്ദം ക്രൂഷ്ചേവിന്റെതായിരുന്നു. പക്ഷേ പിറ്റേദിവസത്തെ അമേരിക്കൻ പത്രങ്ങൾ റിപ്പോർട്ട് ചെയ്തതത് 'ക്രൂഷ്ചേവ് മുട്ടുകുത്തി' എന്നായിരുന്നു."*

**'ഓർമയുടെ തീരങ്ങളിൽ' -തകഴി**

### ഇറാൻ - ഇറാഖ് യുദ്ധം

മധ്യ-പൂർവേഷ്യയെയും അറബ് ലോകത്തെയും മറ്റൊരു പ്രതിസന്ധിയിലേക്ക് തള്ളിവിട്ട് 1980 സെപ്തംബറിൽ ഇറാഖ്, ഇറാനെ ആക്രമിച്ചു. അമേരിക്കൻ പാവയായിരുന്ന ഷാ പഹലവിയുടെ നേതൃത്വത്തിലുണ്ടായിരുന്ന രാജഭരണത്തെ പുറത്താക്കിയാണ് ആയത്തുള്ള ഖുമൈനി 1979-ൽ ഇറാനിൽ ഇസ്ലാമിക റിപ്പബ്ലിക്ക് സ്ഥാപിച്ചത്. തങ്ങളുടെ സ്വാധീനം നിലനിർത്താൻ വേണ്ടി ഇറാഖിന്റെ അയൽരാജ്യമായ ഇറാനെ ആക്രമിക്കാൻ അമേരിക്ക ഇറാഖിനെ പ്രേരിപ്പിച്ചു.

സോവിയറ്റ് യൂണിയന്റെയും ബ്രിട്ടന്റെയും ആയുധങ്ങൾ ഇറാഖ് പ്രയോജനപ്പെടുത്തിയപ്പോൾ ചൈനയുടെയും ഉത്തരകൊറിയയുടെയും, രഹസ്യമായി അമേരിക്കയുടെയും ആയുധങ്ങൾ ഇറാന് സഹായകമായി. യുദ്ധം വർഷങ്ങൾ നീണ്ടു. സ്വത്തിനും ജീവനും വമ്പിച്ച തോതിൽ നാശം വന്നു. യുഎൻ. ഇടപെടലോടെ 1988-ൽ സമാധാനം സ്ഥാപിച്ചു.

എണ്ണ ഉൽപാദക-കയറ്റുമതി രാഷ്ട്രങ്ങളായ ഇറാന്റെയും ഇറാഖിന്റെയും യുദ്ധം ലോകരാജ്യങ്ങളിൽ എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടാക്കിയിരിക്കും? ഈ യുദ്ധം നമ്മെ എങ്ങനെയാണ് ബാധിച്ചത്? വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

### ശീതയുദ്ധത്തിന്റെ അന്ത്യം

ശീതയുദ്ധം ഇല്ലാതാക്കാനുള്ള പരിശ്രമങ്ങൾ 1950 കളിൽത്തന്നെ ആരംഭിച്ചിരുന്നു. ഈ കാലഘട്ടത്തിൽ സോവിയറ്റ് യൂണിയൻ-ചൈന ബന്ധങ്ങൾ വഷളായതും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ പരസ്പരം ആക്രമിച്ചതും കമ്യൂണിസ്റ്റ് ചേരിയെ തളർത്തി. ഇതേസമയം മുതലാളിത്ത രാജ്യങ്ങളുടെ കെട്ടുറപ്പും തകർന്നു. ഇരു ചേരികളും പടുത്തുയർത്തിയ സൈനികസഖ്യങ്ങൾ ദുർബലമായി. അണ്വായുധപരീക്ഷണങ്ങൾ നിയന്ത്രിക്കുന്നതിനും മിസൈലുകളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനും അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ ധാരണ ഉണ്ടായി. 1989-ൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ അധികാരം കമ്യൂണിസ്റ്റു പാർട്ടിക്ക് നഷ്ടമായതും 1990-ൽ ജർമനികൾ ഏകീകരി

ക്കപ്പെട്ടതും ശീതയുദ്ധത്തെ തണുപ്പിക്കുന്ന സംഭവവികാസങ്ങളായിരുന്നു. 1991-ൽ സോവിയറ്റ് യൂണിയൻ തകർന്നതോടെ ശീതയുദ്ധം അവസാനിച്ചു.

✸ *ശീതയുദ്ധകാലത്ത് നിലനിന്ന സംഘർഷാന്തരീക്ഷം വിലയിരുത്തി ഒരു വാർത്താപത്രിക തയാറാക്കൂ.*

ശീതയുദ്ധം അവസാനിച്ചതോടെ ലോകത്തിൽ സംഘർഷങ്ങൾ അവസാനിച്ചുവോ? ശീതയുദ്ധം അവസാനിച്ചതിനു ശേഷം ഇറാക്കിൽ അമേരിക്കയുടെയും ബ്രിട്ടന്റെയും നേതൃത്വത്തിൽ നടത്തിയ അധിനിവേശത്തിന്റെ വിവരങ്ങൾ ശേഖരിക്കൂ. തുടർന്ന് ഇറാക്ക് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വാർത്തകൾ ശേഖരിച്ച് 'സമകാലിക'ത്തിൽ ചേർക്കൂ.

### കോളനികൾ സ്വതന്ത്രമാവുന്നു

ശീതയുദ്ധവും സംഘർഷങ്ങളും കൊടുമ്പിരികൊള്ളുന്ന കാലഘട്ടത്തിൽത്തന്നെ കോളനിരാജ്യങ്ങൾ സ്വാതന്ത്ര്യത്തിലേക്കു നീങ്ങുന്നുണ്ടായിരുന്നു.

19-ാം നൂറ്റാണ്ട് യൂറോപ്യൻ സാമ്രാജ്യത്വ രാജ്യങ്ങളുടെ വികസനകാലഘട്ടമായിരുന്നെങ്കിൽ 20-ാം നൂറ്റാണ്ട് ഏഷ്യൻ-ആഫ്രിക്കൻ കോളനികളുടെ വിമോചന കാലഘട്ടമായിരുന്നു. യുദ്ധം ഈ രാജ്യങ്ങൾക്ക് അനുകൂലമായി. രണ്ടാം ലോകമഹായുദ്ധാനന്തരം ബ്രിട്ടൻ, ഫ്രാൻസ്, ഹോളണ്ട്, ബെൽജിയം തുടങ്ങിയ രാജ്യങ്ങൾ കോളനികൾക്ക് സ്വാതന്ത്ര്യം നൽകാൻ നിർബന്ധിതരായി.

ഏതെല്ലാം രാജ്യങ്ങൾക്കാണ് ഇത്തരത്തിൽ സ്വാതന്ത്ര്യം ലഭിച്ചത്? പട്ടിക പരിശോധിക്കൂ. കോളനികൾ ഉൾക്കൊള്ളുന്ന വൻകരകൾ പട്ടികയിൽ ചേർക്കൂ. കൂടുതൽ കോളനികളെ ഉൾപ്പെടുത്തി വിപുലീകരിക്കൂ.

✸ *അറ്റ്ലസിന്റെ സഹായത്തോടെ ലോകമാപ്പിന്റെ ഔട്ട്ലൈനിൽ സ്വതന്ത്രകോളനികൾ അടയാളപ്പെടുത്തൂ.*

| കോളനികൾ | വൻകര | കൈവശം വച്ചിരുന്ന രാജ്യം | സ്വതന്ത്രമായ വർഷം |
|---|---|---|---|
| 1. ഇന്ത്യ | | ബ്രിട്ടൻ | 1947 |
| 2. പാക്കിസ്ഥാൻ | | ,, | 1947 |
| 3. ബർമ | | ,, | 1948 |
| 4. സിലോൺ | | ,, | 1948 |
| 5. സുഡാൻ | | ,, | 1953 |
| 6. മലയ | | ,, | 1959 |
| 7. സിംഗപ്പൂർ | | ,, | 1960 |
| 8. സൈപ്രസ് | | ,, | 1965 |
| 9. ഗാംബിയ | | ,, | 1966 |
| 10. ലിബിയ | | ഇറ്റലി | 1945 |
| 11. ടുണീഷ്യ | | ഫ്രാൻസ് | 1960 |
| 12. ഐവറികോസ്റ്റ് | | ,, | 1960 |
| 13. ഫ്രഞ്ച് ഗയാന | | ,, | 1960 |
| 14. കോംഗോ | | ബെൽജിയം | 1960 |
| 15. റുവാണ്ട | | ,, | 1962 |
| 16. ഇക്വറ്റോറിയൽ ആഫ്രിക്ക | | സ്പെയിൻ | 1968 |

യുദ്ധാനന്തരം ഇത്രയും കോളനികൾ സ്വതന്ത്രമായത് എന്തുകൊണ്ടാണ്?

- സാമ്രാജ്യത്വരാജ്യങ്ങൾക്ക് യുദ്ധം മൂലം അവരുടെ രാജ്യങ്ങളിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ടായിരുന്നു. അതിനാൽ കോളനികളിലെ സമരങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിഞ്ഞില്ല.
- യുദ്ധം കോളനികളിലെ ജനങ്ങൾക്ക് ദുരിതമാണു നൽകിയത്. സാമ്രാജ്യത്വരാജ്യങ്ങൾക്കു വേണ്ടിയുള്ള യുദ്ധം അവരിൽ വെറുപ്പുളവാക്കി. ദേശീയ വികാരം കോളനികളിൽ അതിവേഗം വളർന്നു.
- യുദ്ധകാലത്ത് ജപ്പാൻ മുഴക്കിയ ഒരു മുദ്രാവാക്യമുണ്ടായിരുന്നു, 'ഏഷ്യ ഏഷ്യക്കാർക്ക്' എന്നത്. ഏഷ്യൻരാജ്യങ്ങളെ കൈവശപ്പെടുത്താനായിരുന്നെങ്കിലും ഈ മുദ്രാവാക്യം ഏഷ്യൻ കോളനികളെ ഇളക്കിമറിച്ചു.

## ചേരിചേരാപ്രസ്ഥാനം

സാമ്രാജ്യങ്ങൾ തകർന്നപ്പോൾ സ്വതന്ത്രമായ കോളനികൾ സാർവദേശീയ രംഗത്ത് പുതിയ രാഷ്ട്രങ്ങളായി രംഗപ്രവേശം ചെയ്തു. ഇരുചേരികളിലും പെടാതെ സ്വതന്ത്രരായി നിൽക്കേണ്ടതിന്റെ ആവശ്യകത ഈ സ്വതന്ത്ര രാജ്യങ്ങൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടു.

1955 ഏപ്രിലിൽ ഇന്തോനേഷ്യയിലെ ബന്ദുങ്ങിൽ വിളിച്ചു കൂട്ടിയ ആഫ്രോ-ഏഷ്യൻ സമ്മേളനത്തിൽ വെച്ചാണ് ചേരിചേരായ്മ എന്ന ആശയം ഉരുത്തിരിഞ്ഞത്.

1961-ൽ യുഗോസ്ലാവിയയിലെ ബെൽഗ്രേഡിൽ ചേർന്ന ആദ്യത്തെ ചേരിചേരാ സമ്മേളനത്തിൽ 25 രാഷ്ട്രങ്ങളേ അംഗങ്ങളായി ഉണ്ടായിരുന്നുള്ളു. അമേരിക്കയും മറ്റും ഈ പ്രസ്ഥാനത്തെ വിമർശിച്ചെങ്കിലും നെഹ്റു, ടിറ്റോ, നാസർ മുതലായവരുടെ സമർഥമായ നേതൃത്വത്തിൽ ചേരിചേരാപ്രസ്ഥാനം ശക്തിപ്പെട്ടു.

**ലക്ഷ്യങ്ങൾ**

- കൊളോണിയലിസവും സാമ്രാജ്യത്വവും അവസാനിപ്പിക്കുക.
- സാർവദേശീയ സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കുകയും നിരായുധീകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- വംശീയതയും വർണവിവേചനവും അവസാനിപ്പിക്കുക.
- ഒരു പുതിയ സാർവദേശീയ സാമ്പത്തിക ക്രമം കെട്ടിപ്പടുക്കുക.

ഐക്യരാഷ്ട്ര സംഘടന കഴിഞ്ഞാൽ ഏറ്റവും വലിയ അന്താരാഷ്ട്ര സംഘടനയാണ് ചേരിചേരാപ്രസ്ഥാനം.



ചേരിചേരാ പ്രസ്ഥാനത്തിന്റെ ശില്പികൾ - നാസർ, നെഹ്റു, ടിറ്റോ

- ഇന്ന് ഈ പ്രസ്ഥാനത്തിൽ എത്ര രാജ്യങ്ങൾ ഉണ്ട്?
- ഈ പ്രസ്ഥാനത്തിന്റെ നേട്ടങ്ങൾ എന്തെല്ലാമാണ്?
- ബലഹീനതകൾ എന്തെല്ലാമാണ്?

✸ *വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ. അതിന്റെ വെളിച്ചത്തിൽ, ഇന്ന് ചേരിചേരാ പ്രസ്ഥാനത്തിന് പ്രസക്തിയുണ്ടോ? എന്ന സംവാദം സംഘടിപ്പിക്കൂ.*

### പ്രോജക്ട്

ലോകത്തെ പിടിച്ചുലച്ച നിരവധി യുദ്ധങ്ങൾ നാം പരിചയപ്പെട്ടുകഴിഞ്ഞു. ഈ യുദ്ധങ്ങൾ നമുക്ക് നൽകുന്ന സന്ദേശമെന്താണ്? ഓരോ യുദ്ധത്തിലും ദുരന്തങ്ങൾ ഏറ്റുവാങ്ങിയ വിഭാഗമേതാണ്? യുദ്ധങ്ങൾ കൊണ്ട് പരിഹരിക്കപ്പെട്ട പ്രശ്നങ്ങൾ ഏതെല്ലാമാണ്? ഓരോ യുദ്ധവും വരുത്തിവച്ച നാശനഷ്ടങ്ങൾ എന്തെല്ലാമാണ്? ശാസ്ത്രവും യുദ്ധവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെയാണ്?

യുദ്ധത്തെ സംബന്ധിക്കുന്ന എത്രയെത്ര ചോദ്യങ്ങൾ! യുദ്ധങ്ങളെ സമഗ്രമായി പരിശോധിക്കൂ. യുദ്ധത്തെക്കുറിച്ചു നിങ്ങൾക്കുള്ള അഭിപ്രായം എന്താണ്? 'ഇനിയൊരു യുദ്ധം വേണ്ടേ വേണ്ട' - സമാധാന കാംക്ഷികൾ മുഴക്കുന്ന ഒരു മുദ്രാവാക്യമാണിത്. 'യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കുമോ' വിവരങ്ങൾ ശേഖരിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയാറാക്കൂ.

### സംഗ്രഹം

- രണ്ടാം ലോക മഹായുദ്ധാനന്തരം സോഷ്യലിസ്റ്റ് ആദർശങ്ങൾ ലോകത്താകമാനം വ്യാപിച്ചു.
- പല രാജ്യങ്ങളിലും വിപ്ലവങ്ങൾ നടന്നു.
- യുദ്ധാനന്തരലോകത്തിന്റെ മേധാവിത്വത്തിനു വേണ്ടി മുതലാളിത്ത ആദർശങ്ങളും സോഷ്യലിസ്റ്റ് ആദർശങ്ങളും തമ്മിൽ മത്സരിച്ചു.
- സൈനികസഖ്യങ്ങൾ നിലവിൽ വന്നു.
- ശീതയുദ്ധം ലോകത്ത് മറ്റൊരു ഭീഷണി ഉയർത്തി.
- ഏഷ്യൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിരവധി പ്രതിസന്ധികൾ ഉണ്ടായി.
- യുദ്ധാനന്തരം ഏഷ്യൻ-ആഫ്രിക്കൻ കോളനികൾ സ്വാതന്ത്ര്യം നേടി.
- അമേരിക്കയുടെയോ സോവിയറ്റ് യൂണിയന്റെയോ ചേരിയിൽപ്പെടാത്ത ചേരിചേരാ രാജ്യങ്ങളുടെ കൂട്ടായ്മ നിലവിൽ വന്നു.

### ചോദ്യങ്ങൾ

- ശീതയുദ്ധത്തിനു വഴിയൊരുക്കിയ സാഹചര്യം എന്തായിരുന്നു?
- രണ്ടാം ലോകമഹായുദ്ധത്തിലൂടെ അമേരിക്ക നേട്ടമാണുണ്ടാക്കിയതെന്നു വിലയിരുത്തപ്പെടുന്നു. - എന്തുകൊണ്ട്?
- ചൈനയിൽ വിപ്ലവം കൊണ്ട് ഉണ്ടായ പ്രധാനമാറ്റമെന്താണ്?
- ക്യൂബൻ 'മിസൈൽ പ്രതിസന്ധി'എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
- സൂയസ് കനാൽ പ്രതിസന്ധിയിലേക്കു നയിച്ച സംഭവവികാസങ്ങൾ എന്തെല്ലാം?
- 'ശീതയുദ്ധം സൃഷ്ടിച്ച പ്രതിസന്ധികൾ' എന്ന ലഘു ഉപന്യാസം തയാറാക്കൂ. എന്തെല്ലാം ഉൾപ്പെടുത്താം?

■ ശീതയുദ്ധം കൊണ്ട് എന്താണ് അർഥമാക്കുന്നത്?

■ ശീതയുദ്ധം മൂലം ഉടലെടുത്ത സൈനിക സഖ്യങ്ങൾ.

# 5 നവലോകം

## ഒരു യുഗത്തിന്റെ അന്ത്യം

രണ്ടാം ലോകമഹായുദ്ധാനന്തരകാലത്തുണ്ടായ സംഭവഗതികളെക്കുറിച്ച് മുൻ അധ്യായത്തിൽ പ്രതിപാദിച്ചത് ഓർക്കുമല്ലോ.

ഒരു ശാക്തികചേരിയുടെ നേതൃത്വം വഹിച്ചിരുന്ന സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും 1980 കളുടെ മധ്യത്തോടെ സമ്പദ്ഘടനയിൽ ഒട്ടേറെ പ്രതിസന്ധികൾ വന്നുചേരുകയും അവസാനം സോഷ്യലിസ്റ്റ് ഭരണക്രമം ഉപേക്ഷിക്കപ്പെടുകയും ചെയ്തതിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

സോവിയറ്റ് യൂണിയന്റെ സമ്പദ്ഘടനയ്ക്ക് പ്രതികൂലമായി നിന്ന സാഹചര്യങ്ങളെന്തൊക്കെയായിരുന്നെന്നു നോക്കാം:

- പശ്ചിമയൂറോപ്പിലും യു.എസ്.എ.യിലും ജപ്പാനിലും ഇലക്ട്രോണിക് വ്യവസായവും നൂതന സാങ്കേതികവിദ്യയും വികസിച്ചതുപോലെ സോവിയറ്റ് യൂണിയനിൽ വികസിച്ചില്ല.
- ഉപഭോഗവസ്തുക്കളുടെ ക്ഷാമം തീർക്കുന്നതിനു പകരം ഘനവ്യവസായങ്ങളിലും യുദ്ധോപകരണനിർമാണരംഗത്തും സോവിയറ്റ് യൂണിയൻ ശ്രദ്ധ പതിപ്പിച്ചു.
- ജീവിതനിലവാരത്തിന്റെ കാര്യത്തിൽ മറ്റു വികസിത രാഷ്ട്രങ്ങളോടൊപ്പം എത്താൻ സോവിയറ്റ് യൂണിയനു കഴിഞ്ഞില്ല.
- ഉൽപന്നത്തിന്റെ മേന്മയ്ക്ക് പ്രാധാന്യം നൽകാതെ ഉൽപാദനവർധനവിൽ മാത്രമായി സോവിയറ്റ് യൂണിയന്റെ ശ്രദ്ധ.
- പൗരാവകാശങ്ങൾക്ക് സോവിയറ്റ് ഗവൺമെന്റ് അർഹിക്കുന്ന അംഗീകാരം നൽകിയില്ല.
- ഭരണരംഗത്ത് വേരൂന്നിയ അഴിമതി, സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള വിശ്വാസം തകർത്തു.

യു.എസ്. എസ്. ആറിന്റെ പതനത്തിനിടയാക്കിയ ചില സാഹചര്യങ്ങൾ ശ്രദ്ധിച്ചല്ലോ.

സോവിയറ്റ് യൂണിയനിലെ പ്രതിസന്ധികൾ തരണം ചെയ്യാൻ പ്രസിഡന്റായിരുന്ന ഗോർബച്ചേവ് 1987 ൽ ചില നവീന പരിപാടികൾ ആവിഷ്കരിച്ചു. എല്ലാ രംഗത്തും നൂതനപരിവർത്തനം എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ ഒരു പരിപാടിയായിരുന്നു 'ഗ്ലാസ്നോസ്റ്റ്'. ഉൽപ്പാദനമേഖലയിലെ ഭരണകൂടനിയന്ത്രണവും കേന്ദ്രീകൃതാസൂത്രണവും ക്രമേണ കുറച്ച് സമ്പദ്ഘടനയെ കമ്പോളവൽക്കരിക്കാൻ വേണ്ടി 'പെരിസ്ട്രോയിക്ക' എന്നറിയപ്പെടുന്ന മറ്റൊരു പരിപാടിയും ആവിഷ്കരിച്ചു. പുനസ്സംഘാടനം എന്നാണ് ഇതിന് അർഥം. എന്നാൽ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയെ സംരക്ഷിച്ചു നിർത്താൻ പുതിയ പരിഷ്കാരങ്ങൾക്കു കഴിഞ്ഞില്ല. എന്തായിരുന്നു ഇതിന്റെ ഫലം?

ലോകത്താദ്യമായി അധികാരത്തിൽ വന്ന സോഷ്യലിസ്റ്റ് ഭരണകൂടത്തിന്റെ കെട്ടുറപ്പ് നഷ്ടപ്പെട്ടു. ആഭ്യന്തരപ്രശ്നങ്ങൾ അരങ്ങേറി ഇത് സ്വാഭാവികമായും സോവിയറ്റ് യൂണിയന്റെ പതനത്തിനിടയാക്കി. ലോകചരിത്രത്തിലെ ഒരു യുഗത്തിന്റെ അന്ത്യം എന്ന് ഈ സംഭവത്തെ വിശേഷിപ്പിക്കാം.

ഇതേ കാലഘട്ടത്തിലാണ് കിഴക്കൻ യൂറോപ്പിലെ മിക്ക സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും സോഷ്യലിസം ഉപേക്ഷിച്ചത്. സോഷ്യലിസം ഉപേക്ഷിച്ച പൂർവജർമനി പടിഞ്ഞാറൻ ജർമനിയുമായി ലയിച്ചതും മറ്റൊരു പ്രധാന സംഭവമാണ്.

ഈ സാഹചര്യത്തിൽ ശാക്തികചേരികളിലൊന്നായ വാഴ്സാസഖ്യത്തിന് പ്രസക്തി നഷ്ടപ്പെട്ടു. ഇതോടെ ലോകത്തിൽ നിലനിന്നിരുന്ന ശീതയുദ്ധമെന്ന അവസ്ഥയും ഇല്ലാതായി.


ബർലിൻ മതിലിന്റെ തകർച്ചയിലുള്ള ആഹ്ലാദം

ശീതയുദ്ധത്തെ തുടർന്നുള്ള ലോകസംഭവവികാസങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തുമല്ലോ.

- ലോകത്ത് അമേരിക്കൻ ഐക്യനാടുകളുടെ മേൽക്കോയ്മയ്ക്ക് തുടക്കമായി.

- ഏകധ്രുവ ലോകത്തിന്റെ പിറവിക്കിടയായി.
-
-

✸ *സോവിയറ്റ് ചേരിയുടെ പതനം ലോകത്തിൽ എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? കണ്ടെത്തലുകൾ ലഘുകുറിപ്പായി അവതരിപ്പിക്കുക.*

ആഫ്രോ-ഏഷ്യൻ രാഷ്ട്രങ്ങളിലെ വിഭവങ്ങൾ ചൂഷണം ചെയ്തും അവയുടെ പരമാധികാരം കൈപ്പിടിയിലൊതുക്കിയും സാമ്രാജ്യത്വരാഷ്ട്രങ്ങൾ കോളനികൾ സ്ഥാപിച്ചതായി നാം കണ്ടു.

പതിനെട്ടാം നൂറ്റാണ്ടിലാരംഭിച്ച കോളനിവൽക്കരണപ്രകിയ രണ്ടാം ലോകമഹായുദ്ധാവസാനം വരെ നീണ്ടുനിന്നിരുന്നു. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് കോളനിരാഷ്ട്രങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണുണ്ടായത്? ഈ മാറ്റങ്ങൾ സാമ്രാജ്യത്വരാഷ്ട്രങ്ങളെ എങ്ങനെയൊക്കെ ബാധിച്ചു?

### സാമ്രാജ്യത്വത്തിന്റെ പുതിയ തന്ത്രങ്ങൾ

സ്വതന്ത്ര രാഷ്ട്രങ്ങളുടെ പിറവിയോടെ സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ സാമ്പത്തികനിലയിൽ വന്ന മാറ്റം ഏറെ ശ്രദ്ധേയമാണ്. ചൂഷണത്തിനുള്ള മേഖല ഇതോടെ ചുരുങ്ങിവന്നു. ഈ പ്രതിസന്ധിയെ അതിജീവിക്കാനുള്ള തന്ത്രങ്ങൾ മെനയുന്നതിലായി പിന്നീട് അരുടെ ശ്രദ്ധ. ശാസ്ത്രസാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ മനുഷ്യാധ്വാനം ലഘൂകരിച്ചും ഉൽപാദനം വർധിപ്പിച്ചും ലാഭമുണ്ടാക്കാൻ അവർ ശ്രമമാരംഭിച്ചു.

മനുഷ്യന്റെ പുരോഗതിയിൽ ഉപകരണങ്ങൾക്കുള്ള പങ്കിനെപ്പറ്റി മുൻ ക്ലാസുകളിൽ ചർച്ച ചെയ്തത് ഓർക്കുമല്ലോ.

വ്യാവസായിക ഉൽപാദനം വർധിപ്പിക്കാൻ ആണവോർജം പ്രയോജനപ്പെടുത്തിയത് വ്യവസായ സംരംഭകർക്ക് കരുത്തുപകർന്നു. യുദ്ധാനന്തരകാലം ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ കുതിച്ചുചാട്ടത്തിന് എന്തായിരിക്കാം കാരണം?

കോളനിരാഷ്ട്രങ്ങൾ സ്വതന്ത്രമായതിനെത്തുടർന്ന് സാമ്രാജ്യത്വരാഷ്ട്രങ്ങൾക്ക് മുമ്പത്തെപ്പോലെ ചൂഷണാവസരം ലഭിച്ചില്ല. ഈ അവസ്ഥ അവർക്ക് മാറ്റിയെടുക്കേണ്ടി വന്നു. ഇതിനായി നവീനവും ഗുണമേന്മ യുള്ളതുമായ ഉൽപന്നങ്ങൾ തയാറാക്കേണ്ട ആവശ്യമുണ്ടായി. അതിനുവേണ്ടി ഉൽപാദന ഉപകരണങ്ങൾ നവീകരിച്ചു. ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി ഒരുക്കേണ്ടി വന്നു. മുമ്പത്തെപ്പോലെ കോളനികളിൽ നേരിട്ടു ചെന്ന് ചൂഷണം ചെയ്യാനുള്ള അവസരം ഇല്ലായിരുന്നു. ദ്രുതഗതിയിൽ എല്ലാ മേഖലകളിലും മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് സാമ്രാജ്യത്വരാഷ്ട്രങ്ങളെ നയിച്ചു.

### പുതിയത്, ഏറ്റവും പുതിയത്

ശാസ്ത്ര സാങ്കേതിക രംഗത്ത് എന്തൊക്കെ നവീകരണങ്ങളുണ്ടായി എന്നു നോക്കാം:

- യന്ത്രത്തെ നിയന്ത്രിച്ചിരുന്ന നിരവധി തൊഴിലാളികളുടെ സ്ഥാനത്ത് ഏതാനും ചിലർ മാത്രം കൈകാര്യം ചെയ്താൽ മതിയാവുന്ന യന്ത്രങ്ങൾ നിലവിൽ വന്നു.
- ജലവൈദ്യുതപദ്ധതിയുടെ ഉപയോഗത്തോടൊപ്പം ആണവോർജ പദ്ധതിയും തുടർന്ന് സൗരോർജപദ്ധതിയും വ്യാപകമായി.
- പ്രകൃതിവിഭവങ്ങൾ, കാലാവസ്ഥ എന്നിവയെപ്പറ്റി പഠിക്കുന്നതിനുള്ള ബഹിരാകാശ പേടകങ്ങൾ വിക്ഷേപിക്കുകയും നിയന്ത്രിക്കുകയും ചെയ്തു.
- ഇവയൊക്കെ കൃത്യതയോടെ നിയന്ത്രിക്കുന്നതിനും പരസ്പരം ബന്ധിപ്പിക്കുന്നതിനും കമ്പ്യൂട്ടർ ശൃംഖലകൾ രൂപപ്പെടുത്തി.
- കാർഷിക മേഖലയിൽ ജനിതക സാങ്കേതിക വിദ്യ പ്രയോഗിച്ചു.

**ഐ.എം.എഫും ലോകബാങ്കും**

*രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം സാമ്പത്തിക ഭദ്രതയ്ക്കും പുനർനിർമാണത്തിനും വേണ്ടി ഉണ്ടായ അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളാണ് ഐ.എം.എഫും ലോകബാങ്കും. വിനിമയനിരക്ക് നിശ്ചയിക്കൽ, അടവുശിഷ്ടസുസ്ഥിരതക്കുള്ള ഹ്രസ്വകാല വായ്പ നൽകൽ എന്നിവയ്ക്കാണ് ഐ.എം.എഫ് പ്രാധാന്യം നൽകിയത്. വികസ്വരരാഷ്ട്രങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കാവശ്യമായ ദീർഘകാല ധനസഹായത്തിനായി രൂപം കൊണ്ട താണ് ലോകബാങ്ക്.*

- പത്രങ്ങളും ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളും വിപണിയുടെ വികസനത്തിനു വേണ്ടി ഉപയോഗിച്ചു.
- ഉൽപാദകർ തന്നെ ഉപഭോക്താവിന് ഉൽപന്നം എത്തിച്ചു കൊടുത്തിരുന്ന പഴയ രീതി മാറി. കച്ചവടക്കാർ, വിതരണക്കാർ തുടങ്ങിയവരുൾപ്പെട്ട സേവനമേഖല രൂപം കൊണ്ടു.
- 
- 
- 

നവീന സാങ്കേതിക വിദ്യയും ഉപകരണങ്ങളും തൊഴിലുടമയ്ക്ക് എന്തൊക്കെ നേട്ടങ്ങളാണുണ്ടാക്കിയത്?

- ഉൽപാദനച്ചെലവ് കുറച്ചു.
- ചുരുങ്ങിയ സമയംകൊണ്ട് കൂടുതൽ ഉൽപാദനം സാധ്യമായി.
- ലാഭവിഹിതം വർധിച്ചു.
- 
- 
- 

## പുതിയ വിപണികൾക്കുവേണ്ടി

സാങ്കേതിക വിദ്യയുടെ നവീകരണത്തിലൂടെ കാർഷിക വ്യാവസായിക മേഖലകളിൽ ഉയർന്ന ഉൽപാദനം കൈവരിച്ച സാമ്രാജ്യത്വരാഷ്ട്രങ്ങൾ പരസ്പരം മത്സരിക്കാൻ തുടങ്ങിയത് അക്കാലത്തെ മറ്റൊരു പ്രത്യേകതയായിരുന്നു. ഇതു പലർക്കും വിപണികൾ നഷ്ടപ്പെടുന്നതിനിടയാക്കി. തുടർന്ന് ഈ നഷ്ടം നികത്താനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചു. മൂലധനക്ഷാമമനുഭവിച്ചിരുന്ന നവജാത സ്വതന്ത്രരാഷ്ട്രങ്ങൾക്ക് ഐ.എം.എഫ്, ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ ധനസഹായം നൽകാൻ തുടങ്ങി.

വായ്പകൾ വാങ്ങുന്ന രാഷ്ട്രങ്ങളെ നിയന്ത്രിക്കാനുള്ള അന്താരാഷ്ട ഉടമ്പടികളും ഇതിനെ തുടർന്നുണ്ടായി. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരവുമായി ബന്ധപ്പെട്ടാണ് ഗാട്ട് (General Agreement on Tariff and Trade) എന്ന അന്താരാഷ്ട്ര ഉടമ്പടി ഉണ്ടായത്. വ്യാപാരമേഖലയിലേക്ക് പുതിയ ഉൽപന്നങ്ങളും സേവനങ്ങളും കടന്നു വന്നതോടെ രൂപപ്പെട്ടതാണ് ലോകവ്യാപാരസംഘടന (WTO). ഇതൊരു സ്ഥിരം സ്ഥാപനമാണ്.

## വിപണികൾക്കൊരു ഭരണഘടന

ആഗോളവൽക്കരണ പദ്ധതി നടപ്പിലാക്കാനാവശ്യമായ ഭരണസംവിധാനത്തിലെ പ്രധാന സ്ഥാപനമാണ് ലോകവ്യാപാര സംഘടന. ഇതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സംഘടനയുടെ മുൻ ഡയറക്ടർ റെനെറ്റോറുഗേരിയോയുടെ വാക്കുകൾ ശ്രദ്ധിക്കൂ: "വിവിധ ദേശീയ സമ്പദ്ക്രമങ്ങൾ തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി നിയമങ്ങൾ ഉണ്ടാക്കുകയല്ല, ഞങ്ങൾ ഒരു ലോകസമ്പദ്ക്രമത്തിന്റെ ഭരണഘടന തയാറാക്കുകയാണ്. ജനതയോ ദേശമോ ഗവൺമെന്റുകളോ ഇവിടെ പരാമർശിക്കപ്പെടുന്നില്ല. അവയ്ക്കൊന്നും ഇതിൽ സ്ഥാനമില്ല. വിപണികൾക്കും ബഹുരാഷ്ട്രകോർപ്പറേഷനുകൾക്കും മാത്രമാണ് ഇതിൽ

സ്ഥാനം. വിവിധ കരാറുകളിലൂടെയാണ് ഇത് നടപ്പാക്കുന്നത്. ഇതിന്റെ നിയമങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റുകൾക്ക് ബാധ്യതയുണ്ട്."

ലോകവ്യാപരസംഘടനയുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കൂ. വാർത്തകളെ അധികരിച്ച് ലഘുകുറിപ്പ് തയാറാക്കൂ.

അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ വായ്പ സ്വീകരിക്കുകയും വ്യാപാര കരാറുകളിൽ ഏർപ്പെടുകയും ചെയ്ത രാജ്യങ്ങൾക്ക് കടുത്ത നിബന്ധനകൾ പാലിക്കേണ്ടതായി വരുന്നു. സമ്പദ്‌വ്യവസ്ഥയെ സഹായിക്കാനുള്ള പരിപാടികൾ ഫലത്തിൽ രാഷ്ട്രങ്ങളെ പുതിയ പ്രതിസന്ധികളിലെത്തിക്കുന്നു.

എങ്ങനെയാണിതു സംഭവിക്കുന്നതെന്നു നോക്കൂ. കാർഷിക മേഖലയെ ഉദാഹരണമായി എടുക്കാം.

ലോകവ്യാപാര സംഘടനയുടെ കരാറിൽ ഒപ്പിടുന്നതോടെ കാർഷിക രംഗത്ത് നൽകിയിരുന്ന ഇളവുകൾ നിർത്തലാക്കാൻ വികസ്വര രാഷ്ട്രങ്ങൾ നിർബന്ധിതരാകുന്നു. പരോക്ഷമായി ഇത് ബഹുരാഷ്ട്രകുത്തകകളെ സഹായിക്കുന്നു. സമ്പന്നരാജ്യങ്ങളിലെ കാർഷിക മേഖലയിൽ പ്രത്യക്ഷവും പരോക്ഷവുമായ ഇളവുകൾ തുടരുകയും ചെയ്യുന്നു. ഇത് വികസ്വരരാഷ്ട്രങ്ങളിലെ കർഷകർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. സ്വതന്ത്ര കമ്പോള വ്യവസ്ഥ നിലവിൽ വരുന്നതോടെ അന്യരാജ്യങ്ങളിൽനിന്ന് ഇഷ്ടംപോലെ കാർഷികോൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നു. സ്വദേശി ഉൽപന്നങ്ങൾക്ക് ഇതുമൂലം വിലയിടിവുണ്ടാകുന്നു. കയറ്റുമതി ശ്രമങ്ങൾ ഫലപ്രദമാകില്ല. ഉൽപന്നം വിറ്റഴിയാതെ വരുമ്പോൾ കാർഷിക രംഗത്ത് ചെലവിട്ട പണം കർഷകന് തിരിച്ചുകിട്ടാതെ വരും. കർഷകർക്കും അവരെ ആശ്രയിച്ച് ജീവിക്കുന്നവർക്കും ഇതു പ്രയാസങ്ങൾ ഉണ്ടാക്കും. തൊഴിലില്ലായ്മയും വരുമാനമില്ലായ്മയും ഒത്തുചേർന്നുള്ള പുതിയ പ്രശ്നം രൂപപ്പെടുന്നു. ഇത് സമൂഹത്തിന്റെ ജീവിതതാളം തെറ്റിക്കുന്നു. സാമൂഹ്യപ്രശ്നങ്ങൾ രാഷ്ട്രത്തിന്റെ നിലനില്പിനെത്തന്നെ അപകടപ്പെ ടുത്തുന്നു.

കാർഷികമേഖലയെപ്പോലെ മറ്റെല്ലാ മേഖലകളിലും ഇത്തരം പ്രതിസന്ധികൾ രൂപപ്പെടുന്നതായി കാണാം. ലോകവ്യാപാര സംഘടനയെക്കുറിച്ച് ആനുകാലികങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കൂ. ലോകവ്യാപാരസംഘടനയിലെ അംഗത്വം ഇന്ത്യയെ എപ്രകാരമാണ് ബാധിക്കുക? നിഗമനങ്ങൾ രേഖപ്പെടുത്തൂ.

## അതിരുകളില്ലാത്ത ലോകം

മൂലധനത്തിന്റെ കയറ്റുമതിയോടുകൂടി ഉൽപാദന മേഖലയിലെ പുതിയ ഘട്ടം ആരംഭിച്ചുവെന്ന് മുൻ അധ്യായത്തിൽ പ്രതിപാദിച്ചല്ലോ. മൂലധനത്തിന്റെയും സേവനങ്ങളടക്കമുള്ള ഉൽപന്നങ്ങളുടെയും നിർബാധമായ ആഗോളവ്യാപനഘട്ടത്തിലാണ് നാമെത്തി നിൽക്കുന്നത്. ഇത് ആഗോളവൽക്കരണം എന്നറിയപ്പെടുന്നു. ശാസ്ത്രസാങ്കേതിക രംഗത്തെ പുരോഗതിയാണ് രാജ്യങ്ങൾ തമ്മിലുള്ള പരസ്പരബന്ധം മെച്ചപ്പെടാനിടയാക്കിയത്. ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉടമസ്ഥത ലോകത്തെ കൈയിലൊതുക്കാൻ രാഷ്ട്രങ്ങളെ പര്യാപ്തമാക്കി. ചൂഷണത്തിന്റെ പുതിയ ദിശയിലേക്കു നയിക്കാൻ മുതലാളിത്ത രാജ്യങ്ങളെ ഇതു സഹായിക്കുന്നു.

ആഗോളവൽക്കരണത്തിന്റെ മുഖ്യ പ്രവണതകളാണ് ഉദാരവൽക്കരണം, വാണിജ്യവൽക്കരണം, സ്വതന്ത്രകമ്പോളവ്യവസ്ഥ എന്നിവ. ഒരർഥത്തിൽ ഇവ വിപണികൾ കീഴടക്കാനുള്ള തന്ത്രങ്ങളാണെന്നു പറയാം. സാധനങ്ങളും സേവനങ്ങളും യഥേഷ്ടം ലോകത്തെവിടെയും ഉൽപാദിപ്പിക്കാനും വിപണനം ചെയ്യാനും രാഷ്ട്രങ്ങളെയും കമ്പനികളെയും അനുവദിക്കുന്ന അവസ്ഥ ഇതുമൂലം ഉണ്ടാകുന്നു.

എല്ലാവിധ നിയന്ത്രണങ്ങളും എടുത്തുമാറ്റി ലോകം ഒരു ആഗോളഗ്രാമമായി തുടരുന്നതിന് ഇത് കളമൊരുക്കുന്നു. ഇതിനുള്ള പശ്ചാത്തലമൊരുക്കുന്നത് കൂറ്റൻ ബഹുരാഷ്ട്രകമ്പനികളാണ്. എങ്ങനെയാണ് ബഹുരാഷ്ട്രകമ്പനികൾ വിപണിക്കൾക്കാവശ്യമായ പശ്ചാത്തലമൊരുക്കുന്നതെന്നു നോക്കാം:

- വികസ്വരരാജ്യങ്ങളിലെ ആഭ്യന്തരകമ്പോളങ്ങളെ പൂർണമായും നിയന്ത്രിക്കുന്നു.
- ഉപഭോക്തൃസംസ്കാരം പ്രോത്സാഹിപ്പിക്കുന്നു.
- സംസ്കാരത്തെയും ആശയങ്ങളെയും തങ്ങൾക്കനുകൂലമാക്കി മാറ്റുന്നു.
- കുറഞ്ഞ നിരക്കിലുള്ള കൂലി, അസംസ്കൃത പദാർഥങ്ങൾ എന്നിവ ലഭ്യമാകുന്നതും ഉൽപന്നങ്ങൾ സമൃദ്ധമായി വിറ്റഴിക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളിൽ ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നു.

ഇതിന്റെ ചില സവിശേഷതകൾ കൂടി ശ്രദ്ധിക്കുക:

- ലോകത്തെ മുഴുവൻ ഒരൊറ്റ കമ്പോളമായി കാണുന്നു.
- മൂലധനത്തിന്റെ ലോകാധിപത്യം സൃഷ്ടിക്കുന്നു.
- പുതിയ ആഗോള കരാറുകൾ ആവിർഭവിക്കുന്നു.
- ഉൽപാദനം, അഭിരുചി എന്നിവയുടെ രാജ്യാന്തരീകരണം നടക്കുന്നു.
- വാർത്താവിനിമയോപാധികളുടെ കുത്തക രൂപപ്പെടുന്നു.

ആഗോളവൽക്കരണത്തിന് എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടോ?

വികസ്വരരാഷ്ട്രങ്ങളുടെ സമ്പദ്വ്യവസ്ഥയെ തകിടംമറിക്കാൻ കഴിയുന്ന നിയമങ്ങളാണ് ആഗോളവൽക്കരണ പ്രക്രിയയ്ക്ക് പിന്നിലുള്ളത്. സ്വദേശി ഉൽപന്നങ്ങൾക്ക് വിപണനസാധ്യത കുറയുകയും ഉൽപന്നങ്ങൾ കെട്ടിക്കിടക്കുകയും ചെയ്യുന്നു. ഇത് ഉൽപാദനം നിർത്തിവയ്ക്കുന്നതിനും കയറ്റുമതി നിലയ്ക്കുന്നതിനും ഇടയാക്കുന്നു. ഉൽപാദന രംഗത്തും തൊഴിൽ രംഗത്തും കയറ്റുമതി രംഗത്തും ഉണ്ടാകുന്ന അപചയം സമ്പദ്വ്യവസ്ഥകൾക്ക് തിരിച്ചടിയുണ്ടാക്കുന്നു.

ഒരു ഉദാഹരണം നോക്കാം:

ഒരിന്ത്യൻ സൈക്കിളിന് മാർക്കറ്റിൽ 1500 രൂപ വിലയുണ്ടെന്ന് കരുതൂ. എന്നാൽ ഇറക്കുമതി ചെയ്യപ്പെട്ട ഒരു സൈക്കിളിന് 1000 രൂപയിൽ താഴെ മാത്രമാണ് വില എന്നും കരുതുക. സ്വാഭാവികമായും ഇറക്കുമതി ചെയ്യപ്പെട്ട സൈക്കിളായിരിക്കും വിൽക്കപ്പെടുക. സാമ്പത്തികമായി ഉപഭോക്താവിന് ഗുണം ലഭിക്കുന്നു. എന്നാൽ ഇതിന് ഒരു മറുവശവുമില്ലേ? ഇത് ഇന്ത്യൻ സൈക്കിൾ നിർമാണത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

ആഗോളവൽക്കരണത്തിന്റെ ഫലമായി രൂപപ്പെടുന്ന സ്വതന്ത്രവിപണിയിൽ വൈവിധ്യമാർന്നതും നൂതനവുമായ നിരവധി ഉപഭോഗവസ്തുക്കൾ നിറഞ്ഞുകവിയുന്നുണ്ടെന്ന് നമുക്കറിയാം. പലപ്പോഴും സ്വദേശി ഉൽപന്നങ്ങളെക്കാൾ അവയ്ക്ക് വിലക്കുറവും ഉണ്ടാകും.

ആഗോളവൽക്കരണം ലോകരാജ്യങ്ങൾക്ക് സാമ്പത്തിക വളർച്ചയ്ക്കും അഭിവൃദ്ധിക്കുമുള്ള നിരവധി ആവസരങ്ങളൊരുക്കുന്നു. എന്തൊക്കെയാണവ?

- ☆ ഉൽപാദനവും കയറ്റുമതിയും വർധിക്കുന്നു.
- ☆ കമ്പോളത്തിൽ ഉൽപന്നങ്ങൾ യഥേഷ്ടം ലഭിക്കുന്നു.
- ☆ ഉൽപന്നങ്ങൾ ധാരാളമുള്ളതിനാൽ വില കുറയുന്നു.
- ☆ ലോകത്തെവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നവും കമ്പോളത്തിൽ ലഭിക്കുന്നു.
- ☆ വികസ്വര രാഷ്ട്രങ്ങൾക്ക് ആഗോള ധനകാര്യസ്ഥാപനങ്ങൾ മൂലധനം ലഭ്യമാക്കുന്നു.

☆ സങ്കേതികവിദ്യയും വിദഗ്ധന്മാരും ആഗോളമായി സഞ്ചരിക്കുന്നു.

☆ മനുഷ്യവിഭവ വികസനത്തിനും കയറ്റുമതിക്കും സൗകര്യം ലഭിക്കുന്നു.

✸ *ബഹുരാഷ്ട്ര കമ്പനികളെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ചയായാലോ? നിഗമനങ്ങൾ രേഖപ്പെടുത്തുമല്ലോ.*

എന്തെല്ലാം ഉൾപ്പെടുത്താം?

- പ്രധാന ബഹുരാഷ്ട്രകമ്പനികൾ
- അവയുടെ പ്രവർത്തനങ്ങൾ
- കമ്പോള മത്സരവും സ്വദേശി ഉൽപന്നങ്ങളും
- 
- 

### മലിനമാകുന്ന വായുവും വെള്ളവും

ഒരു നവലോകക്രമത്തിൽ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ ബഹുരാഷ്ട്രകമ്പനികളുടെ രൂപത്തിലാണ് വിപണികളിൽ ആധിപത്യമുറപ്പിക്കുന്നതെന്ന് നാം കണ്ടു. വാണിജ്യത്തിനും വ്യവസായത്തിനും യഥേഷ്ടം തുറന്നു കിട്ടിയ ലോകവിപണിയിൽ തടസ്സങ്ങളില്ലാതെ ഉൽപാദനവും വിതരണവും നടത്താൻ ഇവർക്കു സാധിക്കുന്നു. ഇത് അമിതമായ പ്രകൃതിവിഭവ ചൂഷണത്തിനിടയാക്കുന്നു. മനുഷ്യരാശിക്കാകമാനം അപകടകരമായ വിധം പ്രത്യാഘാതങ്ങളുണ്ടാകുന്ന തരത്തിലാണിത്.

പരിസ്ഥിതിയുടെ സന്തുലനത്തെ അപകടപ്പെടുത്തുന്ന വികസനപദ്ധതികളും അന്തരീക്ഷ-ജല മലിനീകരണത്തിനു കാരണമായേക്കാവുന്ന വ്യവസായങ്ങളും നിരോധിക്കണമെന്ന ആവശ്യം ഇന്ന് ഉയർന്നുവരുന്നുണ്ട്. യുദ്ധാനന്തര സമ്പദ്‌വ്യവസ്ഥയുടെ അഭിവൃദ്ധിക്കടിസ്ഥാനമായി സമ്പന്നരാഷ്ട്ര ങ്ങൾ ഉയർത്തിക്കാണിച്ച വികസനമാതൃകയുടെ പൊള്ളത്തരം വ്യക്തമാക്കുന്ന നടപടി കൂടിയായിരുന്നു അത്.

വികസിത രാഷ്ട്രങ്ങളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് അവിടത്തെ ജനങ്ങളെ പ്രേരിപ്പിച്ചതെന്തായിരുന്നു?

ⓞ അമിതോൽപാദനത്തിന്റെ ഭാഗമായി വ്യവസായശാലകൾക്ക് നൽകിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തിയത്.

ⓞ പരിസ്ഥിതിയെ മറന്നുകൊണ്ടുള്ള വ്യവസായവൽക്കരണം നടത്തിയത്.

ⓞ ഉൽപാദനമേഖലകൾ പരിസ്ഥിതി സംരക്ഷണനിയമങ്ങൾ പാലിക്കാതിരുന്നത്.

ⓞ ജലം, വായു, ജീവൻ എന്നിവയുടെ ബന്ധത്തെ നിരാകരിച്ചുള്ള വികസനപരിപാടികൾ ആവിഷ്കരിച്ചത്.

ⓞ

വികസിത രാഷ്ട്രങ്ങളിൽ രൂപപ്പെട്ട ജനകീയ പ്രതിഷേധത്തെ കണ്ടില്ലെന്നു നടിക്കാൻ അവിടങ്ങളിലെ ഭരണകൂടങ്ങൾക്കായില്ല. അത്തരം ഭരണകൂടങ്ങളും ബഹുരാഷ്ട്രകമ്പനികളും ഇതിനുള്ള പരിഹാരം എളുപ്പത്തിൽ കണ്ടെത്തി. വികസിതരാഷ്ട്രങ്ങളിലെ പരിസ്ഥിതി സംരക്ഷണത്തിന് അനുകൂലവുമായിരുന്നു ആ പരിഹാരം. പരിസ്ഥിതിവിരുദ്ധ പദ്ധതികളും വ്യവസായങ്ങളും തങ്ങളുടെ രാജ്യത്തുനിന്ന് മൂന്നാം ലോകരാജ്യങ്ങളിലേക്ക് പറിച്ചുനടുക എന്ന തന്ത്രമാണിതിനവർ കണ്ടെത്തിയത്.

ഈ തന്ത്രം വിജയിപ്പിക്കാനാവശ്യമായ അന്താരാഷ്ട്ര നിയമങ്ങളും കരാറുകളും അവർ രൂപപ്പെടുത്തി. പൊതുവെ സാമ്പത്തിക പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും നിലനിൽക്കുന്ന മൂന്നാം ലോകരാജ്യങ്ങളിൽ വികസിത രാഷ്ട്രങ്ങളുടെ താൽപര്യങ്ങൾ അതിവേഗം നടപ്പിലാക്കാൻ കഴിഞ്ഞു. എങ്ങനെയൊക്കെയാണ് മൂന്നാം ലോകരാജ്യങ്ങളിൽ സമ്പന്ന രാഷ്ട്രങ്ങളുടെയും ബഹുരാഷ്ട്രകമ്പനികളുടെയും താൽപര്യങ്ങൾ നടപ്പിലാക്കിയത്?

- ബഹുരാഷ്ട്ര കമ്പനികൾ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ

ആരംഭിച്ചു. പരസ്യങ്ങളും മറ്റും ഉപയോഗിച്ച് ഉപഭോഗസംസ്കാരം വളർത്തുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി.

- സർക്കാരുകളെയും സർക്കാരിതര പ്രസ്ഥാനങ്ങളെയും തങ്ങൾക്കനുകൂലമായി നിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു.
- സ്വദേശി ഉൽപന്നങ്ങളെക്കാൾ ആകർഷണീയവും വിലക്കുറവുള്ളതുമായ ഉൽപന്നങ്ങൾ പ്രചരിപ്പിച്ചു.

ബഹുരാഷ്ട്ര കമ്പനികളുടെ ഇത്തരം പ്രവർത്തനങ്ങൾ മൂന്നാം ലോകരാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥയിൽ എന്തു പ്രതിഫലനമാണ് ഉണ്ടാക്കുന്നത്? സ്വദേശി ഉൽപന്നങ്ങൾക്ക് വിപണന സാധ്യത കുറയുന്നു. ഇത് ഉൽപാദന സ്തംഭനത്തിനിടയാക്കുന്നു. വ്യവസായശാലകൾ അടച്ചിടുകയും തൊഴിലാളികൾ തൊഴിൽ രഹിതരായി മാറുകയും ചെയ്യുന്നു. മറ്റെന്തെല്ലാം സാമൂഹികപ്രശ്നങ്ങളാണ് ഇതുമൂലം ഉണ്ടാവുകയെന്നത് ചർച്ചചെയ്യൂ.

ആഗോളവൽക്കരണ പ്രക്രിയയ്ക്ക് പരിസ്ഥിതിയുമായി വല്ല ബന്ധവുമുണ്ടോ? ആഗോളാടിസ്ഥാനത്തിൽ വിഭവചൂഷണത്തിനും വ്യാപാരവികസനത്തിനും വിപണിയുടെ വ്യാപനത്തിനുമാണ് ആഗോളവൽക്കരണം ഊന്നൽ നൽകുന്നതെന്ന് നാം വിലയിരുത്തിയതല്ലേ. കൂടുതൽ വ്യാപാരം എന്നാൽ കൂടുതൽ ഉൽപാദനം എന്നും കൂടുതൽ ഉൽപാദനം എന്നാൽ കൂടുതൽ പരിസ്ഥിതിനാശം എന്നും ആഗോളവൽക്കരണം നമ്മെ ബോധ്യപ്പെടുത്തികൊണ്ടിരിക്കുന്നു.

പരിസ്ഥിതി നാശം ഏതെല്ലാം വിധത്തിലാണനുഭവപ്പെടുന്നത് എന്ന് നോക്കൂ.

- മണ്ണിന്റെ ഗുണക്ഷയം
- ജൈവവൈവിധ്യശോഷണം
- അന്തരീക്ഷമലിനീകരണം
- വനനശീകരണം
- കടുത്ത വിഭവചൂഷണം
- 
- 

വിവിധ രീതിയിൽ അറിയപ്പെടുന്ന ഇത്തരം പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണക്കാർ ആരാണ്? ഇതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്. കണ്ടെത്തി രേഖപ്പെടുത്തൂ.

**ബൊളീവിയ ഒരു പാഠം**

ലോക ബാങ്ക് വായ്പയെത്തുടർന്ന് കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കണമെന്ന നിബന്ധന നടപ്പിലാക്കിയ ബൊളിവിയയിൽ കുടിവെള്ളവിതരണത്തിന്റെ ചുമതല ഒരു ബഹുരാഷ്ട്ര കമ്പനിക്കായിരുന്നു. മുൻസിപ്പാലിറ്റി ജലവിതരണം നടത്തിയപ്പോൾ ഈടാക്കിയിരുന്നതിന്റെ മൂന്നിരട്ടി കരം ബഹുരാഷ്ട്രകമ്പനി ഈടാക്കിയപ്പോൾ വെള്ളം ഭക്ഷണത്തെക്കാൾ വിലകൂടിയതായി മാറി. കുറഞ്ഞ വരുമാനക്കാർക്ക് വരുമാനത്തിന്റെ പകുതിയിലധികം കുടിവെള്ളത്തിന് ചെലവഴിക്കേണ്ടിവന്നു. മഴവെള്ളശേഖരണം പോലും കുറ്റകരമായി പ്രഖ്യാപിക്കപ്പെട്ടു. ഇതോടെ ജനങ്ങൾ പ്രതിഷേധിച്ചു. പ്രക്ഷോഭത്തെ തുടർന്ന് വിദേശ കമ്പനിയെ ഈ രംഗത്തുനിന്ന് തുരത്തിയോടിച്ചു. ബൊളീവിയയിലെ കൊച്ചബാംബ പട്ടണത്തിലെ ഈ പ്രതിഷേധം ജനങ്ങളുടെ ചെറുത്തു നില്പിന്റെ ഒരുദാഹരണമാണ്.

ജലം, വായു തുടങ്ങിയ പ്രകൃതിവിഭവങ്ങൾ എല്ലാവർക്കും ലഭ്യമാക്കാനും ഇവ മലിനീകരിക്കപ്പെടാതിരിക്കാനും നിങ്ങൾക്ക് എന്തൊക്കെ നിർദേശങ്ങളാണ് നൽകാനുള്ളത്? ഇവയുടെ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ഒരു ലഘുലേഖ തയാറാക്കൂ.

✸ *പരിസ്ഥിതി സംബന്ധിച്ച വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് 'സമകാലികം' മെച്ചപ്പെടുത്തൂ.*

**മറ്റൊരു ലോകം സാധ്യമാണ്**

പുതിയ ആഗോളപശ്ചാത്തലത്തിൽ ഉണ്ടാ

യിക്കൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പലവിധക്കാരായ മനുഷ്യരുടെ കൂട്ടായ്മകൾ രൂപപ്പെട്ടു വരുന്നുണ്ട്. ഒരു പ്രത്യേകതയാണ്. ലോകബാങ്ക്, ഐ.എം.എഫ്, ലോക വ്യാപാര സംഘടന എന്നിവയുടെ ഏകപക്ഷീയമായ സമീപനത്തിനെതിരെ ലോകത്താകമാനം ഇന്ന് ചെറുത്തുനിൽപ്പുകൾ ആരംഭിച്ചിരിക്കുകയാണ്. സമ്പന്ന രാജ്യങ്ങളിലും ദരിദ്രരാജ്യങ്ങളിലും ഉള്ളവരുടെ ഐക്യദാർഢ്യപ്രസ്ഥാനമായി മാറിയ 'ലോക സാമൂഹ്യവേദി' (World Social Forum) യാണ് ഇതിൽ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നത്. ബ്രസീലിലെ പോർത്തോ അലെഗ്രയിൽ 2001ൽ നടത്തിയ കൺവെൻഷനിലൂടെയാണ് അത് ലോകശ്രദ്ധ പിടിച്ചുപറ്റിയത്. എന്തിനാണ് അവർ സംഗമിച്ചതെന്നു നോക്കൂ:

- ദാരിദ്ര്യത്തിനും അസമത്വത്തിനുമെതിരെ.
- പരിസ്ഥിതി നശീകരണത്തിനെതിരെ.
- വർണവിവേചനം, സ്ത്രീ-പുരുഷ വിവേചനം എന്നിവയ്ക്കെതിരെ
- ജനാധിപത്യത്തിന്റെ അപചയത്തിനെതിരെ
- സമ്പത്തിന്റെ കേന്ദ്രീകരണത്തിനെതിരെ
- യുദ്ധത്തിനെതിരെ

ബഹുരാഷ്ട്രകമ്പനികളും അവരെ പിന്തുണയ്ക്കുന്ന സമ്പന്നരാഷ്ട്രഭരണകൂടങ്ങളും പലതരം വികസന പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും മൂലധനവും ഉപയോഗിച്ച് അവർ നടത്തുന്ന പ്രവർത്തനങ്ങൾ മനുഷ്യരാശിക്കാകമാനം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയാണെന്ന് ലോക സോഷ്യൽ ഫോറം ഓർമിപ്പിക്കുന്നു.

ഈ ഭൂമി ഇന്നുള്ളവരുടെയും വരും തലമുറയുടെയും കൂടിയാണ്. മണ്ണ്, വെള്ളം, കാട്, വിത്ത്, ഭക്ഷണം, സംസ്കാരം മുതലായവയുടെ സംരക്ഷണ ചുമതല എല്ലാവർക്കുമുണ്ട്. ജൈവവൈവിധ്യം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ജനിതകവിക്രിയകൾക്ക് വിധേയമാകാത്തതും അപകടരഹിതമായതുമായ ഭക്ഷണം ജനങ്ങൾക്ക് സ്ഥിരമായി ലഭിക്കേണ്ടതുണ്ട്. ജിവികളെയും ജീവരൂപങ്ങളെയും പേറ്റന്റ് ചെയ്യുന്നതിനെ ചെറുക്കേണ്ടതാണ്.

✸ *ലോകസാമൂഹ്യ വേദിയെക്കുറിച്ച് ആനുകാലികങ്ങളിൽനിന്ന് കൂടുതൽ വിവരങ്ങൾ ശേഖരിക്കുമല്ലോ.*

**തെറ്റുകൾ തിരുത്താൻ**

വികസിതരാജ്യങ്ങളിലെ ജനത ആഗോളവൽക്കരണത്തിനെതിരെ ദൃഢവും ഏകോപിതവുമായ നിലപാടു കൈക്കൊള്ളാൻ തുടങ്ങിയിരിക്കുന്നു. 2002 ൽ ഇറ്റലിയിലെ ഫ്ളോറൻസിൽ രൂപപ്പെട്ട 'യൂറോപ്യൻ ഫോറം' അതാണ് സൂചിപ്പിക്കുന്നത്.

ഏഷ്യയിലെ ആഗോളവൽക്കരണവിരുദ്ധ ശക്തികൾ ചേർന്ന് 'ഏഷ്യൻ സോഷ്യൽ ഫോറം' രൂപീകരിച്ചു.

ഇത്തരം ചെറുത്തുനിൽപ്പു പ്രസ്ഥാനങ്ങൾ രൂപപ്പെടാൻ എന്തായിരിക്കാം കാരണം?

ലോകത്തിലെ ദരിദ്രജനവിഭാഗങ്ങൾക്കും പരിസ്ഥിതിയുടെ ഭദ്രതയ്ക്കും ലോകസമ്പദ്ക്രമത്തിനും ആഗോളവൽക്കരണം ഗുണകരമല്ല എന്നാണ് 2001-ൽ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം നേടിയ ജോസഫ് സ്റ്റിഗ്ലിറ്റ്സ് അഭിപ്രായപ്പെടുന്നത്.

നൂറ്റാണ്ടുകളോളം ഇതര രാജ്യങ്ങളിലെ വിഭവങ്ങളും ജനതയുടെ സ്വാതന്ത്ര്യവും അപഹരിച്ചുകൊണ്ട് സാമ്രാജ്യത്വശക്തികൾ ലോകാധിപത്യം നടത്തിയതിന്റെ ചരിത്രം നാം ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഒന്നാംലോകമഹായുദ്ധവും രണ്ടാംലോകമഹായുദ്ധവും അത്തരം രാജ്യങ്ങളുടെ താൽപ്പര്യങ്ങൾക്ക് മങ്ങലേൽപ്പിച്ചതും നാം കണ്ടു. മൂലധനത്തെയും വിപണിയെയും കൂട്ടുപിടിച്ച് അതിവിപുലമായി എളുപ്പത്തിൽ ചൂഷണത്തിനും മേൽക്കോയ്മയ്ക്കും ആഗോളപദ്ധതികൾ നടപ്പിലാ

ക്കുന്നതിന്റെ അനുഭവങ്ങളാണ് ഇപ്പോൾ നാം കാണുന്നത്.

✱ *പുതിയ ആഗോള സാഹചര്യത്തെ വിലയിരുത്തി ഒരു പ്രബന്ധം തയാറാക്കൂ.*

എന്തൊക്കെ ഉൾപ്പെടുത്താം?

- ആഗോളവൽക്കരണത്തിന്റെ ഗുണദോഷങ്ങൾ; ചെറുത്തു നിൽപ്പുകൾ
-
-

സമകാലികം സമ്പുഷ്ടമാക്കാൻ വിഭവ ശേഖരണം നടത്തുമല്ലോ.

## സംഗ്രഹം

- ശാക്തികചേരികളിലൊന്നിന്റെ നേതൃത്വം വഹിച്ചിരുന്ന സോവിയറ്റ് യൂണിയന്റെ പതനം ലോകരാഷ്ട്രങ്ങൾക്കിടയിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി.
- സാമ്രാജ്യത്വം ആഗോളവിപണി കൈയടക്കാൻ പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ചു.
- വികസ്വരരാഷ്ട്രങ്ങൾ പുതിയ ലോകക്രമത്തിൽ പലവിധ പ്രശ്നങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു.
- ലോകം ആഗോളഗ്രാമമായി മാറുന്നതോടെ വികസ്വരരാഷ്ട്രങ്ങളുടെ വിപണികളിൽ സ്വദേശി ഉൽപന്നങ്ങൾക്ക് തിരിച്ചടിയുണ്ടാകുന്നു.
- പുതിയ ലോകക്രമത്തിന്റെ വരവോടെ ലോകത്താകമാനം ഉണ്ടായ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും ലോകജനതയുടെ കൂട്ടായ്മയിലൂടെ നേരിടുന്നതിനുള്ള ശ്രമങ്ങളാരംഭിച്ചു.

## ചോദ്യങ്ങൾ

- സോവിയറ്റ് യൂണിയന്റെ ശിഥിലീകരണം ലോകരാജ്യങ്ങൾക്കിടയിൽ എങ്ങനെയൊക്കെ പ്രതിഫലിച്ചിട്ടുണ്ടെന്ന് വിലയിരുത്തുക.
- വികസ്വര രാഷ്ട്രങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങളും നവലോകക്രമവും തമ്മിലുള്ള ബന്ധം പരിശോധിക്കുക
- പുതിയ ആഗോളസാഹചര്യത്തിൽ വികസ്വര രാഷ്ട്രങ്ങളുടെ സമ്പദ്വ്യവസ്ഥ എന്തെങ്കിലും പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ടോ? നിങ്ങളുടെ കണ്ടെത്തലുകൾ എന്തൊക്കെ?
- ഒരു നവലോകം സാധ്യമാണെന്ന ശുഭാപ്തി വിശ്വാസം ലോകജനത പ്രകടിപ്പിക്കുന്നു. ഇതിന്റെ പശ്ചാത്തലം എന്താണെന്ന് വിലയിരുത്തുക
- ബഹുരാഷ്ട്രകമ്പനികൾ വിപണികൾക്കാവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കുന്നത് എങ്ങനെയാണ്?

# 6 ഇന്ത്യ നവയുഗത്തിലേക്ക്

ആധുനിക ശാസ്ത്രത്തിന്റെയും ജനാധിപത്യത്തിന്റെയും വളർച്ചയുടെ പിൻബലത്തിൽ ലോകം മുന്നോട്ടു കുതിക്കുകയായിരുന്നു. ശാസ്ത്ര പുരോഗതിയോടൊപ്പം സാമൂഹ്യപരിഷ്കരണവും കൈവരിച്ചാൽ മാത്രമേ ആ കുതിപ്പിനൊപ്പമെത്താൻ നമുക്കു കഴിയുമായിരുന്നുള്ളു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജാതിവ്യവസ്ഥയ്ക്കും എതിരെ മാനവികതയിലൂന്നിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ അവസരത്തിനൊത്തുയർന്നു. ഇക്കാര്യങ്ങളെല്ലാം നാം മുൻ ക്ലാസുകളിൽ ചർച്ച ചെയ്തുകഴിഞ്ഞു.

### ദേശീയമൂല്യങ്ങളും ഭരണഘടനയും

പരിഷ്കരണ പ്രസ്ഥാനങ്ങൾ മുന്നോട്ടു വച്ച നവോത്ഥാനമൂല്യങ്ങൾ എന്തെല്ലാമായിരുന്നു?

- ജനാധിപത്യം
- മതേതരത്വം
- സഹിഷ്ണുത
- സാഹോദര്യം
- ചൂഷണത്തോടുള്ള എതിർപ്പ്
- 
- 

ഈ മൂല്യങ്ങളാണ് ദേശീയപ്രസ്ഥാനത്തിന്റെ അടിസ്ഥാന സങ്കല്പങ്ങളായി മാറിയത്. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ നാം കഴിഞ്ഞ ക്ലാസുകളിൽ ചർച്ചചെയ്തുവല്ലോ. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിന്റെ കാലം മുതൽ ഇന്ത്യ മുന്നോട്ടുവെച്ച നവോത്ഥാനമൂല്യങ്ങൾ ഇന്ത്യൻ ഭരണഘടന എത്രമാത്രം ഉൾക്കൊള്ളുന്നുണ്ടെന്ന പരിശോധിച്ച് നിഗമനങ്ങൾ 'അന്വേഷണക്കുറിപ്പുക'ളിൽ രേഖപ്പെടുത്തൂ.

### ഇന്ത്യ ഒന്നാകുന്നു

*"സാഹചര്യം അപകടകരമായ പ്രവണതകൾ ഉൾക്കൊള്ളുന്നതിനാൽ നാം ശരിയായും കാര്യക്ഷമമായും കാര്യങ്ങൾ കൈകാര്യം ചെയ്തില്ലെങ്കിൽ കഷ്ടപ്പെട്ടു നേടിയ സ്വാതന്ത്ര്യം നാട്ടുരാജ്യങ്ങളിലെ വാതിലിലൂടെ അപ്രത്യക്ഷ്യമാകും." നാട്ടുരാജ്യങ്ങളുടെ സംയോജനത്തെ സംബന്ധിച്ച് സർദാർ വല്ലഭായ് പട്ടേൽ പ്രകടിപ്പിച്ച ആശങ്കയാണിത്.*

സ്വാതന്ത്ര്യാനന്തരം പരമാധികാര രാജ്യങ്ങളായി മാറാമെന്ന് നാട്ടുരാജാക്കന്മാർ സ്വപ്നം കണ്ടിരുന്നു. അതിനാൽ അറുന്നൂറോളം നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ഒരൊറ്റ ഇന്ത്യയാക്കി മാറ്റുന്നതിന് കഠിനപരിശ്രമംതന്നെ ആവശ്യമായി വന്നു. സർദാർ വല്ലഭായ്പട്ടേലിന്റെ നേതൃത്വത്തിൽ ഇതിനുവേണ്ടി ഒരു സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെൻറ് ആരംഭിച്ചു. കേരളീയനായ വി.പി. മേനോൻ അതിന്റെ സെക്രട്ടറിയായിരുന്നു. നിശ്ചയദാർഢ്യത്തോടെയുള്ള അവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുമ്പോൾ ത്തന്നെ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സംസ്ഥാന പ്രജാസമ്മേളനം (State People's Conference) ശക്തമായ പൊതുജനപ്രക്ഷോഭം ആരംഭിച്ചു. സമ്മർദങ്ങൾക്കൊടുവിൽ മൂന്നെണ്ണമൊഴിച്ചുള്ള നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിച്ചു.

1947 ആഗസ്റ്റ് പതിനഞ്ചുവരെ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ വിസമ്മതിച്ച ആ നാട്ടുരാജ്യങ്ങൾ ഏതെല്ലാമായിരുന്നു?

**ജുനഗഡ്**

പാക്കിസ്ഥാനുമായി ഭൂമിശാസ്ത്രപരമായി ബന്ധമൊന്നുമില്ലാതിരുന്ന ഒരു ചെറിയ ഭൂപ്രദേശമായിരുന്നു ജുനഗഡ്. എന്നാൽ പാക്കിസ്ഥാനിൽ ചേരാനായിരുന്നു അവിടത്തെ ഭരണാധികാരിയായിരുന്ന നവാബ് തീരുമാനിച്ചത്. ഇതിനെതിരെ ജനകീയപ്രക്ഷോഭമുണ്ടായപ്പോൾ നവാബ് ഒളിച്ചോടി. അവിടെ ദിവാനായിരുന്ന ഷാനവാസ് ഭൂട്ടോ ഇന്ത്യയുടെ ഇടപെടൽ ആവശ്യപ്പെട്ടപ്പോൾ ഇന്ത്യൻ സൈന്യം ജുനഗഡിലെത്തി. 1948 ഫെബ്രുവരിയിൽ നടന്ന ജനഹിതപരിശോധനയെത്തുടർന്ന് ആ നാട്ടുരാജ്യം ഇന്ത്യൻ യൂണിയനിൽ ലയിച്ചു.



ഗാന്ധിജിയും സർദാർ വല്ലഭായ് പട്ടേലും

**ഹൈദരാബാദ്**

ഇന്ത്യയിലെ ഏറ്റവും വലിയ നാട്ടുരാജ്യമായിരുന്നു ഹൈദരാബാദ്. അവിടത്തെ ഭരണാധികാരിയായ നൈസാം സ്വതന്ത്രമായി നിൽക്കാനാഗ്രഹിച്ചു. പാക്കിസ്ഥാനുമായി രഹസ്യബന്ധത്തിന് അദ്ദേഹം ശ്രമിക്കുകയും ചെയ്തു. 1947 ആഗസ്റ്റിൽ ഹൈദരാബാദ് സ്റ്റേറ്റ് കോൺഗ്രസ് നൈസാമിനെതിരെ പ്രക്ഷോഭമാരംഭിച്ചു. ഇരുപതിനായിരത്തോളം സത്യാഗ്രഹികളെ തടവിലാക്കിയപ്പോൾ ഇന്ത്യാ ഗവൺമെന്റ് പ്രശ്നത്തിൽ ഇടപെട്ടു. ചർച്ചയിലൂടെ വേഗമൊരു പരിഹാരം കണ്ടെത്താനാവാത്തതിനെത്തുടർന്ന് ഇന്ത്യൻ സൈന്യം ഹൈദരാബാദിലെത്തി. മൂന്നു ദിവസത്തെ ചെറുത്തുനിൽപ്പിനു ശേഷം നൈസാം കീഴടങ്ങി. നവംബറിൽ ഹൈദരാബാദ് ഇന്ത്യൻ യൂണിയനിൽ ചേരുകയും നൈസാമിനെ രാജപ്രമുഖ് ആയി ഇന്ത്യാ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു.

**കാശ്മീർ**

കാശ്മീർ രാജാവ് ഹരിസിംഗ് പാക്കിസ്ഥാനിലും ഇന്ത്യയിലും ചേരാതെ സ്വതന്ത്രമായി നിൽക്കാൻ ആഗ്രഹിച്ചു. കാശ്മീരിന്റെ സ്വയംഭരണത്തിനുവേണ്ടി 1936 മുതൽ വാദിച്ചിരുന്ന രാഷ്ട്രീയകക്ഷിയായിരുന്നു ഷേയ്ക്ക് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള നാഷണൽ കോൺഫറൻസ്. ഇന്ത്യൻ യൂണിയനിൽ ചേരണമെന്ന് നാഷണൽ കോൺഫറൻസ് വാദിച്ചു. പാക്കിസ്ഥാനിലെ പത്താൻ ഗോത്രവർഗക്കാർ കാശ്മീരിനെ ആക്രമിച്ചപ്പോൾ രാജാവ് ഇന്ത്യയുടെ സഹായം തേടി. പാക്കിസ്ഥാൻ സൈനികോദ്യോഗസ്ഥരാണ് ആക്രമണത്തിന് നേതൃത്വം കൊടുത്തത്. 1947 ഒക്ടോബർ 26-ന് കാശ്മീരിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചുകൊണ്ടുള്ള സമ്മതപത്രത്തിൽ രാജാവ് ഒപ്പുവെച്ചു. ഷേയ്ഖ് അബ്ദുള്ളയെ സംസ്ഥാനത്തിന്റെ ഭരണത്തലവനാക്കി. തുടർന്ന് ഇന്ത്യൻ സൈന്യം കാശ്മീരിലെത്തുകയും ശ്രീനഗർ മോചിപ്പിച്ചുകൊണ്ട് അക്രമികളെ തുരത്തിയോടിക്കുകയും ചെയ്തു.

കാശ്മീർ പ്രശ്നം ഇന്ത്യ രക്ഷാസമിതിയുടെ പരിഗണനയ്ക്ക് വിട്ടു. എന്നാൽ പാക്കിസ്ഥാനാണ് കടന്നാക്രമണം നടത്തിയത് എന്ന വസ്തുത കണക്കിലെടുക്കാതെ വെടിനിർത്തൽ പ്രഖ്യാപിക്കുകയാണ് രക്ഷാസമിതി ചെയ്തത്. ആ സമയത്ത് കൈവശമിരുന്ന ഭൂപ്രദേശത്തെ അടിസ്ഥാമാക്കി നിയന്ത്രണരേഖ നിശ്ചയിച്ചു. അത് ഇന്നും തുടരുന്നു. പാക്കിസ്ഥാൻ കൈവശപ്പെടുത്തിയ ഭാഗം 'അധിനിവേശ കാശ്മീർ' എന്നറിയപ്പെടുന്നു.

✸ *കാശ്മീർ സംബന്ധമായി പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് 'സമകാലിക'ത്തിൽ ചേർക്കുക.*

ഇന്ത്യൻ യൂണിയനിൽ ചേരുന്നില്ലെന്ന് പ്രഖ്യാപിച്ച മറ്റൊരു നാട്ടുരാജ്യമാണ് തിരുവിതാംകൂർ. അതിനെക്കുറിച്ചുള്ള വിവരങ്ങൾ കേരളത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അധ്യായത്തിൽനിന്നു കണ്ടെത്തുമല്ലോ.

**ഭാഷാ സംസ്ഥാനങ്ങൾ രൂപം കൊള്ളുന്നു**

നിരവധി സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഉൾക്കൊള്ളുന്നതാണല്ലോ ഇന്നത്തെ ഇന്ത്യ. എന്നാൽ ഇന്നു കാണുന്ന തരത്തിൽ സംസ്ഥാനങ്ങൾ പുന:സംഘടിപ്പിച്ചത് വളരെയേറെ ബുദ്ധിമുട്ടിയാണ്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽത്തന്നെ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യമുയർന്നിരുന്നു. വിഭജനത്തിന്റെ മുറിപ്പാടുകൾ മായും മുമ്പേ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനാതിർത്തികൾ നിർണയിച്ചാൽ അത് ചേരിപ്പോരിനിടയാക്കുമെന്ന് ദേശീയനേതാക്കൾ ഭയന്നു. എന്നാൽ ക്രമേണ ജനകീയാവശ്യത്തിനു മുന്നിൽ സർക്കാരിന് വഴങ്ങേണ്ടിവന്നു സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിലേക്കു നയിച്ച വിവിധ ഘട്ടങ്ങളേതെല്ലാമെന്നു നോക്കാം.

- ഭരണഘടനാനിർമാണ സമിതി 1948-ൽ ജസ്റ്റീസ് ധറിന്റെ നേതൃത്വത്തിൽ ഒരു ഭാഷാ പ്രവിശ്യാ കമ്മീഷനെ നിയമിച്ചു.

- 1948-ൽ നെഹ്റു, പട്ടേൽ, പാട്ടാഭിസീതാരാമയ്യ എന്നിവരടങ്ങിയ ഒരു സമിതിയെ കോൺഗ്രസ് നിയോഗിച്ചു. ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനെ ഈ സമിതി അനുകൂലിച്ചു.
- തെലുങ്ക് സംസാരിക്കുന്ന ഒരു പ്രത്യേക ആന്ധ്രസംസ്ഥാനത്തിനുവേണ്ടി നിരാഹാര സത്യാഗ്രഹമമനുഷ്ഠിച്ച ശ്രീരാമലു എന്ന സ്വാതന്ത്ര്യസമരസേനാനി 58 ദിവസങ്ങൾക്കു ശേഷം രക്തസാക്ഷിത്വം വരിച്ചു. തുടർന്ന് ആന്ധ്രയിലെമ്പാടും കലാപമുണ്ടായി. 1953-ൽ ആന്ധ്രാസംസ്ഥാനം രൂപീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവിട്ടു. അതിനോടൊപ്പം മദ്രാസ് സംസ്ഥാനവും നിലവിൽ വന്നു.
- 1953-ആഗസ്റ്റിൽ ഫസിൽ അലി അധ്യക്ഷനായി സംസ്ഥാന പുനഃസംഘടനാ കമ്മിഷൻ രൂപീകരിച്ചു. ബോംബെ, പഞ്ചാബ് എന്നിവ വിഭജിക്കാതെ ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് കമ്മിഷൻ ശുപാർശ ചെയ്തു.
- സംസ്ഥാന പുനഃസംഘടനാ നിയമം 1956-ൽ പാർലമെന്റ് പാസ്സാക്കി. പതിനാല് സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും രൂപീകരിക്കുന്നതിന് ആ നിയമം വ്യവസ്ഥ ചെയ്തു.

✸ *1956-ൽനിലവിൽ വന്ന സംസ്ഥാനങ്ങളുടെ പേരും അവിടത്തെ പ്രധാന ഭാഷയും എഴുതിയ ഒരു പട്ടിക തയാറാക്കൂ.*

**പ്രതിഷേധവും പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണവും**

ബോംബെയിൽ സംസ്ഥാനപുനഃ സംഘടനാറിപ്പോർട്ടിനെതിരായി ശക്തമായ സമരം നടന്നു. മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ രണ്ടു സംസ്ഥാനങ്ങൾ രൂപീകരിക്കാനും ബോംബെ നഗരത്തെ കേന്ദ്രഭരണമേഖലയായി നിലനിർത്താനും ഗവൺമെന്റ് തീരുമാനിച്ചു. ബോംബെ തങ്ങൾക്ക് വേണമെന്ന് മഹാരാഷ്ട്രയും ഗുജറാത്തും വാദിച്ചതിനാൽ ആ തീരുമാനം നടപ്പിലായില്ല. 1960 ൽ ബോംബെ നഗരത്തെ മഹാരാഷ്ട്രയിലും അഹമ്മദാബാദിനെ ഗുജറാത്തിലും ഉൾപ്പെടുത്തി, ബോംബെ സംസ്ഥാനത്തെ രണ്ടായി വിഭജിച്ചു. അങ്ങനെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ നിലവിൽ വന്നു.

പഞ്ചാബ് എന്ന പേരിൽ സിഖുകാർക്ക് മാത്രമായി ഒരു സംസ്ഥാനം വേണമെന്ന് അകാലികൾ ആവശ്യപ്പെട്ടു. ആവശ്യം ശക്തമായപ്പോൾ 1966- ൽ ഹിന്ദി സംസാരിക്കുന്നവരെ ഉൾപ്പെടുത്തി ഹരിയാന സംസ്ഥാനവും പഞ്ചാബി സംസാരിക്കുന്നവർക്കായി പഞ്ചാബ് സംസ്ഥാനവും രൂപീകരിച്ചു. ഐക്യപഞ്ചാബിന്റെ തലസ്ഥാനമായിരുന്ന ചണ്ഡീഗഡ് കേന്ദ്രഭരണ പ്രദേശമായി മാറി. പഞ്ചാബ്, ഹരിയാന എന്നിവയുടെ സംയുക്തതലസ്ഥാനവും ചണ്ഡീഗഡ് തന്നെയാണ്.

ഈ സംഭവങ്ങൾക്കു ശേഷവും നിരവധി സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. ഇവയെല്ലാം ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ടവയാണോ? 1966നു ശേഷം രൂപം കൊണ്ടിട്ടുള്ള സംസ്ഥാനങ്ങളേതെല്ലാമെന്നും അതിനുള്ള സാഹചര്യങ്ങളെന്തെല്ലാമായിരുന്നുവെന്നും കണ്ടെത്തി അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

**സ്വാതന്ത്ര്യസമരം വീണ്ടും**

ഇന്ന് ഇന്ത്യയുടെ ഭാഗമായ എല്ലാ പ്രദേശങ്ങളും 1947 ആഗസ്റ്റ് പതിനഞ്ചിനു തന്നെ സ്വതന്ത്രമായവയാണോ? ഇംഗ്ലീഷുകാരുടെ അധീനതയിലല്ലാതിരുന്ന രണ്ടു പ്രദേശങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വീണ്ടും സമരം ആവശ്യമായി വന്നിട്ടുണ്ട്. അവ ഏതെല്ലാമായിരുന്നുവെന്ന് നോക്കാം.

- ഫ്രഞ്ചുകാരുടെ അധീനതയിലായിരുന്ന പോണ്ടിച്ചേരി.
- പോർച്ചുഗീസ് അധീനതയിലായിരുന്ന ഗോവ.

**പോണ്ടിച്ചേരി വിമോചനം**

1946-നുശേഷം ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെപ്പോലെ പോണ്ടിച്ചേരിയിലും സ്വാതന്ത്ര്യസമരമുണ്ടായി. ഫ്രഞ്ച് സർക്കാർ ഇതിനെ അടിച്ചമർത്താൻ ശ്രമിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷം പോണ്ടിച്ചേരി ജനതയുടെ സമരം വീണ്ടും ശക്തമായി. 1954 ജൂണിൽ പോണ്ടിച്ചേരിയുടെ ഭാഗമായ യാനം എന്ന പ്രദേശം സ്വതന്ത്രമാക്കപ്പെട്ടതായി സമരക്കാർ പ്രഖ്യാപിച്ചു. തുടർന്ന് ഫ്രഞ്ച് ഗവൺമെന്റ് ഇന്ത്യാഗവൺമെന്റുമായി ചർച്ചയാരംഭിച്ചു. 1954 ഓക്ടോബറിൽ ഇന്ത്യയിലെ എല്ലാ ഫ്രഞ്ച് അധീനപ്രദേശങ്ങളും ഇന്ത്യാസർക്കാരിന് കൈമാറി. 1962-ലാണ് പോണ്ടിച്ചേരിയുടെ നിയമപരമായ കൈമാറ്റം നടന്നത്. മലയാളം സംസാരിക്കുന്ന മാഹിയും തെലുങ്കു സംസാരിക്കുന്ന യാനവും തമിഴ് സംസാരിക്കുന്ന കാരയ്ക്കലും പോണ്ടിച്ചേരിയുടെ ഭാഗമാണ്.

**ഗോവാവിമോചനം**

1510 മുതൽ ഗോവ പോർച്ചുഗീസുകാരുടെ കൈവശമായിരുന്നു. ഗോവ, ദാമൻ, ദിയൂ, ദാദ്ര, നഗർഹവേലി എന്നീ പ്രദേശങ്ങൾ മുഴുവൻ ചേർന്ന് ഗോവ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷം ഗോവ ഉപേക്ഷിച്ചുപോകാൻ ഇന്ത്യ പോർച്ചുഗലിനോട് ആവശ്യപ്പെട്ടു. അതു നിരസിക്കപ്പെട്ടപ്പോൾ രാഷ്ട്രീയകക്ഷികൾ ചേർന്ന് ഗോവ വിമോചന സേന രൂപീകരിച്ചു. 1954 ജൂലായ് 22ന് ദാദ്ര, നഗർഹവേലി പ്രദേശങ്ങൾ വിമോചന സമരക്കാർ പിടിച്ചെടുത്തു. 1955 മുതൽ 1961 വരെ നിരവധി ഇന്ത്യാക്കാരെ ഗോവയിൽ സമരത്തിൽ പങ്കെടുത്തതിന് പോർച്ചുഗീസ് പോലീസ് വെടിവെച്ചുകൊന്നു. 1961-ൽ ഗോവയെ മോചിപ്പിക്കാൻ സൈനികനടപടി പ്രഖ്യാപിച്ചു. അങ്ങനെ ഇന്ത്യൻ സൈന്യം ഗോവ, ദാമൻ, ദിയൂ പ്രദേശങ്ങൾ പോർച്ചുഗീസുകാരിൽ നിന്ന് മോചിപ്പിച്ചു.

**രാഷ്ട്രശില്പി**

സ്വാതന്ത്ര്യത്തോടനുബന്ധിച്ച് ഇന്ത്യ അഭിമുഖീകരിച്ച നിരവധി പ്രശ്നങ്ങൾ നാം പരിചയപ്പെട്ടു. അപ്പോഴൊക്കെ പ്രധാനമന്ത്രി എന്ന നിലയിൽ ജവഹർലാൽ നെഹ്റുവാണ് രാഷ്ട്രത്തിന് നേതൃത്വം നല്കിയത്. പാർലമെന്ററി ജനാധിപത്യ ഭരണ സംവിധാനം ഇന്ത്യയിൽ ആരംഭിച്ചത് നെഹ്റുവിന്റെ കാലഘട്ടത്തിലായിരുന്നു. പ്രതിപക്ഷ കക്ഷികൾ സർക്കാരിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം വിലയിരുത്തി പ്രവർത്തിച്ചിരുന്നതിനാൽ ജനാധിപത്യ പ്രക്രിയയ്ക്ക് ഇന്ത്യയിൽ ശക്തമായ അടിത്തറയുണ്ടായി.

നമ്മുടെ രാജ്യത്തെ ശാസ്ത്രത്തിന്റെയും മതേതരത്വത്തിന്റെയും പാതയിലൂടെ പുരോഗതിയിലേക്ക് നയിക്കാൻ നെഹ്റുവിന് കഴിഞ്ഞു. ഇന്ത്യയുടെ വിദേശനയത്തിന് അടിത്തറയിട്ടതും പ്ലാനിങ് കമ്മിഷൻ രൂപീകരിച്ച് വികസന രൂപരേഖ തയാറാക്കിയതും അദ്ദേഹമായിരുന്നു. 'രാഷ്ട്രശില്പി'യായി നെഹ്റുവിനെ വിശേഷിപ്പിക്കുന്നതും അതുകൊണ്ടാണ്.

നെഹ്റുവിന്റെ കാലശേഷം ഇന്ത്യൻ രാഷ്ട്രീയത്തിന്റെയും ഭരണത്തിന്റെയും ഗതിവിഗതികളെ സ്വാധീനിച്ച നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. അവയിൽ ചിലത് ശ്രദ്ധിക്കൂ.

- ഇന്ത്യൻ യൂണിയനിൽ ചേർന്ന നാട്ടുരാജാക്കന്മാർക്ക് 'പ്രിവിപഴ്സ്' എന്ന പേരിൽ നല്കിയിരുന്ന വാർഷിക അലവൻസ് 1969-ൽ നിർത്തലാക്കി.
- അതേ വർഷം സ്വകാര്യ മേഖലയിലായിരുന്ന 14 ബാങ്കുകളെ ദേശസാൽക്കരണത്തിലൂടെ പൊതുമേഖലയിൽ കൊണ്ടുവന്നു.
- 1976-ൽ 42-ാം ഭേദഗതിയിലൂടെ മതേതരത്വം, സോഷ്യലിസം എന്നീ വാക്കുകൾ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പടുത്തി.
- 1975-ൽ ഇന്ത്യയിൽ ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.

- 1977-ൽ മൊറാർജിദേശായിയുടെ നേതൃത്വത്തിൽ ആദ്യമായി ഒരു കോൺഗ്രസ്സിതര മന്ത്രിസഭ അധികാരമേറ്റു.
- 

✸ *മുകളിൽ പറഞ്ഞ സംഭവങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യൂ. ഇതുപോലുള്ള മറ്റു സംഭവങ്ങൾ ധാരാളമുണ്ടല്ലോ. അവ കണ്ടെത്തി ഒരു ടൈം ലൈൻ തയാറാക്കൂ.*

## ഇന്ത്യയുടെ വിദേശനയം

"വിദേശകാര്യങ്ങൾ ആഭ്യന്തരകാര്യങ്ങളെ പിന്തുടരും'' -പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു 1957-ൽ ലോക് സഭയിൽ നടത്തിയ പ്രസ്താവന.

"ഇന്ത്യയുടെ വിദേശനയം വൈദേശികമല്ല. അതു പൂർണമായും സ്വദേശീയവും ഇന്ത്യൻ യാഥാർഥ്യങ്ങളിൽ വേരുറച്ചതുമാണ്". പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ 1997-ൽ രാജ്യസഭയിൽ നടത്തിയ പ്രസ്താവന.

സ്വതന്ത്ര ഇന്ത്യയുടെ വിദേശ നയത്തിന്റെ അടിത്തറ ഈ പ്രസ്താവനകളിൽ ഒളിഞ്ഞുകിടപ്പുണ്ട്. ഒരു നല്ല വിദേശനയം മെച്ചമായ ആഭ്യന്തര നയത്തിന്റെ തുടർച്ചയാണ്. രണ്ടും പരസ്പരപൂരകമാണ്. ഭരണഘടനയുടെ നിർദേശക തത്ത്വങ്ങളിൽ ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നുണ്ട്. അവ ഏതെല്ലാമാണെന്ന് പരിശോധിക്കാം.

- അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും ഉറപ്പു വരുത്തുക.
- രാഷ്ട്രങ്ങൾ പരസ്പര ബഹുമാനത്തിലും നീതിയിലും അധിഷ്ഠിതമായ ബന്ധം നിലനിർത്തുക.
- അന്തർദേശീയ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക.

ഇവ ഇന്ത്യയുടെ വിദേശനയത്തിന്റെ ലക്ഷ്യങ്ങളായി മാറി. കൂടാതെ ചേരി ചേരാനയം സ്വീകരിക്കുക എന്നതും അന്തർദേശീയ തലത്തിൽ നിരായുധീകരണത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതും ഇന്ത്യയുടെ ലക്ഷ്യങ്ങളാണ്. ഇന്ത്യയുടെ വിദേശനയത്തിന്റെ അടിത്തറയായി വർത്തിക്കുന്ന അഞ്ചു തത്ത്വങ്ങൾ (പഞ്ചശീല തത്ത്വങ്ങൾ) കൂടിയുണ്ട്.

- രാഷ്ട്രങ്ങളുടെ അതിരുകളെയും പരമാധികാരത്തെയും പരസ്പരം ബഹുമാനിക്കുക.
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
- സമത്വവും പരസ്പരനേട്ടവും ഉറപ്പുവരുത്തുക.
- പരസ്പരം ആക്രമിക്കാതിരിക്കുക.
- സമാധാനപരമായ സഹവർത്തിത്വവും സാമ്പത്തികസഹകരണവും പുലർത്തുക.

ഇന്ത്യൻ വിദേശനയത്തിന് വ്യക്തമായ രൂപരേഖ തയാറാക്കിയത് ജവഹർലാൽ നെഹ്റുവാണ്. ചേരിചേരാനയത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളാണ് അദ്ദേഹം. ഈ നയത്തെക്കുറിച്ച് 1946 സെപ്തംബർ മാസത്തിൽ നെഹ്റു ഇപ്രകാരം പ്രസ്താവിച്ചു:

''എതിർചേരികളിലായി തിരിഞ്ഞ് ശാക്തിക രാഷ്ട്രീയം കളിക്കുന്നവരിൽ നിന്നും സ്വതന്ത്രമായ ഒരു നയമായിരിക്കും ഇന്ത്യ പിന്തുടരുന്നത്. ആശ്രിത ജനതയുടെ സ്വാതന്ത്ര്യം എന്ന തത്ത്വം ഇന്ത്യ ഉയർത്തിപ്പിടിക്കും. എവിടെയൊക്കെ വർണവിവേചനം ഉണ്ടായാലും അതിനെ എതിർക്കുകയും ചെയ്യും. ഒരു രാഷ്ട്രവും മറ്റൊന്നിനെ ചൂഷണം ചെയ്യാത്ത തരത്തിൽ അന്തർദേശീയ സഹകരണത്തിനും പൊതുനന്മയ്ക്കും വേണ്ടി മറ്റു സമാധാനകാംക്ഷികളായ രാഷ്ട്രങ്ങളുമായി ഇന്ത്യ സഹകരിക്കും."

നെഹ്റുവിന്റെ പ്രസ്താവനയിൽ പറയുന്ന ശാക്തികചേരികൾ ഏതൊക്കെയായിരുന്നു? അവ ഇന്ന് നിലനിൽക്കുന്നുണ്ടോ? വിവരങ്ങൾ ശേഖരിച്ച് നിഗമനങ്ങൾ അന്വേഷണക്കുറിപ്പുകളിൽ ചേർക്കുക.

ചേരിചേരാ സംഘടനയുടെ രൂപീകരണത്തെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും മുൻ അധ്യായത്തിൽ ചർച്ച ചെയ്തുവല്ലോ. അതിന്റെ രൂപീകരണത്തിൽ മുൻകൈ എടുത്ത രാജ്യമെന്ന നിലയിൽ സംഘടനയുടെ നയപരിപാടികൾ നിശ്ചയിക്കുന്നതിൽ ഇന്ത്യയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ചേരിചേരാനയത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യ മറ്റു രാജ്യങ്ങളോടും ലോകസംഘടനകളോടുമുള്ള ബന്ധങ്ങൾ വളർത്തിയെടുക്കുന്നത്.

## ഇന്ത്യയും അയൽ രാജ്യങ്ങളും

സ്വാതന്ത്ര്യാനന്തരം അയൽരാജ്യങ്ങളുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ ഇന്ത്യ ശ്രമിച്ചുപോന്നിട്ടുണ്ട്.

### ഇന്ത്യയും പാക്കിസ്ഥാനും

ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും രണ്ടു സ്വതന്ത്രരാഷ്ട്രങ്ങൾ നിലവിൽ വന്നതിനു ശേഷം ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങൾ സാധാരണനിലയിലായ സമയം ഉണ്ടായിട്ടില്ല. കാശ്മീർ പ്രശ്നത്തിന്റെ തുടക്കം നാം ചർച്ച ചെയ്തുവല്ലോ. ഇന്ത്യാ- പാക്കിസ്ഥാൻ ബന്ധത്തിൽ കാശ്മീർ ഒരുപ്രശ്നമായി എന്നും നിലനിന്നിരുന്നു. പല പ്രാവശ്യം പാക്കിസ്ഥാനിൽ പട്ടാളഭരണം നിലവിൽ വന്നിട്ടുണ്ട്. 1965-ലും 1971-ലും ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായി. 1999-ൽ കാർഗിൽ നുഴഞ്ഞുകയറ്റത്തിന്റെ പേരിൽ വീണ്ടും പോരാട്ടം നടന്നു. അതൊരു വലിയ യുദ്ധമായി മാറിയില്ലെന്നു മാത്രം. എല്ലാ യുദ്ധങ്ങളിലും പാക്കിസ്ഥാൻ പരാജയപ്പെട്ടു. ഇന്ത്യാ-പാക്കിസ്ഥാൻ ബന്ധം മെച്ചപ്പെടുത്താൻ പല ശ്രമങ്ങളും നടന്നുവരുന്നു.

#### താഷ്ക്കന്റ് പ്രഖ്യാപനം

1965-ലെ യുദ്ധത്തിനുശേഷം പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ സോവിയറ്റ് യൂണിയൻ മാധ്യസ്ഥത വഹിച്ചു. താഷ്കന്റിൽ വച്ച് നടന്ന ചർച്ചയിൽ ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും പാക്കിസ്ഥാൻ പ്രസിഡന്റ് അയൂബ്ഖാനും സംയുക്തപ്രഖ്യാപനം നടത്തി:

- നയതന്ത്രവ്യാപാര ബന്ധങ്ങൾ പുനഃസ്ഥാപിക്കുക.
- യുദ്ധത്തിനു മുമ്പുള്ള മേഖലകളിലേക്ക് സൈന്യത്തെ പിൻവലിക്കുക.

ഇവയായിരുന്നു ഇരുരാജ്യങ്ങളും സംയുക്തമായി തീരുമാനിച്ചത്. ഈ ചർച്ചയിൽ പങ്കെടുക്കാൻ താഷ്കന്റിൽ തങ്ങിയ ലാൽ ബഹദൂർ ശാസ്ത്രി അവിടെ വച്ച് നിര്യാതനായി.

#### സിംലാകരാർ

1971-ലെ ഇന്ത്യ- പാക്കിസ്ഥാൻ യുദ്ധം ബംഗ്ലാദേശ് എന്ന പേരിൽ പുതിയൊരു സ്വതന്ത്രരാജ്യത്തിന്റെ പിറവിക്ക് കാരണമായി. തുടർന്ന് 1972-ൽ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും പാക്കിസ്ഥാൻ പ്രധാനമന്ത്രി സുൾഫിക്കർ അലി ഭൂട്ടോയും സിംലയിൽ സമ്മേളിച്ചു. പ്രശ്നങ്ങൾ ഉഭയകക്ഷി ചർച്ചയിലൂടെ പരിഹരിക്കുന്നതിനു വേണ്ടിയായിരുന്നു സമ്മേളനം. ഐക്യരാഷ്ട്രസഭയുടെ തത്ത്വങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സമാധാനപരമായും ഉഭയകക്ഷി ചർച്ചയിലൂടെയും ഇന്ത്യയും പാക്കിസ്ഥാനും പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ഉടമ്പടിയിൽ ഇരു രാജ്യങ്ങളും ഒപ്പുവെച്ചു.

#### ലാഹോർ പ്രഖ്യാപനം

1999 ഫെബ്രുവരിയിൽ ഇന്ത്യൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയും പാക്കിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫും ഒരു പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു. ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതെ കാശ്മീർ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് പ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു.

ഇന്ത്യാ-പാക്കിസ്ഥാൻ ബന്ധം സാധാരണനിലയിലാകാത്തത് എന്തുകൊണ്ടാവാം? നിങ്ങളുടെ നിഗമനങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക.

### ഇന്ത്യയും ചൈനയും

സ്വാതന്ത്ര്യാനന്തരം ചൈനയുമായി നല്ല ബന്ധം സ്ഥാപിക്കാൻ ഇന്ത്യ പരിശ്രമിച്ചു. ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രിയായിരുന്ന ചൗ-എൻ-ലായും ആണ് അതിന് മുൻകൈ എടുത്തത്. ചൈനയുമായി പഞ്ചശീല തത്ത്വങ്ങളിൽ ഒപ്പുവച്ചുകൊണ്ട് പുതിയൊരു ബന്ധം അവർ ഉണ്ടാക്കി. പഞ്ച ശീലതത്ത്വങ്ങളെക്കുറിച്ച് മുമ്പ് പറഞ്ഞതോർക്കുല്ലോ.

ചൈനയുമായി ശത്രുതയിലായിരുന്ന തിബത്തിലെ ദലൈലാമയ്ക്ക് ഇന്ത്യ രാഷ്ട്രീയാഭയം നൽകിയത് ചൈനയെ പ്രകോപിപ്പിച്ചു. 1962-ൽ അപ്രതീക്ഷിതമായി ചൈന മക്മഹോൻ രേഖ ലംഘിച്ചു കൊണ്ട് ഇന്ത്യയെ ആക്രമിച്ചു. ഇന്ത്യയുടെ ചില ഭൂപ്രദേശങ്ങൾ ചൈന പിടിച്ചെടുത്തു. പഞ്ചശീലതത്ത്വങ്ങളുടെ ലംഘനം കൂടിയായിരുന്നു ഈ ആക്രമണം. സോവിയറ്റ് യൂണിയൻ ഈ ആക്രമണത്തെ വിമർശിച്ചത് ഇന്ത്യയുടെ സ്വതന്ത്രവിദേശനയത്തിനുള്ള അംഗീകാരമായിരുന്നു. ഇന്ത്യാ-ചൈന ബന്ധത്തിനു തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളെന്തെല്ലാമെന്നു നോക്കാം:

- ചൈന പാക്കിസ്ഥാന് നൽകുന്ന പരോക്ഷ പിന്തുണയും ആയുധസഹായവും
- കാശ്മീർ കാര്യത്തിൽ ഇന്ത്യയുടെ നിലപാടിനോടുള്ള ചൈനയുടെ വിയോജിപ്പ്
- 1962-ൽ പിടിച്ചെടുത്ത സ്ഥലങ്ങൾ തിരിച്ചു തരാനുള്ള ചൈനയുടെ വിസമ്മതം.

ഈ അഭിപ്രായവ്യത്യാങ്ങൾക്കിടയിലും ബന്ധം മെച്ചപ്പെടുത്താൻ ഇന്ത്യ ശ്രമിക്കുന്നുണ്ട്. അതിൽ ക്രമാനുഗതമായ പുരോഗതി ഉണ്ടായിവരുന്നു.

### ഇന്ത്യയും ബംഗ്ലാദേശും

സ്വതന്ത്രമായതിന് ശേഷം പാക്കിസ്ഥാനിൽ നിലനിന്ന ശക്തമായ ആഭ്യന്തര സംഘർഷത്തിനൊടുവിൽ രൂപീകൃതമായ രാജ്യമാണ് ബംഗ്ലാദേശ്. 1970 ഡിസംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ഷെയ്ക്ക് മുജിബുർ റഹ്മാന്റെ നേതൃത്വത്തിലുള്ള അവാമി പാർട്ടി പാകിസ്ഥാൻ ദേശീയ അസംബ്ലിയിൽ ഭൂരിപക്ഷം നേടി. പാക്കിസ്ഥാനിലെ പട്ടാളഭരണാധികാരിയായിരുന്ന യാഹ്യാഖാൻ ഒരു ജനാധിപത്യസർക്കാർ രൂപീകരിക്കുന്നതിൽനിന്ന് അവരെ തടഞ്ഞു. കിഴക്കൻ പാക്കിസ്ഥാന് പ്രാമുഖ്യമുള്ള ഒരു സർക്കാർ വരുന്നതിലുള്ള അമർഷമായിരുന്നു കാരണം. ഇതിൽ പ്രതിഷേധിച്ച് അവാമി പാർട്ടി നിയമ ലംഘന സമരമാരംഭിച്ചപ്പോൾ പട്ടാളത്തെ ഉപയോഗിച്ച് ഭീകരമായി അടിച്ചമർത്താൻ ശ്രമിക്കുകയാണ് യാഹ്യാഖാൻ ചെയ്തത്. കിഴക്കൻ പാക്കിസ്ഥാനിലാകെ ഭീതി പടർത്തിയ സൈനിക നടപടികളെത്തുടർന്ന് ദശലക്ഷണക്കിനാളുകൾ അഭയാർഥികളായി ഇന്ത്യയിലേക്കൊഴുകി. അവരെ സംരക്ഷിക്കാൻ നമ്മുടെ സർക്കാർ തയാറായെങ്കിലും അത് വലിയൊരു സാമ്പത്തിക-രാഷ്ട്രീയ പ്രതിസന്ധിക്ക് കാരണമായി. ഈ സാഹചര്യത്തിൽ, പ്രശ്നത്തിൽ ഇടപെടാൻ ഇന്ത്യ തയാറായേക്കുമെന്ന ആശങ്ക മൂലം പാകിസ്ഥാൻ ഇന്ത്യയെ ആക്രമിച്ചു. ചൈനയുടെയും അമേരിക്കയുടെയും പിന്തുണയോടെ നടന്ന ഈ ആക്രമണത്തെ, സോവിയറ്റ് യൂണിയന്റെ സഹായത്തോടെ ഫലപ്രദമായി പ്രതിരോധിക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞു. യുദ്ധത്തിൽ പാക്കിസ്ഥാൻ പരാജയപ്പെട്ടു. കിഴക്കൻ പാക്കിസ്ഥാൻ മുജീബുർ റഹ്മാന്റെ നേതൃത്വത്തിൽ സ്വതന്ത്രരാഷ്ട്രമായി മാറി. സമർഥമായ രാജ്യതന്ത്രജ്ഞതയാണ് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ ഇന്ത്യ പ്രകടിപ്പിച്ചത്. ഇന്ദിരാഗാന്ധിയായിരുന്നു അന്നത്തെ പ്രധാനമന്ത്രി. ബംഗ്ലാദേശുമായി നാം ഇപ്പോഴും സൗഹൃദത്തിൽ കഴിയുന്നു.

### ഇന്ത്യയും ശ്രീലങ്കയും

ഇന്ത്യ ശ്രീലങ്കയുമായി നല്ല അയൽ ബന്ധമാണ് എക്കാലവും പുലർത്തിപ്പോന്നത്. ശ്രീലങ്കയിലെ തമിഴ് വംശജർ സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി സർക്കാരുമായി പോരാട്ടം നടത്തിക്കൊണ്ടിരുന്നു. ശ്രീലങ്കൻ സർക്കാരും ഇന്ത്യാ ഗവണ്മെന്റും തമ്മിലുണ്ടായ ഒരു ധാര

ണയനുസരിച്ച് ശ്രീലങ്കയിലെ തമിഴ് വംശജരുടെ പ്രശ്നം പരിഹരിക്കാൻ ചില ശ്രമങ്ങൾ നടക്കുകയും ഇതിനായി ഒരു സമാധാനസേനയെ ഇന്ത്യ ശ്രീലങ്കയിലേക്ക് അയയ്ക്കുകയും ചെയ്തു. ഈ നടപടികളിൽ ശ്രീലങ്കയിലെ ചില തമിഴ് തീവ്രവാദി സംഘടനകൾക്കുണ്ടായ അസംതൃപ്തിയാണ് മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി വധിക്കപ്പെടുന്നതിനിടയാക്കിയത്. ശ്രീലങ്കയിലെ സമാധാന ശ്രമങ്ങളെ ഇന്ത്യ ഇപ്പോഴും പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തു വരുന്നു.

### ഇന്ത്യയും അമേരിക്കയും

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളാണ് ഇന്ത്യയും അമേരിക്കയും. മുതലാളിത്ത ചേരിയുടെ നേതൃരാജ്യമെന്ന നിലയിൽ അമേരിക്കൻ ഐക്യനാടുകളുമായി ഇന്ത്യയ്ക്കുള്ള ബന്ധത്തെ വിലയിരുത്തേണ്ടതുണ്ട്. പലപ്പോഴും സൗഹാർദപരമായ ഒരു ബന്ധമായിരുന്നില്ല ഇരു രാജ്യങ്ങളും തമ്മിലുണ്ടായിരുന്നത്. അതിനുള്ള കാരണങ്ങളെന്തെല്ലാമായിരുന്നു?

- ഇന്ത്യ സ്വതന്ത്രമായ ചേരിചേരാനയം സ്വീകരിച്ചത് അമേരിക്കയ്ക്ക് ഇഷ്ടമായില്ല.
- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അമേരിക്ക ഏകപക്ഷീയമായി ഇടപെടുന്നതിനെ ഇന്ത്യ വിമർശിച്ചിരുന്നു.
- കമ്യൂണിസ്റ്റ് ഭരണം നിലവിൽ വന്ന ചൈനയെ ഇന്ത്യ അംഗീകരിക്കുകയും അവർക്ക് ഐക്യരാഷ്ട്രസംഘടനയിൽ അംഗത്വം നൽകണമെന്ന് വാദിക്കുകയും ചെയ്തിരുന്നു.
- ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ അമേരിക്ക നൽകിയ സഹായ വാഗ്ദാനം ഇന്ത്യ നിരസിച്ചു.
- ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷങ്ങളിലെല്ലാം പാക്കിസ്ഥാൻ അനുകൂല നിലപാടാണ് അമേരിക്ക കൈക്കൊണ്ടത്.
- ആണവനിരായുധീകരണം വൻശക്തികൾക്കും ബാധകമാണെന്ന ഇന്ത്യയുടെ നിലപാട് അമേരിക്ക ഇഷ്ടപ്പെടുന്നില്ല.

1998-ലെ പൊഖ്റാൻ അണുപരീക്ഷണത്തെ തുടർന്ന് അമേരിക്ക ഇന്ത്യയ്ക്കെതിരെ വാണിജ്യ-സാമ്പത്തിക ഉപരോധമേർപ്പെടുത്തി. എന്നാൽ 2000 മാർച്ചിൽ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റൺ ഇന്ത്യ സന്ദർശിച്ച ശേഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ ഒട്ടേറെ പുരോഗതിയുണ്ടായിട്ടുണ്ട്.

### ഇന്ത്യയും സോവിയറ്റ് യൂണിയനും

സോഷ്യലിസ്റ്റ് ചേരിയുടെ നേതൃസ്ഥാനം വഹിച്ചിരുന്ന രാജ്യവുമായി ഇന്ത്യ പുലർത്തിപ്പോന്ന ബന്ധത്തിന് വളരെ സവിശേഷതകളുണ്ടായിരുന്നു. അമേരിക്കയും ഇന്ത്യയും തമ്മിലുള്ള ബന്ധം പൂർണമായും സൗഹാർദപരമാകാതിരുന്നതിനുള്ള കാരണങ്ങൾ നാം കണ്ടു. ആ കാരണങ്ങൾ ഇന്ത്യയും സോവിയറ്റ് യൂണിയനും തമ്മിലുള്ള ബന്ധത്തെ മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. ഇന്ത്യയെയും സോവിയറ്റ് യൂണിയനെയും സൗഹാർദത്തിൽ കഴിയാൻ പ്രേരിപ്പിച്ച മറ്റു ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

- സ്വാതന്ത്ര്യത്തിന്റെ ആദ്യവർഷങ്ങളിൽ വൻവ്യവസായങ്ങൾക്ക് തുടക്കമിടാൻ ഇന്ത്യയ്ക്ക് സാങ്കേതിക-സാമ്പത്തിക സഹായം നൽകിയത് സോവിയറ്റ് യൂണിയനാണ്.
- ഇന്ത്യയുടെ കാശ്മീർ നയത്തിന് സോവിയറ്റ് യൂണിയൻ പിന്തുണ നൽകി.
- ഗോവ വിമോചനസമയത്ത് ഇന്ത്യയ്ക്കെതിരെ നടപടിയെടുക്കാൻ അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വശക്തികൾ ശ്രമിച്ചപ്പോൾ ആ നീക്കത്തെ രക്ഷാസമിതിയിൽ വീറ്റോ ചെയ്തത് സോവിയറ്റ് യൂണിയനാണ്.
- 1971-ലെ ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധത്തിൽ ഇന്ത്യയ്ക്കെതിരെ അമേരിക്ക യുദ്ധനീക്കം

നടത്തിയതിനെ സോവിയറ്റ് യൂണിയൻ എതിർനീക്കത്തിലൂടെ തടഞ്ഞിരുന്നു.

- ആവശ്യമുള്ള സമയത്തെല്ലാം ഇന്ത്യയ്ക്ക് യുദ്ധോപകരണങ്ങൾ നൽകാൻ സോവിയറ്റ് യൂണിയൻ തയാറായി.

സോവിയറ്റ് യൂണിയൻ തകർന്നശേഷം അതിന്റെ പിന്തുടർച്ചാവകാശം ലഭിച്ച റഷ്യയുമായി ഇന്ത്യ ബന്ധം തുടരുന്നു. 1998-ൽ സൈനിക സഹകരണത്തിനുള്ള ഉടമ്പടിയിൽ ഇന്ത്യയും റഷ്യയും ഒപ്പുവച്ചു. ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതിയിൽ ഇന്ത്യയ്ക്ക് സ്ഥിരാംഗത്വം നൽകണമെന്ന് വാദിക്കുന്നവരിലും റഷ്യ മുൻപന്തിയിലുണ്ട്.

## ഇന്ത്യയും ലോകസംഘടനകളും

ഒരു സ്വതന്ത്രരാജ്യമെന്ന നിലയിൽ ഇന്ത്യ വിവിധ ലോകസംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നു. ഒരു നല്ല ലോകക്രമത്തിനനുയോജ്യമായ നിലപാടുകൾ സ്വീകരിക്കാൻ ഇന്ത്യ വിവിധ ലോകസംഘടനകളെ പ്രേരിപ്പിച്ചുവരുന്നുണ്ട്. ഇന്ത്യ അംഗമായിരിക്കുന്ന വിവിധ ലോകസംഘടനകൾ ഏതെല്ലാമെന്നു നോക്കാം.

### ഇന്ത്യയും കോമൺവെൽത്തും

മുമ്പ് ബ്രിട്ടന്റെ കോളനികളായിരുന്ന രാജ്യങ്ങളെ ചേർത്ത് രൂപംനൽകിയതാണ് കോമൺ വെൽത്ത് രാഷ്ട്രസംഘടന. ഒരു സ്വതന്ത്രരാജ്യമെന്ന നിലയിൽ ഈ സംഘടനയുടെ നയപരിപാടികളിൽ ഇന്ത്യ വലിയ സ്വാധീനം ചെലുത്തിയിരുന്നു. വർണവിവേചനത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ഇന്ത്യ കോമൺവെൽത്തിനെ പ്രേരിപ്പിച്ചു. പാക്കിസ്ഥാനിൽ ജനാധിപത്യഭരണകൂടങ്ങളെ പട്ടാളം അട്ടിമറിച്ചപ്പോഴൊക്കെ കോമൺവെൽത്തിനെക്കൊണ്ട് ശക്തമായ നടപടികൾ സ്വീകരിപ്പിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അംഗരാജ്യങ്ങളിലെ അഭിപ്രായവ്യത്യാസങ്ങൾ ഈ സംഘടനയുടെ പ്രവർത്തനത്തെ സമീപകാലത്ത് ദുർബലമാക്കിയിരിക്കുന്നു.

### ഇന്ത്യയും ഐക്യരാഷ്ട്രസംഘടനയും

സ്വാതന്ത്ര്യം നേടുന്നതിനു മുമ്പുതന്നെ ഇന്ത്യ ഐക്യരാഷ്ട്രസംഘടനയിൽ അംഗമായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം മൂന്നാം ലോകരാജ്യങ്ങളുടെയും ചേരിചേരാപ്രസ്ഥാനത്തിന്റെയും ഉറച്ച വക്താവെന്ന നിലയിൽ ഇന്ത്യയ്ക്ക് ഒരു പ്രധാന സ്ഥാനം ഐക്യരാഷ്ട്ര സഭയിൽ ലഭിച്ചു. ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭയിലെ ആദ്യവനിതാപ്രസിഡന്റായി വിജയലക്ഷ്മി പണ്ഡിറ്റ് തിരഞ്ഞെടുക്കപ്പെട്ടത് ഇന്ത്യയ്ക്കു ലഭിച്ച അംഗീകാരമായിരുന്നു. ഐക്യരാഷ്ട്രസംഘടനയിൽ ഇന്ത്യയുടെ പങ്കെന്താണെന്ന വിലയിരുത്തൽ ആവശ്യമല്ലേ? ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കൂ.

- വർണവിവേചനം, കോളനി ഭരണം, സ്ത്രീ പുരുഷ വിവേചനം എന്നിവയെ എതിർക്കുന്ന നിരവധി പ്രമേയങ്ങൾ ഇന്ത്യ ഐക്യരാഷ്ട്രസംഘടനയിൽ അവതരിപ്പിച്ചിട്ടുണ്ട്.
- രക്ഷാസമിതിയിൽ പല പ്രാവശ്യം ഇന്ത്യ താൽക്കാലിക അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.
- ഐക്യരാഷ്ട്രസംഘടനയുടെ ഏജൻസികളായ യുനെസ്കോ, യൂണിസെഫ് തുടങ്ങിയവയുമായി ഇന്ത്യ സഹകരിച്ച് പ്രവർത്തിക്കുന്നു. അവയുടെ പദ്ധതികൾ ഇന്ത്യയിലും നടപ്പിലാക്കുന്നു.
- ഐക്യ രാഷ്ട്രസംഘടനയുടെ സമാധാന സേനയിൽ ധാരാളം ഇന്ത്യൻ സൈനികരുണ്ട്. അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.
- അവികസിത രാജ്യങ്ങൾക്ക് ഭക്ഷണവും ധനസഹായവും നൽകാൻ ഐക്യരാഷ്ട്ര സംഘടനയെ ഇന്ത്യ സഹായിച്ചുവരുന്നു.

ഐക്യരാഷ്ട്രസംഘടനയുമായി ഇങ്ങനെ നല്ല ബന്ധം ഇന്ത്യ പുലർത്തുന്നുവെങ്കിലും ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. സമഗ്ര ആണവായുധ പരീക്ഷണ നിരോധന ഉടമ്പടി (Comprehensive Test Ban Treaty)

ഇന്ത്യയുടെ രണ്ടാം അണുപരീക്ഷണം തുടങ്ങിയവയെ അടിസ്ഥാനമാക്കി ക്ലാസിൽ ഒരു ചർച്ചയാവാമല്ലോ. ഐക്യരാഷ്ട്രസംഘടന നിഷ്പക്ഷതയോടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നും ഒരു രാഷ്ട്രത്തിന്റെയും സ്വാധീനത്തിനു വഴങ്ങരുതെന്നുമുള്ള ഇന്ത്യയുടെ പ്രഖ്യാപിത നിലപാടും ചർച്ചയിൽ വിലയിരുത്തപ്പെടട്ടെ.

**ഇന്ത്യയും സാർക്കും (SAARC)**

പ്രാദേശിക സഹകരണത്തിനുള്ള ദക്ഷിണേഷ്യൻ സംഘടന (South Asian Association for Regional Co-operation) 1985-ലാണ് സ്ഥാപിതമായത്. ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയാണ് സാർക്കിന്റെ രൂപീകരണത്തിന് മുൻകൈ എടുത്തത്. ആ സംഘടനയുടെ ലക്ഷ്യങ്ങളും നയങ്ങളും തീരുമാനിച്ചതിൽ ഇന്ത്യ പ്രധാന പങ്കുവഹിച്ചിരുന്നു. സാർക്കിലെ അംഗരാജ്യങ്ങൾ തമ്മിൽ സാമ്പത്തിക സഹകരണം ഉറപ്പുവരുത്തുന്നതിന് ഇന്ത്യ വളരെയേറെ പ്രോത്സാഹനം നൽകുന്നുണ്ട്. മറ്റു സാർക്കു രാജ്യങ്ങളുടെ ദാരിദ്ര്യനിർമാർജനത്തിന് ഇന്ത്യ സാമ്പത്തിക സഹായവും ഭക്ഷ്യസാധനങ്ങളും നൽകുന്നുണ്ട്. പാക്കിസ്ഥാനുമായി ബന്ധങ്ങൾ മോശമായപ്പോഴും സാർക്കിലെ അംഗരാജ്യമെന്ന നിലയിൽ വ്യാപാരകാര്യങ്ങളിൽ മുന്തിയ പരിഗണന ഇന്ത്യ ആ രാജ്യത്തിനു നൽകുന്നുണ്ട്. സാർക്കിന്റെ പ്രവർത്തനങ്ങൾക്ക് ഇന്ത്യ നൽകുന്ന പ്രാധാന്യം ഇതു വ്യക്തമാക്കുന്നു.

✸ *ഇന്ത്യയുടെ വിദേശനയത്തിന്റെ സവിശേഷതകളും സമീപകാലത്ത് അതിലുണ്ടായ വ്യതിയാനങ്ങളും അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുക.*

**സംഗ്രഹം**

- സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ മുന്നോട്ടുവെച്ച നവോത്ഥാന മൂല്യങ്ങൾ സ്വതന്ത്ര ഇന്ത്യയ്ക്ക് മാർഗദർശിയായി മാറി.
- രാജ്യവിഭജനത്തിന്റെ മുറിപ്പാടുകൾ ജനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും നാട്ടുരാജ്യങ്ങളുടെ സംയോജനം ഇന്ത്യയ്ക്ക് പുതിയ കരുത്ത് നൽകി.
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചത് പല വിഘടന പ്രവണതകളെയും തടയാൻ സഹായിച്ചിട്ടുണ്ട്.
- 1947 ആഗസ്റ്റ് പതിനഞ്ചിനു ശേഷവും വിദേശഭരണത്തിൻകീഴിലായിരുന്ന പോണ്ടിച്ചേരി, ഗോവ എന്നീ പ്രദേശങ്ങളെ സ്വതന്ത്രമാക്കാൻ വീണ്ടും സമരം ആവശ്യമായി വന്നു.
- ജവഹർലാൽ നെഹ്റു അടിത്തറയിട്ട ചേരിചേരാനയം പഞ്ചശീലതത്ത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു.

**ചോദ്യങ്ങൾ**

- ■ ഇന്ത്യൻ ഭരണഘടനയിൽ പ്രതിഫലിക്കുന്ന നവോത്ഥാന മൂല്യങ്ങൾ ഏവ?
- ■ നാട്ടുരാജ്യങ്ങളുടെ സംയോജനം ഇന്ത്യയ്ക്ക് പുതിയ കരുത്ത് പകർന്നതെങ്ങനെ?
- ■ അമേരിക്കയോടും സോവിയറ്റ് യൂണിയനോടും ഇന്ത്യയ്ക്കുണ്ടായിരുന്ന ബന്ധത്തിന്റെ വിവിധ വശങ്ങൾ താരതമ്യം ചെയ്യുക.
- ■ "ഇന്ത്യയുടെ വിദേശനയം വൈദേശികമല്ല, അതു പൂർണമായും സ്വദേശീയവും ഇന്ത്യൻ യാഥാർഥ്യങ്ങളിൽ വേരുറച്ചതുമാണ്". ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇന്ത്യയുടെ വിദേശനയത്തിന്റെ സവിശേഷതകൾ വിശദമാക്കുക,.

# 7 ഇന്ത്യ വികസനപാതയിൽ

സ്വാതന്ത്ര്യാനന്തരം ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ മറ്റു ലോകരാജ്യങ്ങൾക്കിടയിൽ പ്രധാനസ്ഥാനം നേടിയത് നാം കണ്ടുവല്ലോ. വികസനത്തിന്റെ അടിത്തറ രൂപപ്പെടുത്താൻ വീണ്ടും പലവിധ ശ്രമങ്ങൾ വേണ്ടിവന്നിട്ടുണ്ട്. അവയെന്തെല്ലാമെന്ന് പരിശോധിക്കാം.

## കാർഷികമേഖല

ഒരു കാർഷികരാജ്യമാണ് ഇന്ത്യ. കാർഷികരംഗത്തെ പുരോഗതി ഇന്ത്യയുടെ പുരോഗതിക്ക് അനിവാര്യമായിരുന്നു. സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരുന്നപ്പോൾത്തന്നെ ഇന്ത്യയുടെ പലഭാഗത്തും കർഷകസമരങ്ങൾ നടക്കുന്നുണ്ടായിരുന്നു. പിന്നീട് ഇന്ത്യയുടെ കാർഷിക പുരോഗതിക്ക് വഴിതെളിച്ച അത്തരം സമരങ്ങളിൽ ചിലത് ഏതൊക്കെയാണെന്നു നോക്കൂ.

### തെലുങ്കാന കർഷകസമരം

ഹൈദരാബാദ് സംസ്ഥാനത്തിലെ തെലുങ്കാനാ മേഖലയിൽ ജാഗിർദാർമാരും ദേശമുഖ്യന്മാരും കർഷകരെ അടിച്ചമർത്തിയിരുന്നു. ഇതിനെതിരെ കർഷകർ സംഘടിച്ചതാണ് തെലുങ്കാന കർഷകസമരത്തിന് അടിസ്ഥാനമായി മാറിയത്. 1947 – 48 കാലഘട്ടത്തിൽ നൽഗൊണ്ട, വാറംഗൽ, ഖമ്മം എന്നീ ജില്ലകളിൽ ഒരു കർഷക ആധിപത്യമേഖല സൃഷ്ടിക്കാൻ അവർക്കു കഴിഞ്ഞു. ഭൂവുടമകൾ ഭൂമി ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് പലായനം ചെയ്തു. ഭൂവുടമകളിൽ നിന്ന് പിടിച്ചെടുത്ത ഭൂമിയും കൃഷിചെയ്യാതെ കിടന്നിരുന്ന സർക്കാർ ഭൂമിയും അങ്ങനെ ഭൂരഹിതർക്ക് ലഭിച്ചു. കർഷകരും ഇന്ത്യൻ സൈന്യവും തമ്മിലൊരു ഏറ്റുമുട്ടലിന് ഇത് സാഹചര്യമൊരുക്കി.

### പാട്യാല – മുസാറ പ്രസ്ഥാനം

പഞ്ചാബിലെ ഏറ്റവും വലിയ നാട്ടുരാജ്യമായിരുന്ന പാട്യാലയിൽ സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് കർഷകർ ഒരു പ്രക്ഷോഭത്തിനു നടുവിലായിരുന്നു. സ്വാതന്ത്ര്യാനന്തരം പാട്യാല ഇന്ത്യൻ യൂണിയനിൽ ലയിച്ചു. അതിനുശേഷവും കർഷകരുടെ സ്ഥിതിയിൽ പുരോഗതിയൊന്നുമുണ്ടായില്ല. ഭൂവുടമകൾ അവർക്കെ

തിരെ സായുധവിഭാഗങ്ങളെ സംഘടിപ്പിച്ചു. തുടർന്ന് കർഷകരും പ്രതിരോധ സംഘങ്ങൾക്ക് രൂപം നൽകി. ഇത് കർഷകരും പോലീസുമായുള്ള ഏറ്റുമുട്ടലിന് കാരണമായി.

ഇന്ത്യയുടെ പലഭാഗങ്ങളിലും ഇത്തരം കർഷകസമരങ്ങൾ നടന്നിട്ടുണ്ട്. ഇവയുടെ സമ്മർദഫലമായിട്ടാണ് ഭൂപരിഷ്കരണ നിയമങ്ങൾ കൊണ്ടുവരാൻ ഇന്ത്യാസർക്കാർ ശ്രമിച്ചത്. മാത്രമല്ല സമ്പത്തും ഉൽപാദനോപാധികളും ചിലവ്യക്തികളിൽ കേന്ദ്രീകരിക്കുന്നത് തടയണമെന്ന് നമ്മുടെ ഭരണഘടനയിലെ നിർദേശകതത്ത്വങ്ങളിൽ പറഞ്ഞിരുന്നു. അതെന്തിനെയാണ് സൂചിപ്പിക്കുന്നത്?

- ഇന്ത്യയിൽ ഭൂമി ചില വ്യക്തികളിൽ കേന്ദ്രീകരിച്ചിരുന്നു.
- കർഷകർക്ക് അവ വീതിച്ചു നൽകിയില്ലെങ്കിൽ സാമൂഹ്യനീതിയും രാജ്യപുരോഗതിയും നേടാനാവില്ല.

ഇതിന്റെ അടിസ്ഥാനത്തിലാണ് സ്വാതന്ത്ര്യത്തിനുശേഷം ഭൂപരിഷ്കരണ പ്രക്രിയ ആരംഭിച്ചത്.

### ഭൂപരിഷ്കരണ നിയമങ്ങൾ

1949 ൽ കേന്ദ്രസർക്കാർ ജാഗിർദാരി സമ്പ്രദായം അവസാനിപ്പിച്ചു. ആ വർഷംതന്നെ സെമീന്ദാരിസമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള ബില്ലുകൾ ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബീഹാർ, മദ്രാസ്, ആസാം, ബോംബെ തുടങ്ങിയ പ്രവിശ്യകളിൽ കൊണ്ടുവന്നു. ഇത് കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടു. തുടർന്ന് 1951, 1955 വർഷങ്ങളിൽ ഒന്നും നാലും ഭരണഘടനാഭേദഗതികളിലൂടെ സെമീന്ദാരി സമ്പ്രദായം അവസാനിപ്പിക്കുന്ന നിയമം നടപ്പാക്കാൻ സംസ്ഥാന നിയമനിർമാണസഭകൾക്ക് അധികാരം ലഭിച്ചു.

1956-ൽ മിക്ക പ്രവിശ്യകളിലും സെമീന്ദാരി സമ്പ്രദായം അവസാനിപ്പിക്കുന്ന നിയമങ്ങൾ വന്നു. രണ്ട് കോടിയോളം കുടിയാന്മാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചു. ഭൂവുടമകളിൽ നിന്ന് നേരിട്ട് കുടിയാന്മ നേടിയിരുന്ന കുടിയാന്മാരിലെ ഉയർന്ന വർഗത്തിനാണ് കൂടുതൽ നേട്ടമുണ്ടായത്. കുടിയാന്മാർക്ക് രേഖകളില്ലാതിരുന്നിടത്ത് ഭൂവുടമകൾ അവരെ ഭൂമിയിൽ നിന്നൊഴിപ്പിച്ചു.

### കുടിയായ്മാ പരിഷ്കാരങ്ങൾ

സെമീന്ദാരി സമ്പ്രദായം അവസാനിപ്പിച്ചുവെങ്കിലും പലരീതിയിലും കുടിയാന്മ തുടർന്നുപോന്നു. സ്ഥിരമായി കൃഷി ചെയ്തുവരുന്ന ഭൂമിയിൽ കുടിയാന് കൈവശാവകാശം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കുടിയാന്മാ പരിഷ്കാരങ്ങൾ നടപ്പിലാക്കി. ഇതിലൂടെ കുറച്ചുപേർക്ക് നേട്ടമുണ്ടായെങ്കിലും എല്ലാ കുടിയാന്മാർക്കും ഭൂമിയിൽ കൈവശാവകാശം ലഭിച്ചില്ല. ഭൂവുടമകളും റവന്യു ഉദ്യോഗസ്ഥരും ചേർന്ന് പലയിടത്തും കുടിയാന്മാരുടെ അവകാശങ്ങൾ അട്ടിമറിച്ചു.

### ഭൂപരിധി നിശ്ചയിക്കൽ

"ഭൂപരിഷ്കാരത്തിന്റെ അനിശ്ചിതാവസ്ഥ ഒഴിവാക്കാനും കർഷകന് സ്ഥിരത നൽകാനും ഇപ്പോഴുള്ളതും ഭാവിയിലുണ്ടാകാവുന്നതുമായ കൈവശഭൂമിക്ക് പരിധി നിശ്ചയിക്കണം. ഇതിനുവേണ്ട നിയമനിർമാണങ്ങൾ 1959 അവസാനത്തോടെ എല്ലാ സംസ്ഥാനങ്ങളും പൂർത്തീകരിച്ചിരിക്കണം." നാഗ്പൂർ സമ്മേളനത്തിൽ വച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞിരുന്നതാണിത്.

സംസ്ഥാനങ്ങൾ ഭൂപരിധി നിശ്ചയിക്കുന്നതിനുവേണ്ടി വ്യത്യസ്ത നിയമങ്ങൾ നടപ്പിലാക്കി. മിച്ചഭൂമി കണ്ടെത്തി പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്നും ഭൂരഹിതർക്ക് അത് വിതരണം ചെയ്യണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ നിയമത്തിലെ പോരായ്മകൾ കാരണം മിക്ക ഭൂവുടമകളും രക്ഷപ്പെട്ടു.

ഭൂവിതരണ പ്രക്രിയയിൽ തടസ്സമുണ്ടായപ്പോൾ പശ്ചിമബംഗാളിലെ നക്സൽ ബാരിയി

ലും ആന്ധ്രയിലെ ശ്രീകാകുളത്തും കർഷകരും ആദിവാസികളും സായുധകലാപത്തിനിറങ്ങി. ഇത് സംസ്ഥാന ഭരണകൂടങ്ങളുമായുള്ള ഏറ്റുമുട്ടലിന് കാരണമാകുകയും സമരങ്ങൾ അടിച്ചമർത്തപ്പെടുകയും ചെയ്തു. എങ്കിലും ഭൂവിതരണ പ്രക്രിയ ത്വരിതപ്പെടുത്താൻ ഇതു കാരണമായി.

പിന്നീട് ഭൂപരിധി നിശ്ചയിക്കാൻ നടന്ന ശ്രമങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

- 1971 നുശേഷം കൈവശഭൂമിയുടെ പരിധിയിൽ കുറവുവരുത്തി പുതിയ നിയമങ്ങൾ കൊണ്ടുവരാൻ കേന്ദ്രഭൂപരിഷ്കരണ കമ്മിറ്റി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു.
- ഭൂരിഭാഗം സംസ്ഥാനങ്ങളിലും പുതിയ നിയമങ്ങൾ കൊണ്ടുവന്നു. ഇതിനെയെല്ലാം ഭൂവുടമകൾ കോടതിയിൽ ചോദ്യം ചെയ്തു.
- 1974 ൽ 34-ാം ഭരണഘടനാ ഭേദഗതിയിലൂടെ പുതിയ നിയമങ്ങളെ ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തി. ഭൂപരിധി നിയമങ്ങൾ അങ്ങനെ കോടതിയിൽ ചോദ്യം ചെയ്യപ്പെടാനാവാത്തതായി മാറി.

ഇതിലൂടെ ഭൂരിഹിതരായ ധാരാളം പേർക്ക് മിച്ചഭൂമി കണ്ടെത്തി നൽകാൻ കഴിഞ്ഞു.

**ഭൂദാൻ പ്രസ്ഥാനം**

*പ്രസിദ്ധ ഗാന്ധിയൻ ആചാര്യവിനോബാ ഭാവെയാണ് ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഭൂപരിഷ്കരണമായിരുന്നു ലക്ഷ്യം. ഭൂപരിഷ്കരണം സാധ്യമാക്കാനും അക്രമരഹിത സാമൂഹ്യ പരിവർത്തനത്തിനുംവേണ്ടി 'സർവോദയ സംഘം' എന്ന ഒരു സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. ഗ്രാമങ്ങൾതോറും സഞ്ചരിച്ച് കൈവശഭൂമിയുടെ ആറിലൊന്നെങ്കിലും ഭൂദാനത്തിനായി നൽകാൻ വിനോബാഭാവെ ഭൂവുടമകളോട് അഭ്യർഥിച്ചു. ആദ്യവർഷങ്ങളിൽ ഇതൊരു വൻ വിജയമായിരുന്നു. 1956 നുശേഷം ഭൂദാൻ പ്രസ്ഥാനത്തിലൂടെ അധികം ഭൂവിതരണം നടന്നിട്ടില്ല.*

കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമത്തിന്റെ പ്രത്യേകതകളെക്കുറിച്ച് കേരളത്തെ സംബന്ധിക്കുന്ന അധ്യായങ്ങളിൽ പറയുന്നത് ശ്രദ്ധിക്കുമല്ലോ.

### കാർഷിക വളർച്ചയും ഹരിത വിപ്ലവവും

സ്വാതന്ത്ര്യാനന്തരം ഭക്ഷ്യവസ്തുക്കൾക്ക് വിദേശരാജ്യങ്ങളെ ആശ്രയിച്ചിരുന്ന രാജ്യമാണ് ഇന്ത്യ. കാർഷിക മേഖലയിലെ നിരവധി പ്രവർത്തനങ്ങളിലൂടെ ഇന്ത്യയ്ക്ക് പിന്നീടുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്നു നോക്കാം.

✸ *കാർഷികപുരോഗതിക്ക് അടിത്തറയാകുവാൻ നിരവധി വൻകിട അണക്കെട്ടുകൾ ഇന്ത്യ നിർമിച്ചിരുന്നു. അവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കൂ.*

ഭക്ഷണത്തിനുവേണ്ടി മറ്റു രാജ്യങ്ങളെ ആശ്രയിക്കുന്നത് ഒരു കാർഷികരാജ്യത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കും. അതിനാൽ പ്രധാനമന്ത്രിമാരായ ജവഹർലാൽ നെഹ്റുവും ലാൽബഹാദൂർ ശാസ്ത്രിയും ഇന്ദിരാഗാന്ധിയും കാർഷിക രംഗത്ത് അടിസ്ഥാന മാറ്റങ്ങൾ കൊണ്ടുവരുന്നതിനെ പിന്തുണച്ചു. പുതിയൊരു കാർഷിക നയത്തിന് അങ്ങനെ രൂപം നൽകുകയുണ്ടായി. അതിന്റെ സവിശേഷതകളെന്തെല്ലാമെന്നു നോക്കാം.

- ഉയർന്ന ഗുണമേന്മയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുക.
- രാസവളങ്ങളും കാർഷിക യന്ത്രങ്ങളും ഉപയോഗിക്കുക.
- ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കുക.
- മണ്ണുപരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- കാർഷിക വായ്പകൾ അനുവദിക്കുക.
-
-

കർഷകന് കൃഷിഭൂമിയിൽ ഉടമാവകാശം നൽകിയ ഭൂപരിഷ്കാര നിയമങ്ങൾ നടപ്പിലാക്കിയതിനുശേഷമാണ് ഹരിതവിപ്ളവത്തിന്റെ കാലം വരുന്നത്. പൊതുമേഖലയിൽ നേരിട്ട് കൃഷിയില്ലാതിരുന്നതിനാൽ ഉൽപാദനവർധനവ് സാധ്യമാകണമെങ്കിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തണമായിരുന്നു. അതിനവരെ സജ്ജരാക്കാൻ ഭൂപരിഷ്കരണം ഒട്ടൊക്കെ സഹായിച്ചിട്ടുണ്ട്.

ഇങ്ങനെ കാർഷിക രംഗത്ത് ഹരിത വിപ്ളവമെന്ന കുതിച്ചു ചാട്ടത്തിന് ലക്ഷ്യമിട്ടു. കാർഷികോൽപന്നങ്ങൾക്ക് സ്ഥിരതയുള്ള വിലനിലവാരം ഉറപ്പുവരുത്താൻ വേണ്ട നടപടികളും കൈക്കൊണ്ടു. തന്മൂലം ഭക്ഷ്യോൽപാദനത്തിൽ വൻ വർധനവുണ്ടായി. 1980 കൾ ആയപ്പോഴേക്കും 30 ദശലക്ഷം കോടി ടൺ ഭക്ഷ്യസാധനങ്ങൾ മിച്ചം വരുന്ന തരത്തിൽ ഇന്ത്യ ഭക്ഷ്യസ്വയം പര്യാപ്തത കൈവരിച്ചു. ഹരിത വിപ്ളവത്തിനു മുമ്പ് ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ അതിനുശേഷം ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യാനാരംഭിച്ചു.

ഭക്ഷ്യക്ഷാമത്തിൽനിന്ന് ഭക്ഷ്യസ്വയം പര്യാപ്തതയിലേക്കുള്ള വളർച്ച ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ, തൊഴിൽ തുടങ്ങിയ രംഗങ്ങളിൽ എന്തൊക്കെ പരിവർത്തനങ്ങളായിരിക്കും വരുത്തിയിട്ടുണ്ടാവുക? വിവരങ്ങൾ ശേഖരിച്ച് അന്വേഷണക്കുറിപ്പുകളിൽ ചേർക്കുക.

## സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം

ധാരാളം സഹകരണസ്ഥാപനങ്ങളെക്കുറിച്ച് നമുക്കറിയാം. സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിക്കാൻ സ്വാതന്ത്ര്യാനന്തരം ദേശീയ നേതാക്കന്മാർ തീരുമാനിച്ചതോടെയാണ് അത്തരം സ്ഥാപനങ്ങൾ നിലവിൽ വന്നത്. ഇന്ത്യയിലെ ദരിദ്രരെയും കർഷകരെയും പുരോഗതിയിലേക്കു നയിക്കുവാൻ അതു സഹായിക്കുമെന്ന് മഹാത്മാഗാന്ധി, ജവഹർലാൽനെഹ്റു എന്നിവർ വിശ്വസിച്ചിരുന്നു. സഹകരണ സംഘങ്ങൾ ഗ്രാമീണ ഇന്ത്യയുടെ വികസനത്തിൽ ചെലുത്തിയ സ്വാധീനം എന്താണെന്നു നോക്കാം.

- മേന്മയേറിയ വിത്തിനങ്ങൾ, ആധുനിക കാർഷികോപകരണങ്ങൾ, കുറഞ്ഞ ചെലവിലുള്ള വളങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതിന് സഹായിച്ചു.
- കർഷകരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സഹായിച്ചു.
- ഹരിതവിപ്ളവം വിജയകരമാക്കുന്നതിൽ വലിയ പങ്കു വഹിച്ചു.
- 
- 

**ക്ഷീരവിപ്ളവം (ധവള വിപ്ളവം)**

കൃഷിയും കാലിസമ്പത്തും പരസ്പരപൂരകങ്ങളാണ്. അത് ക്ഷീരവിപ്ളവത്തിന് പ്രചോദനമായി മാറിയതെങ്ങനെയായിരിക്കും.?

ഗുജറാത്തിലെ ആനന്ദ് എന്ന ചെറുനഗരത്തിൽ 1946 - ൽ ഖേദ ജില്ലാസഹകരണ പാലുല്പാദക യൂണിയൻ സ്ഥാപിച്ചു. അത് ഗുജറാത്തിലെ ക്ഷീരകർഷകർക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്താൻ സഹായിച്ചു. 'അമുൽ' എന്ന പേരിൽ ഇന്ത്യയിലെമ്പാടും പ്രചാരം നേടിയ പാൽപ്പൊടി ഉൽപാദനമാരംഭിച്ചത് ഈ യൂണിയനാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിക്കാൻ ഗുജറാത്തിലെ വിജയം പ്രചോദനമായി. അതിനുവേണ്ടി 1965-ൽ ദേശിയ ക്ഷീര വികസന ബോർഡ് രൂപീകരിച്ചു. 1995 ആയപ്പോഴേക്കും ക്ഷീരസംഘങ്ങളിലൂടെ 3400 കോടിയോളം രൂപ ക്ഷീരകർഷകർക്ക് വരുമാനം ലഭിച്ചു. വളരെ പാവപ്പെട്ട ജനങ്ങൾക്കാണ് ഈ നേട്ടമുണ്ടായത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ വലിയ വിജയങ്ങളിലൊന്നായ ഇത് ക്ഷീരവിപ്ളവമെന്ന പേരിലറിയപ്പെടുന്നു.

✸ *കേരളത്തിലെ ക്ഷീര കർഷകരുടെ സഹകരണസ്ഥാപനമായ 'മിൽമ'യെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൂ.*

## വ്യവസായ മേഖല

കാർഷികമേഖലയോടൊപ്പം വ്യവസായമേഖലയും ഒരു രാജ്യത്തിന്റെ പുരോഗതിയിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്. വ്യവസായ ശാലകളെ 'ആധുനിക ഭാരതത്തിന്റെ ക്ഷേത്രങ്ങൾ' എന്ന് വിശേഷിപ്പിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം? നിങ്ങളുടെ നിഗമനങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.

സ്വാതന്ത്ര്യത്തിനുശേഷം ആദ്യ ദശകങ്ങളിൽ വൻകിട വ്യവസായങ്ങളിൽ മുതൽ മുടക്കാൻ കഴിയുന്നവർ ഇന്ത്യയിലുണ്ടായിരുന്നില്ല. വിദേശമൂലധനം സ്വീകരിക്കുന്നതിൽ ചില നിയന്ത്രണങ്ങളും അന്ന് ഉണ്ടായിരുന്നു. സ്വാതന്ത്ര്യത്തിന്റെ ബാലാരിഷ്ടതകൾ മൂലം പ്രതിസന്ധികളുണ്ടായിരുന്നതിനാൽ ഇന്ത്യയിൽ മുതൽ മുടക്കാൻ വിദേശികൾക്ക് താൽപര്യമുണ്ടായിരുന്നില്ല. അതിനാൽ പൊതുമേഖലയ്ക്ക് വ്യവസായവികസനത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നു.

നെഹ്റു ആവിഷ്കരിച്ച വികസന മാതൃകയാണ് വ്യവസായ രംഗത്ത് 1985 വരെ നാം പിന്തുടർന്നത്. തന്ത്രപ്രധാനമായ വ്യവസായ സംരംഭങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കണമെന്ന് നിശ്ചയിച്ചിരുന്നു. സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണാധികാരം പൊതുമേഖലയിലായിരിക്കണമെന്ന സോഷ്യലിസ്റ്റ് ആശയമാണ് അദ്ദേഹം പിൻതുടർന്നത്. സോവിയറ്റ് യൂണിയൻ, ബ്രിട്ടൻ, ജർമനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ സാമ്പത്തിക - സാങ്കേതിക സഹായത്തോടെ സർക്കാർ ഉടമസ്ഥതയിൽ വൻവ്യവസായ സംരംഭങ്ങൾ ആരംഭിച്ചത് അതിനാലാണ്. ഏതൊരു രാഷ്ട്രത്തിന്റെയും വ്യവസായ വികസനത്തിന് അടിത്തറയൊരുക്കുന്നത് ഇരുമ്പുരുക്ക് വ്യവസായങ്ങളും പെട്രോകെമിക്കൽസ് വ്യവസായങ്ങളുമാണ്. സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട അത്തരം വ്യവസായ ശാലകളുടെ ഒരു പട്ടിക തയാറാക്കുമല്ലോ.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യദശകങ്ങളിൽ പൊതുമേഖല കൈവരിച്ച നേട്ടങ്ങളെന്തെല്ലാമെന്നു നോക്കാം.

- പെട്രോളിയം, ഉരുക്ക്, ഖനി, വൈദ്യുതോൽപാദനം, പെട്രോക്കെമിക്കൽസ് എന്നീ വ്യവസായങ്ങളിൽ പൊതുമേഖല വൻ നേട്ടങ്ങളുണ്ടാക്കി.
- കാർഷികവ്യവസായങ്ങൾ, ഉപഭോഗസാധനങ്ങളുടെ ഉൽപാദനം, വിദേശവ്യാപാരം എന്നിവയിലും പൊതുമേഖല ശ്രദ്ധേയമായ പങ്കുവഹിച്ചു.
- ഇറക്കുമതിയെ ആശ്രയിക്കുന്ന അവസ്ഥയിൽ കുറവുണ്ടായി.
- 
- 

## വിദ്യാഭ്യാസ പുരോഗതി

ദേശിയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ തന്നെ ഇന്ത്യയുടെ ഭാവിവിദ്യാഭ്യാസരീതി എങ്ങനെയായിരിക്കണമെന്ന് വിപുലമായ ചർച്ച നടന്നിരുന്നു. ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ബഹിഷ്കരിക്കാൻ ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയനേതാക്കൾ ആഹ്വാനം ചെയ്തിട്ടുണ്ട്. ധാരാളം സ്വദേശി വിദ്യാലയങ്ങൾ ആ കാലഘട്ടത്തിൽ ആരംഭിച്ചിരുന്നു. ഗാന്ധിജി ഇന്ത്യയ്ക്കാകെ നിർദേശിച്ച വിദ്യാഭ്യാസമാതൃകയാണ് 'വാർധാപദ്ധതി' അഥവാ അടിസ്ഥാന വിദ്യാഭ്യാസം. അതിന്റെ സവിശേഷതകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.

**പുരോഗതിയുടെ പടവുകൾ**

നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം 6 വയസ്സിനും 14 വയസ്സിനും മധ്യേയുള്ള

കുട്ടികളുടെ മൗലികാവകാശമാണെന്ന് 2001-ലെ ഭരണഘടനാഭേദഗതി പ്രഖ്യാപിച്ചു.

ഇത് പെട്ടെന്നുണ്ടായ ഒരു മാറ്റമല്ല. സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസ കാര്യങ്ങൾക്ക് സർക്കാർ നൽകി വന്ന പ്രാധാന്യത്തിന് ഉദാഹരണമാണ്.

വിദ്യാഭ്യാസ പരിഷ്കരണ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് സ്വതന്ത്ര ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട പ്രധാന കമ്മിഷനുകൾ ഏതെല്ലാമാണെന്ന് പരിശോധിക്കാം.

☆ 1948-49ൽ ഡോ. എസ്. രാധാകൃഷ്ണൻ ചെയർമാനായുള്ള യൂണിവേഴ്സിറ്റി വിദ്യാഭ്യാസ കമ്മിഷൻ

☆ 1952ൽ ലക്ഷ്മണസ്വാമി മുതലിയാർ ചെയർമാനായുള്ള സെക്കണ്ടറി വിദ്യാഭ്യാസ കമ്മിഷൻ

☆ 1964-66ൽ ഡോ. ഡി.എസ്. കോത്താരി ചെയർമാനായുള്ള വിദ്യാഭ്യാസ കമ്മിഷൻ.

☆ പ്രൊഫ. യശ്പാൽ ചെയർമാനായിട്ടുള്ള കമ്മിറ്റി.

☆

നവോദയാ വിദ്യാലയങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ. 1986-ൽ രാജീവ്ഗാന്ധി നടപ്പിലാക്കിയ പുതിയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായാണ് നവോദയാ വിദ്യാലയങ്ങൾ ആരംഭിച്ചത്. കോത്താരി കമ്മിഷന്റെ റിപ്പോർട്ടാണ് പുതിയ നയത്തിന് അടിത്തറയായത്. പ്രൈമറി വിദ്യാഭ്യാസത്തിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന 'ഓപ്പറേഷൻ ബ്ലോക് ബോർഡ്' പദ്ധതിയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും (വൊക്കേഷണൽ സ്കൂളുകൾ) ആരംഭിച്ചത് പുതിയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. റേഡിയോ, ടെലിവിഷൻ എന്നീ മാധ്യമങ്ങളെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാരംഭിച്ചു. സംസ്ഥാനാടിസ്ഥാനത്തിൽ വിദ്യാഭ്യാസഗവേഷണത്തിനും പരിശീലനത്തിനും വേണ്ടി സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (SCERT), ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (DIET) എന്നിവ ആരംഭിച്ചതും പുതിയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായാണ്. പിന്നീട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തുന്നതിനും പഠനഭാരം ലഘൂകരിക്കുന്നതിനും നിർദേശങ്ങൾ സമർപ്പിച്ചത് പ്രൊഫ. യശ്പാലിന്റെ നേതൃത്വത്തിലുള്ള കമ്മിഷനാണ്.

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനമാറ്റങ്ങളുണ്ടാക്കുന്നതിന് ദേശിയതലത്തിൽ ആവിഷ്കരിച്ച പദ്ധതികളാണ് അവശ്യപഠന നിലവാര പദ്ധതി (MLL), ഡിസ്ട്രിക്റ്റ് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം (DPEP), സർവ ശിക്ഷാ അഭിയാൻ (SSA) എന്നിവ.

1951 – ൽ 27 സർവകലാശാലകളും 578 കോളേജുകളുമാണ് ഇന്ത്യയിലുണ്ടായിരുന്നത്. ഇന്ന് ഏകദേശം 250 യൂണിവേഴ്സിറ്റികളും 11,000 കോളേജുകളും ഉണ്ട്.ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് മെഡിക്കൽകോളേജുകളും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഐ.ഐ.ടി. കൾ ഉൾപ്പെടെയുള്ള എഞ്ചിനീയറിങ് സ്ഥാപനങ്ങളും മാനേജ്മെന്റ് വിദ്യാഭ്യാസരംഗത്ത് ഐ.ഐ.എം. സ്ഥാപനങ്ങളും ഇന്ന് ഇന്ത്യയിലുണ്ട്. അവയിൽ പലതും ലോകനിലവാരമുള്ള സ്ഥാപനങ്ങളാണ്.

വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളെ നിയന്ത്രിക്കുന്നതിനും നയങ്ങൾ രൂപീകരിക്കുന്നതിനും വിവിധ ദേശീയസമിതികൾ (കേന്ദ്ര ഏജൻസികൾ) പ്രവർത്തിക്കുന്നുണ്ട്. അവ ഏതെല്ലാമെന്നു നോക്കാം.

☆ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ (UGC)

☆ നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT)

☆ ഓൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ (AIMC)

☆ ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE)

☆ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)

☆ ഓൾ ഇന്ത്യാ ബാർ കൗൺസിൽ (AIBC)

☆ നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC)

☆

ഇവയുടെ പ്രധാന ചുമതലകളെന്തെല്ലാമെന്നു കണ്ടെത്തി അന്വേഷണക്കുറിപ്പുകളിൽ ചേർക്കുക.

വിദ്യാഭ്യാസമേഖലയിൽ ഇത്രയും പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും സമ്പൂർണ സാക്ഷരത കൈവരിക്കാൻ നമുക്ക് സാധ്യമായിട്ടുണ്ടോ?

### ദേശീയ സാക്ഷരതാ പരിപാടി

നിരക്ഷരത രാജ്യത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കാറുണ്ട്. സ്വാതന്ത്ര്യാനന്തരം സാക്ഷരതാ പ്രവർത്തനത്തിന് മുൻതൂക്കം നൽകാൻ സർക്കാരുകളെല്ലാം ശ്രമിച്ചിരുന്നു. 1978 ഒക്ടോബർ രണ്ടിന് ദേശീയ വയോജന വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചു, 1988 ൽ ദേശീയ സാക്ഷരതാ മിഷൻ രൂപീകരിച്ചു. അതിന്റെ ഭാഗമായി സമ്പൂർണ സാക്ഷരതാ പ്രചാരണത്തിന് കളക്ടർമാരുടെ നേതൃത്വത്തിലുള്ള ജില്ലാ സാക്ഷരതാ സമിതികൾ രൂപീകരിച്ചു. 1951 ൽ 18.33% ആയിരുന്ന സാക്ഷരതാ നിരക്ക് 2001 ആയപ്പോഴേക്കും 65.38% ആയി വർധിച്ചു. ഇന്ത്യയെപ്പോലെ വൻജനസംഖ്യയുള്ള ഒരു രാജ്യത്തിന് വലിയൊരു നേട്ടമാണ് ഇത്.

## ശാസ്ത്ര പുരോഗതി

ആധുനിക കാലഘട്ടത്തിന്റെ തുടക്കത്തിൽ ശാസ്ത്ര സാങ്കേതിക രംഗത്ത് ഇന്ത്യ താരതമ്യേന പിന്നിലായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഈയവസ്ഥയ്ക്ക് കാര്യമായ മാറ്റം വന്നുതുടങ്ങി. ജഗദീഷ് ചന്ദ്ര ബോസ്, സി.വി. രാമൻ, എസ്.എൻ. ബോസ്, ശ്രീനിവാസ രാമാനുജൻ തുടങ്ങിയവർ ഇന്ത്യയെ ആധുനിക ശാസ്ത്രവഴികളിലേക്ക് നയിച്ചവരാണ്. ശാസ്ത്രസാങ്കേതിക പുരോഗതി കൈവരിക്കാൻ അർപ്പണബോധത്തോടെ ഇന്ത്യൻ ശാസ്ത്രജ്ഞൻമാർ പ്രവർത്തിച്ചു. 1942ൽ സ്ഥാപിച്ച ശാസ്ത്ര-വ്യാവസായിക ഗവേഷണ കൗൺസിൽ സ്വാതന്ത്ര്യാനന്തരം കൂടുതൽ വികാസം നേടി. ഇന്ത്യയിലെ ശാസ്ത്ര പുരോഗതിക്ക് നേതൃത്വം നൽകിയ ശാസ്ത്രജ്ഞൻമാർ ആരെല്ലാമെന്നു നോക്കാം.

ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവായി കരുതുന്നത് ഡോ. വിക്രം സാരാഭായിയെയാണ്.

ഹോമി. ജെ. ഭാഭയാണ് ആണവോർജ രംഗത്ത് ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയത്.

ഇന്ത്യൻ മിസൈലുകളുടെ പിതാവ് എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ് നമ്മുടെ രാഷ്ട്രപതിയായ എ.പി.ജെ. അബ്ദുൽകലാം.



✷ *ഇന്ത്യയുടെ ശാസ്ത്രപുരോഗതിക്ക് നേതൃത്വം നൽകിയ മറ്റു പ്രധാന ശാസ്ത്രജ്ഞൻമാരുടെ പേരുകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.*

**തുമ്പയും ബഹിരാകാശ ഗവേഷണവും**

*തിരുവനന്തപുരത്തെ തുമ്പ റോക്കറ്റ് വിക്ഷേപണകേന്ദ്രത്തിൽനിന്ന് 1963 നവംബർ 21 നാണ് ഇന്ത്യയിലെ ആദ്യ റോക്കറ്റ് വിക്ഷേപിച്ചത്. ദേശീയ ബഹിരാകാശ ഗവേഷണ സമിതി (ഇൻകോസ്പാർ) ആണ് അതിന് നേതൃത്വം നൽകിയത്. ഡോ. വിക്രം സാരാഭായി ആയിരുന്നു തലവൻ. ഇൻസാറ്റ് അടക്കമുള്ള കൃതിമോപഗ്രഹങ്ങൾ വിക്ഷേപിക്കാൻ അടിത്തറയൊരുക്കിയത് തുമ്പയിലെ ഗവേഷണങ്ങളാണ്.*



പി.എസ്. എൽ.വി. വിക്ഷേപണം

1958 ലെ ശാസ്ത്രനയത്തെ സംബന്ധിക്കുന്ന പ്രമേയം ശാസ്ത്രത്തെ 'ദേശീയപുരോഗതിക്കുള്ള താക്കോൽ' എന്നാണ് വിശേഷിപ്പിച്ചത്. ശാസ്ത്രം നമ്മുടെ ദേശീയപുരോഗതിയെ എത്രത്തോളം സഹായിച്ചു എന്ന് വിലയിരുത്തേണ്ടതല്ലേ. ബഹിരാകാശ ഗവേഷണരംഗത്തും മിസൈൽ സാങ്കേതിക വിദ്യയിലും വികസിത രാജ്യങ്ങളോടു കിടപിടിക്കുന്ന നേട്ടങ്ങൾ ഇന്ത്യയ്ക്കുണ്ടായിട്ടുണ്ട്. 1969 ആഗസ്റ്റ് 15 ന് ഇന്ത്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷൻ (ISRO) സ്ഥാപിച്ചതോടെ ഇന്ത്യ ഒരു കുതിച്ചുചാട്ടത്തിന് തുടക്കമിടുകയായിരുന്നു. 1972 ൽ ബഹിരാകാശ കമ്മിഷൻ നിലവിൽ വന്നു. ഇന്ത്യ ആദ്യം വിക്ഷേപിച്ച കൃതിമോപഗ്രഹം ഏതായിരുന്നു? എന്നാണത് വിക്ഷേപിച്ചത്? അവസാനമായി വിക്ഷേപിച്ച ഉപഗ്രഹം ഏതാണ്? വിവരങ്ങൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.

**ബുദ്ധൻ ചിരിക്കുന്നു**

*1974-ൽ രാജസ്ഥാനിലെ പൊഖ്റാനിൽ അണുസ്ഫോടനം നടത്തിക്കൊണ്ട് ഇന്ത്യ തങ്ങളുടെ ആണവശേഷി തെളിയിച്ചു. 'ബുദ്ധൻ ചിരിക്കുന്നു' എന്ന രഹസ്യനാമമായിരുന്നു ആ ദൗത്യത്തിന് നൽകിയത്. 1998-ൽ പൊഖ്റാനിൽ വീണ്ടും അണുസ്ഫോടനങ്ങൾ നടത്തുകയും ഒരു ആണവായുധ രാഷ്ട്രമായി ഇന്ത്യ സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.*

✷ *കൃത്രിമോപഗ്രഹങ്ങളുടെ പ്രയോജനങ്ങളെക്കുറിച്ച് 8-ാം ക്ലാസിൽ നാം ചർച്ച ചെയ്തതല്ലേ. നമ്മുടെ ഉപഗ്രഹങ്ങൾ തകരാറിലായാൽ ഇന്ത്യ എന്തൊക്കെ പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുമെന്ന് വിലയിരുത്തി ഒരു കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

### റോക്കറ്റും മിസൈലും

റോക്കറ്റ് വിക്ഷേപണരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ അതിശീത എൻജിൻ (ക്രയോ

ജനിക് എൻജിൻ) വികസിപ്പിച്ചെടുക്കുന്ന നിലയിലേക്ക് വളർന്നിരിക്കുന്നു. റോക്കറ്റിന് ധാരാളം തള്ളൽ ശക്തി നൽകി ഭാരം കൂടിയ വാർത്താവിനിമയ ഉപഗ്രഹങ്ങളെ ഭൂസ്ഥിരഭ്രമണപഥത്തിൽ എത്തിക്കുന്നതിന് അതിശീത എൻജിൻ ഘടിപ്പിച്ച റോക്കറ്റ് ആവശ്യമായിരുന്നു. ഇന്ന് അത്തരത്തിൽ വിക്ഷേപണ വാഹനമുള്ള ലോകത്തെ ആറാമത്തെ രാജ്യമാണ് ഇന്ത്യ.

മിസൈൽ സാങ്കേതിക വിദ്യയിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങൾ ഇന്ത്യയ്ക്കുണ്ടായി. സ്വാതന്ത്ര്യത്തിനു ശേഷം നിരവധി വിദേശ ആക്രമണങ്ങളെ നേരിടേണ്ടി വന്ന ഇന്ത്യ പ്രതിരോധ ആവശ്യത്തിനായാണ് മിസൈലുകൾ വികസിപ്പിച്ചത്. ഹ്രസ്വദൂര മിസൈലുകൾ മുതൽ 3000 കി.മീ. വരെ പോകാവുന്ന ദീർഘദൂര മിസൈലുകൾ വരെ ഇന്ന് ഇന്ത്യയ്ക്ക് ഉണ്ട്.

### മറ്റു നേട്ടങ്ങൾ

വികസിത രാജ്യങ്ങൾ കൈവരിച്ച നേട്ടങ്ങൾ മിക്കവയും ഇന്ന് ഇന്ത്യയിലും ലഭ്യമാണ്. സൂപ്പർ കമ്പ്യൂട്ടർ നിർമിക്കാനും ടെസ്റ്റ് ട്യൂബ് ശിശുക്കൾക്ക് ജന്മം നൽകാനും അതിസങ്കീർണമായ ഹൃദയശസ്ത്രക്രിയകൾ നടത്താനും ഇന്ന് ഇന്ത്യയിൽ സൗകര്യമുണ്ട്. വിദേശരാഷ്ട്രങ്ങളെ ആശ്രയിക്കാതെ ഗവേഷണത്തിലൂടെ പുതിയ മരുന്നുകൾ കണ്ടെത്താൻ നമുക്ക് കഴിയുന്നു. കാർഷിക രംഗത്ത് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ, രാസ വളങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിന് കാർഷിക രംഗത്തെ ഗവേഷണങ്ങൾ സഹായിച്ചിട്ടുണ്ട്. സങ്കരയിനം പശുക്കൾക്ക് ജന്മം നൽകാൻ കഴിഞ്ഞത് ക്ഷീരവിപ്ലവത്തെ പ്രോത്സാഹിപ്പിച്ചു. സമുദ്രാന്തർഭാഗത്തെ ഗവേഷണങ്ങൾ സമുദ്രവിഭവങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താൻ ഇന്ത്യയെ സഹായിച്ചു. മാത്രമല്ല, ചരിത്രപഠനത്തെ സഹായിക്കുന്ന മറൈൻ ആർക്കിയോളജി എന്ന പുതിയ ശാസ്ത്രശാഖ ആരംഭിക്കുകയും ചെയ്തു. വായനാസാമഗ്രികളിൽ നിന്ന് അവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുമല്ലോ. അതെല്ലാം പ്രയോജനപ്പെടുത്തി 'ഇന്ത്യയുടെ ശാസ്ത്രനേട്ടങ്ങൾ' എന്ന ഒരു ബുള്ളറ്റിൻ തയാറാക്കൂ. ശാസ്ത്രപുരോഗതിക്ക് ദൂഷ്യഫലങ്ങളുണ്ടോ എന്ന വിലയിരുത്തലും അതിന്റെ ഭാഗമായുണ്ടാകട്ടെ.

സ്വാതന്ത്ര്യം നേടിയ ശേഷം വിവിധ മേഖലകളിൽ ഇന്ത്യ പുരോഗതി കൈവരിച്ചുവെന്ന് നാം കണ്ടു. നമുക്ക് അത് എങ്ങനെയാണ് സാധ്യമായത്?

## ആസൂത്രണം ഇന്ത്യയിൽ

"ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഒരുപരിധി വരെ എല്ലാ പൗരന്മാർക്കും പങ്കാളിയാവാൻ അവസരം ലഭിക്കുന്ന ഒരു സാമൂഹ്യ പ്രക്രിയയായിരിക്കണം ആസൂത്രണം. ഭാവി വികസനത്തിന്റെ രീതി നിശ്ചയിക്കുന്നത് സമൂഹത്തിന്റെ ആവശ്യങ്ങളും പൊതുജനാഭിപ്രായവും കണക്കിലെടുത്തുകൊണ്ടാവണം" 1951 ജൂലായിൽ ആസൂത്രണ കമ്മീഷൻ തയാറാക്കിയ കരടുരേഖയിൽ പറഞ്ഞിരുന്നതാണിത്.

ആസൂത്രണത്തെക്കുറിച്ചും പഞ്ചവത്സര പദ്ധതികളെക്കുറിച്ചും മുൻക്ലാസുകളിൽ പരാമർശിച്ചിട്ടുണ്ടല്ലോ. ആസൂത്രണത്തെപ്പറ്റി സ്വാതന്ത്ര്യത്തിനുശേഷമല്ല നാം ചിന്തിച്ചുതുടങ്ങിയത്. സോവിയറ്റ് യൂണിയൻ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതി സ്വതന്ത്ര ഇന്ത്യയിലെ നേതാക്കളുടെ ശ്രദ്ധ ആകർഷിച്ചിരുന്നു. ധാതുവിഭവങ്ങൾ, റെയിൽവെ, ജലഗതാഗതം തുടങ്ങിയ വ്യാവസായിക-സേവന മേഖലകൾ പൊതുമേഖലയിലായിരിക്കണമെന്ന് 1931 ലെ പ്രശസ്തമായ കറാച്ചി പ്രമേയത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആവശ്യപ്പെട്ടു. 1938 ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ദേശീയ പ്ലാനിംങ് കമ്മിറ്റി രൂപീകരിച്ചു. ഇന്ത്യയുടെ സമഗ്രവികസനത്തിനുതകുന്ന പദ്ധതി

രൂപരേഖ ഈ കമ്മിറ്റി തയാറാക്കി. 1945-ൽ 'ബോംബെ പ്ലാൻ' എന്നു പ്രസിദ്ധമായ ഇന്ത്യയുടെ സാമ്പത്തിക വികസന പദ്ധതി തയാറാക്കി. ഇതിൽ പൊതുമേഖലയുടെ പ്രാധാന്യം എടുത്തുപറഞ്ഞിരുന്നു. ഈ അടിത്തറയിൽ നിന്നുകൊണ്ടാണ് സ്വാതന്ത്ര്യാനന്തരം പുതിയ ആസൂത്രണ കമ്മിഷൻ നിലവിൽ വരുന്നത്.

മിശ്രസമ്പദ് വ്യവസ്ഥയാണ് ആസൂത്രണ കമ്മിഷൻ ലക്ഷ്യമിട്ടത്. അതിന്റെ പ്രത്യേകതകൾ കണ്ടെത്തുമല്ലോ.

## പഞ്ചവത്സര പദ്ധതികൾ

ഇന്ത്യ വികസനത്തിന്റെ പാതയിലേക്കു ചുവടുവെച്ചത് പഞ്ചവത്സര പദ്ധതികളിലൂടെയാണ്. ആദ്യ മൂന്ന് പഞ്ചവത്സര പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്നു നോക്കാം

- ☆ ദേശീയ വാർഷികോൽപാദനം അരനൂറ്റാണ്ടു കൊണ്ടു നാലുമടങ്ങ് വർധിച്ചു.
- ☆ കാർഷികമേഖലയിൽ വാർഷികവളർച്ച സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുള്ളതിനെക്കാൾ ഏഴര ശതമാനം കൂടുതലുണ്ടായി.
- ☆ വ്യാവസായിക മേഖലയിലും ആ കാലയളവിൽ ഏഴര ശതമാനം വളർച്ചയുണ്ടായി.
- ☆ വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്രം സാങ്കേതികം എന്നീ മേഖലകളിലും വമ്പിച്ച പുരോഗതിയുണ്ടായി.

വിദേശസഹായം, സ്വകാര്യമൂലധനം എന്നിവ വളരെ കുറവായിരുന്ന സമയത്താണ് ഈ നേട്ടങ്ങൾ ഇന്ത്യയ്ക്കുണ്ടാകുന്നത്. ഇത് ഇന്ത്യയുടെ ആധുനിക വികസനത്തിന് അടിത്തറയായി മാറി.

1965-നും 1991-നും ഇടയിലുള്ള കാലഘട്ടത്തിൽ ഇന്ത്യയുടെ പഞ്ചവൽസര പദ്ധതികളുടെ തുടർച്ച ഇടയ്ക്കിടെ നഷ്ടമായി. വാർഷിക പദ്ധതികൾ, പാകിസ്ഥാനുമായുള്ള യുദ്ധങ്ങൾ, ഭരണമാറ്റങ്ങൾ, സാമ്പത്തിക പ്രതിസന്ധി എന്നിവ അതിനു കാരണമായി. പഞ്ചവൽസര പദ്ധതികൾ പ്രതീക്ഷിച്ച നേട്ടങ്ങൾ ഉണ്ടാക്കുന്നതിൽ വിജയിക്കാതിരുന്നത് അതിനാലാണ്. ആഭ്യന്തര മൊത്ത ഉൽപാദനത്തിലും വ്യവസായത്തിലും വളർച്ചാ നിരക്ക് വർധിച്ചെങ്കിലും പ്രതീക്ഷിച്ച നേട്ടമുണ്ടായില്ല.



മൂന്നാം പഞ്ചവത്സര പദ്ധതിരേഖയിൽ പ്ലാനിങ് കമ്മിഷൻ ചെയർമാൻ ജവഹർ ലാൽ നെഹ്റുവും ഡെപ്യൂട്ടി ചെയർമാൻ ഗുൽസാരിലാൽ നന്ദയും ഒപ്പു വയ്ക്കുന്നു

ഹരിത വിപ്ലവത്തിലൂടെ ഭക്ഷ്യസ്വയംപര്യാപ്തത കൈവരിച്ചതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും പ്രധാന നേട്ടം.

### അധികാര വികേന്ദ്രീകരണം

കേന്ദ്രീകൃത ആസൂത്രണത്തെക്കുറിച്ചാണ് നാമിതുവരെ ചർച്ച ചെയ്തത്. ഇതിന് ചില പോരായ്മകളില്ലേ? ന്യൂഡൽഹിയിൽ നടക്കുന്ന ആസൂത്രണത്തിന്റെ പ്രയോജനം ഇന്ത്യയുടെ എല്ലാ ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്കും ലഭിക്കേണ്ടതുണ്ട്. അതിന് ഭരണാധികാരം, ആസൂത്രണം, വികസനപദ്ധതികൾ എന്നിവയിൽ വികേന്ദ്രീകരണം ആവശ്യമായി വന്നു. പ്രാദേശികമായി അധികാരം ഉപയോഗിക്കാനും ആസൂത്രണം നടത്താനും വികസനപദ്ധതികൾ നടപ്പിലാക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആരംഭിക്കേണ്ടിവന്നത് അതിനാലാണ്.

ഗ്രാമസഭകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മുൻക്ലാസുകളിൽ ചർച്ച ചെയ്തതാണല്ലോ. വികേന്ദ്രീകൃത ആസൂത്രണത്തിന് നേതൃത്വം നൽകുന്നത് ത്രിതലപഞ്ചായത്ത് സംവിധാനമാണ്. ഇത് 'പഞ്ചായത്തീരാജ്' എന്ന പേരിൽ ഭരണഘടനയനുസരിച്ചുള്ള ഭരണസ്ഥാപനങ്ങളായത് 1993 ലെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്. സ്വാതന്ത്ര്യാനന്തരം പഞ്ചായത്ത് ഭരണസംവിധാനം പല രൂപത്തിലും നിലനിന്നിരുന്നുവെങ്കിലും കൃത്യമായ തിരഞ്ഞെടുപ്പുകൾ ഉണ്ടായിരുന്നില്ല. അധികാരങ്ങൾ വിനിയോഗിക്കാൻ ഇവയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. 1989 ൽ രാജീവ്ഗാന്ധിയാണ് ഇന്നു കാണുന്ന തരത്തിലുള്ള പഞ്ചായത്തീരാജ് സംവിധാനത്തിന് തുടക്കമിട്ടത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്വന്തമായ ധനാഗമമാർഗങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നു ലഭിക്കുന്ന പദ്ധതി വിഹിതങ്ങളും ഉപയോഗിച്ചാണ് പ്രാദേശിക വികസനപദ്ധതികൾ നടപ്പിലാക്കുന്നത്.

#### നയം മാറുന്നു

ആഗോളവൽക്കരണത്തെക്കുറിച്ച് നാം ധാരാളം കേൾക്കാറുണ്ടല്ലോ. ഇന്ത്യയിലെ ആഗോളവൽക്കരണത്തിന്റെ തുടക്കം പരിശോധിക്കാം.

ഇന്ത്യയുടെ സ്വാശ്രയസമ്പദ്‌വ്യവസ്ഥ പുതിയ കാലക്രമത്തിനിണങ്ങുന്നതല്ലെന്നും വിദേശ മൂലധനനിക്ഷേപം ആകർഷിക്കാതെ വികസനം അസാധ്യമാണെന്നും വാദങ്ങളുയർന്നു. ഇന്ത്യൻ വ്യവസായങ്ങളുടെ ഉൽപാദന ക്ഷമത കുറവായതിനാൽ ആധുനിക സാങ്കേതിക വിദ്യ കൂടുതൽ പ്രയോജനപ്പെടുത്തണം. സർക്കാരിന് പൊതുമേഖലയിൽ പണം മുടക്കാൻ കഴിയാതെ വന്നതിനാൽ സ്വകാര്യവൽക്കരണം ലക്ഷ്യമാക്കണം. ഈ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് 1991 ൽ പുതിയ സാമ്പത്തിക നയം സ്വീകരിച്ചത്. ആഗോളവൽക്കരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനാണ് ഈ നയം മാറ്റമെന്ന് സർക്കാർ പ്രഖ്യാപിച്ചു. ഇതിന്റെ പ്രധാന സവിശേഷതകളെന്തെല്ലാമെന്നു നോക്കാം.

- ☆ വ്യാപാര-വ്യവസായ നിയന്ത്രണങ്ങൾ ഉദാരമാക്കി.
- ☆ ഇറക്കുമതിനിയന്ത്രണം എടുത്തുകളഞ്ഞു.
- ☆ പൊതുമേഖലയുടെ ക്രമേണയുള്ള സ്വകാര്യവൽക്കരണം ലക്ഷ്യമിട്ടു.
- ☆ വ്യവസായലൈസൻസ് നയം അവസാനിപ്പിച്ചു.
- ☆ ബഹുരാഷ്ട്ര കുത്തകകൾക്കുള്ള നിയന്ത്രണം നീക്കം ചെയ്തു. നേരിട്ടുള്ള വിദേശനിക്ഷേപം പ്രോത്സാഹിപ്പിച്ചു.

പുതിയ സാമ്പത്തിക നയം ഇന്ത്യയെ സ്വാധീനിക്കുന്നതെങ്ങനെ? കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളെ അടിസ്ഥാനമാക്കി ഒരു ചർച്ച നടത്തൂ.

## സംഗ്രഹം

- ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനു വേണ്ടി നിരവധി കർഷകസമരങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുണ്ടായിട്ടുണ്ട്.
- സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സെമീന്ദാരീ സമ്പ്രദായം അവസാനിപ്പിക്കാനും കുടിയായ്മാ നിയമങ്ങൾ നടപ്പിലാക്കാനും കൈവശഭൂമിക്ക് പരിധി നിശ്ചയിക്കാനും സ്വതന്ത്രഭാരതത്തിലെ വിവിധ സർക്കാരുകൾ ശ്രമിച്ചിട്ടുണ്ട്.
- വിവിധ പഞ്ചവത്സര പദ്ധതികളിലൂടെ കാർഷിക വ്യാവസായിക മേഖലകളിൽ വലിയ പുരോഗതിയുണ്ടാവുകയും ഭക്ഷ്യസ്വയം പര്യാപ്ത നേടിയെടുക്കുകയും ചെയ്തു.
- സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിക്ക് നിരവധി കമ്മീഷൻ റിപ്പോർട്ടുകളും യു.ജി.സി., എൻ.സി.ഇ.ആർ.ടി., സാക്ഷരതാ മിഷൻ തുടങ്ങിയ ഏജൻസികളും സഹായിച്ചിട്ടുണ്ട്.
- ശാസ്ത്രരംഗത്ത് സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.
- സ്വതന്ത്ര ഇന്ത്യയിൽ വികസനത്തിന് അടിത്തറയായി മാറിയത് ആസൂത്രണ കമ്മിഷൻ രൂപീകരിച്ചതും പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചതുമാണ്.
- പൊതുമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയും സ്വകാര്യമേഖലയെ അംഗീകരിക്കുകയും ചെയ്യുന്ന മിശ്ര സമ്പദ്വ്യവസ്ഥയാണ് ആസൂത്രണ കമ്മിഷൻ ലക്ഷ്യമിട്ടത്.
- അധികാര വികേന്ദ്രീകരണപ്രക്രിയയിലെ ഒരു സുപ്രധാന നേട്ടമായിരുന്നു പഞ്ചായത്തിരാജ് നിയമം നടപ്പിലാക്കിയത്.
- 1991 മുതൽ ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനും പ്രാധാന്യം നൽകുന്ന തരത്തിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ കാതലായ മാറ്റങ്ങൾ വന്നിട്ടുണ്ട്.

## ചോദ്യങ്ങൾ

- ആസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ മുൻതൂക്കം നൽകിയ സമ്പദ് വ്യവസ്ഥയുടെ സവിശേഷതകൾ പരിശോധിക്കുക.
- ഇന്ത്യയിലെ കർഷക സമരങ്ങൾ, ഭൂപരിഷ്കരണ നിയമങ്ങൾ എന്നിവ ഹരിതവിപ്ലവത്തിന് പ്രചോദനമായ സാഹചര്യം വിലയിരുത്തുക.
- പഞ്ചായത്തീരാജ് നിയമം ഭരണ തലത്തിൽ വരുത്തിയ അടിസ്ഥാന മാറ്റങ്ങളെന്തെല്ലാം ?
- ശാസ്ത്രനേട്ടങ്ങൾ ദേശീയ പുരോഗതിയെ സഹായിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

# 8 മധ്യകാല കേരളം




മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം തിരുമാന്ധാംകുന്നു ക്ഷേത്രപരിസരത്തു കാണുന്ന ശിലാലിഖിതമാണിത്. ഇതിൽ സൂചിപ്പിച്ചിട്ടുള്ള മാമാങ്കം എന്തിനാണ് നടത്തിയിരുന്നത്? മാമാങ്കം കൊണ്ടാടിയിരുന്ന തിരുനാവായ ഏതു നദീതീരത്താണ് സ്ഥിതിചെയ്യുന്നത്?

### നിണമൊഴുകിയ മാമാങ്കങ്ങൾ

നദീതീര ഉത്സവമായിരുന്നു മാമാങ്കം. പന്ത്രണ്ടു വർഷത്തിലൊരിക്കൽ മാത്രം നടക്കുന്ന ഉത്സവം. രാജാവ്, നാട്ടുപ്രമാണികൾ, ബ്രാഹ്മണർ, നാനാദേശങ്ങളിൽനിന്നു വന്നെത്തുന്ന കച്ചവടസംഘങ്ങൾ, കലാകാരന്മാർ-തിരുനാവായ മണൽത്തിട്ട നിറഞ്ഞുകവിഞ്ഞ പുരുഷാരം. എങ്ങും ഉത്സാഹം, ആവേശം!

- ഇവിടെ പടവെട്ടിന് എന്തു പ്രസക്തി?

മാമാങ്കത്തിന്റെ നേതൃത്വത്തിനു പറയുന്നത് 'രക്ഷാപുരുഷസ്ഥാനം' എന്നാണ്.ഈ സ്ഥാനം വലിയ അംഗീകാരവും ബഹുമതിയുമായിരുന്നു.

വള്ളുവനാട്ടിലെ വള്ളുവക്കോനാതിരി രക്ഷാപുരുഷസ്ഥാനിയായിരിക്കേ കോഴിക്കോട് സാമൂതിരിക്ക് ഈ പദവി തട്ടിയെടുക്കാൻ മോഹമുണ്ടായി. എല്ലാംകൊണ്ടും ശക്തനായ സാമൂതിരിക്ക് വള്ളുവക്കോനാതിരിയെ തോല്പിച്ച് രക്ഷാപുരുഷസ്ഥാനത്തെത്താൻ പ്രയാസമുണ്ടായില്ല. വള്ളുവനാട്ടുകാരെ സംബന്ധിച്ചിടത്തോളം അവരുടെ ആത്മാഭിമാനത്തിനേറ്റ ഒരടിയായി ഈ സംഭവം മാറി. രക്ഷാപുരുഷനിരിക്കുന്ന 'നിലപാടുതറ'യിൽ നിന്നു സാമൂതിരിയെ പുറത്താക്കാൻ വള്ളുവനാട്ടിലെ ചാവേറുകൾ മാമാങ്കങ്ങളിലെത്തുന്നത് പതിവായി. ഇതോടെ മാമാങ്ക മണൽപ്പുറം ചോരയിൽ കുതിരാൻ തുടങ്ങി. മരണം സുനിശ്ചിതമാണെന്നറിഞ്ഞുകൊണ്ടു തന്നെ സാമൂതിരിപ്പടയെ നേരിട്ട് അവർ വീരചരമം പ്രാപിച്ചു.

✷ *മാമാങ്കകഥകളും പാട്ടുകളും ശേഖരിക്കൂ.*

മാമാങ്കത്തിന്റെ ചടങ്ങുകൾ എന്തെല്ലാമായിരുന്നു?

മാമാങ്കം ഏതു കാലഘട്ടം വരെ തുടർന്നു?

ശേഖരിച്ച വിവരങ്ങൾ അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

വള്ളുവനാട്ടിൽ മാത്രമായി ഒതുങ്ങുന്ന ഒരു വിഭാഗമായിരുന്നില്ല ചാവേറുകൾ.

**വിജയിക്കുക അല്ലെങ്കിൽ മരിക്കുക**

*A.D. പതിനൊന്നാം നൂറ്റാണ്ടോടു കൂടി കേരളത്തിൽ നിലവിൽ വന്ന സൈനിക വിഭാഗമാണ് ചാവേറ്റുപട. രാജാവിനെ അല്ലെങ്കിൽ നാടുവാഴിയെ യുദ്ധത്തിൽ സഹായിക്കുക എന്നതായിരുന്നു ചാവേറുകളുടെ പ്രധാന കർത്തവ്യം. പോർച്ചുഗീസുകാരെയും മറ്റും തോല്പിച്ച ചരിത്രം ചാവേറുകൾക്കുണ്ട്. സൈനികസേവനത്തിനു പുറമേ പോലീസായും സന്നദ്ധ ഭടന്മാരായും അങ്കപ്പോരാളികളായും അവർ പ്രവർത്തിച്ചിരുന്നു.*

**കുടിപക**

കുടിപ്പകകളിൽ നിന്നാകാം ചാവേർ സമ്പ്രദായം ആരംഭിച്ചിരിക്കുക. ഏറ്റുമുട്ടലിൽ ഒരാൾ മരിച്ചാൽ മരിച്ചയാളിന്റെ ബന്ധുക്കൾ കൊലചെയ്തവനോടും അവന്റെ കുടുംബാംഗങ്ങളോടും തലമുറകളോടുതന്നെയും നടത്തുന്ന പകപോക്കലുകളാണ് കുടിപ്പക.

ഇത്തരം കുടിപ്പകകൾ സമൂഹത്തെ ഏതെല്ലാം വിധത്തിൽ ബാധിച്ചിരിക്കും?

**തർക്കം തീർക്കാൻ അങ്കം**

അങ്കം എന്നത് രണ്ട് പോരാളികൾ തമ്മിലുള്ള പോരാട്ടമാണ്. തർക്കത്തിൽപ്പെട്ട കക്ഷികൾ ഓരോരുത്തരും താന്താങ്ങൾക്കുവേണ്ടി



കളരിപ്പയറ്റ്

അങ്കംവെട്ടാനുള്ള പോരാളികളെ ഏർപ്പാടു ചെയ്യും. പോരാളികൾ തമ്മിൽ നിശ്ചിത സ്ഥലത്ത്, നിശ്ചിത സമയത്ത് ഏറ്റുമുട്ടും. അങ്കത്തിൽ ജയിക്കുന്നവന്റെ കക്ഷിയാണ് തർക്കത്തിൽ ജയിച്ചതായി കണക്കാക്കുക. അങ്കപ്പോരു പലപ്പോഴും ഒരു പോരാളിയുടെ ജീവനാശത്തിലാണ് കലാശിക്കുക. അക്കാരണത്താൽ അങ്കപ്പോരാളികൾ വമ്പിച്ച തുക പ്രതിഫലമായി ഈടാക്കിയിരുന്നു. പോരാളികൾ തികഞ്ഞ അഭ്യാസികളായിരുന്നു. കളരികളിൽ നിന്നാണ് അവർ ആയുധപരിശീലനവും വിദ്യാഭ്യാസവും നേടിയിരുന്നത്.

✷ *വടക്കൻപാട്ടുകൾ ശേഖരിക്കൂ. ഈ പാട്ടുകളിൽ പ്രത്യക്ഷപ്പെടുന്ന പ്രധാന കഥാ*

*പാത്രങ്ങൾ, അങ്കം കുറിക്കൽ ചടങ്ങുകൾ, പയറ്റുരീതികൾ, മുറകൾ, പയറ്റ് ആയുധങ്ങൾ, നാടുവാഴിയുടെ സ്ഥാനം, സ്ത്രീകളുടെ പദവി, കുടിപ്പകകൾ, ഉത്സവങ്ങൾ തുടങ്ങിയവ പരിശോധിച്ച് 'വടക്കൻപാട്ടുകളിലെ സാമൂഹ്യജീവിതം' എന്നൊരു പതിപ്പ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ തയാറാക്കൂ.*

കുടിപ്പകയും ചാവേറുകളും മാമാങ്കവും അങ്കവും പയറ്റും കളരിയും നിലനിന്നിരുന്ന ഒരു സമൂഹമായിരുന്നു മധ്യകാല കേരളത്തിലുണ്ടായിരുന്നത്. ആ സമൂഹത്തിന്റെ ഉൽപാദന വിതരണസമ്പ്രദായങ്ങളെന്തെല്ലാമായിരുന്നു? അതിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

## നാടുവാഴികളുടെ കാലം

ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നാടുകളും സ്വരൂപങ്ങളും ഇന്നത്തെ ഏതെല്ലാം ജില്ലകളിലാണ് വ്യാപിച്ചിരിക്കുന്നതെന്ന് കണ്ടെത്തൂ.




മധ്യകാല കേരളത്തിലെ നാടുകൾ

പെരുമാക്കന്മാരുടെ ഭരണകാലത്തെക്കുറിച്ച് മുൻ ക്ലാസിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പെരുമാക്കന്മാരുടെ അധികാരം തകർന്നു. പിന്നീട് നാടുവാഴികളുടെ നേതൃത്വത്തിൽ വികേന്ദ്രീകരിക്കപ്പെട്ട ഭരണവ്യവസ്ഥയാണ് നിലവിൽ വന്നത്.

സ്വരൂപങ്ങളെക്കുറിച്ചുള്ള ഒരു പട്ടിക തയാറാക്കൂ. പട്ടികയിൽ എന്തെല്ലാം ഉൾപ്പെടുത്താം?

- പ്രധാന സ്വരൂപങ്ങൾ
- അവയിലെ പ്രധാന ഭരണകർത്താക്കൾ
- പ്രധാന പ്രദേശങ്ങൾ
- അധികാരകേന്ദ്രങ്ങൾ
-

**മധ്യകാല അധിവാസപ്രദേശങ്ങൾ**

മനുഷ്യർ താമസത്തിന് തിരഞ്ഞെടുത്ത പ്രദേശങ്ങളാണ് അധിവാസപ്രദേശങ്ങൾ.

## അധികാര പടവുകൾ

4 **നാടുവാഴി**

പല ദേശങ്ങൾ ചേർന്നാണ് നാട് രൂപം കൊള്ളുന്നത്. അധികാരകേന്ദ്രം സ്വരൂപമാണ്.

3 **ദേശവാഴികൾ**

കാരാളന്മാരുടെമേൽ അധികാര അധീശത്വം ഉള്ളവർ.

2 **കാരാളർ**

ദേശവാഴിയുടെയും ബ്രാഹ്മണരുടെയും ക്ഷേത്രങ്ങളുടെയും ഭൂമിയിലെ പാട്ടക്കാർ.

1 **അടിയാളർ**

കാരാളരുടെ ഭൂമിയിൽ പണി ചെയ്യുന്നവരാണ് അടിയാളരും പണിയാളരും.

ഓരോ അധിവാസ പ്രദേശവും പരിശോധിച്ചു നോക്കൂ. അവിടേക്കാവശ്യമായ ഒട്ടെല്ലാ തൊഴിൽ കൂട്ടായ്മകളെയും ഉൾക്കൊണ്ടാണ് അത് രൂപപ്പെടുന്നത്. കാർഷികോല്പാദനത്തെ ആശ്രയിച്ചു കഴിയുന്ന ഒരധിവാസപ്രദേശത്തിന് കൃഷിപ്പണിയാളർക്കു പുറമേ, ഉപകരണ നിർമാണത്തിന്റെ സാങ്കേതികവിദ്യ പരിചയമുള്ള ലോഹപ്പണിക്കാർ, കൽപ്പണിക്കാർ, മരപ്പണിക്കാർ എന്നിവരും കൃഷിക്കും നിത്യജീവിതത്തിലെ നാനാകർമങ്ങൾക്ക് മുഹൂർത്തം കുറിക്കുന്നവരും നാട്ടുചികിത്സകരും കാർഷികവും ഗാർഹികവുമായ അനുഷ്ഠാനങ്ങൾ നടത്തുന്നവരും ആവശ്യമായി വരും. ഇതിനെ ഒരു അടിസ്ഥാനമാത്രയെന്നു പറയാം.

ക്ഷേത്രസങ്കേതം ഉൾപ്പെട്ടതും ബ്രാഹ്മണർക്ക് പ്രാമുഖ്യമുള്ളതുമായ അധിവാസപ്രദേശമായിരുന്നു മധ്യകാലകേരളത്തിന്റെ സവിശേഷത. കാർഷികോല്പാദനത്തെ ആശ്രയിച്ചു കഴിയുന്നവരായിരുന്നു അവർ. ഇത്തരം ഒരു അധിവാസപ്രദേശത്തിന്റെ അടിസ്ഥാനമാത്രയിൽ ക്ഷേത്രത്തിലെ കഴകക്കാർകൂടി ഉൾപ്പെട്ടിരുന്നു. രാജാധികാരകേന്ദ്രത്തിലും വാണിജ്യകേന്ദ്രത്തിലും രാജസേവകരും വണിക്കുകളും അടിസ്ഥാനമാത്രയോടു കൂടിച്ചേർന്നിരുന്നു. ഈ തൊഴിൽ കൂട്ടായ്മയും നിലവിലുള്ള ജാതികളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

### ജാതിസമ്പ്രദായം

തൊഴിൽ കൂട്ടായ്മകളാണ് ജാതിയായി രൂപാന്തരപ്പെട്ടത്. സമൂഹം മാറുന്നതിനനുസരിച്ച് ജാതികളുടെ ഘടനയിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. നായർ, ഈഴവർ എന്നീ വിഭാഗങ്ങൾ മധ്യകാലഘട്ടം വരെ പ്രത്യേക ചട്ടക്കൂടിൽ ഉൾപ്പെടുന്ന ജാതികളായിരുന്നില്ല. നാടുവാഴികൾ വ്യാപകമാവുകയും സൈനികവത്കരണം കാര്യമായി നടക്കുകയും ചെയ്ത മധ്യകാലഘട്ടത്തിൽ പടയാളികളിൽ വലിയ വിഭാഗം നായന്മാരായിത്തീർന്നു. വ്യത്യസ്ത തൊഴിൽ കൂട്ടായ്മകളിൽപെട്ടവർപോലും പടയിൽ ചേർന്നതു കൊണ്ട് നായന്മാരായിത്തീർന്നു. ഇത് അമ്പലവാസികൾ, കമ്മാളർ മുതലായവർക്കും ബാധകമായിരുന്നു.

ജാതി സമ്പ്രദായത്തിന്റെ സ്വാധീനം കുറ്റവിചാരണരീതിയിലും പ്രകടമായിരുന്നു.

### 'സത്യപരീക്ഷകൾ'

**ജലപരീക്ഷ**

മുതലകളുള്ള ഒരു ജലാശയത്തിൽക്കൂടി കുറ്റവാളിയെന്നു സംശയിക്കപ്പെടുന്ന ആളെ നീന്തിക്കുന്നു. മുതല പിടിക്കാതെ രക്ഷപ്പെട്ടാൽ നിരപരാധി എന്നു വിധിക്കും.

**അഗ്നിപരീക്ഷ**

തിളച്ച എണ്ണയിലോ നെയ്യിലോ കുറ്റവാളി എന്നു സംശയിക്കുന്ന ആൾ കൈവിരലുകൾ മുക്കണം. പൊള്ളലേൽക്കാതെ രക്ഷപ്പെട്ടാൽ നിരപരാധി; പൊള്ളലേറ്റാൽ ശിക്ഷകൾ വിധിക്കും.

**വിഷപരീക്ഷ**

കുറ്റവാളി എന്നു സംശയിക്കുന്ന ആൾ പട്ടിണിക്കിട്ട പാമ്പുള്ള കുടത്തിൽ കൈയിടണം. പാമ്പിന്റെ കടി ഏൽക്കാതെ രക്ഷപ്പെട്ടാൽ നിരപരാധി എന്ന് വിധിക്കും.

**തൂക്കുപരീക്ഷ**

കുറ്റവാളി എന്നു സംശയിക്കുന്ന ആളുകളുടെ തൂക്കം എടുക്കുന്നു. അയാളുടെ പേരിൽ ചുമത്തപ്പെട്ട കുറ്റങ്ങൾ ഓലയിലെഴുതി ശരീരത്തിൽക്കെട്ടി വീണ്ടും തൂക്കി നോക്കുന്നു. തൂക്കം കൂടിയിട്ടില്ലെങ്കിൽ നിരപരാധിയായി സ്ഥിരീകരിക്കും.

മധ്യകാലത്തെ കുറ്റവിചാരണരീതി ശ്രദ്ധിച്ചല്ലോ. ഇതിൽ തൂക്കു പരീക്ഷ മാത്രമായിരുന്നു ബ്രാഹ്മണർക്കു കൊടുത്തിരുന്നത്. വിചാരണരീതി ഇത്തരത്തിലായിരുന്നുവെങ്കിൽ ശിക്ഷകളെങ്ങനെ ആയിരുന്നിരിക്കും?

**തീണ്ടാപ്പാട്**

*ജാതികളുടെ ക്രമീകരണം അധീശവർഗങ്ങളുടെ താൽപര്യങ്ങളെ ആശ്രയിച്ചായിരുന്നു. നമ്പൂതിരിയിൽ നിന്ന് എത്രമാത്രം ദൂരം വിട്ടുമാറിയാണ് ഓരോ ജാതിക്കാരനും നിൽക്കേണ്ടത് എന്നു നിശ്ചയിച്ചിരുന്നു. ക്ഷത്രിയന് 12 അടി; നായർക്ക് 24 അടി; കമ്മാളന് 36 അടി; പറയന് 60 അടി എന്നിങ്ങനെയായിരുന്നു തീണ്ടാപ്പാട്. ക്ഷേത്രങ്ങളുടെയും കോവിലകങ്ങളുടെയും വേഷഭൂഷകളുടെയും നിർമാണത്തിന് കമ്മാളരെ ആവശ്യമുള്ളതുകൊണ്ടാണ് നായന്മാർക്കടുത്ത സ്ഥാനം കമ്മാളർക്ക് ലഭിച്ചത്. അങ്ങാടികളുമായി ബന്ധപ്പെട്ട വ്യാപാരികൾക്കും കൈത്തൊഴിലുകാർക്കും വിദേശവാണിജ്യം നിയന്ത്രിച്ചിരുന്ന മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ജൂതർ തുടങ്ങിയവർക്കും ജാതി പദവിക്കതീതമായ പ്രാധാന്യമുണ്ടായിരുന്നു. ജാതികളുടെ ഉച്ചനീചത്വങ്ങൾ നിർണയിച്ചത് ഉൽപാദനവ്യവസ്ഥയെ മുൻനിർത്തിയായിരുന്നു. ഇതിനെല്ലാം ബ്രാഹ്മണർ നീതീകരണം നൽകുകയും ചെയ്തു.*

**ചിത്രവധം**

ശരീരത്തിലൂടെ ഇരുമ്പുപാര അടിച്ചുകയറ്റി ദിവസങ്ങളോളം മരത്തിൽ കെട്ടിയിട്ട് കൊല്ലുന്നതാണ് ചിത്രവധം. താഴ്ന്ന ജാതിക്കാർക്കുമാത്രം നൽകിയിരുന്ന ശിക്ഷയായിരുന്നു ഇത്. മറ്റെന്തെല്ലാം ശിക്ഷകളാണ് നിലവിലിരുന്നത്?

* ജാതിഭ്രഷ്ട്
* പിഴ
* അടിമയാക്കൽ
* കൈകാലുകൾ ഛേദിക്കൽ
* കണ്ണുകൾ ചൂഴ്ന്നെടുക്കൽ
* ആനയെക്കൊണ്ട് ചവിട്ടിക്കൊല്ലിക്കൽ
* ചാട്ടവാർകൊണ്ടടിച്ച് മുറിവുണ്ടാക്കി മുറിവിൽ മുളക് പുരട്ടി വെയിലത്തു നിർത്തൽ.

ഇതിൽ ആദ്യത്തെ രണ്ടു ശിക്ഷകൾ മാത്രമേ ബ്രാഹ്മണർക്ക് നൽകിയിരുന്നുള്ളൂ.

ഇന്ന് നിലവിലുള്ള ശിക്ഷകളുമായി ഇവയെ താരതമ്യം ചെയ്തു നോക്കൂ.

ജാതി തിരിച്ച് ശിക്ഷകൾ നൽകിയിരുന്ന രീതയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? ചർച്ച ചെയ്യൂ. ചർച്ചയിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ ക്രോഡീകരിച്ച് 'മധ്യകാല ശിക്ഷാരീതികൾ ഒരു പ്രതികരണക്കുറിപ്പ്' എന്ന ലഘുവിവരണം തയാറാക്കൂ.

**സങ്കേതങ്ങൾ**

ക്ഷേത്രഭൂമിയിലും ക്ഷേത്രങ്ങളിലും ഭരണം നടത്തിയിരുന്ന നമ്പൂതിരി ബ്രാഹ്മണരുടെ 'യോഗ'ങ്ങളെയും അവയുടെ അധികാരങ്ങളെയും സങ്കേതം എന്ന് വിളിച്ചിരുന്നു. അധീശത്വ സ്വഭാവമുള്ള ഒരു ഭരണകൂടത്തിന്റെ അഭാവത്തിൽ സങ്കേതങ്ങൾ അക്കാലത്ത് സ്വതന്ത്രമാവുകയും യഥാർത്ഥ ഭരണാധികളെപ്പോലെ പെരുമാറുകയും ചെയ്തു. ഇവരുടെ അധികാരപരിധിയിൽപ്പെട്ട പ്രദേശങ്ങളിലെ നീതിന്യായഭരണവും കുറ്റവിചാരണയും ശിക്ഷ വിധിക്കലുമെല്ലാം അവർ തന്നെ നടത്തിപ്പോന്നു.

**ചങ്ങാതങ്ങൾ**

സങ്കേതസ്വത്തിനും ദേശത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പോർവീരന്മാരുടെ സംഘമാണ് ചങ്ങാതം. ചങ്ങാതവും ചാവേറിനെപ്പോലെ ആത്മഹത്യാസംഘമായിരുന്നു. ക്ഷേത്രങ്ങളിൽ ലഭിച്ചിരുന്ന വിഭവങ്ങളിൽ ഒരു ഭാഗമാണ് ചങ്ങാതത്തിന് പ്രതിഫലമായി നൽകിയിരുന്നത്. കാവൽപ്പണം അഥവാ രക്ഷാഭോഗം എന്ന പേരിലായിരുന്നു ഈ പ്രതിഫലം അറിയപ്പെട്ടിരുന്നത്. ചങ്ങാതങ്ങളുടെ സൈനിക പിൻബലത്തിലാണ് നമ്പൂതിരി ബ്രാഹ്മണർ സാമൂഹിക രാഷ്ട്രീയ മേധാവിത്വം സ്ഥാപിച്ചത്.

ബ്രാഹ്മണരുടെ കല്പനകളും നിർദേശങ്ങളും എക്കാലവും മറ്റുള്ളവർക്ക് സ്വീകാര്യമായിരുന്നോ?

**പട്ടിണിയും പ്രായശ്ചിത്തവും**

ക്ഷേത്രങ്ങളും നാടുവാഴികളും തമ്മിലും ബ്രാഹ്മണരും അബ്രാഹ്മണരുമായ ഭൂവുടമകൾ തമ്മിലും കലഹങ്ങൾ ഉണ്ടാകാൻ തുടങ്ങി. മറ്റുള്ളവർ തങ്ങളുടെ നിർദേശങ്ങൾ അവഗണിക്കുന്ന ഘട്ടം വന്നപ്പോൾ അവസാന കൈയെന്ന നിലയിൽ ബ്രാഹ്മണർ ഉപയോഗിച്ചുവന്ന സമരരൂപമായിരുന്നു പട്ടിണി. ബ്രാഹ്മണർ ആവശ്യം സാധിച്ചു കിട്ടുന്നതുവരെ അല്ലെങ്കിൽ ആവശ്യം നിഷേധിക്കുന്നവർ പ്രായശ്ചിത്തം ചെയ്യുന്നതുവരെ ഭക്ഷണം ഉപേക്ഷിക്കുക എന്നതാണ് ഈ സമരരീതി. വിളമ്പിവെച്ച ഭക്ഷണം ഉപേക്ഷിച്ച് അവർ ഹോമകർമങ്ങളിൽ ഏർപ്പെടുകയും എന്തെങ്കിലും തീരുമാനം ഉണ്ടാകുന്നതുവരെ അതേ രീതിയിൽ തുടരുകയും വേണം. പല ക്ഷേത്രങ്ങളിലും പട്ടിണി നടത്താനുള്ള പട്ടിണിപ്പുരയുണ്ടായിരുന്നു.

**മണ്ണാപ്പേടിയും പുലപ്പേടിയും**

ഉയർന്നജാതിക്കാരും താണജാതിക്കാരും തമ്മിൽ നിലനിന്ന പാരുഷ്യത്തിന്റെ ഉത്തമ ഉദാഹരണമാണ് മധ്യകാലത്ത് നിലവിലിരുന്ന മണ്ണാപ്പേടി, പുലപ്പേടി എന്നീ ആചാരങ്ങൾ. കാർത്തികമാസത്തിൽ (വൃശ്ചികം) താണജാതിക്കാർ വീടുകളിൽ നിന്ന് പുറത്തിറങ്ങി നായർ ഭവനങ്ങൾക്കു ചുറ്റിലും കറങ്ങി നടക്കുമായിരുന്നത്രേ. സൂര്യാസ്തമയത്തിനു ശേഷം ഏതെങ്കിലും ഒരു നായർ സ്ത്രീ ഏകയായി നടക്കുന്നതു പുലയനോ, മണ്ണാനോ കണ്ടാൽ അവർ ഉടനെതന്നെ ഒരു കല്ലോ കമ്പോ ആ സ്ത്രീക്ക് നേരെ എറിയും. ഈ വിദൂര സ്പർശനത്തിന്റെ ഫലമായി നായർ സ്ത്രീ ഭ്രഷ്ടയാക്കപ്പെടുന്നു. തുടർന്ന് പ്രസ്തുത സ്ത്രീയെ താണ ജാതിക്കാരന് സ്വന്തമാക്കാം. 1696വരെ ഈ ആചാരം നിലനിന്നിരുന്നു.

മധ്യകാലത്ത് നിലവിലിരുന്ന ജാതിസമ്പ്രദായത്തിന്റെ തീഷ്ണത നാം ചർച്ചചെയ്തല്ലോ.

**ഊരാളർ, കാരാളർ, പണിയാളർ**

കാട്, നാട്, നഗരം എന്നിങ്ങനെ ഭൂമി തരംതിരിക്കപ്പെട്ടിരുന്നു. മധ്യകാല സമൂഹം കാർഷികോൽപാദനത്തെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നതെന്ന് നാം ചർച്ച ചെയ്തു. ഒരു കാർഷിക സമൂഹത്തിൽ ഭൂമിയാണ് മുഖ്യ ഉൽപാദനോപാധി. അവിടെ ഭൂമിയുടെ ഉടമാവകാശമാണ് കാതലായ പ്രശ്നം. താഴെ പറയുന്ന പട്ടിക ശ്രദ്ധിക്കൂ.

**ജന്മി സമ്പ്രദായം**

ബ്രഹ്മസ്വം ദേവസ്വം ഭൂമികളുടെ ഉടമകളായിത്തീർന്ന ബ്രാഹ്മണ ഊരാളരും ഭൂമി പാട്ടത്തിനെടുത്ത കാരാളരും കേരളത്തിലെ ജാതി ജന്മി നാടുവാഴി വ്യവസ്ഥയ്ക്ക് രൂപം നൽകി. കാരാളർ നായന്മാരായിരുന്നു. ബ്രാഹ്മണ - നായർ മേധാവിത്വത്തിലധിഷ്ഠിതമായ ഈ വ്യവസ്ഥിതി ജന്മി സമ്പ്രദായം എന്ന് അറിയപ്പെടുന്നു. മധ്യകാല കേരളത്തിലെ കാർഷിക

| ദേവസ്വം ഭൂമി | ബ്രഹ്മസ്വം ഭൂമി | ചേരിക്കൽ ഭൂമി/ പണ്ടാരവക ഭൂമി | വിരുത്തി ഭൂമി |
|---|---|---|---|
| ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി. ക്ഷേത്രനടത്തിപ്പുകാർ ആയിരുന്നു ഊരാളർ. | ബ്രാഹ്മണരുടെ ഉടമസ്ഥതയിലുള്ള ഭൂമി. | നാടുവാഴി അല്ലെങ്കിൽ രാജാവിന്റെ ഉടമസ്ഥതയിലുള്ള ഭൂമി. | ക്ഷേത്രകഴകക്കാർക്ക് പതിച്ചു നൽകിയിരുന്ന ഭൂമി. |

ഘടനയിൽ സംഭവിച്ച ശ്രദ്ധേയമായ ഒരു മാറ്റമാണ് മധ്യവർത്തി വിഭാഗമായ കാരാളരുടെ വളർച്ച.

- ഈ വിഭാഗം വളരെ വേഗത്തിൽ വളർച്ച പ്രാപിച്ചതെന്തുകൊണ്ടായിരിക്കും?
- ഊരാളർ, കാരാളർ, പണിയാളർ എന്നീ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയമായ വിഭാഗം ഏതായിരുന്നിരിക്കും?
- ഏറ്റവും നേട്ടമുണ്ടാക്കിയ വിഭാഗം ഏതായിരിക്കും?
- അവർ നേട്ടമുണ്ടാക്കിയത് ഏതുവിധമായിരിക്കും?
- ജന്മിസമ്പ്രദായം മൂലം കാർഷികരംഗത്ത് അഭിവൃദ്ധിയാണോ ക്ഷയമാണോ ഉണ്ടായിരിക്കുക?
- ഈ സമ്പ്രദായം എങ്ങനെയാണ് അവസാനിച്ചത്?

ചർച്ച ചെയ്യൂ. ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങൾ അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

#### ഭൂവുടമാബന്ധങ്ങൾ

ക്രിസ്തു വർഷം പന്ത്രണ്ടാം ശതകം മുതൽ പതിനഞ്ചാം ശതകം വരെ തലക്കുടിയാന്മാർ അല്ലെങ്കിൽ കാരാളന്മാരായി വന്ന ഇടത്തട്ടുകാരുടെ എണ്ണം വർധിച്ചു. വിളഭൂമി വ്യാപിപ്പിച്ചും വരുമാനം വർധിപ്പിച്ചും അവർ ഭൂമിയിൽ അവകാശങ്ങൾ സ്ഥാപിച്ചു. അത്തരം അവകാശങ്ങൾ സമ്പാദിക്കുന്നതിന് പണം ആവശ്യമായി വന്നു. അതേസമയം പരമ്പരാഗത ഭൂവുടമകളുടെ (ഊരാളന്മാരുടെ) ജന്മാവകാശം നിലനിർത്തുന്നതിനുള്ള ശ്രമവുമുണ്ടായി. ഭൂപണയത്തിൽ കടം, പലിശ എന്നിവയും നിലവിൽ വന്നു. ഭക്ഷ്യോൽപാദനം പുതിയ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ഇടത്തട്ടുകാരുടെയും ഊരാളരുടെയും ആദായവർധനയുടെ ഭാഗമായി ഭക്ഷ്യോൽപാദനത്തിൽ നേരിട്ടിടപെട്ട പണിയാളരുടെ അധ്വാനഭാരം വർധിച്ചു. ഉൽപാദനമിച്ചം കുറയാനിടയാകാത്തതരത്തിൽ കർഷകരുടെ അധ്വാനഭാരം വർധിപ്പിക്കുകയും പാട്ടം കൂട്ടുകയുമാണ് ചെയ്തിരുന്നത്.

ഉൽപാദനമിച്ചം കൈമാറ്റം ചെയ്യപ്പെട്ടത് എങ്ങനെയായിരിക്കാം?

ഭക്ഷണത്തിനും വിത്തിനും ആവശ്യമുള്ളത് കഴിച്ചുണ്ടായ മിച്ചം നിത്യാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കൈമാറ്റത്തിനുപകരിച്ചു.

#### പ്രാദേശിക വാണിജ്യം

ദേശങ്ങളിൽ ചില ഉൽപന്നങ്ങൾ മാത്രം ഉണ്ടാകുമ്പോൾ നിത്യാവശ്യത്തിനുള്ള മറ്റു വിഭവങ്ങൾ കൈമാറ്റത്തിലൂടെ വന്നു ചേരേണ്ടിയിരുന്നു. ഉപ്പും മീനും മാത്രമുണ്ടാവുന്ന കടലോരങ്ങൾ ഇതിനുദാഹരണമാണ്. ഇത്തരം പ്രാദേശിക കൈമാറ്റങ്ങൾക്കുള്ള സ്ഥാപനമായി അന്തിച്ചന്തകളും ആഴ്ച്ചച്ചന്തകളും നിലവിൽ വന്നു. ഇവ വളർന്നുവന്നതാണ് മധ്യകാല അങ്ങാടികളും ചന്തകളും. നിത്യാവശ്യത്തിനു പുറമേ ആഡംബര വസ്തുക്കളും പിന്നീട് അങ്ങാടികളിൽ വന്നു നിറഞ്ഞു.

പല പല ദേശക്കാരും ഭാഷക്കാരും വേഷക്കാരും ഈ അങ്ങാടികളിലും ചന്തകളിലും എത്തിയിരുന്നു.

അഞ്ചുവണ്ണം, മണിഗ്രാമം, വളഞ്ചിയർ തുടങ്ങിയ വാണിജ്യസംഘങ്ങളെക്കുറിച്ച് നാം കഴിഞ്ഞ ക്ലാസിൽ ചർച്ച ചെയ്തല്ലോ.

#### ദൂരവാണിജ്യം

മധ്യകാലത്ത് കേരളത്തിനു പുറത്തുള്ളവരുമായും വ്യാപാരബന്ധമുണ്ടായിരുന്നു. തമിഴ്നാടിനെയും കേരളത്തെയും കൂട്ടിയിണക്കിക്കൊണ്ട് കച്ചവടത്തിൽ ഏർപ്പെട്ടത് തമിഴ് ബ്രാഹ്മണരായിരുന്നു. അരി, മുളക്, പരുത്തി, പട്ട്, തുണിത്തരങ്ങൾ എന്നിവ അവർ ഇങ്ങോട്ടു

പശ്ചിമേഷ്യയിൽ അബ്ബാസിയ ഖലീഫമാരുടെ ഭരണകാലത്ത് സമാധാനാന്തരീക്ഷം നിലനിന്നിരുന്നു. ഇത് അവരുടെ തലസ്ഥാനമായ ബാഗ്ദാദ് വഴിയുള്ള വാണിജ്യത്തിനനുകൂലമായി. മുസ്ലീങ്ങൾ ഈ കച്ചവടത്തിലൂടെ സമ്പന്നരായി. കിഴക്കിലെ ആഡംബരങ്ങളിൽ ഭ്രമിച്ച് സമ്പന്നരായ അറബികൾ കടലുകൾ കടന്ന് കേരളതീരങ്ങളിൽ എത്തി. സാമൂതിരി രാജാവിന്റെ ആതിഥ്യ മര്യാദ അറബികളെ സന്തുഷ്ടരാക്കി. കോഴിക്കോട് അങ്ങനെ വാണിജ്യകേന്ദ്രവുമായി. മുസ്ലീങ്ങളുമായുള്ള സാമൂതിരിയുടെ വാണിജ്യബന്ധം രാജ്യത്തെ സമ്പന്നമാക്കി. ഒരു ചെറിയ ഭൂപ്രദേശം ഒരു വലിയ രാജ്യമായി മാറിയതിന്റെ പിന്നിൽ അറബികളുടെ സഹായമുണ്ടായിരുന്നു. സാമൂതിരിയുടെ തുറമുഖാധികാരി (ഷാ ബന്ദർ) മസ്ലീമായിരുന്നു. മലബാറിൽ സമുദായ സൗഹാർദം നിലനിർത്താൻ ഈ കടൽ വാണിജ്യബന്ധം സഹായകമായി. തെക്കൻ കൊല്ലവും കൊടുങ്ങല്ലൂരും പന്തലായിനി കൊല്ലവും (കൊയിലാണ്ടി) ഇത്തരത്തിൽ തുറമുഖനഗരങ്ങളും വാണിജ്യകേന്ദ്രങ്ങളുമായി.

വിദേശ വ്യാപാരികൾ ഏതെല്ലാം തീരങ്ങളിലാണെത്തിച്ചേർന്നത്?

- *മധ്യകാല കേരളത്തിലെ വാണിജ്യരംഗത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൂ. 'മധ്യകാല വാണിജ്യ വാർത്തകൾ' എന്ന ബുള്ളറ്റിൻ ബോർഡ് തയാറാക്കൂ.*
- *കേരളത്തിന്റെ ഭൂപടത്തിൽ പ്രധാന മധ്യകാല വാണിജ്യകേന്ദ്രങ്ങൾ അടയാളപ്പെടുത്തൂ.*

എട്ടാം ക്ലാസിൽ മധ്യകാല കേരളത്തിലെ ആഘോഷങ്ങൾ, സാഹിത്യം, കലകൾ എന്നിവയെക്കുറിച്ച് ചർച്ചചെയ്തത് ഓർക്കുമല്ലോ.

കൊണ്ടുവന്നു. പകരം കുരുമുളകും മറ്റു സുഗന്ധദ്രവ്യങ്ങളും അങ്ങോട്ടു കൊണ്ടുപോവുകയും ചെയ്തു. കേരളത്തിൽ നിന്നുള്ള കച്ചവടക്കാർ ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിലുള്ള വാണിജ്യസ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെട്ടു. വടക്കെ ഇന്ത്യയിൽ ഉണ്ടാവുന്ന പലതരം ഉൽപന്നങ്ങളും ഇവിടത്തെ അങ്ങാടികളിൽ ലഭ്യമായിരുന്നു. ചമ്പുക്കളും സന്ദേശകാവ്യങ്ങളും തരുന്ന വിവരണങ്ങൾ വെച്ചു നോക്കിയാൽ കേരളത്തിലെ അങ്ങാടികളിൽ തമിഴ്, കർണാടകം, ആന്ധ്ര, കലിംഗം, മാളവം, വംഗം എന്നീ ദേശങ്ങളിൽ നിന്നുള്ള കച്ചവടക്കാർ എത്തിച്ചേർന്നിരുന്നുവെന്നു കാണാം.

**കടൽവാണിജ്യം**

മധ്യകാലഘട്ടത്തിൽ കേരളവും ചീനയും തമ്മിൽ വാണിജ്യബന്ധം ഉണ്ടായിരുന്നു. കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവസ്തുക്കൾക്കും നാളികേരം, അടയ്ക്ക എന്നിങ്ങനെയുള്ള കേരളീയോൽപന്നങ്ങൾക്കും തേക്കു തടികൾക്കും ചൈനയിൽ പ്രിയമുണ്ടായിരുന്നു. ചീനപ്പട്ട്, ചീനക്കളിമൺപാത്രങ്ങൾ,ചെമ്പ്, രസം, നാകം, ഈയം മുതലായ വസ്തുക്കൾ ചീനക്കപ്പലുകളിൽ കേരളത്തിലെത്തി. പതിനഞ്ചാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ വരുന്നതുവരെ അറബികൾക്ക് മലബാറുമായി കച്ചവട ബന്ധമുണ്ടായിരുന്നു. കുരുമുളക്, ഇഞ്ചി, ഏലം, കറുവപ്പട്ട തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ, അങ്ങാടിമരുന്നുകൾ, അകിൽ, ചന്ദനം എന്നിവയാണ് അറബികൾ കപ്പലുകളിൽ കയറ്റിപ്പോയത്. പോർച്ചുഗീസുകാരുടെ വരവോടെ ഈ രണ്ടു രാജ്യങ്ങളുമായുള്ള വ്യാപാരബന്ധത്തിന് ഇടിച്ചിൽ തട്ടി.

ദൂരവാണിജ്യവും കടൽവാണിജ്യവും കേരളത്തിന് എത്രമാത്രം ഗുണകരമായിരുന്നു?

## വിദേശീയാഗമനം

എന്തിനായിരുന്നു പോർച്ചുഗീസുകാർ കേരളത്തിൽ വന്നത്?

*1498-ൽ വാസ്കോഡി ഗാമയെ സമൂതിരി സ്വീകരിക്കുന്നു. കോഴിക്കോട് വ്യാപാരം നടത്താൻ അനുവദിക്കുന്നു. ഗാമയുടെ ചില വ്യാപാരാവശ്യങ്ങൾ നിരസിച്ചതിനാൽ സാമൂതിരിയുമായി പിണങ്ങിപ്പിരിയുന്നു.*

*A.D. 1500 ൽ കബ്രാളിന്റെ നേതൃത്വത്തിൽ ഒരു സംഘം കോഴിക്കോട്ടെത്തുന്നു. കച്ചവടം നടത്തിവന്ന അറബികളുമായി ഏറ്റുമുട്ടുന്നു. കൊച്ചിയിലെത്തി കൊച്ചി രാജാവിൽനിന്ന് കച്ചവടസൗകര്യങ്ങൾ നേടിയെടുക്കുന്നു.*

*1502 –ൽ വാസ്കോഡി ഗാമ രണ്ടാം തവണ കണ്ണൂരെത്തുന്നു. കോലത്തിരിയിൽനിന്ന് വ്യാപാരാനുമതി നേടുന്നു. ഒക്ടോബറിൽ കോഴിക്കോട്ടെത്തി മുസ്ലീം വ്യാപാരികളെ പുറത്താക്കാൻ ആവശ്യപ്പെടുന്നു. നിരസിച്ച സമൂതിരിയോട് ശത്രുതയിലാവുന്നു. നവംബറിൽ കൊച്ചിയിലെത്തി വ്യാപാര ഉടമ്പടിയുണ്ടാക്കുന്നു.*

*1503 ൽ പോർച്ചുഗീസു ബന്ധത്തിന്റെ പേരിൽ സാമൂതിരിയും കൊച്ചി രാജാവും തമ്മിൽ യുദ്ധത്തിലേർപ്പെടുന്നു. കൊച്ചിയെ സഹായിക്കാൻ അൽബുക്കർക്കിന്റെ കീഴിൽ ശക്തമായ നാവികസൈന്യം എത്തുന്നു. ഇന്ത്യയിൽ യൂറോപ്യൻ ശക്തികളുടെ ആദ്യകോട്ടയുടെ നിർമാണമാരംഭിക്കുന്നു.*

കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഈ ചാർട്ട് പൂർത്തിയാക്കു.

കച്ചവടത്തിനുവന്ന പോർച്ചുഗീസുകാർക്ക് ഭരണം പിടിച്ചടക്കാൻ അവസരം നൽകിയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു? ചാർട്ടിൽ നിന്നു കണ്ടെത്തൂ. പോർച്ചുഗീസുകാർക്ക് എന്നെന്നും തലവേദന സൃഷ്ടിച്ചുകൊണ്ടിരുന്ന സാമൂതിരിയുടെ നാവികത്തലവന്മാർ ആരായിരുന്നു?

#### കുഞ്ഞാലി മരയ്ക്കാർ

പോർച്ചുഗീസ് പടയുടെ തോക്കുകളെയും പീരങ്കികളെയും അവഗണിച്ച് തങ്ങളുടെ കൊച്ചു വള്ളങ്ങളിൽ മിന്നലാക്രമണം നടത്തി അപ്രത്യക്ഷരാകുന്ന കുഞ്ഞാലി മരയ്ക്കാർമാരുടെ നേതൃത്വത്തിലുള്ള നാവികപ്പടയായിരന്നു സാമൂതിരിയുടെ ശക്തി. മരണം സദാ മുന്നിൽ കാണുന്ന ഈ നാവികപ്പടയിലേക്ക് നാവികരെ തിരഞ്ഞെടുക്കുന്നത് മതത്തിന്റെ പേരിൽ പ്രതിജ്ഞ എടുപ്പിച്ചുകൊണ്ടായിരുന്നു. പോർച്ചുഗീസുകാരെ വിറപ്പിച്ച കുഞ്ഞാലി മരയ്ക്കാർമാരിൽ അവസാനത്തെയാളായ കുഞ്ഞാലി മരയ്ക്കാർ നാലാമനെ പോർച്ചുഗീസുകാർ ഗോവയിൽ കൊണ്ടുപോയി തൂക്കിക്കൊന്നു. മൃതശരീരം വെട്ടിമുറിച്ച് വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചു. തല വെട്ടി ഉപ്പിലിട്ട് കണ്ണൂരിലേക്ക് അയച്ചു. കുഞ്ഞാലി മരയ്ക്കാരുടെ പതനം സാമൂതിരിയുടെ പതനത്തിന് വഴിതെളിച്ചു.

#### മതനയം

ക്രൈസ്തവ മതത്തിലെ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപെട്ട പോർച്ചുഗീസുകാർ സങ്കുചിതമായ ഒരു മതനയമാണ് സ്വീകരിച്ചിരുന്നത്. പോർച്ചുഗീസുകാർ കേരളത്തിൽ കൊണ്ടുവന്ന ജെസ്യൂട്ട് സംഘങ്ങളുടെ പ്രധാന പ്രവർത്തനം കേരളത്തിൽ ഭൂരിപക്ഷം വരുന്ന സുറിയാനി ക്രിസ്ത്യാനികളെ ലത്തീൻ കത്തോലിക്കരാക്കി മാറ്റുകയായിരുന്നു.

#### ഉദയംപേരൂർ സൂനഹദോസ്

കേരള ക്രൈസ്തവരെ ലത്തീൻ വിഭാഗക്കാരാക്കാൻ പോർച്ചുഗീസുകാർ നടത്തിയ

പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 1599 ൽ നടന്ന ഉദയം പേരൂർ സുനഹദോസ്. ഉദയംപേരൂർ സുനഹദോസിനെ തുടർന്ന് കേരളത്തിലെ ക്രൈസ്തവർക്കിടയിൽ സിറിയൻ, ലത്തീൻ എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ടായി.

### കൂനൻകുരിശ് സത്യം

ഉദയംപേരൂർ സൂനഹദോസിന്റെ മതപരമായ അടിച്ചേൽപ്പിക്കലുകൾക്കെതിരെ ഉയർന്നുവന്ന കലാപമാണ് 1653 ൽ നടന്ന 'കൂനൻ കുരിശുസത്യം' എന്ന പേരിലറിയപ്പെടുന്ന സംഭവം. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ അപേക്ഷയനുസരിച്ച് ബാബിലോണിയായിലെ പാത്രിയാർക്കീസ് കേരളത്തിലേക്കയച്ച സുറിയാനി പുരോഹിതനെ പോർച്ചുഗീസുകാർ വധിച്ചുവെന്ന വാർത്ത പ്രചരിപ്പിച്ചു. പ്രകോപിതരായ ആയിരക്കണക്കിന് സുറിയാനി ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിലെ ചിരപുരാതനമായ പള്ളിയിൽ ഒത്തുകൂടി. അവിടത്തെ വളഞ്ഞ കുരിശിൽ (കൂനൻ കുരിശിൽ) കൈവെച്ച് ഭാവിയിൽ ലത്തീൻ ആർച്ച് ബിഷപ്പിനെ അനുസരിക്കില്ലെന്ന് സത്യം ചെയ്തു. 'കൂനൻകുരിശ് സത്യം' കേരളത്തിലെ സിറിയൻ ക്രിസ്ത്യൻ സമുദായ ചരിത്രത്തിലെ ഒരു പുതിയ വഴിത്തിരിവിനെ കുറിക്കുന്നു. കേരളത്തിലെ ക്രൈസ്തവസഭയിലെ വിഭാഗീയതകൾ ഇങ്ങനെ യാഥാർഥ്യമായിത്തീർന്നു.

നിർബന്ധിത മതപരിവർത്തനവും മറ്റും പോർച്ചുഗീസുശക്തിയുടെ നാശത്തിന് വഴിവെച്ചതെങ്ങനെയായിരിക്കും? മറ്റു യൂറോപ്യൻ ശക്തികളുടെ കേരളത്തിലേക്കുള്ള വരവ് പോർച്ചുഗീസുകാരെ എങ്ങനെ ദോഷകരമായി ബാധിച്ചു? പോർച്ചുഗീസ്ശക്തി കേരളത്തിൽ നിന്നു തുടച്ചുമാറ്റപ്പെട്ടതിന്റെ കൂടുതൽ കാരണങ്ങൾ കണ്ടെത്തി അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

### പോർച്ചുഗീസ്ബന്ധത്തിന്റെ ഫലങ്ങൾ

പോർച്ചുഗീസുകാരുടെ സംഭാവനകളിൽ ഒന്നാണ് 'ചവിട്ടു നാടകം'. മറ്റെന്തെല്ലാം ഫലങ്ങളാണ് കണ്ടെത്താൻ കഴിയുക?

- രാഷ്ട്രീയ അനൈക്യം വളർത്തിയതു കൊണ്ട് മറ്റു വൈദേശിക ശക്തികളുടെ കടന്നുവരവിന് ആക്കം കൂട്ടി.



ചവിട്ടു നാടകം

- അറബിനാടുകളുമായും മറ്റും ഉണ്ടായിരുന്ന പുരാതന വാണിജ്യബന്ധം അവസാനിച്ചു.
- യൂറോപ്യൻ യുദ്ധസങ്കേതങ്ങളും സമരായുധങ്ങളും വെടിമരുന്നും കേരളത്തിൽ പ്രചാരത്തിൽ വന്നു.
- ശാസ്ത്രീയ കൃഷിരീതികൾ നിലവിൽ വന്നു. കശുവണ്ടി, പുകയില, ആത്തക്ക, പേരക്ക, പപ്പായ തുടങ്ങി ഒട്ടേറെ കാർഷികോൽപന്നങ്ങൾ പ്രചരിച്ചു.

പോർച്ചുഗീസുകാരുടെ ഇതരസംഭാവനകൾ കൂടി കണ്ടെത്തി അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

**ഡച്ചുകാലഘട്ടം**

താഴെ കാണുന്ന Time Line ശ്രദ്ധിക്കുക.

1604 - ഡച്ച് ഈസ്റ്റിന്ത്യാകമ്പനിയുടെ പ്രതിനിധി സാമൂതിരിയുമായി സഖ്യം രൂപീകരിച്ചതോടെ ഡച്ച് കാലഘട്ടം ആരംഭിച്ചു.

1642 - പുറക്കാട് ഒരു ഫാക്ടറിയുടെ നിർമാണം ആരംഭിച്ചു.

1658 - ഡച്ചുകാർ കേരളത്തിലെത്തി. പോർച്ചുഗീസുകാർക്കെതിരെ സാമൂതിരിയുമായി സൗഹൃദസഖ്യം രൂപീകരിച്ചു.

1662 - പോർച്ചുഗീസ് സൈന്യത്തെ ഡച്ച്-സാമൂതിരി സൈനികസഖ്യം തോല്പിച്ചു.

1663 - പോർച്ചുഗീസുകാർ കേരളത്തിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടു.

ഡച്ചുകാരുടെ കാലത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കൂ. കുളച്ചൽ യുദ്ധത്തോടെ കേരളത്തിൽ ഡച്ചു മേധാവിത്വം ക്ഷയിക്കാൻ തുടങ്ങി. ഡച്ചുകാരുടെ സംഭാവനകൾ എന്തെല്ലാമായിരുന്നു?

- സാമ്പത്തികരംഗത്ത് പരിവർത്തനം വരുത്തിവച്ച ശാസ്ത്രീയ കാർഷികവികസന പരിപാടികൾ കൊണ്ടുവന്നു.
- ഉപ്പു നിർമാണം, ചായം മുക്കൽ തുടങ്ങിയ വ്യവസായങ്ങൾ ആരംഭിച്ചു.
- അനാഥാലയങ്ങൾ സ്ഥാപിച്ചു.
- മലയാള ഭാഷയ്ക്ക് ഒട്ടേറെ വാക്കുകൾ സംഭാവന ചെയ്തു. ഔഷധസസ്യങ്ങളെക്കുറിച്ചുള്ള ആധികാരികപഠനങ്ങൾ 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഗ്രന്ഥത്തിലൂടെ ലോകത്തിനു സമ്മാനിച്ചു.

ഡച്ചുകാരെ തുടർന്ന് കേരളത്തിലെത്തിയ വിദേശീയർ ആരെല്ലാമായിരുന്നു?

✷ *കേരളം വിദേശവാഴ്ച്ചയിലാകാനുണ്ടായ കാരണങ്ങൾ വിലയിരുത്തൂ. അതിൽ നമ്മുടെ അനൈക്യത്തിനുള്ള പങ്കെത്രമാത്രമുണ്ടായിരുന്നു? വൈദേശിക വാഴ്ച്ച സമൂഹത്തിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് ലഘുവിവരണം തയാറാക്കൂ.*

**പ്രോജക്ട്**

കേരളത്തിലെ ഭൂബന്ധങ്ങളെക്കുറിച്ചുള്ള ഒരു പ്രോജക്ട് തുടർന്നുവരുന്ന രണ്ട് അധ്യായങ്ങൾ കൂടി പ്രയോജനപ്പെടുത്തി പൂർത്തീകരിക്കേണ്ടതുണ്ട്. പ്രോജക്ടിനുവേണ്ടി ഈ അധ്യായത്തിൽ നിന്ന് എന്തെല്ലാം വിവരങ്ങൾ ശേഖരിക്കാം?

- ഭൂമിയുടെ ഉടമാവകാശം
- ജന്മിസമ്പ്രദായം.
- മധ്യകാല ഭൂവുടമാ ബന്ധങ്ങൾ.
- 
- 

## സംഗ്രഹം

- മധ്യകാല കേരളസമൂഹം നാടുകളായി വിഭജിക്കപ്പെട്ടിരുന്നു.
- കേന്ദ്രീകൃത ഭരണസമ്പ്രദായത്തിന്റെ അഭാവം. വിവിധ അധികാരപ്പടവുകൾ ഉണ്ടായിരുന്നു.
- കായിക കരുത്തുകൊണ്ട് പ്രശ്നപരിഹാരം നേടിയിരുന്ന, അന്യോന്യം കലഹിച്ചുകൊണ്ടിരുന്ന, നാടുകളായിരുന്നു അക്കാലത്ത് നിലവിലിരുന്നത്.
- തൊഴിൽ കൂട്ടായ്മകൾ ജാതികളായി പരിണമിച്ചു. ബ്രാഹ്മണമേധാവിത്വം നിലനിന്നു.
- താഴ്ന്ന ജാതിക്കാർ എല്ലാ രംഗങ്ങളിലും ചൂഷണത്തിനു വിധേയരായി.
- മധ്യകാലഘട്ടത്തിൽ ജന്മിസമ്പ്രദായമാണ് നിലവിലിരുന്നത്.
- മിച്ചോൽപാദനം പ്രാദേശിക - വിദൂര കടൽവാണിജ്യങ്ങൾക്ക് വഴിവച്ചു.
- സുഗന്ധവ്യഞ്ജനങ്ങൾ യൂറോപ്യന്മാരെ കേരളത്തിലേക്ക് ആകർഷിച്ചു. കലഹിക്കുന്ന രാജാക്കന്മാർ അവർക്ക് ഇവിടെ ആധിപത്യം സ്ഥാപിക്കുന്നതിന് അവസരമൊരുക്കി.
- വിദേശബന്ധം കല,സാംസ്കാരിക, സാമൂഹ്യ, സാമ്പത്തിക, കാർഷിക, വിദ്യാഭ്യാസമേഖലകളിൽ മാറ്റങ്ങൾക്ക് വഴിയൊരുക്കി.

## ചോദ്യങ്ങൾ

- മധ്യകാല കേരളത്തിൽ അങ്കം നടത്തിയിരുന്നതെന്തിനായിരുന്നു?
- മധ്യകാല കേരളത്തിൽ കളരികളുടെ പ്രധാന ചുമതല എന്തായിരുന്നു?
- 'കുടിപ്പക' എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
- 'സത്യപരീക്ഷക'ളിൽ പ്രത്യക്ഷമായി കാണാവുന്ന ജാതിവിവേചനം എന്താണ്?
- മധ്യകാലത്ത് നിലവിലിരുന്ന ജാതിസമ്പ്രദായത്തെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക. എന്തെല്ലാം ഉൾപ്പെടുത്താം?
  - ജാതിസമ്പ്രദായം രൂപപ്പെട്ടവിധം
  - തീണ്ടാപ്പാട്
  - ശിക്ഷാരീതികളിൽ പുലർത്തിപ്പോന്ന വിവേചനം
  - ബ്രാഹ്മണമേധാവിത്വം-സങ്കേതം-ചങ്ങാതം - പട്ടിണി
  - തൊഴിൽരംഗത്തെ വിവേചനം
  -

# 9 ആധുനിക കേരളത്തിലേക്ക്

മധ്യകാല രാഷ്ട്രീയ-സാമൂഹികജീവിതത്തെക്കുറിച്ചായിരുന്നല്ലോ നാം ഇതുവരെ ചർച്ച ചെയ്തത്. നമ്മുടെ വർത്തമാനകാല സാമൂഹിക ജീവിതത്തിന് മേൽസൂചിപ്പിച്ച അവസ്ഥയിൽ നിന്ന് ഏറെ അന്തരങ്ങളുണ്ടല്ലോ? ഇതേക്കുറിച്ചാണ് നമുക്കിനി ചർച്ചചെയ്യാനുള്ളത്.

## ശിഥില നാടുവാഴിത്തത്തിൽ നിന്ന് കേന്ദ്രീകൃത രാജാധിപത്യത്തിലേക്ക്

ശിഥിലമായ മധ്യകാല രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്ന് ശക്തവും കേന്ദ്രീകൃതവുമായ ഒരു രാജഭരണ വ്യവസ്ഥയിലേക്കുള്ള പരിണാമ ദശയിലാണ് കേരളത്തിന്റെ ആധുനിക ചരിത്രമാരംഭിക്കുന്നത്. അനന്തമായ സമ്പത്തും അധികാരങ്ങളും കൈയാളിയിരുന്ന ജന്മിമാരെ നിയന്ത്രിക്കാനും വിദേശാധിപത്യശ്രമങ്ങൾക്ക് തടയിടാനും കരുത്തുള്ള രാജനേതൃത്വം കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ ഒരു വഴിത്തിരിവായി മാറി.

നിർദാക്ഷിണ്യമായ ശിക്ഷാനടപടികളും സമർഥമായ ഭരണനിർവഹണവും വഴി ശക്തമായ കേന്ദ്രീകൃത ഭരണവ്യവസ്ഥയ്ക്ക് അടിത്തറയിട്ട പ്രദേശങ്ങളിലൊന്ന് തിരുവിതാംകൂർ ആയിരുന്നു.

## അരാജകത്വത്തെ അതിജീവിച്ച തിരുവിതാംകൂർ

1729-ൽ വേണാട് ഭരണാധികാരിയായി സ്ഥാനമേറ്റ മാർത്താണ്ഡവർമയാണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു ശക്തമായ രാജാധിപത്യം സ്ഥാപിച്ചത്.

മാർത്താണ്ഡവർമ അധികാരമേൽക്കുമ്പോൾ വേണാട്ടിൽ നിലനിന്ന രാഷ്ട്രീയ - സാമൂഹികാവസ്ഥയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

☆ രാജാവിന്റെ അധികാരശക്തിയെ ഒളിഞ്ഞും തെളിഞ്ഞും വെല്ലുവിളിച്ചിരുന്ന നായർപ്രമാണിമാരായ പിള്ളമാർ, തമ്പിമാർ തുടങ്ങിയവരുടെ നീക്കങ്ങൾ.

☆ സമ്പത്തും അധികാരവും കൈയാളിയ ക്ഷേത്ര സങ്കേതങ്ങൾ എന്നറിയപ്പെട്ട ക്ഷേത്രഭരണസമിതികൾ ഉയർത്തിയ വെല്ലുവിളികൾ.

☆ ദുർബലമായ ആഭ്യന്തരസ്ഥിതി മുതലാക്കി രാജ്യം കീഴ്പ്പെടുത്താൻ കാത്തിരുന്ന ബാഹ്യശക്തികൾ.

☆ രാജാവിന്റെ അധികാരശക്തിയെ പരിമിതപ്പെടുത്തുന്ന കാർഷിക-ഭൂവുടമാബന്ധങ്ങൾ. (രാജ്യത്തെ ഭൂസ്വത്തിൽ ഏറിയ പങ്കും സവർണപ്രമാണിമാരുടെ കൈവശം).

ദുർബലമായിരുന്ന രാജശക്തിയെ കേന്ദ്രീകൃത രാജാധിപത്യമാക്കി മാറ്റിയെടുക്കുന്നതിനുള്ള തന്ത്രപരവും സുശക്തവുമായ നടപടികളാണ് മാർത്താണ്ഡവർമ സ്വീകരിച്ചത്. അവ എന്തൊക്കെയായിരുന്നു?



പതിനെട്ടാം നൂറ്റാണ്ടിലെ തിരുവിതാംകൂർ

പിള്ളമാരെയും തമ്പിമാരെയും രാജാവ് നിഷ്കരണം ശിക്ഷിച്ചു.

ഇംഗ്ലീഷുകാരുടെയും മധുരനായ്ക്കരുടെയും മറ്റും സഹായത്തോടെ നാട്ടിലെ പ്രമാണിമാരെ ഒതുക്കിയ ശേഷം മാർത്താണ്ഡവർമ തന്റെ രാജ്യവിസ്തൃതി വർധിപ്പിക്കുന്നതിനു നടപടികൾ സ്വീകരിച്ചു.

## കാർഷിക – വാണിജ്യബന്ധങ്ങളിൽ മാറ്റം

മാർത്താണ്ഡവർമ നികുതി ഘടനയിലും കാർഷിക - വാണിജ്യ രംഗങ്ങളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തി.

☆ ജന്മിമാരടക്കമുള്ളവരിൽ നിന്ന് ലഭിക്കേണ്ട നികുതിയും മറ്റു വരവിനങ്ങളും കൃത്യമായി പിരിച്ചെടുക്കുന്നതിന് സംവിധാനമുണ്ടാക്കി. നികുതിപിരിവിന്റെ ചുമതല ഉദ്യോഗസ്ഥർക്ക് നൽകി. ഭരണസൗകര്യത്തിനായി രാജ്യത്തെ പതിനഞ്ച് മണ്ഡപത്തുംവാതുക്കലുകളായി വിഭജിച്ചു.

☆ ക്ഷേത്രങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനും ഉദ്യോഗസ്ഥരെ നിയമിച്ചു.

☆ രാജ്യത്തുടനീളം വ്യാപാരകേന്ദ്രങ്ങളാരംഭിച്ചു. കുരുമുളക്, അടയ്ക്ക, പുകയില, തുടങ്ങിയ വസ്തുക്കളുടെ വ്യാപാരവും ഉപ്പുനിർമാണവും സർക്കാരിന്റെ കുത്തകയാക്കി.

☆ അണകൾ കെട്ടി ജലസേചനസൗകര്യങ്ങൾ വർധിപ്പിച്ചു.

☆ കാർഷികോൽപാദനം, വിതരണം എന്നിവ സർക്കാർ നിയന്ത്രണത്തിലാക്കി.

☆ 'പതിവുകണക്ക്' (ബഡ്ജറ്റ്) സമ്പ്രദായം ഏർപ്പെടുത്തി.

☆

**പത്മനാഭദാസൻ**

*മാർത്താണ്ഡവർമ 1750 ജനുവരിയിൽ തിരുവിതാംകൂർ മഹാരാജ്യത്തെ ശ്രീപത്മനാഭസ്വാമിക്ക് സമർപ്പിച്ചു. ഇത് 'തൃപ്പടിദാനം' എന്ന പേരിൽ അറിയപ്പെടുന്നു. താനും തന്റെ അനന്തര തലമുറകളും 'പത്മനാഭദാസൻ' എന്ന നിലയിൽ ഭരണം നടത്തുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.*

രാജ്യത്തെ ദൈവത്തിന്റെ ഭൂമിയായി പ്രഖ്യാപിച്ചത് എന്തുകൊണ്ടായിരിക്കും?

മാർത്താണ്ഡവർമയ്ക്കു ശേഷം അധികാരത്തിലേറിയ ധർമരാജാവ് (1758-1798) തന്റെ മുൻഗാമിയുടെ നയങ്ങൾ തന്നെയാണ് പിൻതുടർന്നത്. അയ്യപ്പൻ മാർത്താണ്ഡപിള്ള, രാജാകേശവദാസൻ എന്നീ മന്ത്രിമാരുടെ പിന്തുണയും ധർമരാജാവിന് ലഭിച്ചു.

അക്കാലത്ത് സാഹിത്യം, കലകൾ എന്നീ മേഖലകളിലുണ്ടായ വളർച്ചയെക്കുറിച്ച് എട്ടാം ക്ലാസിൽ ചർച്ച ചെയ്തതാണല്ലോ. രാജക്കാന്മാരുടെ സംരക്ഷണവും പരിലാളനയും ഈ സാംസ്കാരിക അഭിവൃദ്ധിക്ക് നിദാനമായി.

## കൊച്ചിയുടെ വളർച്ച

രാഷ്ട്രീയ - സാമൂഹിക -സാംസ്കാരിക രംഗങ്ങളിൽ തിരുവിതാംകൂറിൽ സംഭവിച്ച സമഗ്രമാറ്റങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ തൊട്ടടുത്തുള്ള കൊച്ചിക്കു സാധ്യമായില്ല. കൊച്ചിയിൽ ഒരു കേന്ദ്രീകൃത രാജവാഴ്ചയ്ക്ക് അടിത്തറയിട്ടത് ശക്തൻ തമ്പുരാനായിരുന്നു.

*"ഒരു രാജ്യത്ത് ഒരു രാജാവ് എന്ന ശരിയായ അഭിപ്രായത്തിൽ സംസ്ഥാനത്തിന് വേണ്ടി അവിടുന്ന് വണങ്ങേണ്ടവരെ വണങ്ങി, പിണങ്ങേണ്ടവരോട് പിണങ്ങി, പഴിക്കേണ്ടവരെ പഴിച്ചു, തുണക്കേണ്ടവരെ തുണച്ചു; തുലക്കേണ്ടവരെ തുലച്ചു."*

**'ശക്തൻ തമ്പുരാൻ'**

**- പുത്തേഴത്ത് രാമൻ മേനോൻ**




കൊച്ചി രാജ്യം

അമിതമായ അധികാരവും സ്വത്തും കൈയാളിയിരുന്ന പ്രഭുക്കളെ അമർച്ച ചെയ്യുന്നതിന് ശക്തൻ തമ്പുരാൻ സ്വീകരിച്ച സമർഥമായ നടപടികളെക്കുറിച്ചാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. റവന്യൂ സംവിധാനം പുന: സംഘടിപ്പിക്കുന്നതിനും കാർഷിക - വാണിജ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അദ്ദേഹം നടപടികൾ സ്വീകരിച്ചു.

- ☆ സമാന്തര അധികാരകേന്ദ്രങ്ങളായിരുന്ന പ്രമാണിമാർക്കെതിരെ കടുത്ത നടപടികൾ സ്വീകരിച്ചു.
- ☆ രാജ്യത്തെ കോവിലകത്തും വാതുക്കൽ, ഗ്രാമങ്ങൾ എന്നിങ്ങനെ തിരിച്ചു.
- ☆ ഉദ്യോഗസ്ഥരെ നികുതി പിരിവിന്റെ ചുമതലയേൽപ്പിച്ചു.
- ☆ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തി.
- ☆ ഗതാഗത സൗകര്യങ്ങൾ വികസിപ്പിച്ചു.
- ☆ നഗരവ്യാപാര കേന്ദ്രങ്ങൾ ആരംഭിച്ചു.
- ☆

## മലബാറിലെ മൈസൂർ ആധിപത്യം

ദക്ഷിണ- മധ്യകേരളത്തിൽ നടന്ന മാറ്റങ്ങൾക്ക് സമാനമായി മലബാറിൽ ജന്മി- ഭൂപ്രഭു വ്യവസ്ഥയ്ക്ക് ശക്തമായ ഒരാഘാതമേൽപ്പിക്കുകയും കേന്ദ്രീകൃതമായ ഒരു ഭരണവ്യവസ്ഥ സ്ഥാപിക്കുകയും ചെയ്തത് മൈസൂരിലെ സുൽത്താന്മാരാണ്. 18-ാം നൂറ്റാണ്ടിൽ മലബാർ പ്രദേശത്ത് നിലനിന്നിരുന്ന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ ചർച്ച ചെയ്തല്ലോ.

ഈ സമയത്താണ് ഹൈദരാലിയും പിന്നീട് ടിപ്പു സുൽത്താനും മലബാർ ആക്രമിച്ചു കീഴടക്കുന്നത്. മലബാറിൽ നാടുവാഴി പ്രഭുക്കൾക്കെതിരെ ശക്തമായ നിലപാടെടുത്തുകൊണ്ട് കേന്ദ്രീകൃതമായ ഒരു ഭരണവ്യവസ്ഥ സ്ഥാപിച്ചത് ടിപ്പുവാണ്.

ജന്മി-നാടുവാഴി വ്യവസ്ഥയ്ക്കെതിരെ കൈക്കൊണ്ട നിലപാടുകളും സാമ്പത്തിക-കാർഷിക പരിഷ്കാരങ്ങളുമാണ് തിരുവിതാംകൂറിൽ മാർത്താണ്ഡവർമയെയും കൊച്ചിയിൽ ശക്തൻതമ്പുരാനെയുമെന്നപോലെ മലബാറിന്റെ ചരിത്രത്തിൽ മൈസൂർ സുൽത്താന്മാരെ ശ്രദ്ധേയരാക്കിയത്. എന്തൊക്കെയായിരുന്നു അവ?

- മൈസൂർ ആക്രമണത്തെ തുടർന്ന് പ്രാദേശിക നാടുവാഴികളും ജന്മിമാരും തിരുവിതാകൂറിൽ അഭയം തേടിയതോടെ സമൂഹത്തിൽ അവർക്കുണ്ടായിരുന്ന പ്രാമുഖ്യം ഇല്ലാതായി. കാർഷിക നികുതികൾ ജന്മിമാർ പിരിച്ചെടുക്കുന്നതിനു പകരം കാർഷികോൽപാദനത്തിന് ആനുപാതികമായി കൃഷിക്കാരിൽനിന്ന് നേരിട്ട് സർക്കാർ നികുതി പിരിച്ചെടുക്കുന്ന 'ജമാബന്ദി' പരിഷ്കാരം ഏർപ്പെടുത്തി. ഇതനുസരിച്ച് ഭൂവുടമകളായി അംഗീകരിക്കപ്പെട്ടത് ജന്മിമാരല്ല കൃഷിക്കാരാണ്.
- ഭൂമിയുടെ വിശദമായ സർവേയും തരംതിരിവും നടത്തി. വിവിധ ഭൂവിഭാഗങ്ങൾക്കും വിളകൾക്കും പ്രത്യേകം നികുതി നിശ്ചയിക്കുകയും ചില കാർഷിക വിളകൾക്ക് നികുതിയിളവ് പ്രഖ്യാപിക്കുകയും ചെയ്തു.
- ബേപ്പൂർ, പൊന്നാനി എന്നീ തുറമുറങ്ങളിലൂടെ വ്യാപാരം മെച്ചപ്പെടുത്താൻ നടപടിയെടുത്തു.
- കുരുമുളക്, തേങ്ങ, പുകയില, ചന്ദനം, തേക്ക് മുതലായ ഉൽപന്നങ്ങളിൽ സർക്കാർ കുത്തക ഏർപ്പെടുത്തി.
- സൈനികാവശ്യത്തിനും മറ്റുമായി ടിപ്പു വികസിപ്പിച്ചെടുത്ത റോഡുകളുടെ ശൃംഖല വാണിജ്യവികാസത്തിന് സഹായകമായി.
- സമൂഹത്തിൽ മേൽജാതിക്കാർക്ക് മാത്രമുള്ള പ്രത്യേക അനുകൂല്യങ്ങളും പദവികളും അവസാനിപ്പിച്ചു.

✸ *കേരളത്തിന്റെ ചിലഭാഗങ്ങളിൽ ഇപ്പോഴും ടിപ്പുവിന്റെ കാലത്ത് നിർമിക്കപ്പെട്ട കോട്ടകളും വിശാലമായ റോഡുകളും ഉണ്ടല്ലോ. എവിടെയൊക്കെയാണവ? ഒരു സചിത്രക്കുറിപ്പ് തയാറാക്കൂ.*

മാർത്താണ്ഡവർമ, ധർമരാജാവ്, ശക്തൻ തമ്പുരാൻ, ടിപ്പു സുൽത്താൻ എന്നിവരുടെ ഭരണനടപടികളുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പട്ടിക പൂർത്തിയാക്കൂ.

| രാജാവ് | മാടമ്പിമാർക്കും ജന്മിമാർക്കും എതിരായ നടപടികൾ | വരുമാനം വർധിപ്പിക്കാനുള്ളനടപടികൾ | കാർഷിക-വാണിജ്യ വികസന നടപടികൾ |
|---|---|---|---|
| മാർത്താണ്ഡവർമ | | | |
| ധർമരാജാവ് | | | |
| ശക്തൻ തമ്പുരാൻ | | | |
| ടിപ്പു സുൽത്താൻ | | | |

✸ *പട്ടികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇവരുടെ ഭരണനടപടികൾ താരതമ്യം ചെയ്തുകൊണ്ട് ഒരു റിപ്പോർട്ട് തയാറാക്കൂ.*

**കണ്ണൂരിലെ ആലി രാജവംശം**

*വാണിജ്യത്തിന് അനുകൂലമായ സാഹചര്യങ്ങൾ നിലനിന്ന ഉത്തരമലബാറിൽ വർത്തകപ്രമുഖരായി ഉയർന്നുവന്ന രാജവംശമായിരുന്നു കണ്ണൂരിലെ അറയ്ക്കൽ ആലി രാജവംശം. ലക്ഷദ്വീപ് സമൂഹങ്ങളിൽ വരെ ആധിപത്യം സ്ഥാപിച്ച ഇവർ പല അവസരങ്ങളിലും ബ്രിട്ടീഷുകാർക്ക് കച്ചവടത്തിന് ധനസഹായം നൽകാൻ തക്കവിധം സമ്പന്നരായിരുന്നു. മൈസൂർ സുൽത്താനുമായി സൗഹൃദത്തിലായിരുന്ന അവർ മൈസൂർ ഭരണകാലത്ത് ലഭിച്ച അനുകൂലമായ രാഷ്ട്രീയ സാഹചര്യം പ്രയോജനപ്പെടുത്തി ഇന്ത്യയിലെ എണ്ണപ്പെട്ട വർത്തകപ്രമുഖരായി മാറി. പിൽക്കാലത്ത് ബ്രിട്ടീഷ് ഭരണം സ്ഥാപിതമായപ്പോഴാണ് ഈ രാജവംശത്തിന്റെ ശക്തി ക്ഷയിച്ചത്.*

## രാജാധിപത്യത്തിൽ നിന്ന് സാമ്രാജ്യത്വ അധിനിവേശത്തിലേക്ക്

ബ്രിട്ടീഷുകാരും ടിപ്പുവും തമ്മിൽ 1792-ൽ ഒപ്പുവെച്ച ശ്രീരംഗപട്ടണം ഉടമ്പടിയോടെ മലബാർ ബ്രിട്ടീഷ് അധീനതയിലായി. ആദ്യം മലബാറിലെ വിവിധ പ്രദേശങ്ങളുടെ ഭരണച്ചുമതല ബ്രിട്ടീഷ് നിയന്ത്രണത്തിൻകീഴിൽ നാട്ടുരാജാക്കന്മാരെയും ഭുപ്രഭുക്കളെയും ഏൽപ്പിച്ചു. അധികം താമസിയാതെ തന്നെ പ്രാദേശിക ഭരണാധികാരികൾക്ക് 'മാലിഖാൻ' കൊടുത്തുകൊണ്ട് ബ്രിട്ടീഷുകാർ ഭരണമേറ്റെടുത്തു.

1791-ൽ ഏർപ്പെട്ട ഒരു ഉടമ്പടിയെ തുടർന്ന് കൊച്ചി ബ്രിട്ടീഷുകാരുടെ ഒരു സാമന്തരാജ്യമായിമാറിക്കഴിഞ്ഞിരുന്നു. ഒരു നാട്ടുരാജ്യമെന്ന പദവി നിലനിർത്തിയെങ്കിലും കൊച്ചിയും പൂർണമായി ബ്രിട്ടീഷ് നിയന്ത്രണത്തിലായി.

തിരുവിതാംകൂറിലെ ദിവാനായിരുന്ന രാജാകേശവദാസ് ബ്രിട്ടീഷുകാരുമായി ഉണ്ടാക്കിയ സന്ധിയനുസരിച്ച് തിരുവിതാംകൂർ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു. രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ അധികാരമുള്ള ഒരു റസിഡന്റിനെ ബ്രിട്ടീഷുകാർ തിരുവിതാകൂറിൽ നിയമിച്ചു. 1805-ൽ വേലുത്തമ്പി ദളവയുടെ കാലത്തുണ്ടാക്കിയ മറ്റൊരു സന്ധിയോടെ തിരുവിതാകൂർ ബ്രിട്ടീഷുകാരുടെ പൂർണ വിധേയത്വത്തിലായി.

ഒരു നൂറ്റാണ്ടിലേറെക്കാലം നീണ്ടു നിന്ന ബ്രിട്ടീഷ് അധിനിവേശം കേരളത്തിലെ രാഷ്ട്രീയ - സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചാണ് നമുക്കിനി ചർച്ച ചെയ്യാനുള്ളത്.

## കേരളം കൊളോണിയൽ യുഗത്തിൽ

തിരുവിതാംകൂറിലും കൊച്ചിയിലും റസിഡന്റുമാർ മുഖേനയും മലബാറിൽ നേരിട്ടും ഭരണത്തിലിടപെട്ട ബ്രിട്ടീഷുകാർ കൊളോണിയൽ താൽപര്യത്തിനനുസരിച്ചുള്ള നടപടികൾ തന്നെയാണ് എല്ലായിടത്തും നടപ്പിലാക്കിയത്. പരമ്പരാഗത വഴക്കങ്ങളിലും മര്യാദകളിലും അധിഷ്ഠിതമായ നിയമവ്യവസ്ഥയ്ക്കു പകരം ബ്രിട്ടീഷ് മാതൃകയിലുള്ള നിയമനിർവഹണ സംവിധാനം നിലവിൽ വന്നു. കോടതികളും വക്കീലന്മാരും ഒക്കെ പുതിയ അധികാരരൂപങ്ങളായി. സുസംഘടിതമായ ഒരു ഉദ്യോഗസ്ഥ സംവിധാനവും ബ്രിട്ടീഷുകാർ കേരളത്തിൽ സ്ഥാപിച്ചു. കാർഷിക - വ്യാപാര -വാണിജ്യ രംഗങ്ങളിൽ തങ്ങളുടെ ആധിപത്യം ഉറപ്പാക്കുന്ന വിധത്തിൽ നിയമനിർമാണം നടത്താൻ കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഭരണകൂടങ്ങളെ ബ്രിട്ടീഷുകാർ നിർബന്ധിച്ചു.

മൈസൂർ സുൽത്താന്മാരുടെ ആക്രമണത്തിൽ നാടുവാഴി- ജന്മി വ്യവസ്ഥയ്ക്ക് ശക്തിയായ ആഘാതമേറ്റതായി നാം കണ്ടു. മൈസൂർ ആക്രമണത്തെ ഭയന്ന് ഓടിപ്പോയ ജന്മിമാരെ ബ്രിട്ടീഷുകാർ പുനഃപ്രതിഷ്ഠിക്കുകയും

അവർക്ക് നികുതി പിരിവിനുള്ള അവകാശം നൽകുകയും ചെയ്തു. ജന്മിമാരാകട്ടെ വൻതുകയാണ് കരമായി സർക്കാരിന് നൽകേണ്ടിയിരുന്നത്. അവർ ബാധ്യത മുഴുവനും കാണക്കാരുടെയും പാട്ടക്കാരുടെയും മേൽ കെട്ടിവെച്ചു. പരമ്പരാഗത മര്യാദകൾക്കു പകരം ബ്രിട്ടീഷ് നിയമങ്ങളും കോടതികളും പോലീസും ജന്മിമാരെ നികുതി പിരിവിന് സഹായിച്ചു. പലപ്പോഴും കർഷകരെ നിസ്സാരകാരണത്തിന് കൃഷിയിടങ്ങളിൽ നിന്ന് ഒഴിപ്പിക്കുകയും ചെയ്തിരുന്നു. ഫലപുഷ്ടി വർധിപ്പിക്കാനോ കൂടുതൽ തരിശുപ്രദേശങ്ങൾ കൃഷിക്കുപയുക്തമാക്കാനോ ഒരു നടപടിയും സർക്കാർ സ്വീകരിച്ചതുമില്ല. ഇതിന്റെയെല്ലാം ഫലമായി കർഷകർ നിത്യദുരിതത്തിലായി.

പിൽക്കാലത്ത് ബാസൽമിഷൻ മുൻകൈയെടുത്ത് ആരംഭിച്ച ഓട് വ്യവസായവും നെയ്ത്തുവ്യവസായവും മലബാറിൽ പുതിയ തൊഴിലവസരങ്ങൾക്ക് കാരണമായെങ്കിലും കാർഷികരംഗത്തെ അസംതൃപ്തിക്ക് പരിഹാരമായില്ല.

### ചൂഷണത്തിനിടയിലെ അഭിവൃദ്ധി

ബ്രിട്ടീഷ് കൊച്ചിയിൽ സ്ഥിതി അൽപം വ്യത്യസ്തമായിരുന്നു. മാർത്താണ്ഡവർമയുടെയും ശക്തൻതമ്പുരാന്റെയും മറ്റും നടപടികൾ കാരണം തിരുവിതാംകൂറിലും കെച്ചിയിലും ഭൂപ്രഭുക്കൾക്ക് നേരത്തെ തന്നെ ആഘാതമേൽക്കുകയും സാമ്പത്തിക രംഗത്ത് ഉണർവ് പ്രകടമാവുകയും ചെയ്തിരുന്നു. ഇവിടെയും സർക്കാരുകൾക്കു മേൽ ബ്രിട്ടീഷുകാർ കനത്ത നികുതിഭാരം ഏർപ്പെടുത്തിയെങ്കിലും വരുമാനം വർധിപ്പിക്കുന്നതിലേക്കാണ് ഇത് അവരെ നയിച്ചത്. കൃഷിയിടങ്ങളുടെ വ്യാപനത്തിനും തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനും സർക്കാർ പ്രോത്സാഹനം നൽകി. മാർത്താണ്ഡവർമയുടെ കാലത്തുണ്ടായ കൈത്തൊഴിൽ വികാസവും വ്യാപാരവാണിജ്യ വളർച്ചയും അവർക്ക് വലിയൊരളവോളം സഹായമായി. കുരുമുളകിന്റെയും മറ്റു പരമ്പരാഗത വിളകളുടെയും സ്ഥാനത്ത് കശുവണ്ടി, റബ്ബർ തുടങ്ങിയ തോട്ടവിളകൾ കൃഷി ചെയ്യുന്നതിന് കർഷകരിൽ ബ്രിട്ടീഷുകാർ സമ്മർദം ചെലുത്തി.

കേരളത്തിൽ ഇക്കാലത്ത് ഭക്ഷ്യോൽപാദനം കുറയുകയും നാണ്യവിളകളുടെ ഉല്പാദനം വർധിക്കുകയും ചെയ്തത് എന്തുകൊണ്ടാവാം?

1930 മുതൽ വ്യവസായവൽക്കരണത്തിലും സർക്കാർ ഇടപെട്ടു. കളിമൺ സംസ്കരണത്തിനുള്ള ഫാക്ടറികൾ, ട്രാവൻകൂർ റബ്ബർ വർക്സ്, എഫ്. എ. സി. റ്റി. മുതലായവ സർക്കാർ ആരംഭിക്കുകയും സ്വകാര്യവ്യവസായികൾക്ക് സഹായം നൽകുകയും ചെയ്തു. ബാങ്കിങ് പ്രവർത്തനങ്ങൾ ആരംഭിച്ചു. പരമ്പരാഗതമല്ലാത്ത കൃഷികളുടെയും വ്യവസായത്തിന്റെയും വ്യാപനം തിരുവിതാംകൂറിലും കൊച്ചിയിലും സവർണരല്ലാത്ത ഒരു മധ്യവർഗത്തിന്റെ ഉദയത്തിന് വഴി തെളിച്ചു.

#### ഭൂനിയമ വ്യവസ്ഥയിലെ മാറ്റങ്ങൾ

ബ്രിട്ടിഷുകാർ പിന്തുടർന്ന കർഷക-വിരുദ്ധ നടപടികൾ സ്വാഭാവികമായും കൃഷിക്കാർക്കിടയിൽ വ്യാപകമായ അസംതൃപ്തിക്കും കലാപങ്ങൾക്കും കാരണമായി. കർഷകർക്കനുകൂലമായ ചില നിയമനിർമാണങ്ങൾ നടത്താൻ സർക്കാരുകളെ ഇതു നിർബന്ധിതമാക്കി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണകൂടങ്ങളുടെ ഉദാരമായ സമീപനവും ഈ നിയമനിർമാണങ്ങൾക്ക് കാരണമായിട്ടുണ്ട്

1865-ലെ പണ്ടാരപ്പാട്ട വിളംബരം സർക്കാർ ഭൂമിയിൽ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ഉടമാവകാശം നൽകിയതും ഒഴിപ്പിക്കൽ തടഞ്ഞതും തിരുവിതാംകൂറിൽ സ്വതന്ത്ര കർഷകർ വളർന്നുവരുന്നതിന് സഹായിച്ചു. 1896-ലും 1932-ലും പാസാക്കിയ ജന്മി-കുടിയാൻ നിയമങ്ങളും കർഷകരുടെ ഉടമാവകാശം

ഉറപ്പിക്കുന്നതിനും നികുതി നിജപ്പെടുത്തുന്നതിനും സഹായകമായി.

അടിസ്ഥാന ഭൂനികുതി നിശ്ചയിച്ചുകൊണ്ടുള്ള നിയമം പാസ്സായത് 1946-ലാണ്. കൊച്ചിയിൽ 1914-ൽ പാസ്സാക്കിയ കൊച്ചി കുടിയാന്മ നിയമമനുസരിച്ച് കുടിയാന്മാർക്ക് ജന്മാവകാശം ലഭിക്കുകയും അവരെ ഒഴിപ്പിക്കുമ്പോൾ നഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. 1938-ലും 1943-ലും കുടിയാന്മാരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് നിയമനിർമാണങ്ങളുണ്ടായി.

അതേസമയം മലബാറിൽ 'മലബാർ കുടിയാന്മ നിയമം' എന്നപേരിൽ സമഗ്രമായ ഒരു നിയമനിർമാണം നടക്കുന്നത് 1929-ലാണ് 45-ലും 51-ലും 54-ലും ഈ നിയമങ്ങൾ പുരോഗമനപരമായി ഭേദഗതി ചെയ്യുകയും ചെയ്തു.

**സാമൂഹിക പരിഷ്കരണത്തിനുള്ള നിയമനിർമാണങ്ങൾ**

സാമൂഹികരംഗത്തും തങ്ങളുടെ വ്യാപാര-രാഷ്ട്രീയ താൽപര്യങ്ങൾക്കു തന്നെയാണ് ബ്രിട്ടീഷ് സാമ്രാജത്വം മുൻതൂക്കം നൽകിയത്. മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലും സാമൂഹ്യ ജീവിതത്തിൽ ജന്മിമാർക്കും ഭരണകാര്യങ്ങളിൽ സവർണർക്കും ഉണ്ടായിരുന്ന പ്രാമാണ്യം തുടരുകയും അതിനു മീതെ തങ്ങളുടെ രാഷ്ട്രീയാധിപത്യം കൂടി സ്ഥാപിച്ചെടുക്കുകയുമാണ് അവർ ചെയ്തത്. മാത്രവുമല്ല. മലബാറിൽ മതപരമായ ധ്രുവീകരണത്തിന് ആക്കം കൂട്ടുന്ന നിലപാടാണ് അവർ സ്വീകരിച്ചത്. അതേസമയം തിരുവിതാംകൂറിലും കൊച്ചിയിലും സർക്കാരുകൾക്കുമേൽ ബ്രിട്ടീഷുകാർ കനത്ത നികുതിഭാരം അടിച്ചേൽപ്പിച്ചത് കൃഷിയുടെയും വ്യവസായത്തിന്റെയും വ്യാപനത്തിന് അവരെ നിർബന്ധിതരാക്കി. ഇത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ജാതിയുടെ കെട്ടുപാടുകൾക്കു പുറത്ത് ചില തൊഴിലുകൾ സ്വീകരിക്കാനുള്ള അവസരം ലഭ്യമാക്കുകയും ചെയ്തു.

ഇങ്ങനെ തങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ കൈക്കൊണ്ട പല നടപടികളും പരോക്ഷമായെങ്കിലും പിൽക്കാലത്ത് പുരോഗമനസമൂഹത്തിന്റെ സൃഷ്ടിക്ക് സഹായകമായി.

**അച്ചടിയും വിദ്യാഭ്യാസവും**

യൂറോപ്യന്മാരുടെ ആഗമനത്തോടെ അച്ചടിവിദ്യ ആരംഭിച്ചതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാവർക്കും പ്രവേശനം ലഭിച്ചതും ആധുനിക ആശയങ്ങളുടെ പ്രചാരണത്തിന് സഹായകമായി കേരളത്തിൽ 19-ഉം 20 ഉം നൂറ്റാണ്ടുകളിലുണ്ടായ മിഷനറിമാരുടെയും മറ്റും വിദ്യാഭ്യാസപ്രവർത്തനങ്ങളെക്കുറിച്ച് വിവരം ശേഖരിക്കൂ.

☆ ജസ്യൂട്ട് പാതിരിമാർ

☆ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

☆ ചർച്ച് മിഷൻ സൊസൈറ്റി

☆

ബ്രിട്ടീഷ് ഭരണ സംവിധാനവും വകുപ്പുകളും സൃഷ്ടിച്ച തൊഴിലവസരങ്ങൾ വിദ്യസമ്പാദനത്തിന് മുഖ്യ പ്രേരകശക്തിയായി. പാശ്ചാത്യവിദ്യാഭ്യാസത്തിലൂടെ കൈവന്ന പുതിയ സാമൂഹികബോധമാകട്ടെ യാഥാസ്ഥിതിക സമ്പ്രദായങ്ങൾക്കെതിരെ ശക്തമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും നിയമനിർമാണങ്ങൾക്ക് വഴി വെക്കുകയും ചെയ്തു. മരുമക്കത്തായ പരിഷ്കരണത്തിനു വേണ്ടിയുള്ള നിയനടപടികളെക്കുറിച്ച് മുൻ ക്ലാസിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

സാമൂഹികപുരോഗതിക്കു വഴിതെളിച്ച മറ്റേതെല്ലാം നടപടികളാണ് ഇക്കാലത്തുണ്ടായത്?

☆ അടിമവ്യാപാരമവസാനിപ്പിക്കൽ

☆ ചാന്നാർ സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യമനുവദിക്കൽ.

☆

തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് നിയന്ത്രണത്തിനു കീഴിലായിരുന്നെങ്കിലും അവിടെ ഭരണം നിർവഹിച്ച രാജാക്കന്മാരുടെയും ദിവാന്മാരുടെയും ജനക്ഷേമ താൽപര്യവും ദീർഘവീക്ഷണവും പല പുരോഗമന നടപടികൾക്കും കാരണമായിട്ടുണ്ട്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, നീതിന്യായം, കൃഷി, ഗതാഗതം തുടങ്ങിയ മേഖലകളിലെ ഇവരുടെ സംഭാവനകളെക്കുറിച്ച് ചർച്ച ചെയ്യൂ.

✸ *ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന കാലത്ത് കേരളത്തിലുണ്ടായ സാമൂഹ്യ-രാഷ്ട്രീയ മാറ്റങ്ങളെക്കുറിച്ചായിരുന്നു നാം ഇതുവരെ ചർച്ച ചെയ്തത്. ബ്രിട്ടീഷ് കാലഘട്ടത്തിൽ കേരളത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടായോ? ഒരു സംവാദമാകാം.*

- സാമ്പത്തിക ചൂഷണം- പ്രത്യാഘാതങ്ങൾ.
- സാമുദായിക ധ്രുവീകരണം
- നിയമവ്യവസ്ഥയിലെ പരിഷ്കാരങ്ങൾ
- പാശ്ചാത്യവിദ്യാഭ്യാസം - അച്ചടിവിദ്യ, ജാതിവ്യവസ്ഥയുടെ സ്വാധീനം.

### സാമ്രാജ്യത്വ അധിനിവേശത്തിൽ നിന്ന് സ്വതന്ത്ര ഭരണ വ്യവസ്ഥയിലേക്ക്

സമസ്ത മേഖലകളിലും പിടിമുറുക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി നാടിന്റെ പലഭാഗത്തു നിന്നും പലവിഭാഗം ജനങ്ങളിൽ നിന്നും വെല്ലുവിളികൾ ഉയർന്നു.

ബ്രിട്ടീഷുകാർക്ക് ആദ്യകാലത്ത് നേരിടേണ്ടിവന്ന ഏറെക്കുറെ അസംഘടിതമായ എതിർപ്പുകളെക്കുറിച്ച് വിവരം ശേഖരിക്കൂ. എന്തുകൊണ്ടാണ് ഇവയിൽ പലതും സ്വാതന്ത്ര്യ സമരപ്രക്ഷോഭങ്ങളായി പരിഗണിക്കാത്തത്?

☆ ആറ്റിങ്ങൽ കലാപം

☆ പടിഞ്ഞാറെ കോവിലകം രാജാക്കന്മാരുടെ കലാപം

#### പഴശ്ശികലാപം

മലബാറിലെ കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജാവ് ബ്രിട്ടീഷുകാർക്കെതിരായി നാടിന്റെ പല ഭാഗത്തും പ്രക്ഷോഭത്തിന് നേതൃത്വം നൽകി. ടിപ്പുവുമായുള്ള യുദ്ധത്തിൽ പഴശ്ശി രാജാവ് ബ്രിട്ടീഷുകാരെ സഹായിച്ചിരുന്നു. യുദ്ധത്തിനുശേഷം കോട്ടയം പ്രദേശത്തെ നികുതി പിരിക്കുന്നതിനുള്ള അവകാശം കോട്ടയത്തെ രാജാവിനെ ഏൽപ്പിക്കുന്നതിനു പകരം മാതുലനും ബ്രിട്ടീഷുകാരോട് കൂടുതൽ വിധേയത്വമുള്ളയാളുമായ കുറുമ്പ്രനാട്ടു രാജാവിനെ ഏൽപ്പിച്ചതാണ് പ്രക്ഷോഭത്തിന് കാരണമായത്. ബ്രിട്ടീഷുകാരുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് പഴശ്ശിരാജാവ് കോട്ടയത്തെ നികുതി പിരിവ് നിർത്തിവെച്ചു. തുടർന്ന് പലതവണ ബ്രിട്ടീഷുകാരുമായി വയനാടൻ കാടുകളിൽ വച്ച് ഏറ്റുമുട്ടിയ പഴശ്ശിക്ക് മുസ്ലീം കർഷകർ, കുറിച്ച്യർ, നായന്മാർ തുടങ്ങി വലിയൊരു ജനവിഭാഗത്തിന്റെ പിന്തുണ ഉണ്ടായിരുന്നു. നിരവധി തവണ ബ്രിട്ടീഷ് സേനയ്ക്ക് വൻ പരാജയം വരുത്തിവെച്ചുവെങ്കിലും ഒടുവിൽ 1805 നവംബർ 30ന് പഴശ്ശിരാജാവ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.

#### കുറിച്യർ കലാപം

വയനാട്ടിലെ ആദിവാസികളായിരുന്ന കുറിച്യർ നടത്തിയ കലാപവും ഇത്തരുണത്തിൽ ശ്രദ്ധയർഹിക്കുന്നു. സ്വതന്ത്രരായി കാട്ടിൽ ജീവിച്ച ആദിവാസികളെ അടിമയാക്കാനുള്ള ബ്രിട്ടീഷുകാരുടെ ശ്രമമാണ് കലാപത്തിന് പ്രധാന കാരണമായത്. പരമ്പരാഗതമായി സാധനങ്ങൾ നികുതിയായി നൽകിയിരുന്ന അവർ പണമായി നികുതി ഒടുക്കണമെന്നുള്ള നിർബന്ധവും പ്രതിഷേധത്തിന് വഴിവെച്ചു. പരമ്പരാഗത ആയുധങ്ങളുമായി ബ്രിട്ടീഷ് സേനയെ നേരിട്ട ആദിവാസികൾ കടുത്ത ചെറുത്തുനിൽപ്പിനു ശേഷമാണ് കീഴടങ്ങിയത്.

#### വേലുത്തമ്പിയും പാലിയത്തച്ചനും

പഴശ്ശി കലാപം അടിച്ചമർത്തിയ ബ്രിട്ടീഷുകാർക്ക് തുടർന്ന് വെല്ലുവിളി നേരിടേണ്ടി വന്നത്, തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദിവാന്മാരിൽ നിന്നാണ്. തിരുവിതാംകൂറിന്റെ ഭരണച്ചെലവുകൾക്കൊപ്പം ബ്രിട്ടീഷു പട്ടാളത്തിന്റെ ചെലവുകൂടി വഹിക്കേണ്ടി വന്നത് തിരുവിതാംകൂറിന്റെ സാമ്പത്തികസ്ഥിതിയെ അപകടത്തിലാക്കി. ബ്രിട്ടീഷുകാരുമായി വാണിജ്യബന്ധമുണ്ടായിരുന്ന മാത്തൂ തരകനെപ്പോലുള്ളവർ നികുതി അടയ്ക്കാതിരുന്നതും സംരക്ഷണം നൽകാൻ ബ്രിട്ടീഷ് റസിഡന്റ് മുതിർന്നതും തിരുവിതാംകൂറിലെ ദിവാനായിരുന്ന വേലുത്തമ്പിയെയും റസിഡന്റിനെയും തമ്മിൽ അകറ്റി. കൊച്ചിയുടെ കാര്യങ്ങളിൽ ബ്രിട്ടീഷ് റസിഡന്റ് അമിതമായി ഇടപെടുന്നതിൽ പ്രതിഷേധമുണ്ടായിരുന്ന കൊച്ചിയിലെ ദിവാൻ പാലിയത്തച്ചനുമായി ചേർന്ന് ബ്രിട്ടീഷുകാർക്കെതിരായി വേലുത്തമ്പി കലാപം ആരംഭിച്ചു. പ്രക്ഷോഭത്തിന് ജനപിന്തുണ തേടിക്കൊണ്ടും ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്യാൻ ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടും വേലുത്തമ്പി ദളവ പുറപ്പെടുവിച്ച പ്രഖ്യാപനമാണ് 'കുണ്ടറ വിളമ്പരം'. ജനങ്ങളിൽ രാജഭക്തിയും ദേശസ്നേഹവും ജനിപ്പിക്കാൻ ഈ വിളമ്പരത്തിനായെങ്കിലും വേലുത്തമ്പിയുടെ സമരത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി. ശത്രുക്കളുടെ കൈയിലകപ്പെടുമെന്ന് ഉറപ്പായപ്പോൾ അദ്ദേഹം സ്വയം ജീവിതമവസാനിപ്പിക്കുകയാണ് ചെയ്തത്.

കുണ്ടറവിളംബരത്തെക്കുറിച്ചും വേലുത്തമ്പിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ശേഖരിക്കുമല്ലോ.

#### മലബാറിൽ കലാപങ്ങൾ

ബ്രിട്ടീഷ് ഭരണാധികാരികൾ മലബാറിൽ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായത്തിനെതിരെ പത്തൊമ്പതാം നൂറ്റണ്ടിലുടനീളം മലബാറിലെ മുസ്ലീം കർഷകർ കലാപം നടത്തിയിരുന്നു. ടിപ്പുവിന്റെ ആക്രമണം ഭയന്ന് ഓടിപ്പോയിരുന്ന ജന്മിമാരെ ബ്രിട്ടീഷുകാർ വീണ്ടും ഭൂവുടമകളാക്കുകയും കർഷകർക്കുമേൽ ഈ ഭൂവുടമകൾ അമിത നികുതി ചുമത്തുകയും ചെയ്തതാണ് കലാപത്തിന് ഹേതുവായത്.

1852-ലെ മട്ടന്നൂർ കലാപമൊഴിച്ച് പത്തൊമ്പതാം നൂറ്റാണ്ടിലെ എല്ലാ മാപ്പിള കലാപങ്ങളും നടന്നത് ദക്ഷിണ മലബാറിൽ ആയിരുന്നു. 1841-ൽ വള്ളുവനാട്ടിലെ പള്ളിപ്പുറത്തും ഏറനാട്ടിലെ മണ്ണൂർ ഗ്രാമത്തിലും ഉയർന്ന കലാപങ്ങൾ ജന്മി-കുടിയാൻ ബന്ധത്തെച്ചൊല്ലിയായിരുന്നു. 1849-ലെ മഞ്ചേരി കലാപത്തിലായിരുന്നു കൂടുതൽ ആളുകൾ പങ്കെടുത്തത്. മഞ്ചേരി അത്തൻമോയൻ കുരിക്കളുടെ നേതൃത്വത്തിൽ ജന്മിയായ നിലമ്പൂർ രാജാവിനെതിരെയായിരുന്നു കലാപം. 1851-ൽ കുളത്തൂരിലും ഇതുപോലെ കലാപമുണ്ടായി. മലബാറിലെ ഈ കർഷകപ്രക്ഷോഭങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട കലക്ടറായിരുന്ന വില്യം ലോഗന്റെ റിപ്പോർട്ടാണ് പിൽക്കാലത്തെ കാർഷിക പരിഷ്കരണ നടപടികൾക്ക് അടിസ്ഥാമായത്.

ഈ കലാപങ്ങളെയെല്ലാം ബ്രിട്ടീഷുകാർ ക്രൂരമായി അടിച്ചമർത്തി. നേരത്തെ നാം ചർച്ച ചെയ്ത മലബാറിലെ സാമ്പത്തിക സാഹചര്യങ്ങളുമായി ഈ കലാപങ്ങൾക്കുള്ള ബന്ധം എന്തായിരിക്കാം?

### ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവം

മലബാറിലേതിനെക്കാൾ വ്യത്യസ്തമായ സാഹചര്യങ്ങളാണ് കൊച്ചിയിലും തിരുവിതാകൂറിലും നിലവിലിരുന്നത്. അതുകൊണ്ടു തന്നെ ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ വികാസവും വ്യത്യസ്തരീതിയിലാണ് സംഭവിച്ചത്.

#### മലബാറിൽ സമ്മേളനങ്ങളുടെയും സംഘടിത പ്രക്ഷോഭങ്ങളുടെയും കാലഘട്ടം

1897-ലെ അമരാവതി കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ചേറ്റൂർ ശങ്കരൻ

നായർ ഉൾപ്പെടെ പല മലയാളികളും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യകാല പ്രവർത്തകരായി ഉണ്ടായിരുന്നു. എന്നാൽ 1903-ൽ സി. വിജയരാഘവാചാരിയുടെ അധ്യക്ഷതയിൽ കോഴിക്കോട് ചേർന്ന രാഷ്ട്രീയ സമ്മേളനത്തോടെയാണ് മലബാറിൽ ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമായത്,

1908-ൽ മലബാർ ജില്ലാ കോൺഗ്രസ് കമ്മിറ്റി രൂപീകൃതമായി. 1916-ൽ കോൺഗ്രസ് ജില്ലാ സെക്രട്ടറി കെ.പി. കേശവമേനോന്റെ നേതൃത്വത്തിൽ ഹോം റൂൾ ലീഗിന്റെ ഒരു ശാഖ മലബാറിൽ പ്രവർത്തനമാരംഭിച്ചു.

1920 ആയപ്പോഴേക്കും ദേശീയ പ്രസ്ഥാനം രാജ്യത്ത് കൂടുതൽ കരുത്താർജിച്ചത് ഏതെല്ലാം സാഹചര്യങ്ങളിലാണ്?

**ഗാന്ധിജിയുടെ സാന്നിധ്യം**

- മോണ്ടേഗു-ചെംസ്ഫോർഡ് പരിഷ്കാരങ്ങളോടുള്ള വ്യാപകമായ എതിർപ്പ്.
- ഖിലാഫത്തു പ്രസ്ഥാനത്തിന്റെ ആവിർഭാവം
- റൗലറ്റ് ആക്ട്, ജാലിയൻ വാലാബാഗ് സംഭവം എന്നിവ ഉയർത്തിയ പ്രതിഷേധക്കൊടുങ്കാറ്റ്

ഈ അവസരത്തിൽ 1920-ൽ മഞ്ചേരിയിൽ ചേർന്ന മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനം വമ്പിച്ച പ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു.

**കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ രൂപീകരണം**

നാഗ്പുരിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനം നാട്ടുരാജ്യങ്ങളെക്കൂടി ചേർത്തുകൊണ്ട് പ്രദേശ് കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. അങ്ങനെ 1921-ൽ മലബാർ, കൊച്ചി, തിരുവിതാകൂർ പ്രദേശങ്ങൾ ചേർത്തുകൊണ്ട് രൂപീകരിക്കപ്പെട്ട കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ സെക്രട്ടറി കെ. മാധവൻ നായരായിരുന്നു. കോൺഗ്രസ് ആരംഭിച്ച നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും ഒരുമിച്ച് മുന്നേറിയപ്പോൾ കേരളത്തിൽ ദേശീയ സ്വാതന്ത്ര്യസമരം പൂർവാധികം കരുത്താർജിച്ചു.

> *"ആ കാലത്ത് ആവേശവും ആഹ്ലാദവും നൽകുന്ന പല രംഗങ്ങളും കാണാമായിരുന്നു. മുസ്ലീം പള്ളികളിൽ സാധാരണ നടക്കാറുള്ള മതപ്രസംഗങ്ങളിൽ 'ബ്രിട്ടീഷ് ചെകുത്താൻ ഗവൺമെന്റി'നോട് സമരം നടത്തേണ്ടതിന്റെ മതപ്രാധാന്യം വ്യക്തമാക്കുന്ന പ്രസംഗങ്ങൾ; അത്തരം പ്രസംഗങ്ങളിൽ മുസ്ലീം മതപുരോഹിതർക്കൊപ്പം ഹിന്ദു രാഷ്ട്രീയനേതാക്കൾ കൂടി ഹാജരാകുക; യോഗങ്ങളിലും ഘോഷയാത്രകളിലും ഹിന്ദു-മുസ്ലീം ബഹുജനങ്ങൾ ഒരു പോലെ പങ്കെടുക്കുക; കോൺഗ്രസ് - ഖിലാഫത്ത് കമ്മിറ്റികളും വോളണ്ടിയർമാരും യോജിച്ചു പ്രവർത്തിക്കുക. മാത്രമല്ല, രണ്ടിനും ഒരേ ഭാരവാഹികൾ ഉണ്ടായിരിക്കുക. - ഇതെല്ലാം മലബാറിന്റെ നാനാഭാഗത്തും കാണാമായിരുന്നു."*
>
> *ഇ.എം.എസ്. - സമ്പൂർണകൃതികൾ*

ഈ അവസരത്തിലാണ് മലബാർ, കൊച്ചി, തിരുവിതാകൂർ പ്രദേശങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത ആദ്യത്തെ അഖിലകേരളാടിസ്ഥാനത്തിലുള്ള രാഷ്ട്രീയ സമ്മേളനം ഒറ്റപ്പാലത്തു 1921 ഏപ്രിലിൽ നടന്നത്.

**മലബാർ കലാപം**

അക്കാലത്തുണ്ടായ ഒരു പ്രധാന സംഭവമായിരുന്നു 1921-ലെ മലബാർ കലാപം. ഒറ്റപ്പാലം സമ്മേളനത്തെ തുടർന്ന് മലബാറിൽ ഖിലാഫത്ത് പ്രസ്ഥാനം കൂടുതൽ വ്യാപകവും ശക്തവുമായത് ബ്രിട്ടീഷ് അധികാരികളെ അസ്വസ്ഥരാക്കി. പ്രസ്ഥാനത്തെ തകർക്കാൻ സർക്കാർ

കടുത്ത മർദനമാണ് അഴിച്ചുവിട്ടത്. മുസ്ലീം കർഷകരിൽ നേരത്തെ തന്നെ പുകഞ്ഞുകൊണ്ടിരുന്ന അമർഷം ഒരു പൊട്ടിത്തെറിയിലെത്താൻ ഈ മർദനം പ്രേരകമായി. ഏറനാട് താലൂക്കിലെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായിരുന്ന കളത്തിങ്കൽ മുഹമ്മദിനെ നിലമ്പൂർ കോവിലകത്തു നിന്ന് കാണാതായ ഒരു തോക്കിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ചത് അനുയായികൾ തടഞ്ഞു. ഇതിൽ പ്രകോപിതരായ അധികാരികൾ മതനേതാക്കളായ ആലി മുസ്സലിയാരെയും കട്ടിലശ്ശേരി മുഹമ്മദ് മുസ്സലിയാരെയും അറസ്റ്റ് ചെയ്യാൻ തിരൂരങ്ങാടിയിലെ പള്ളിയിലേക്ക് പോലീസിനെ അയച്ചതാണ് കലാപത്തിന് പ്രധാന ഹേതുവായത്. പോലീസ് പള്ളി തകർത്തെന്ന ഊഹാപോഹങ്ങൾ ദ്രുതഗതിയിൽ വ്യാപിക്കുകയും വിവിധ പ്രദേശങ്ങളിൽ നിന്ന് ആളുകൾ കൈയിൽ കിട്ടിയ ആയുധങ്ങളുമായി അങ്ങോട്ട് കുതിക്കുകയും ചെയ്തു. തുടർന്ന് പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിൽ ഏതാനും പേർ കൊല്ലപ്പെട്ടു. ഇതോടെ കലാപം നിയന്ത്രണാതീതമായി. ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ കലാപകാരികൾ സർക്കാർ ഓഫീസുകൾ കൈയേറുകയും ട്രഷറികൾ കൊള്ളയടിക്കുകയും ചെയ്തു. റെയിൽവേ, റോഡ് ഗതാഗതവും തകരാറിലാക്കപ്പെട്ടു. മലബാറിൽ സ്വയംഭരണം സ്ഥാപിച്ചതായി കലാപനേതാക്കൾ പ്രഖ്യാപിച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ സർക്കാർ പട്ടാള നിയമം പ്രഖ്യാപിക്കുകയും ഭീകരമായ മർദനമുറകളിലൂടെ കലാപം അടിച്ചമർത്തുകയും ചെയ്തു.

പതിനായിരത്തിലധികം ആളുകൾ കൊല്ലപ്പെട്ട മലബാർ കലാപത്തിലെ ഏറ്റവും ദാരുണമായ സംഭവം വാഗൺ ദുരന്തമാണ്. ഇതിനെക്കുറിച്ച് മുൻക്ലാസിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

കലാപനേതാക്കളായിരുന്ന വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ആലി മുസലിയാർ, ചെമ്പശ്ശേരി തങ്ങൾ തുടങ്ങിയവരെയെല്ലാം പിൽക്കാലത്ത് വിചാരണ നടത്തി വെടിവെച്ചുകൊന്നു.

1836 മുതൽ നടന്നുവന്ന കാർഷിക കലാപങ്ങളുടെ തുടർച്ച തന്നെയായിരുന്നു 1921-ലെ കലാപവും. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഭാഗമായി മലബാറിലെ മുസ്ലീങ്ങൾ ആർജിച്ചെടുത്ത ബ്രിട്ടീഷ് വിരുദ്ധ മനോഭാവത്തോടൊപ്പം തീവ്ര മതബോധവും മലബാർ കലാപത്തിന്റെ ചാലകശക്തിയായി.

✸ *മലബാർ ലഹളയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഒരു പാനൽ ചർച്ച സംഘടിപ്പിക്കാം. താഴെ പറയുന്ന മേഖലകളെക്കുറിച്ച് ചർച്ച ചെയ്യാം.*

- മലബാർ ലഹള ഒരു കർഷക കലാപമെന്ന നിലയിൽ.
- മലബാർ ലഹളയുടെ സാമ്രാജ്യത്വ വിരുദ്ധസ്വഭാവം
- മലബാർ ലഹളയും ഖിലാഫത്ത് പ്രസ്ഥാനവും

**നിയമലംഘനസമരം**

മലബാർ കലാപത്തെ തുടർന്ന് മന്ദീഭവിച്ചുപോയ കോൺഗ്രസ് പ്രവർത്തനങ്ങൾ വീണ്ടും സജീവമാകുന്നത് 1930-ലെ ഉപ്പു സത്യാഗ്രഹത്തോടെയാണ്. കെ. കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ ആരംഭിച്ച കേരളത്തിലെ ഉപ്പു സത്യാഗ്രഹം ആദ്യഘട്ടത്തിൽ സമാധാനപരമായിരുന്നു. എങ്കിലും മെയ് 5-ന് ഗാന്ധിജിയെ അറസ്റ്റു ചെയ്തതോടെ സമരത്തിന്റെ രൂപം മാറി. മുഹമ്മദ് അബ്ദുറഹിമാൻ, കെ. മാധവൻ നായർ, പി. കൃഷ്ണപിള്ള, ആർ.വി. ശർമ തുടങ്ങിയവരാണ് കോഴിക്കോട് സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത്.

പിന്നീട് സമര നേതാക്കളെല്ലാം അറസ്റ്റിലായി. ഗാന്ധി-ഇർവിൻ സന്ധിയെത്തുടർന്ന് 1931 മാർച്ച് 4 ന് സമരം പിൻവലിച്ചു. ഇത് കോൺഗ്രസ് പ്രവർത്തകരിൽ നിരാശ ഉളവാക്കി.

1932-ലെ രണ്ടാമതു നിയമലംഘന പ്രസ്ഥാനവും സർക്കാരിന്റെ കടുത്ത നടപടികളെ അവഗണിച്ചുകൊണ്ട് കേരളത്തിൽ ശക്തമായ പ്രതികരണങ്ങളുണ്ടാക്കി.

1934-ൽ നിയമലംഘന പ്രസ്ഥാനം പിൻവലിക്കപ്പെട്ടതോടെ കോൺഗ്രസ് പ്രവർത്തകരിൽ ഒരു വിഭാഗം ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്, പി. കൃഷ്ണപിള്ള മുതലായവരുടെ നേതൃത്വത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിക്കാരായി മാറി. ഈ സോഷ്യലിസ്റ്റു ഘടകം കോൺഗ്രസിനകത്തു തന്നെയാണ് പ്രവർത്തിച്ചിരുന്നത്.

ഇന്ത്യയുടെ പല ഭാഗത്തും ഇതേസമയത്ത് പ്രവർത്തകർ സോഷ്യലിസ്റ്റ് ആശയങ്ങളിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. 1938-ലും 1939-ലും നടന്ന കെ.പി.സി.സി. തിരഞ്ഞെടുപ്പുകളിൽ സോഷ്യലിസ്റ്റു വിഭാഗം മുൻകൈ നേടുകയും ഇ.എം. എസ്. നമ്പൂതിരിപ്പാട് സെക്രട്ടറിയാവുകയും ചെയ്തു.

സ്വാതന്ത്ര്യസമരത്തെ കൂടുതൽ ജനകീയമാക്കുന്നതിനും കർഷകരെയും തൊഴിലാളികളെയും സമരത്തിൽ അണിനിരത്തുന്നതിനും ഈ ഘട്ടത്തിൽ ശ്രമങ്ങൾ ഉണ്ടായി. 1939-ൽ പിണറായിയിൽ ചേർന്ന യോഗത്തിൽ വച്ച് സോഷ്യലിസ്റ്റ് പാർട്ടി രഹസ്യമായി കമ്യൂണിസ്റ്റ് പാർട്ടിയായി മാറി.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ സോഷ്യലിസ്റ്റ് സ്വാധീനത്തിലായിരുന്ന കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി ബ്രിട്ടീഷ് വിരുദ്ധ ജനകീയ സമരങ്ങൾക്ക് അനുകൂലമായ നിലപാടാണ് എടുത്തത്. സർക്കാർ നടപ്പിലാക്കിയ പൗരാവകാശ നിയമലംഘന ഓർഡിനൻസിന് എതിരെ 1940 -സെപ്തംബർ 15ന് മർദന പ്രതിഷേധ ദിനമായി (Anti Represion Day) ആചരിക്കാൻ തീരുമാനിച്ചു. പ്രതിഷേധദിനാചരണത്തിന് വലിയ ജനപിന്തുണ ലഭിച്ചതു കണ്ട് അധികാരികൾ നിരോധനാജ്ഞ പുറപ്പെടുവിക്കുകയും നേതാക്കളെ ജയിലിലടയ്ക്കുകയും ചെയ്തു. ദിനാചരണം പിൻവലിക്കണമെന്ന ദേശീയനേതൃത്വത്തിന്റെ ഉപദേശം സ്വീകരിക്കാതെ പ്രദേശ് കോൺഗ്രസ് നേതൃത്വം ദിനാചരണം നടത്തി. ഉത്തരമലബാറിലെ മൊറാഴ, മട്ടന്നൂർ, തലശ്ശേരി എന്നീ സ്ഥലങ്ങളിലുണ്ടായ പോലീസ് വെടിവയ്പ്പിൽ രണ്ട് പേർ കൊല്ലപ്പെട്ടു.

അക്രമപ്രവർത്തനങ്ങളുടെ പേരിൽ കെ.പി.സി.സി. പിരിച്ചുവിട്ട് ഒരു താൽക്കാലിക സമിതിയെ ചുമതല ഏൽപ്പിക്കാൻ ദേശീയ നേതൃത്വത്തിന് ഈ സംഭവങ്ങൾ പ്രേരണയായി. ഇതോടെ സോഷ്യലിസ്റ്റുകാർ കോൺഗ്രസ് വിട്ട് കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു.

ഡോ. കെ. ബി. മേനോന്റെ നേതൃത്വത്തിൽ ഒരു വിഭാഗം കോൺഗ്രസുകാർ കിറ്റ് ഇന്ത്യാ സമരത്തിൽ സജീവമായി സഹകരിച്ചു. പോലീസ് കടുത്ത മർദനമഴിച്ചുവിട്ടതിനെത്തുടർന്ന് അവർ നിരവധി അട്ടിമറിപ്രവർത്തനങ്ങൾക്കും നിർബന്ധിതരായി. മലബാറിലെങ്ങും സർക്കാർ കെട്ടിടങ്ങൾ തകർക്കുന്നതിന് വേണ്ടി കീഴരിയൂരിൽ വെച്ച് ബോംബുണ്ടാക്കിയെന്ന് ആരോപിച്ചുകൊണ്ട് ഡോ. കെ. ബി. മേനോൻ അടക്കം നാലു പ്രതികൾക്ക് പത്തുവർഷം കഠിനതടവ് വിധിച്ചു.

സ്വാതന്ത്ര്യം കിട്ടിയശേഷവും മലബാർ മദിരാശി പ്രവിശ്യയുടെ ഭാഗമായി തുടർന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടപ്പോൾ മലബാർ ജില്ല തിരു-കൊച്ചിയുമായി ചേർത്ത് കേരളസംസ്ഥാനം രൂപീകരിച്ചു.

✸ *മലബാറിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വിവിധ സംഭവങ്ങൾ, നേതാക്കളുടെ ഫോട്ടോകൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ ചേർത്ത് ഒരു പതിപ്പ് തയാറാക്കൂ.*

ഇതേസമയം തിരുവിതാകൂറിലും കൊച്ചിയിലും ഉയർന്നുവന്ന സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ കൂടുതൽ അവസരങ്ങൾക്കും പ്രാതിനി

ധ്യങ്ങൾക്കും വേണ്ടിയുള്ളതായിരുന്നത് എന്തുകൊണ്ടാവാം?

**തിരുവിതാംകൂറിൽ മെമ്മോറിയലുകളുടെ കാലം**

പരമ്പരാഗതമായ ഭരണവ്യവസ്ഥയ്ക്കു പകരം ബ്രിട്ടീഷുകാർ കൊണ്ടുവന്ന ആധുനിക ഉദ്യോഗസ്ഥ സംവിധാനവും നീതിന്യായ സംവിധാനവും തിരുവിതാംകൂറിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. എന്നാൽ തിരുവിതാംകൂറിലെ ഉയർന്ന ഉദ്യോഗങ്ങളിലെല്ലാം പരദേശി ബ്രാഹ്മണരെ പ്രതിഷ്ഠിക്കാനാണ് സർക്കാർ ശ്രമിച്ചത്. ഈ അവസരത്തിൽ 'തിരുവിതാംകൂർ, തിരുവിതാംകൂറുകാർക്ക്' എന്ന ആശയത്തിൽ 1891 ജനുവരിയിൽ രാജാവിന് സമർപ്പിച്ച ഭീമ ഹർജിയാണ് 'മലയാളി മെമ്മോറിയൽ'. ഇതിന്റെ തുടർച്ചയായി ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവസമുദായംഗങ്ങൾ ഒപ്പിട്ട മറ്റൊരു 'ഈഴവ മെമ്മോറി'യലും മഹാരാജാവിന് സമർപ്പിച്ചു. മെഡിക്കൽ ബിരുദമുണ്ടായിട്ടും സർക്കാർ സർവീസിൽ പ്രവേശനം നിഷേധിക്കപ്പെട്ട ആളാണ് ഡോ. പൽപ്പു. ഈഴവ സമുദായത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ഈഴവ സമുദായാംഗങ്ങൾക്കും ലഭിക്കണമെന്നായിരുന്നു മെമ്മോറിയലിന്റെ ആവശ്യം.

**ഉത്തരവാദ ഭരണത്തിനു വേണ്ടി**

മെമ്മോറിയലിലെ ആവശ്യങ്ങൾ ദിവാൻ തള്ളിക്കളയുകയാണ് ഉണ്ടായതെങ്കിലും അവകാശങ്ങൾക്കുവേണ്ടി സംഘടിതമായി ശബ്ദമുയർത്താനുള്ള ആദ്യശ്രമങ്ങൾ എന്ന നിലയ്ക്ക് ഇവ രണ്ടും ശ്രദ്ധേയമാണ്.

ഇതേസമയം നാട്ടു രാജ്യങ്ങളിൽ പ്രാതിനിധ്യസ്വഭാവമുള്ള നിയമനിർമാണ സഭകൾ രൂപീകരിക്കുകയെന്ന ബ്രിട്ടീഷ് സർക്കാരിന്റെ നയമനുസരിച്ച് പല രാജഭരണ പ്രദേശങ്ങളിലും നിയമസഭകൾ രൂപം കൊണ്ടു. 1888 -ൽ തിരുവിതാംകൂറിൽ ശ്രീമൂലം ലെജിസ്ലേറ്റിവ് കൗൺസിൽ രൂപീകരിച്ചത് ഈ ആശയമനുസരിച്ചാണ്. ഇത് ശ്രീമൂലം പ്രജാസഭയായി വികസിക്കുകയും എല്ലാ താലൂക്കുകളിൽ നിന്നും പ്രതിനിധികളെ നോമിനേറ്റ് ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. പിന്നീട് പ്രതിനിധികളെ തിരഞ്ഞെടുക്കാൻ ആരംഭിച്ചു.

ഈ പരിഷ്കാരങ്ങൾ എങ്ങനെയാണ് ജനാധിപത്യ ഭരണകൂടത്തിന്റെ രൂപീകരണത്തിൽ നിർണായകമാകുന്നത്? സ്വാഭാവികമായും ഈ പരിഷ്കാരങ്ങൾ കൂടുതൽ ഭരണപങ്കാളിത്തത്തിനും നീതിക്കും വേണ്ടിയുള്ള മുറവിളികൾക്ക് കാരണമായി. പുതിയ പരിഷ്കാരമനുസരിച്ച് സ്വത്തവകാശം ഉള്ളവർക്കും കൂടുതൽ നികുതി അടയ്ക്കുന്നവർക്കും ആയിരുന്നു വോട്ടവകാശം ലഭിച്ചിരുന്നത്. പിന്നോക്ക വിഭാഗങ്ങൾ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ മുതലായവർ ഒന്നിച്ചു ചേരുകയും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ആവശ്യപ്പെടുകയും ചെയ്തു. ആവശ്യങ്ങൾ അനുവദിക്കപ്പെടാതിരുന്നതിനെ തുടർന്ന് 'സംയുക്ത രാഷ്ട്രീയ സമിതി' എന്ന സംഘടന ഉണ്ടാക്കുകയും തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും ഉണ്ടായി. 'നിവർത്തന പ്രക്ഷോഭം' എന്നറിയപ്പെടുന്ന ഈ സമരത്തിന്റെഫലമായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയായിരുന്നു?

- ☆ പിന്നോക്ക സമുദായക്കാർക്ക് ന്യായമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനു വേണ്ടി പബ്ലിക് സർവീസ് കമ്മീഷനെ നിയമിച്ചു.
- ☆ വോട്ടിനു വേണ്ടിയുള്ള സ്വത്തുടമസ്ഥതയിൽ ഇളവുകൾ പ്രഖ്യാപിച്ചു.
- ☆ 1937-ൽ പുതിയ നിയമമനുസരിച്ച് നടന്ന തിരഞ്ഞെടുപ്പിൽ പിന്നോക്കക്കാർക്ക് ഭൂരിപക്ഷം ലഭിച്ചു.

ഈ പരിഷ്കാരങ്ങൾ എങ്ങനെയായിരിക്കാം പിന്നോക്കവിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനത്തിന് സഹായിച്ചത്?

തിരഞ്ഞെടുക്കപ്പെട്ട നിയമസഭയുടെ തീരുമാനങ്ങളെ അംഗീകരിക്കാൻ സർക്കാരും അന്നത്തെ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരും തയാറായില്ല. തിരുവിതാംകൂർ സർക്കാരിന്റെ ഈ അസഹിഷ്ണുതയാണ് ജനാധിപത്യപ്രസ്ഥാനങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയത്. നിവർത്തനപ്രക്ഷോഭ നേതാക്കളും മറ്റുള്ളവരും ചേർന്ന് 1938-ൽ 'തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്' രൂപീകരിച്ചു. സർക്കാരിന്റെ നിരോധനം ലംഘിച്ചുകൊണ്ട് വട്ടിയൂർക്കാവിൽ ചേർന്ന സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം, ഉത്തരവാദഭരണപ്രക്ഷോഭത്തിന്റെ ചരിത്രത്തിൽ ഒരു നിർണായക ചുവടുവയ്പ്പാണ്. ഉത്തരവാദഭരണം അനുവദിക്കണമെന്നും ദിവാൻ സർ സി. പി. രാമസ്വാമി അയ്യരെ പിരിച്ചുവിടണമെന്നും പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ് മഹാരാജാവിന് നിവേദനം നൽകി. സ്റ്റേറ്റ് കോൺഗ്രസിനെയും നേരത്തെ പുരോഗമനവാദികളായ യുവാക്കൾ രൂപീകരിച്ച യൂത്ത്ലീഗിനെയും ദിവാൻ നിരോധിക്കുകയും കടുത്ത അടിച്ചമർത്തൽ ആരംഭിക്കുകയും ചെയ്തു. കോൺഗ്രസും യൂത്തുലീഗും തൊഴിലാളികളുടെയും കർഷകരുടെയും പിന്തുണയോടെ ദിവാന്റെ വെല്ലുവിളികളെ ശക്തമായി പ്രതിരോധിച്ചു. തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും ജനങ്ങളും പോലീസും തമ്മിൽ ഏറ്റുമുട്ടി. നെയ്യാറ്റിൻകരയിൽ പ്രകടനക്കാരുടെ നേരെ പോലീസ് വെടിവെച്ചതിനെത്തുടർന്ന് ഒരാൾ മരണപ്പെട്ടു. ആലപ്പുഴയിൽ തൊഴിലാളികൾ പണിമുടക്കി. മഹാരാജാവിന്റെ ജന്മദിനത്തിൽ തിരുവനന്തപുരത്ത് ഒരു പ്രകടനം നടത്താൻ കോൺഗ്രസ് തീരുമാനിച്ചു. വ്യാപകമായ ജനകീയ പ്രക്ഷോഭത്തിന്റെ സമ്മർദത്തിൽ കോൺഗ്രസിന്റെയും യൂത്ത് ലീഗിന്റെയും നിരോധനം നീക്കാൻ ദിവാൻ തയാറായി. തനിക്കെതിരായ ആരോപണങ്ങൾ പിൻവലിക്കാതെ ഉത്തരവാദഭരണത്തെക്കുറിച്ച് ചർച്ച ചെയ്യില്ലെന്ന് ദിവാൻ ശഠിച്ചു. ഒടുവിൽ ആരോപണങ്ങൾ പിൻവലിക്കാൻ ഒരു വിഭാഗം തയാറായപ്പോൾ മറുപക്ഷം കോൺഗ്രസ് അംഗത്വം ഉപേക്ഷിച്ച് യൂത്ത് ലീഗിൽ ചേർന്നു. ലീഗിൽ ഒരു വിഭാഗം പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി.

അമേരിക്കയിൽ പ്രസിഡന്റിനുള്ള അവകാശാധികാരങ്ങൾ ദിവാന് നൽകുന്ന ഒരു ഭരണ പരിഷ്കാര പദ്ധതിയാണ് ഒടുവിൽ 1946-ൽ സി.പി. പ്രഖ്യാപിച്ചത്. ദിവാന്റെ ഈ സ്വേച്ഛാധിപത്യത്തിനെതിരെയും രാഷ്ട്രീയ സ്വാതന്ത്ര്യവും തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിലെ തൊഴിലാളികൾ അനിശ്ചിതകാലപണിമുടക്ക് നടത്തി. തൊഴിലാളികളുടെയും കർഷകരുടെയും നേരെ 1946 ഒക്ടോബർ 27 ന് പുന്നപ്രയിലും വയലാറിലും യന്ത്രത്തോക്കുകളുപയോഗിച്ച് പട്ടാളം നടത്തിയ വെടിവെയ്പ്പിൽ നിരവധി ആളുകൾ കൊല്ലപ്പെട്ടു. ഉത്തരവാദഭരണത്തിനു വേണ്ടി തിരുവിതാംകൂറിൽ നടത്തപ്പെടുന്ന പ്രതിഷേധയോഗങ്ങൾ ബലംപ്രയോഗിച്ച് പിരിച്ചുവിടുകയായിരുന്നു ഗവൺമെന്റിന്റെ തന്ത്രം. ഈ തന്ത്രവും ഫലിക്കാതെ വന്നപ്പോഴാണ് തിരുവനന്തപുരത്ത് പേട്ടയിൽ പോലീസ് വെടിവെച്ചത്. വെടിവെപ്പിൽ മൂന്നുപേർ കൊല്ലപ്പെട്ടു.

ഒടുവിൽ രാജ്യത്തിന് സ്വാതന്ത്ര്യം ഉറപ്പായ വേളയിലും ദിവാൻ തന്റെ സ്വേച്ഛാധികാര പ്രമത്തതയും പിടിവാശിയും കൈവിട്ടില്ല. ഇന്ത്യൻ യൂണിയനിൽ ലയിക്കാതെ തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി നിലനിൽക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഇതിനെതിരായി സ്റ്റേറ്റ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രക്ഷോഭം ആരംഭിക്കുകയും 1947 ജൂലായ് 25ന് ഒരു പൊതുപരിപാടിയിൽ സംബന്ധിക്കുകയായിരുന്ന ദിവാൻ ആക്രമിക്കപ്പെടുകയും ചെയ്തു.

ജനവികാരത്തിനെതിരായി പിടിച്ചുനിൽക്കാനാവില്ലെന്ന് ബോധ്യമായ മഹാരാജാവ് ഇന്ത്യൻ യൂണിയനിൽ ലയിക്കാനുള്ള തന്റെ

തീരുമാനം പ്രഖ്യാപിച്ചു. 1947 ആഗസ്റ്റ് 19ന് സർ സി.പി. രാമസ്വാമി അയ്യർ സ്ഥാനമൊഴിഞ്ഞു. 1947 സെപ്തംബർ നാലിന് തിരുവിതാംകൂറിൽ ഉത്തരവാദിത്തഭരണം പ്രഖ്യാപിക്കപ്പെട്ടു. 1948 ഫെബ്രുവരിയിൽ പ്രായപൂർത്തി വോട്ടവകാശം അനുസരിച്ച് തിരഞ്ഞെടുപ്പു നടന്നു. സ്റ്റേറ്റ് കോൺഗ്രസ് നേതാവ് പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ ജനകീയ മന്ത്രിസഭ മാർച്ച് 24ന് അധികാരമേറ്റു.

### കൊച്ചിയിലെ ഉത്തരവാദഭരണ പ്രക്ഷോഭം

ജനവിരുദ്ധരായ ദിവാന്മാർക്കെതിരെയുള്ള പ്രതിഷേധ സമരങ്ങളായിട്ടാണ് കൊച്ചിയിൽ ജനകീയ പ്രസ്ഥാനം നാമ്പെടുക്കുന്നത്.. 1936-ൽ ദിവാനായിരുന്ന ഷൺമുഖം ചെട്ടി, തൃശൂരിലെ വിദ്യുച്ഛക്തി വിതരണം ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചതിനെതിരെ നടന്ന വമ്പിച്ച ജനകീയ പ്രക്ഷോഭമായിരുന്നു ഇതിൽ ഏറെ ശ്രദ്ധേയമായത്. 1938-ൽ ബ്രിട്ടീഷ് ഇന്ത്യയിലെ മാതൃകയിൽ കൊച്ചിയിൽ ദ്വിഭരണമേർപ്പെടുത്തി. ഇതനുസരിച്ച് ലെജിസ്ലേറ്റീവ് കൗൺസിലിലെ തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് അപ്രധാനമായ വകുപ്പുകളോടെ മന്ത്രിസ്ഥാനം ലഭിച്ചു. അമ്പാട്ട് ശിവരാമമേനോനായിരുന്നു ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ജനകീയ മന്ത്രി. 1941-ൽ ഉത്തരവാദിത്തഭരണം നേടുന്നതിനായി കൊച്ചി രാജ്യപ്രജാമണ്ഡലം രൂപീകൃതമായി. സർക്കാർ പ്രജാമണ്ഡലത്തിനെതിരെ കടുത്ത മർദനം അഴിച്ചുവിട്ടുവെങ്കിലും ശക്തമായിത്തന്നെ പ്രക്ഷോഭരംഗത്ത് ഉറച്ചു നിന്ന പ്രജാമണ്ഡലം 1945-ലെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി. 1946-ജൂലൈയിൽ എറണാകുളത്തു ചേർന്ന പ്രജാമണ്ഡലം ഉത്തരാവാദിത്ത ഭരണത്തിനുവേണ്ടി ശക്തമായ പ്രക്ഷോഭം ആരംഭിക്കാൻ തീരുമാനിച്ചു. ദിവാൻ ദൈനംദിന ഭരണത്തിൽ അമിതമായി ഇടപെടുന്നതിനെതിരെ ജനകീയപ്രക്ഷോഭമുയർന്നു. ഇതിനെത്തുടർന്ന് വകുപ്പുകളെല്ലാം ജനകീയ മന്ത്രിമാരെ ഏൽപ്പിക്കാൻ രാജാവ് നിർബന്ധിതനായി. 1947 സെപ്തംബറിൽ ദിവാൻ ഭരണം അവസാനിച്ചു. പിന്നീട് പ്രജാമണ്ഡലം കോൺഗ്രസുമായി ലയിക്കുകയും 1948 സെപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടുകയും ചെയ്തു. ഇക്കണ്ടവാര്യരായിരുന്നു ആദ്യത്തെ പ്രധാനമന്ത്രി. നാട്ടുരാജ്യങ്ങളുടെ സംയോജനപദ്ധതിയനുസരിച്ച് 1949 ജൂലൈ 1 ന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് തിരു-ക്കൊച്ചി സംസ്ഥാനം രൂപീകരിച്ചു.

- *കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങളിൽ നടന്ന സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൂ. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ, നേതാക്കളുടെ ലഘു ജീവചരിത്രം, ഫോട്ടോകൾ എന്നിവ ഉൾപ്പെടുത്തി മലബാറിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടു തയാറാക്കിയ പതിപ്പ് തിരുവിതാംകൂറിലെയും കൊച്ചിയിലെയും സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളുടെ വിവരങ്ങൾ കൂടി ചേർത്ത് വികസിപ്പിക്കൂ. ഈ പതിപ്പിന് 'ദേശീയ പ്രസ്ഥാനം കേരളത്തിൽ' എന്ന പേര് നൽകാം.*
- *കേരളത്തിലെ ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു സെമിനാർ സംഘടിപ്പിക്കാം. ഏതെല്ലാം മേഖലകൾ ഉൾപ്പെടുത്താം?*
  - ദേശീയപ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ പൊതുസ്ഥിതിയും കേരളത്തിലെ സ്ഥിതിയും - സാദൃശ്യവും വ്യത്യാസവും
  - തിരുവിതാകൂർ, കൊച്ചി പ്രദേശങ്ങളിലെ സമരങ്ങളുടെ ഉള്ളടക്കം, ഗതി തുടങ്ങിയ കാര്യങ്ങൾക്ക് മലബാറിലെ പ്രക്ഷോഭവുമായുള്ള സാമ്യവ്യത്യാസങ്ങൾ.
  - സ്വാതന്ത്ര്യസമര കാലത്തെ വിവിധ സംഭവങ്ങൾ, അവയുടെ സ്വാധീനം. (ഹോം റൂൾ, മലബാർ കലാപം, ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം മുതലായവ)
  - 

അവതരിപ്പിക്കുന്ന പ്രബന്ധങ്ങളുടെ പ്രധാന ഉള്ളടക്കം, ചർച്ചയുടെ ക്രോഡീകരണം, ചർച്ച നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അവലോകനം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു സെമിനാർ റിപ്പോർട്ട് തയാറാക്കണം.

## സാമൂഹ്യനവോത്ഥാനത്തിന്റെ കാലം

സാമ്പത്തിക അവകാശങ്ങൾക്കും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ബഹുജനപ്രക്ഷോഭങ്ങളോടൊപ്പം സാമൂഹ്യമായ ഉച്ചനീചത്വങ്ങൾക്കും ജാതിവ്യവസ്ഥയ്ക്കും എതിരായ മുന്നേറ്റങ്ങളും കേരളത്തിൽ പ്രബുദ്ധമായ ഒരു സമൂഹത്തിന്റെ പിറവിക്ക് നിദാനമായി.

### നവോത്ഥാന നായകർ

ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ 'വെൺ നീചൻ' എന്നും മഹാരാജാവിന്റെ ദുർഭരണത്തെ 'അനന്തപുരത്തെ നീചന്റെ ഭരണം' എന്നും പരസ്യമായി വിളിച്ചാക്ഷേപിക്കാൻ തന്റേടംകാണിച്ച വൈകുണ്ഠസ്വാമിയാണ് (1808-1850) കേരളത്തിൽ രാഷ്ട്രീയ പോരാട്ടങ്ങളെയും സാമൂഹ്യനവീകരണ മുന്നേറ്റങ്ങളെയും സമർഥമായി സംയോജിപ്പിച്ചവരിൽ ആദ്യത്തെയാൾ. ജാതി സമ്പ്രദായത്തിന്റെ ജീർണതകളെ യുക്തിപൂർവം വെല്ലുവിളിച്ച സ്വാമി, ക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠ നടത്തി അദ്വൈത ദർശനത്തിന്റെ മാഹാത്മ്യം മാലോകരെ ബോധ്യപ്പെടുത്തി. നാഗർകോവിലിലെ സ്വാമിത്തോപ്പിലാണ് വൈകുണ്ഠസ്വാമി ജനിച്ചത്. 'ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന് ലോകം ഒന്ന്, ദൈവം ഒന്ന്' എന്നതായിരുന്നു സ്വാമിയുടെ സന്ദേശം. 'അഖിലത്തിരട്ട്,' 'അമ്മാനൈ അരുൾ ആൽ' എന്നീ കൃതികളുടെ കർത്താവാണ് അദ്ദേഹം.

ബ്രാഹ്മണ മേധാവിത്വം, പ്രാകൃതമായ ചടങ്ങുകൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിച്ചയാളാണ് ചട്ടമ്പി സ്വാമികൾ. ഉപനിഷത്തുകളിലും തർക്കശാസ്ത്രത്തിലും പണ്ഡിതനായിരുന്ന ചട്ടമ്പി സ്വാമികൾ ജാതി സമ്പ്രദായത്തെ ശക്തിയായി എതിർക്കുകയും അദ്വൈതദർശനം പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹം 'സർവ വിദ്യാധിരാജൻ' എന്നറിയപ്പെട്ടു.

ഉപനിഷത് ദർശനങ്ങളിലും ഉദാത്തമായ മനുഷ്യസ്നേഹത്തിലും അടിയുറച്ചു നിന്നുകൊണ്ട് ബ്രാഹ്മണ പൗരോഹിത്യത്തിനും ജാതിവ്യവസ്ഥയുടെ പൊള്ളത്തരങ്ങൾക്കും എതിരെ ആഞ്ഞടിച്ച ശ്രീനാരായണ ഗുരുദേവനാകട്ടെ (1856-1928) വിശ്വമാനവികതയുടെ സന്ദേശമാണ് പ്രചരിപ്പിച്ചത്.

സംഘടിച്ചു ശക്തരാകുവാനും വിദ്യകൊണ്ട് പ്രബുദ്ധരാകുവാനും ഗുരുദേവൻ ആഹ്വാനം ചെയ്തു. മനുഷ്യന് അനിവാര്യമായും ഉണ്ടാകേണ്ട ഗുണവിശേഷമാണ് മനുഷ്യത്വം എന്നാണ് അദ്ദേഹം സിദ്ധാന്തിച്ചത്. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന വിഖ്യാതമായ സന്ദേശവും ശ്രീനാരായണഗുരു കേരളത്തിന് നൽകി. ബഹുഭാര്യാത്വം, ബഹുഭർത്തൃത്വം, മരുമക്കത്തായം എന്നീ സമ്പ്രദായങ്ങളെയും താലികെട്ടു കല്യാണം തുടങ്ങിയ അനാചാരങ്ങളെയും മദ്യപാനത്തെയും ശക്തമായി എതിർത്ത ഗുരുദേവൻ വിവാഹങ്ങൾ ലളിതമായ രീതിയിൽ നടത്താനും മുൻകൈ എടുത്തു.

മറ്റു പല പിന്നോക്ക വിഭാഗക്കാർക്കും സാമ്പത്തികമായ ഉയർച്ചയും ഭരണപ്രാതിനിധ്യവും ലഭിച്ചപ്പോഴും എല്ലാവിധ അവകാശനിഷേധങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയരായിക്കഴിഞ്ഞവരാണ് കേരളത്തിലെ പുലയവിഭാഗക്കാർ. ഉയർന്നജാതിക്കാർ അസ്പൃശ്യരും ഹീനരുമാക്കി മാറ്റിനിർത്തിയ പുലയവിഭാഗക്കാരിൽ ഐക്യബോധവും ആത്മവിശ്വാസവും വളർത്തിയതിൽ മുഖ്യപങ്കുവഹിച്ചയാളാണ് അയ്യങ്കാളി. പൊതുനിരത്തിൽ യാത്ര ചെയ്യാനും സർക്കാർ സ്കൂളിൽ ചേർന്നു പഠിക്കാനും ഉള്ള അവകാശങ്ങൾക്കു വേണ്ടി അയ്യങ്കാളി ശബ്ദമുയർത്തി. എല്ലാവിധ ചൂഷ

ണങ്ങൾക്കും വിധേയരായി അടിയാളവിഭാഗക്കാരായി കഴിഞ്ഞിരുന്ന കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് ഒരവകാശപ്പോരാട്ടത്തിന് സന്നദ്ധരാക്കുകയും ചെയ്തു.

മുസ്ലീങ്ങൾക്കിടയിൽ ആധുനികവിദ്യാഭ്യാസം പ്രചരിപ്പിക്കാനും അനാചാരങ്ങൾ അവസാനിപ്പിക്കാനും മുൻകൈ എടുത്ത വക്കം അബ്ദുൾ ഖാദർ മൗലവി, നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെയും സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടിയും ശബ്ദമുയർത്തിയ വി.ടി. ഭട്ടതിരിപ്പാട്, മതങ്ങളുടെയെല്ലാം ആന്തരിക സത്ത ഒന്നാണെന്നും ബഹുദൈവ ആരാധന യുക്തിരഹിതമാണെന്നും സമർഥിച്ചതോടൊപ്പം മദ്യപാനത്തിനും കർഷകചൂഷണത്തിനും എതിരെ പോരാടാൻ 'മിശ്രഭോജനം' എന്ന സമ്പ്രദായം ആരംഭിക്കുകയും ചെയ്ത സഹോദരൻ അയ്യപ്പൻ തുടങ്ങിയവരെല്ലാം സാമൂഹ്യപരിഷ്കരണത്തിനു വേണ്ടി യത്നിച്ചവരാണ്.

✸ *മലയാളിയെ മനുഷ്യനാക്കുന്നതിനും ആധുനിക സാമൂഹ്യബോധത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിപ്പിക്കുന്നതിനും നേതൃത്വം നൽകിയ നവോത്ഥാന നായകരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പു തയാറാക്കൂ.*

പതിപ്പിലുണ്ടാകേണ്ടണ്ടത് -

- സാമൂഹ്യപരിഷ്കർത്താക്കളുടെ ജീവിതം, ദർശനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ചിത്രങ്ങളും.
- അവരുടെ കാഴ്ചപ്പാടുകൾ വിലയിരുത്തി തയാറാക്കുന്ന കുറിപ്പ്
- ഈ ദർശനങ്ങളുടെ വർത്തമാനകാല പ്രസക്തി സംബന്ധിച്ച നിങ്ങളുടെ വിലയിരുത്തൽ.

### പൗരാവകാശ മുന്നേറ്റങ്ങൾ

സാമൂഹ്യ- മതനവീകരണ മുന്നേറ്റങ്ങൾ എന്ന നിലയിൽ മാത്രമല്ല ദേശീയ പ്രസ്ഥാനത്തിന്റെ കേരളത്തിലെ ചരിത്രവുമായും അഭേദ്യബന്ധമുള്ള പൗരാവകാശപ്രക്ഷോഭങ്ങൾ കൂടിയാണ് വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും.

1923-ൽ കാക്കിനാഡയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം കേരളത്തിലെ അയിത്തത്തിനെതിരെ പ്രചാരണം നടത്താൻ തീരുമാനിച്ചു. കെ. കേളപ്പൻ, എ.കെ. പിള്ള, കെ. പി. കേശവമേനോൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരടങ്ങുന്ന സമിതിക്കായിരുന്നു ഇതിന്റെ ചുമതല. ഈ സമയത്ത് വൈക്കം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള നിരത്തുകളിൽക്കൂടി യാത്രചെയ്യാൻ അവർണർക്ക് അവകാശമുണ്ടായിരുന്നില്ല. ഇതിനെതിരായി 1924 മാർച്ച് 30ന് ക്ഷേത്രത്തിന് മുൻവശത്ത് സത്യാഗ്രഹമാരംഭിച്ചു. സത്യാഗ്രഹസമരത്തിന്റെ ഭാഗമായി വൈക്കത്തു നിന്നും നാഗർകോവിലിൽ നിന്നും പുറപ്പെട്ട ജാഥകൾ തിരുവനന്തപുരത്ത് സംഗമിക്കുകയും മന്നത്ത് പത്മനാഭൻ, ടി. കെ. മാധവൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു ഹർജി (വൈക്കം മെമ്മോറിയൽ) രാജാവിന് സമർപ്പിക്കുകയും ചെയ്തു. ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ സത്യാഗ്രഹത്തിന് പിന്തുണയുമായി ഇ.വി. രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ തമിഴരും പഞ്ചാബിൽ നിന്ന് അകാലികളുമെത്തി.

ഒടുവിൽ 1925 മാർച്ചിൽ ഗാന്ധിജി നേരിട്ട് വൈക്കത്ത് എത്തുകയും അധികാരികളുമായി ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി ക്ഷേത്രത്തിനു ചുറ്റുമുണ്ടായിരുന്ന നാലു റോഡുകളിൽ മൂന്നെണ്ണം എല്ലാവർക്കുമായി തുറന്നു കൊടുത്തു.

വൈക്കം സത്യാഗ്രഹത്തെ തുടർന്ന് കേരളത്തിലെ മറ്റു പല ക്ഷേത്രങ്ങളിലും സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടി പ്രക്ഷേഭങ്ങളുണ്ടായി. അവ ഏതെല്ലാമെന്നു കണ്ടെത്തുമല്ലോ.

കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എല്ലാജാതിയിലും പെട്ട ഹിന്ദു

ക്കൾക്ക് പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗുരുവായൂർ ക്ഷേത്ര സന്നിധിയിലും ഇതുപോലൊരു സത്യാഗ്രഹം 1931 നവംബർ 1 ന് ആരംഭിച്ചു. കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ, എ. കെ. ഗോപാലൻ, എൻ. പി. ദാമോദരൻ എന്നിവരായിരുന്നു സമരനേതാക്കൾ. ക്ഷേത്രഭരണാധികാരിയായിരുന്ന സാമൂതിരി വഴങ്ങാതിരുന്നതിനെ തുടർന്ന് 1932 സെപ്തംബർ 22 ന് സമരത്തിന്റെ രണ്ടാംഘട്ടം എന്ന നിലയിൽ കെ. കേളപ്പൻ മരണം വരെ നിരാഹാരം ആരംഭിച്ചു. എന്നാൽ ഗാന്ധിജി ഇടപെട്ടതിനെ തുടർന്ന് ഒക്ടോബർ 22 ന് സമരം പിൻവലിച്ചു.

തുടർന്ന് പൊന്നാനി താലൂക്കിൽ ഇതു സംബന്ധിച്ച് നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുത്ത 77 ശതമാനം പേരും എല്ലാ ജാതിക്കാർക്കും ക്ഷേത്രത്തിൽ പ്രവേശനം നൽകുന്നതിന് അനുകൂലമായിരുന്നു. ഇങ്ങനെ നിരവധി ജനകീയ സമരങ്ങളുടെ ഫലമായാണ് 1936 നവംബറിൽ തിരുവിതാംകൂറിലും 1947-ൽ മലബാറിലും 1948-ൽ കൊച്ചിയിലും എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം നൽകിക്കൊണ്ടുള്ള വിളംബരങ്ങൾ ഉണ്ടായത്.

✸ *'കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രം സാമൂഹ്യപരിഷ്കരണ പോരാട്ടം കൂടിയായിരുന്നു'. ഈ പ്രസ്താവനയ്ക്ക് ഒരു പ്രതികരണക്കുറിപ്പ് തയാറാക്കൂ.*

**സ്വാതന്ത്ര്യസമരപോരാട്ടങ്ങൾക്ക് ഊർജം പകർന്ന പത്രങ്ങൾ**

നമ്മുടെ കാഴ്ചപ്പാടുകളെയും അഭിരുചികളെയും ആഴത്തിൽ സ്വാധീനിക്കുന്ന വർത്തമാന പത്രങ്ങൾക്ക് ദേശീയസ്വാതന്ത്ര്യസമരപ്പോരാട്ടത്തിന് ശക്തിപകരുന്നതിലും നിർണായകമായ പങ്കുണ്ടായിരുന്നു. 1923-ൽ കോഴിക്കോട് നിന്ന് പ്രസിദ്ധീകരണമാരംഭിച്ച മാതൃഭൂമി, മുഹമ്മദ് അബ്ദു റഹിമാന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന അൽ അമീൻ, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പത്രമായിരുന്ന 'പ്രഭാതം' തുടങ്ങിയവ മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ ജിഹ്വകളായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിലും വക്കം മൗലവിയുടെ ഉടമസ്ഥതയിലും പ്രസിദ്ധീകരിച്ചിരുന്ന 'സ്വദേശാഭിമാനി'യും എ. ബാലകൃഷ്ണപിള്ളയുടെ 'കേസരി'യും ധീരമായ പത്രപ്രവർത്തനത്തിന് ഉജ്വലമാതൃകകളാണ്. കണ്ടത്തിൽ വർഗീസ് മാപ്പിള ആരംഭിച്ച 'മലയാള മനോരമ'യും ദിവാൻ ഭരണത്തിനെതിരെ തൂലികകൊണ്ട് പോരാടിയിട്ടുണ്ട്.

✸ *സ്വാതന്ത്ര്യസമരത്തിനും സാമൂഹിക മതനവീകരണ ശ്രമങ്ങൾക്കും കരുത്തു പകർന്ന മറ്റു പ്രസിദ്ധീകരണങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൂ. 'സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള ശ്രമങ്ങളിൽ വർത്തമാന പത്രങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരു ലേഖനം തയാറാക്കൂ.*

**മലയാളത്തിന്റെ വസന്തകാലം**

ഒരു നാടിന്റെ രാഷ്ട്രീയ സാമൂഹിക ജീവിതത്തിന്റെ പ്രതിഫലനം അവിടെ രൂപപ്പെടുന്ന കലാസാഹിത്യസൃഷ്ടികളിൽ കാണാൻ കഴിയും. മധ്യകാല സാമൂഹിക-രാഷ്ട്രീയ ജീവിതത്തിലെ ജീർണതകൾ അക്കാലത്ത് ഉടലെടുത്ത സാഹിത്യകൃതികളെ ബാധിച്ചുവെന്നതിനു തെളിവാണ് പല മണിപ്രവാളകൃതികളും. മലയാളത്തിൽ ഭക്തിപ്രസ്ഥാനം ഉടലെടുക്കാനിടയായ സാഹചര്യം മുമ്പു പഠിച്ചുവല്ലോ.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും പാശ്ചാത്യ ആശയങ്ങളുടെയും കടന്നുവരവ്, ആധുനിക സാഹിത്യരൂപങ്ങളായ നോവൽ, ചെറുകഥ, നാടകം, യാത്രാവിവരണം, സാഹിത്യനിരൂപണം തുടങ്ങിയവയൊക്കെ മലയാളിക്ക് പരിചിതമാക്കി. ആനുകാലിക സാമൂഹികപ്രശ്നങ്ങളെയും പ്രതിസന്ധികളെയും ദാർശനിക ചിന്തകളെയുമൊക്കെ വിഷയമാക്കി പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലുണ്ടായ സാഹിത്യ സൃഷ്ടികളും കലാരൂപങ്ങളും ലോകോത്തര നിലവാരത്തിലുള്ളവയായിരുന്നു.

ആരെല്ലാമായിരുന്നു മലയാളത്തിന്റെ യശസ്സ് രാജ്യാന്തരങ്ങളിലേക്കു വ്യാപിപ്പിച്ച പ്രതിഭാശാലികൾ?

✵ *മലയാള സാഹിത്യത്തിന്റെ ഈ വസന്ത കാലത്തെക്കുറിച്ച് ഒരു പതിപ്പ് തയാറാക്കാം. വിവിധ സാഹിത്യശാഖകൾ, ഓരോന്നിലും ഉൾപ്പെട്ട സാഹിത്യകാരന്മാർ, അവരുടെ പ്രധാന സൃഷ്ടികൾ, ചിത്രങ്ങൾ എന്നിവ പതിപ്പിൽ ഉൾപ്പെടുത്തുമല്ലോ. ഈ പതിപ്പിന് 'മലയാളത്തിന്റെ വസന്തകാലം' എന്നു പേർ നൽകിയാലോ?*

## സംഗ്രഹം

- സമ്പത്തും അധികാരവുമുണ്ടായിരുന്ന ഭൂപ്രഭുക്കൾക്കും ജന്മിമാർക്കും എതിരെ കടുത്ത നടപടികൾ സ്വീകരിച്ചും കാർഷിക വാണിജ്യവികസനത്തിന് നടപടികൾ സ്വീകരിച്ചും കേന്ദ്രീകൃത രാജഭരണ വ്യവസ്ഥ പതിനെട്ടാം നൂറ്റാണ്ടിൽ കേരളത്തിൽ ഉണ്ടായി.
- 19-ാം നൂറ്റാണ്ട് ആയപ്പോഴേക്കും കേരളം ബ്രിട്ടീഷ് നിയന്ത്രണത്തിലായി.
- ബ്രിട്ടീഷ് ഭരണം വ്യാപകമായ സാമ്പത്തിക ചൂഷണത്തിനും മറ്റനവധി പ്രത്യാഘാതങ്ങൾക്കും കാരണമായി.
- പാശ്ചാത്യവിദ്യാഭ്യാസവും ചില നിയമനിർമാണങ്ങളും കേരളത്തിൽ ഒരു പുരോഗമന സമൂഹത്തിന്റെ സൃഷ്ടിക്ക് സഹായകമായി.
- നവോത്ഥാന നായകരുടെ ധൈഷണിക ഇടപെടലുകൾ ഒരു പ്രബുദ്ധ സമൂഹത്തിന്റെ പിറവിയെ സഹായിച്ചു.
- ദേശീയപ്രസ്ഥാനത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾ കേരളത്തിലുണ്ടായി. തിരുവിതാംകൂറിലും കൊച്ചിയിലും പ്രധാനമായും ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളാണ് നടന്നത്.
- കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രം സാമൂഹിക അനാചാരങ്ങൾക്ക് എതിരെയുള്ളതു കൂടിയാണ്.
- പാശ്ചാത്യ സമ്പർക്കം ആധുനിക കലാരൂപങ്ങളുടെയും സാഹിത്യസൃഷ്ടികളുടെയും കടന്നുവരവിന് സഹായകമായി.

## ചോദ്യങ്ങൾ

- ■ മാർത്താണ്ഡവർമ, ധർമരാജാവ്, ശക്തൻ തമ്പുരാൻ, ടിപ്പു സുൽത്താൻ എന്നിവർക്ക് കേരളത്തിന്റെ ചരിത്രഗതിയിൽ ഉള്ള പങ്കിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
  - ○ ഭൂപ്രഭുക്കളോടും ജന്മിമാരോടും സ്വീകരിച്ച സമീപനം
  - ○ കാർഷിക ഭൂപരിഷ്കരണ നടപടികൾ
  - ○ വ്യവസായ - വാണിജ്യ വികാസത്തിനുള്ള നടപടികൾ
  - ○
- ■ ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിക്കുന്നതിന് കൈക്കൊണ്ട ഏതെല്ലാം നടപടികളാണ് കേരളത്തിൽ ഒരു ആധുനിക സമൂഹത്തിന്റെ പിറവിക്ക് കാരണമായത്?
- ■ തോട്ടവിളകളുടെ ആവിർഭാവവും പുതിയ കൈത്തൊഴിലുകളുടെയും വ്യവസായശാലകളുടെയും രംഗപ്രവേശവും പരമ്പരാഗത ജാതിവ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചത് എങ്ങനെയാണ്?
- ■ കേരളത്തിൽ ഒരു പുരോഗമന സമൂഹത്തെ സൃഷ്ടിക്കുന്നതിൽ നവോത്ഥാന നായകരുടെ പങ്ക് വിലയിരുത്തുക.
- ■ കേരളത്തിന്റെ സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവവികാസങ്ങൾ സൂചിപ്പിക്കുന്ന ഒരു കാലഗണനാ ചാർട്ട് തയാറാക്കുക.

- മലബാറിലെ കോൺഗ്രസ് സമ്മേളനങ്ങൾ, പ്രക്ഷോഭങ്ങൾ,
- മെമ്മോറിയലുകൾ
- ഉത്തരവാദഭരണ പ്രക്ഷോഭങ്ങൾ.
-

## സെമിനാർ റിപ്പോർട്ട്

- 'കേരളത്തിലെ ദേശീയ പ്രസ്ഥാനം'

## പ്രോജക്ട്

ഭൂപരിഷ്കരണ നടപടികളും ഇതര മാറ്റങ്ങളും കേരളത്തിലെ കാർഷിക രംഗത്തെ അഭിവൃദ്ധിക്ക് എന്തുമാത്രം സഹായകമായി എന്ന പ്രോജക്ട് പിന്നീടുള്ള അധ്യായത്തോടെ പൂർത്തിയാക്കേണ്ടതുണ്ട്. അതിലേക്കായി താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുക.

- ഭൂപ്രഭുക്കൾക്കെതിരായി മാർത്താണ്ഡവർമ, ധർമരാജാവ്, ശക്തൻ തമ്പുരാൻ, ടിപ്പുസുൽത്താൻ എന്നിവരുടെ നടപടികളും അവയുടെ പ്രത്യാഘാതങ്ങളും
- ബ്രിട്ടീഷുകാർ ജന്മിമാർക്ക് അവകാശം തിരിച്ചു നൽകിയതും അതിന്റെ പ്രത്യാഘാതങ്ങളും
- വിവിധ കാലഘട്ടങ്ങളിലായി നടന്ന ജന്മികുടിയാൻ നിയമങ്ങൾ. അവയുടെ ഫലങ്ങൾ.

# 10 കേരളം ഇന്ന്

**ഒരു ഭാഷ, ഒരു നാട്**

*"പദം പദമുറച്ചു നാം*
*പാടിപ്പാടി പോവുക*
*പാരിലൈക്യ കേരളത്തിൻ*
*കാഹളം മുഴക്കുവാൻ*
*നവം നവരണങ്ങളിൽ*
*നമ്മൾ തൻ ത്യാഗങ്ങളിൽ*
*നാം രചിക്കുമാപ്പുതിയ*
*കേരളം മനോഹരം"*

- പി. ഭാസ്കരൻ

മലയാളഭാഷ സംസാരിക്കുന്ന ജനവിഭാഗത്തെ ഉണർത്തി ഉത്സാഹഭരിതരാക്കാൻ നടന്ന ശ്രമങ്ങളുടെ ഭാഗമായി ഇത്തരം ഗാനങ്ങൾ നാടെങ്ങും പ്രചരിച്ചുവന്നു. ഒരേ ഭാഷ സംസാരിക്കുന്നവരൊത്തു ചേർന്നുണ്ടാകുന്ന ഐക്യ കേരളമെന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു കാണാനുള്ള തിടുക്കമായിരുന്നു എവിടെയും.

ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തെ ഏകീകരിക്കുന്നതുകൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിച്ചിരിക്കുക?

- ഭൂമിശാസ്ത്രപരമായ ഏകീകരണം
- സാമ്പത്തിക പുരോഗതി
- ഭാഷയുടെയും സംസ്കാരത്തിന്റെയും വളർച്ച
- ഭരണപരമായ ഏകീകരണം
- സാധാരണക്കാർക്ക് ഭരണത്തിന്റെയും നീതിന്യായത്തിന്റെയും ഗുണഫലങ്ങൾ ലഭ്യമാക്കൽ
- പ്രാദേശിക വികസനം
- 

കേരള സംസ്ഥാന രൂപീകരണ പ്രക്രിയയെക്കുറിച്ച് ചരിത്രപരമായ ഒരന്വേഷണമായാലോ? എന്തെല്ലാം സംഭവങ്ങൾ ഇതിനെ സ്വാധീനിച്ചിരിക്കാം?

- കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി, കൊച്ചി രാജ്യപ്രജാമണ്ഡലം, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് എന്നിവയുടെ സംയുക്തയോഗം ഐക്യകേരള പിറവിക്കായി ആവിഷ്കരിച്ച പ്രവർത്തന പരിപാടികൾ.
- 1947-48 വർഷങ്ങളിലെ ഐക്യകേരള കൺവെൻഷനുകൾ.
- 1948-ൽ ഭരണഘടനാ നിർമാണസഭ നിയമിച്ച ഭാഷാ സംസ്ഥാന കമ്മിഷൻ (എസ്. കെ. ധർ കമ്മിഷൻ) തെളിവെടുപ്പ്.
- 1949-ൽ പാലക്കാട്ടു വെച്ചു നടന്ന ഐക്യ കേരള കൺവെൻഷൻ
- കൊച്ചി - തിരുവിതാംകൂർ നാട്ടുരാജ്യങ്ങളുടെ സംയോജനം.
- ഭാഷാ സംസ്ഥാന രൂപീകരണം എന്ന ആവശ്യം ഉന്നയിച്ച് ആന്ധ്രയിൽ പോറ്റി ശ്രീരാമലുവിന്റെ നിരാഹാരവും ജീവത്യാഗവും.
- 1955-ലെ ഭാഷാ സംസ്ഥാന പുനസ്സംഘടന കമ്മിഷൻ റിപ്പോർട്ട്.
- 1956-ലെ സംസ്ഥാന പുനസ്സംഘടനാ നിയമം.

ഐക്യകേരളമെന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ് ഇന്നത്തെ കേരളം. തിരു-കൊച്ചി സംസ്ഥാനവും മലബാറും യോജിപ്പിച്ചുകൊണ്ട് സംസ്ഥാന പുനസ്സംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1956 നവംബർ 1ന് കേരള സംസ്ഥാനം നിലവിൽ വന്നു. തോവാള, അഗസ്തീശ്വരം , കൽക്കുളം, വിളവങ്കോട് എന്നീ താലൂക്കുകൾ ഉൾപ്പെടുന്ന കന്യാകുമാരി ജില്ലയും ചെങ്കോട്ടയുടെ ഒരു ഭാഗവും തിരുക്കൊച്ചിയിൽ നിന്നു വേർപെടുത്തി മദ്രാസിനോടു ചേർത്തു. മലബാർ ജില്ലയും ദക്ഷിണ കാനറാ ജില്ലയിലെ കാസർകോടു താലൂക്കും തിരുക്കൊച്ചിയോടു ചേർത്തു.

1956 ലെ സംസ്ഥാന പുനസ്സംഘടനയ്ക്ക് മുമ്പുള്ളതും സംസ്ഥാന പുനസ്സംഘടനയ്ക്ക് ശേഷമുള്ളതുമായ കേരളത്തിന്റെ ഭൂപടങ്ങൾ താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ കണ്ടെത്തൂ. വിവരങ്ങൾ അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ.

### ഐക്യകേരളത്തിലെ ആദ്യ സർക്കാർ

കേരളപ്പിറവിയെത്തുടർന്ന് 1957 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയത് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയായിരുന്നു. ഇന്ത്യയിൽ ആദ്യമായി തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ കമ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നു അത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ മേഖലകളിൽ പല നിയമനിർമാണങ്ങൾക്കും ആ മന്ത്രിസഭ തുടക്കം കുറിച്ചു.

മന്ത്രിസഭ അവതരിപ്പിച്ച കാർഷികബന്ധ ബില്ലും വിദ്യാഭ്യാസ ബില്ലും വൻ പ്രതിഷേധത്തിന് തിരികൊളുത്തി. പാട്ടക്കുടിയാൻമാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിന് വേണ്ടിയായിരുന്നു 1958 ലെ കർഷക ബന്ധ ബിൽ. വിദ്യാഭ്യാസരംഗത്ത് സാമൂഹിക ഉത്തരവാദിത്വം വളർത്താനുള്ള ശ്രമത്തിന്റെ ആദ്യപടിയായിരുന്നു വിദ്യാഭ്യാസ ബിൽ. ഈ ബില്ലുകളോടുള്ള എതിർപ്പിനെത്തുടർന്ന് സംസ്ഥാനത്ത് 'വിമോചന സമരം' രൂക്ഷമായപ്പോൾ 1959-ൽ മന്ത്രിസഭ പിരിച്ചുവിട്ടു.

### കൂട്ടുകക്ഷിഭരണത്തിന്റെ തുടക്കം

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാന വഴിത്തിരിവായിരുന്നു വിമോചന സമരം. തുടർന്ന് കേരളത്തിൽ കൂട്ടുകക്ഷി ഭരണരീതി നിലവിൽ വന്നു. ഇത്തരത്തിലുള്ള കൂട്ടുകക്ഷിഭരണ സമ്പ്രദായത്തിന് തുടക്കം കുറിച്ച സംസ്ഥാനവും കേരളമാണ്.

✸ *ഐക്യകേരളപ്പിറവി മുതൽ ഇന്നുവരെ കേരളത്തിൽ രൂപപ്പെട്ടിട്ടുള്ള രാഷ്ട്രീയ സഖ്യങ്ങൾ, മന്ത്രിസഭകൾ, സുപ്രധാന നിയമനിർമാണങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പ് തയാറാക്കൂ.*

അതുമായി ബന്ധപ്പെട്ട് 'സമകാലിക'ത്തിലേക്കുള്ള വിവരശേഖരണം നടത്തുമല്ലോ.

**ഭൂപരിഷ്കരണം സാമൂഹ്യമാറ്റത്തിന്**

കേരളത്തിൽ മധ്യകാലഘട്ടത്തിലും തുടർന്നും ഭൂവുടമസ്ഥതയിലും കാർഷിക രംഗത്തും ഉണ്ടായ മാറ്റങ്ങളെന്തൊക്കെയാണെന്നു മുൻ അധ്യായങ്ങളിൽ സൂചിപ്പിച്ചതു ശ്രദ്ധിച്ചല്ലോ. ഈ നിയമങ്ങൾക്കൊന്നിനും കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല.

സംസ്ഥാന രൂപീകരണ സമയത്ത് തിരു-കൊച്ചിയിലും മലബാറിലും വ്യത്യസ്ത ഭൂവുടമാബന്ധങ്ങളായിരുന്നു നിലനിന്നിരുന്നത്. തുടർന്നുള്ള ഘട്ടത്തിൽ ഈ രംഗങ്ങളിൽ എന്തൊക്കെ സംഭവവികാസങ്ങൾ ഉണ്ടായി എന്നന്വേഷിക്കാം.

ഒരു തുണ്ടുമണ്ണുപോലും സ്വന്തമായി ഇല്ലാത്ത അവസ്ഥ എന്നെന്നേക്കുമായി മാറിക്കിട്ടണമെന്ന് ഭൂമിയില്ലാത്ത കൃഷിക്കാരും കുടിയൊഴിപ്പിക്കലിനു വിധേയരായവരും ആഗ്രഹിച്ചിരുന്നു. ഈ അവസ്ഥ മാറ്റിയെടുക്കാനുള്ള മുറവിളി ശക്തമാവുകയും ചെയ്തു. ഇത്തരുണത്തിലാണ് 1957-ൽ അധികാരത്തിൽ വന്ന മന്ത്രിസഭ കർഷക ബന്ധ ബില്ല് നിയമസഭയിൽ അവതരിപ്പിച്ചത്.

**ഭൂപരിഷ്കരണ നിയമങ്ങൾ**

ഭൂപരിഷ്കരണ രംഗത്ത് കേരളത്തിൽ ഉണ്ടായ നിയമനിർമാണങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് നോക്കാം.

1958-ൽ അവതരിപ്പിച്ച കർഷക ബന്ധ ബില്ല് വിവിധ ഭേദഗതികളോടെ പിന്നീട് പാസ്സാക്കി. തുടർന്ന് 1960, 63, 64, 69 വർഷങ്ങളിൽ ഭൂപരിഷ്കാര നിയമങ്ങൾ നടപ്പിലാക്കി. എന്നാൽ ജന്മിസമ്പ്രദായം അവസാനിപ്പിക്കുന്നതിനും കുടിയാന്മാർക്ക് സ്വന്തം ഭൂമിയിൽ പൂർണാവകാശം വകവെച്ചുകൊടുക്കുന്നതിനും ഇടയാക്കിയ ചരിത്രപ്രധാനമായ ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് 1970 ജനുവരി 1-നാണ്. ഭൂപരിഷ്കരണ നിയമങ്ങളുടെ മുഖ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു?

- കുടികിടപ്പുകാർക്ക് പത്തു സെന്റുവരെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പതിച്ചു കൊടുക്കൽ.
- യഥാർഥ കർഷകന് ഭൂമിയുടെ എല്ലാ ഉടമാവകാശവും നൽകിക്കൊണ്ട് ജന്മി-കുടിയാൻ ബന്ധം റദ്ദാക്കൽ.
- കൈവശഭൂമിക്ക് പരിധി നിർണയിച്ച് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമി വിതരണം ചെയ്യൽ.
- കാർഷിക ഉൽപാദനത്തിലുള്ള തടസ്സങ്ങളും കാർഷിക രംഗത്തെ ചൂഷണങ്ങളും സാമൂഹിക അസമത്വങ്ങളും ഇല്ലാതാക്കൽ.
- സാമൂഹ്യപുരോഗതിയും പരിവർത്തനവും ഉണ്ടാക്കൽ.
- സാമ്പത്തിക വളർച്ചയും ആധുനികവൽക്കരണവും കൈവരിക്കൽ.
- 

ജന്മി സമ്പ്രദായത്തിന്റേതായ ഒരു കാലഘട്ടത്തിനു വിരാമമിടാൻ ഈ നിയമം മൂലം സാധിച്ചു. മറ്റെന്തെല്ലാം നേട്ടങ്ങൾ ഇതുവഴി കേരളീയ സമൂഹത്തിന് ഉണ്ടായിട്ടുണ്ട്? ചർച്ച ചെയ്യൂ.

✸ *ഭൂപരിഷ്കരണ നിയമങ്ങൾ ഭൂവുടമസ്ഥതയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെക്കുറിച്ച് അന്വേഷിച്ചാലോ?*

- ഭൂമി പാട്ടത്തിനു കൊടുക്കുന്നത് നിയമവിരുദ്ധമായി.
- പാട്ടം പിരിച്ചു ജീവിക്കുന്ന ജന്മിമാർ എന്ന വിഭാഗം ഇല്ലാതായി.
- പാട്ടഭൂമി, കൃഷി ചെയ്യുന്ന കുടിയാന്മാർക്കു നൽകി.

- ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്തിരുന്ന ചുരുക്കം വൻകിട കൃഷിക്കാർക്കും ഭൂമി സ്വന്തമായി കിട്ടി.
- വൻകിട ഭൂവുടമകൾ മിച്ചഭൂമി വിറ്റു കാശാക്കി.
- ലക്ഷക്കണക്കിന് ആളുകൾക്ക് കിടപ്പാടം ഉണ്ടായി.
- 

ഭൂപരിഷ്കരണം മൂലം കാർഷിക മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായത്? ക്ലാസിൽ ചർച്ചചെയ്യൂ. എന്തെല്ലാം കാര്യങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്താം?

- ഉൽപാദനത്തിലുള്ള ഏറ്റക്കുറച്ചിൽ
- നെൽകൃഷി
- നാണ്യവിളകൾ
- ഉൽപാദനച്ചെലവ്
- ലാഭനഷ്ടങ്ങൾ
- കൃഷിഭൂമിയുടെ വിസ്തൃതിയിൽ വരുന്ന മാറ്റം.
- കാർഷികമേഖലയിലെ പ്രതിസന്ധികൾ
- 

ചർച്ചയിലൂടെ ഉരുത്തിരിയുന്ന കാര്യങ്ങൾ അന്വേഷണക്കുറിപ്പുകളിൽ ചേർക്കൂ. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 'സമകാലിക'ത്തിലേക്ക് ആവശ്യമായ ശേഖരണം നടത്തുമല്ലോ.

സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഇന്നത്തെ കേരളത്തിന്റെ അവസ്ഥയെന്താണെന്ന് പരിശോധിക്കാം.

### വളരാൻ മടിക്കുന്ന വ്യവസായം

കേരളം പ്രകൃതി വിഭവങ്ങളാൽ സമ്പന്നമാണ്. അതിനനുസരിച്ചുള്ള സാമ്പത്തിക പുരോഗതി നമുക്കുണ്ടായിട്ടില്ല.

ആധുനിക രീതിയിലുള്ള വ്യവസായങ്ങൾക്ക് ഇവിടെ തുടക്കം കുറിച്ചത് ജർമൻ മിഷനറിമാരും ബ്രിട്ടീഷ് തോട്ടമുടമകളുമാണ്. ലോഹ വ്യവസായം, യന്ത്രനിർമാണം തുടങ്ങിയ ആധുനിക യന്ത്രവൽക്കൃത വ്യവസായങ്ങളാണ് ഉൽപാദനക്ഷമത കൂടിയ വ്യവസായങ്ങൾ. ഇത്തരത്തിലുള്ളവ കേരളത്തിൽ നാമമാത്രമായേ ഉള്ളൂ. കേരളത്തിലെ വ്യവസായങ്ങളെ പൊതുവെ പരമ്പരാഗതമെന്നും ആധുനികമെന്നും വേർതിരിച്ചു കാണാം. കയർ, കശുവണ്ടി, കൈത്തറി, ബീഡി, കൈവേലകൾ, ഓട്, ഇഷ്ടിക തുടങ്ങിയവ പരമ്പാരഗത വിഭാഗത്തിലും അലൂമിനിയം, രാസവളം തുടങ്ങിയവ ആധുനിക വിഭാഗത്തിലും ഉൾപ്പെടുത്താം. ചെറുകിട, ഇടത്തരം, വൻകിട എന്നീ രീതിയിലും വ്യവസായങ്ങളെ വർഗീകരിക്കാറുണ്ട്. ഇവയിൽ വളരെ കൂടുതൽ വൈദ്യുതി ആവശ്യമുള്ള വ്യവസായങ്ങൾക്ക് നിലനിൽക്കാനുള്ള സാധ്യത കേരളത്തിലില്ല. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ പ്രൗഢിയിൽ മാത്രം കേരളത്തിനു നിലനിൽക്കാനാവില്ല. മാറിവരുന്ന ലോകസാഹചര്യത്തിൽ പ്രാദേശികമായ വിഭവങ്ങളുടെ ലഭ്യത കൊണ്ടു മാത്രം വ്യവസായം വളരില്ല. ഈ രംഗത്തുള്ള പിന്നോക്കാവസ്ഥ സംസ്ഥാനത്തിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുമെന്ന് തീർച്ച.

വ്യാവസായിക മേഖലയുടെ പിന്നോക്കാവസ്ഥ കൊണ്ട് നമ്മുടെ സംസ്ഥാനം എന്തൊക്കെ പ്രയാസങ്ങളാണ് നേരിടുന്നതെന്ന് കണ്ടെത്തി രേഖപ്പെടുത്തുമല്ലോ.

- രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു.
- പ്രതിശീർഷവരുമാനം കുറയുന്നു.
- ഭക്ഷ്യവസ്തുക്കളുടെയും മറ്റും ഇറക്കുമതി വർധിക്കുന്നു.
- വെറും ഉപഭോഗസമൂഹമായി മാറുന്നു.
- 

ഇതിന് നിങ്ങൾ നിർദേശിക്കുന്ന പ്രതിവിധികൾ എന്തെല്ലാം?

### ആരോഗ്യമേഖല

സാമ്പത്തിക പിന്നോക്കാവസ്ഥയിലും ആരോഗ്യമേഖലയിൽ കുറഞ്ഞ തുക ചെലവഴിച്ച് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. 'കേരള ആരോഗ്യമാതൃക' എന്ന പേരിൽ അന്തർദേശീയ അംഗീകരം പിടിച്ചുപറ്റിയ നമ്മുടെ ആരോഗ്യസംവിധാനത്തെ വികസ്വര രാജ്യങ്ങൾക്കു മുമ്പിൽ മാതൃകയായി ലോകാരോഗ്യ സംഘടന ഉയർത്തിക്കാട്ടിയിട്ടുണ്ട്.

ആരോഗ്യരംഗത്ത് നാം എന്തൊക്കെയാണ് നേടിയത്?.

- ഉയർന്ന ആയുർദൈർഘ്യം കൈവരിച്ചു.
- ശിശുമരണ നിരക്ക് കുറച്ചു.
- ജനനനിരക്ക് കുറച്ചു.

ഇതുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ കൂടി ശേഖരിക്കുമല്ലോ. ഈ നേട്ടങ്ങൾക്കിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണ്?

- സാർവത്രികവും സൗജന്യവുമായ പൊതുജനാരോഗ്യസംവിധാനം.
- കേരളസമൂഹത്തിൽ നിലനിന്നിരുന്ന ജന്മിത്വം അവസാനിപ്പിക്കുന്നതിനുള്ള ഭൂപരിഷ്കരണ നടപടികൾ.
- പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യവസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കാൻ അവസരമുണ്ടാക്കിയ സർക്കാർ നീക്കങ്ങൾ.
- ഉയർന്ന സാക്ഷരതാ നിലവാരം.
- ദരിദ്രരും അശരണരുമായ ജനങ്ങളുടെ ആവശ്യങ്ങൾക്കായി വിവിധ പ്രസ്ഥാനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ.

#### പോരായ്മകൾ നികത്താൻ - ശക്തി പകരാൻ

സാമൂഹികസാമ്പത്തിക ഘടകങ്ങൾ നമ്മുടെ ആരോഗ്യമേഖലയുടെ മുന്നേറ്റത്തിനു വഴിവെച്ചിട്ടുണ്ട്. ഈ നേട്ടങ്ങൾ നമുക്ക് നിലനിർത്താൻ സാധിക്കുന്നുണ്ടോ? ആരോഗ്യമേഖലയിൽ ഉണ്ടായ മുന്നേറ്റത്തിനു തിളക്കം കുറയുന്നുണ്ടോ?

ഒരു കാലത്ത് നിർമാർജനം ചെയ്യപ്പെട്ട രോഗങ്ങളുടെ തിരിച്ചുവരവും പുതിയ രോഗങ്ങളുണ്ടാകുന്നതും ആരോഗ്യ മേഖലയ്ക്ക് ഭീഷണി സൃഷ്ടിക്കുന്നു. പൊതുജനാരോഗ്യ സംവിധാനത്തിന്റെ മുരടിപ്പും വർധിച്ചുവരുന്ന ആരോഗ്യപരിപാലനച്ചെലവും ഈ രംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുന്നു.

കേരളത്തിലെ ആരോഗ്യമേഖല നേരിടുന്ന മറ്റെന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ? നിങ്ങൾ കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് എന്തു പരിഹാരമാണ് നിർദേശിക്കുന്നത്?

### അറിവാണ് ശക്തി

കേരളം വിദ്യാഭ്യാസരംഗത്ത് ഭാരതത്തിന്റെ ഇതര പ്രദേശങ്ങളെക്കാൾ നേട്ടങ്ങൾ കൈവരിച്ചതായി കാണാം. ഇതിന് സഹായകമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

**വ്യവസായ മേഖലയുടെ പ്രതിസന്ധികൾ**

| പരമ്പരാഗതം | ആധുനികം |
|---|---|
| • തൊഴിലില്ലായ്മ | • വൈദ്യുതിയുടെ അഭാവം |
| • ഉൽപന്നങ്ങൾ കെട്ടിക്കിടക്കുന്നു. | • വിപണിയിലെ മത്സരം. |
| • | • ദേശീയ- അന്തർദേശീയ സാഹചര്യം |
| • | • |

- മിഷനറിമാരുടെ നേതൃത്വത്തിൽ ഇവിടെ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
- തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലെ സർക്കാരുകൾ വിദ്യാഭ്യാസത്തിനു നൽകിയ പ്രോത്സാഹനം.
- വിവിധ സാമൂഹികപ്രസ്ഥാനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ.
- 

സംസ്ഥാന രൂപീകരണഘട്ടത്തിൽ മലബാർ പ്രദേശത്തെ സ്കൂളുകൾ മദിരാശി സർക്കാറിന്റെ കീഴിലായിരുന്നു. കേരള വിദ്യാഭ്യാസ നിയമം (കെ.ഇ.ആർ.) പാസ്സാക്കിയതോടെ വിദ്യാഭ്യാസ മേഖലയിൽ ഏകീകരിച്ച നിയമത്തിന് തുടക്കമായി. ഇതേകാലത്ത് സർവകലാശാലാ നിയമവും നിലവിൽ വന്നു.

#### വിദ്യാഭ്യാസം സാർവത്രികമാക്കാൻ

ഉയർന്ന ജാതിയിൽപ്പെട്ടവർക്കു മാത്രമായിരുന്നല്ലോ നൂറ്റാണ്ടുകളായി വിദ്യാഭ്യാസത്തിന് അവകാശമുണ്ടായിരുന്നത്. ഈ പരിമിതി മറികടക്കുന്നതിനും വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും സർക്കാരുകൾ സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയെന്നു നോക്കാം.

വിവിധ കാലഘട്ടങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്ത് ഇവിടെ നടപ്പിലാക്കിയ ഏതാനും ചില പ്രവർത്തനങ്ങളാണ് താഴെ ചേർത്തിട്ടുള്ളത്.

- സ്കൂൾ തലത്തിലുള്ള വിദ്യാഭ്യാസത്തിന് തുടർച്ചയായ പ്രാധാന്യം നൽകി.
- പൊതുവരുമാനത്തിന്റെ വലിയൊരു പങ്ക് വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്കായി ചെലവഴിക്കാൻ തുടങ്ങി.
- നിശ്ചിത പ്രായക്കാരായ മിക്കവാറും എല്ലാ കുട്ടികളെയും സ്കൂൾ വിദ്യാഭ്യാസ പരിപാടിയിൽ കൊണ്ടുവന്നു.
- സ്കൂൾ വിദ്യാഭ്യാസം സമ്പൂർണവും സൗജന്യവുമാക്കി.
- സ്കൂളുകളിൽ ഉച്ചഭക്ഷണപരിപാടി നടപ്പിലാക്കി.
- പ്രത്യേക വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ തുടങ്ങി.
- പട്ടികജാതി-പട്ടിവർഗവിഭാഗങ്ങൾക്ക് സർക്കാർ-എയിഡഡ് സ്ഥാപനങ്ങളിലെ ഉയർന്ന ക്ലാസുകളിൽ സംവരണം ഏർപ്പെടുത്തി.
- പട്ടികജാതി -പട്ടികവർഗവിഭാഗത്തിലെ കുട്ടികൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ, സൗജന്യട്യൂഷൻ എന്നിവ നൽകാൻ തുടങ്ങി.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും എണ്ണത്തിൽ വർധനവുണ്ടായി.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർധിച്ചു
- പ്രൈമറി ഘട്ടം മുതൽ കോളേജ് തലം വരെയുള്ള എയിഡഡ് സ്ഥാപനങ്ങളിലെ അധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന വ്യവസ്ഥയുണ്ടായി.
- വിവരസാങ്കേതിക വിദ്യ പാഠ്യവിഷയമാക്കി.

വിദ്യാഭ്യാസ രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം ബഹുദൂരം മുന്നോട്ടു പോയിട്ടുള്ളതായി കാണാം. ഔപചാരികവും അനൗപചാരികവുമായ ഒട്ടേറെ പ്രവർത്തനപരിപാടികൾ നടപ്പിലാക്കിയതിന്റെ ഫലമാണ് കേരളീയ സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതി.

#### ഒരു പടി മുന്നോട്ട്

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ ലോകശ്രദ്ധപിടിച്ചുപറ്റിയ സംസ്ഥാനമാണ് കേരളം. ജനകീയസമിതികളും സർക്കാർ ഉദ്യോഗസ്ഥരും യോജിച്ചു പ്രവർത്തിക്കുകയും സർവതല സ്പർശിയായ പ്രചാരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ്

കേരളം സമ്പൂർണ സാക്ഷരത കൈവരിച്ചത്. 1991 ഏപ്രിൽ 18 നാണ് കേരളം ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടത്. ദേശീയ സാക്ഷരതാ മിഷന്റെ നിർദേശങ്ങൾക്കനുസരിച്ച്, തുടർ സാക്ഷരതാ പ്രവർത്തനവും സംസ്ഥാനത്തു നടപ്പാക്കി വരുന്നു.

✸ *സാക്ഷരതാ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യൂ. എന്തൊക്കെ ഉൾപ്പെടുത്താം?*

◆ സാക്ഷരതയും സമൂഹവും

◆ സാക്ഷരതയുടെ വികസനവും സാക്ഷരതയുടെ പ്രാധാന്യവും.

◆ തുടർസാക്ഷരത

◆

**ഇനിയും ഉയരത്തിലേക്ക്**

വിദ്യാഭ്യാസത്തിനായി കേരളത്തിലെ ഖജനാവിൽ നിന്നു വലിയ തുക ചെലവിടുന്നുണ്ടല്ലോ. പക്ഷേ വേണ്ടത്ര ഗുണനിലവാരം പുലർത്താൻ നമ്മുടെ വിദ്യാഭ്യാസത്തിനു കഴിയുന്നില്ല എന്ന വിമർശനം നിലനിൽക്കുന്നു. ഗുണനിലവാരം വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സമീപ കാലത്തുണ്ടായിട്ടുള്ളത്? ചർച്ച ചെയ്യൂ.

സമകാലികത്തിലേക്കുള്ള വിഭവശേഖരണം നടത്തുമല്ലോ.

**സാംസ്കാരിക സ്ഥാപനങ്ങൾ**

വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം സാംസ്കാരികോന്നമനം നേടിയ പൗരസമൂഹത്തെ സൃഷ്ടിക്കുക എന്നതാണ്. സാഹിത്യം, സംഗീതം, രംഗകല, ചിത്രകല തുടങ്ങിയവയെ പരിപോഷിപ്പിക്കുന്നതിനായി വിവിധ അക്കാദമികൾ സംസ്ഥാനത്ത് രൂപീകരിക്കുകയുണ്ടായി. ഭാഷാ സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വികാസത്തിനായി സർക്കാർ ആരംഭിച്ച സ്വതന്ത്ര സംരംഭങ്ങളാണ് സാംസ്കാരിക സ്ഥാപനങ്ങൾ.

സാഹിത്യരംഗത്തും വിദ്യാഭ്യാസ രംഗത്തും പ്രവർത്തിക്കുന്ന ഒട്ടേറെ പ്രസ്ഥാനങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്. സാഹിത്യത്തിന്റെ ജനകീയ വൽക്കരണവും പ്രചാരണവും കലയെയും സംസ്കാരത്തെയും സാമാന്യജനങ്ങളിലെത്തിക്കാൻ ഏറെ സഹായിച്ചു. നമ്മുടെ സാംസ്കാരികത്തനിമ നിലനിർത്താനും പൈതൃകം സംരക്ഷിക്കാനും നമുക്കു സാധിക്കണ്ടേ? സങ്കുചിത താൽപര്യങ്ങൾക്കതീതമായി നാടിന്റെ സംസ്കാരവും മാനവികതയും കാത്തുസൂക്ഷിക്കാൻ സാധിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ചുകൂടി നാം ബോധവന്മാരാകേണ്ടതുണ്ട്.

നമ്മുടെ സാംസ്കാരിക രംഗത്തു കണ്ടുവരുന്ന ദുഷ്പ്രവണതകളോട് നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുക? എന്തെല്ലാം നിർദേശങ്ങളാണു നൽകാനുള്ളത്?

✸ *കേരളത്തിലെ ചില സാംസ്കാരിക സ്ഥാപനങ്ങൾ, കലാരൂപങ്ങൾ, എന്നിവയെക്കുറിച്ച് ചിത്രങ്ങളും റിപ്പോർട്ടുകളും ശേഖരിച്ച് 'സമകാലിക'ത്തിൽ ചേർക്കൂ.*

**പൊതുധാരയിലേക്ക്**

വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളുടെ പ്രതിഫലനമാണ് സ്ത്രീകളുടെ സാമൂഹിക പദവിയിൽ ഇവിടെ ഉണ്ടായിട്ടുള്ള പുരോഗതി. ദേശീയതലത്തിൽ സ്ത്രീപുരുഷസമത്വം എന്ന ആശയം സഗൗരവം ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ത്രീക്കും പുരുഷനും തുല്യപദവി എന്നത് ഔദ്യോഗികമായി ഏറെക്കുറെ യാഥാർഥ്യമായെന്നതു ശരിയാണ്. എന്നാൽ നല്ലൊരു വിഭാഗം സ്ത്രീകൾക്കും ഈ പദവി ലഭ്യമായിട്ടില്ല.

സ്ത്രീകൾക്ക് അർഹമായ സാമൂഹ്യപദവി അംഗീകരിച്ചു കിട്ടുന്നതിന് വേണ്ടി പൊതുപ്രസ്ഥാനങ്ങളും സർക്കാർ ഏജൻസികളും നടത്തുന്ന പ്രവർത്തനങ്ങൾ ഈ രംഗത്തെ പിന്നോ

ക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് സഹായക മാണ്.

**ദുരിതങ്ങൾ പേറുന്നവർ**

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ പൂർണസംരക്ഷണം ഏറ്റെടുത്ത് അവരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ എല്ലാവർക്കും ബാധ്യതയുണ്ട്. വനഭൂമിയെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പദ്‌വ്യവസ്ഥയും ജീവിത സംസ്കാരവുമുള്ള ആദിവാസി സമൂഹത്തിന് സ്വന്തം ആവാസ പരിസരത്ത് നിലയുറപ്പിക്കാൻ ഏറെ പ്രയാസപ്പെടേണ്ടി വരുന്നു. തീരദേശവാസികൾ, പരമ്പരാഗതതൊഴിലാളികൾ തുടങ്ങിയവരും നിരവധി പ്രശ്നങ്ങൾ നേരിടുന്നു. അനാരോഗ്യവും നിരക്ഷരതയും തൊഴിലില്ലായ്മയും അവരെ പിന്തുടരുന്നു. വിവിധതരം ചൂഷണത്തിനിരയാവുന്ന ഇവരെ സംരക്ഷിക്കാൻ നിയമങ്ങളും സംവിധാനങ്ങളും കൂടുതൽ ഫലപ്രദമാക്കേണ്ടിയിരിക്കുന്നു.

ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ മാറ്റിയെടുക്കാനും ഉച്ചനീചത്വങ്ങൾക്ക് അറുതി വരുത്താനും ജനാധിപത്യ ഭരണകൂടങ്ങൾ ഒട്ടേറെ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സാമൂഹ്യക്ഷേമവകുപ്പ്, പിന്നോക്കക്ഷേമവകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളും ഏജൻസികളും നൽകുന്ന വിവിധ സഹായങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തൂ.

**വികസനത്തിന്റെ പാതയിൽ**

ചില മേഖലകളിൽ ഉയർന്ന നിലവാരം കൈവരിക്കാൻ കഴിഞ്ഞ നമുക്ക് സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിൽ അഭിമാനിക്കാവുന്ന നേട്ടങ്ങളുണ്ടോ?

സംസ്ഥാനത്തിന്റെ വികസനത്തെ ലക്ഷ്യം വെച്ചുകൊണ്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾക്കുണ്ടായിരുന്ന പോരായ്മകളെന്തൊക്കെയായിരുന്നു?

- കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ ആസൂത്രണപ്രക്രിയ നിലനിന്നു.
- വിഭവപരിമിതി കണക്കിലെടുക്കാതെ ഒട്ടേറെ പദ്ധതികൾ ഒരേ സമയത്ത് ഏറ്റെടുക്കുന്ന അവസ്ഥയുണ്ടായി.
- പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിൽ കാലവിളംബം ഉണ്ടായി.
- 

ഈ പോരായ്മകൾ മറികടക്കാനുള്ള എന്തുപാധിയാണ് നാം പിന്നീട് സ്വീകരിച്ചത്? വികസനത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭിക്കാൻ ആവശ്യമായ ശ്രമങ്ങൾ എപ്പോഴാണ് ആരംഭിച്ചത്?

**വികസനരംഗത്തൊരു പരീക്ഷണം**

1994-ൽ കേരളനിയമസഭ പാസ്സാക്കിയ കേരള പഞ്ചായത്ത്‌രാജ് ബിൽ അധികാര വികേന്ദ്രീകരണ പ്രക്രിയയിലേക്കുള്ള സുപ്രധാന കാൽവയ്പ്പായിരുന്നു. 1997 –'98 വർഷത്തിൽ ആരംഭിച്ച ഒമ്പതാം പഞ്ചവൽസര പദ്ധതി പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ തുടങ്ങിയത് ഈ രംഗത്ത് ഉണർവും ഉത്സാഹവും നൽകാനിടയാക്കി. ജനകീയാസൂത്രണമെന്ന പേരിലറിയപ്പെട്ട ഈ പ്രവർത്തനപരിപാടി വികസനപ്രക്രിയയിലെ ഒരു പുതിയ സംരംഭമായിരുന്നു. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേരളവികസന പദ്ധതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൂ. എന്തൊക്കെ ശേഖരിക്കാം?

- പദ്ധതി നടത്തിപ്പിന്റെ രീതി
- പദ്ധതിയുടെ കാലദൈർഘ്യം
- വികസനത്തിലെ മുൻഗണനാക്രമം
- 

ഇനിയുമെന്തെക്കെയുണ്ട്? നിങ്ങളുടെ കണ്ടെത്തലുകൾ അന്വേഷണക്കുറിപ്പിൽ ചേർക്കൂ.

* *കേരളത്തിന്റെ വികസന പ്രതിസന്ധികളെക്കുറിച്ചും പരിഹാര മാർഗങ്ങളെക്കുറിച്ചും ഒരു ചർച്ച സംഘടിപ്പിക്കൂ.*

### പ്രോജക്റ്റ്

ഭൂപരിഷ്കരണ നടപടികളും ഇതര മാറ്റങ്ങളും കേരളത്തിലെ കാർഷികാഭിവൃദ്ധിക്ക് എന്തുമാത്രം സഹായകമായി.

കഴിഞ്ഞ രണ്ടധ്യായങ്ങളിലായി നാം നടത്തിക്കൊണ്ടിരിക്കുന്ന പ്രോജക്റ്റ് ഈ അധ്യായത്തോടെ പൂർത്തിയാവുകയാണ്. ഇതു സംബന്ധിച്ച് ഈ അധ്യായത്തിൽ നിന്ന് എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കേണ്ടത്?

- കാർഷിക- ഭൂപരിഷ്കരണ നടപടികൾ
  അവയുടെ ഗുണദോഷങ്ങൾ
- കാർഷിക രംഗത്ത് വന്ന ഇതര മാറ്റങ്ങൾ (വിത്ത്, വളം, യന്ത്രവൽക്കരണം)
- കാർഷികകോൽപന്നങ്ങളുടെ വിലയിടിവ്
- ഉൽപാദനച്ചെലവിലെ വർധനവ്
- ഇറക്കുമതിയും പ്രത്യാഘാതങ്ങളും
- കൃഷിഭൂമി ഇതര ആവശ്യങ്ങൾക്കുപയോഗിക്കുന്നത്
- ഭക്ഷണശീലങ്ങളിലെ മാറ്റം
- 

ഇതിനകം ശേഖരിച്ച വിവരങ്ങൾ വിശകലനത്തിന് സൗകര്യപ്പെടുംവിധം രേഖപ്പെടുത്തേണ്ടതുണ്ട്. താഴെ കൊടുത്ത ഫോർമാറ്റ് ഉപയോഗിച്ചാലോ? ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ വരുത്തുമല്ലോ.

ഏതെല്ലാം നടപടികളും നിയമങ്ങളും മാറ്റങ്ങളും കാർഷികരംഗത്തെ അഭിവൃദ്ധിക്കു കാരണമായി?

ഏതെല്ലാം നിയമനടപടികളും മാറ്റങ്ങളുമാണ് പ്രതികൂലമായത്? പൊതുവെ കാർഷികരംഗത്തെ മാറ്റങ്ങളുടെ ദിശ പുരോഗമനപരമാണോ? ഇതു സംബന്ധിച്ച നിഗമനങ്ങൾ രൂപപ്പെടുത്തണം. കാർഷിക പുരോഗതിക്കു വേണ്ട നിർദേശങ്ങൾ കൂടി ചർച്ച ചെയ്ത് കണ്ടെത്തുക. ഇനി പ്രോജക്ട് റിപ്പോർട്ട് തയാറാക്കാമല്ലോ.

### സംഗ്രഹം

- വിവിധ സാഹചര്യങ്ങളുടെ സമ്മർദ ഫലമായാണ് ഐക്യകേരളം രൂപപ്പെട്ടത്.
- കൂട്ടുകക്ഷി മന്ത്രിസഭകളും ഐക്യമുന്നണി സംവിധാനവും കേരളത്തിലെ ഭരണവ്യവസ്ഥയിൽ നിർണായക സ്വാധീനം ചെലുത്തി.
- കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കാരങ്ങൾ സാമൂഹ്യവികാസത്തിനു നിർണായക പങ്കുവഹിച്ചു.
- ആരോഗ്യം, വിദ്യാഭ്യാസം, വികസനം തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കിയ മാതൃകാപരമായ പ്രവർത്തനങ്ങൾ സാമൂഹ്യ മാറ്റത്തിന് വേഗത കൂട്ടി.

| കാലഘട്ടം | കാർഷികരംഗത്തെ മാറ്റങ്ങൾ/ നിയമങ്ങൾ | ഫലങ്ങൾ |
|---|---|---|
| മധ്യകാല കേരളം | | |
| കേന്ദ്രീകൃത രാജഭരണകാലം<br>• മാർത്താണ്ഡവർമ<br>•<br>• | | |
| ബ്രിട്ടീഷ് ഭരണകാലം | | |
| കേരളപ്പിറവിക്ക് ശേഷം | | |

- കലാ സാംസ്കാരിക രംഗത്തിന്റെ വളർച്ചയിൽ സാംസ്കാരിക സ്ഥാപനങ്ങൾ സ്തുത്യർഹമായ പങ്കു വഹിക്കുന്നു.
- സ്ത്രീകൾ, ദളിതർ, ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഔപചാരികവും അനൗപചാരികവുമായ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

## ചോദ്യങ്ങൾ

- കേരളസംസ്ഥാന രൂപീകരണത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?
- ഭൂപരിഷ്കരണം സാമൂഹിക മാറ്റത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.
- കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു?
- ഭൂപരിഷ്കരണ നിയമങ്ങൾ മൂലം ഭൂവുടമസ്ഥതയിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണുണ്ടായത്?
- നമ്മുടെ വ്യാവസായിക മേഖല നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെ?
- കേരളപ്പിറവിക്കു ശേഷം വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

# 11 വ്യക്തിയും സമൂഹവും

സമാനമായ സന്ദർഭങ്ങളിൽ വിവിധയാളുകളുടെ പ്രതികരണങ്ങൾ ഒരു പോലെയായിരിക്കുമോ? എന്തുകൊണ്ടാണ് വ്യത്യസ്ത ആളുകൾ വ്യത്യസ്ത രീതിയിൽ പെരുമാറുകയും ഇടപെടുകയും ചെയ്യുന്നത്.? ചിന്തകളിലും വ്യവഹാരരീതികളിലും ഒരാൾ പുലർത്തുന്ന ഈ സവിശേഷതകൾ അയാളുടെ വ്യക്തിത്വത്തെ (Personality)യാണ് സൂചിപ്പിക്കുന്നത് വ്യക്തിത്വം എന്നാൽ എന്താണ്?

മനശ്ശാസ്ത്രജ്ഞനായ ഗോർഡൻ ഡബ്ളിയു. ആൽപോർട്ട്, വ്യക്തിത്വം ഒരാളിന്റെ വിചാര (Thoughts) വ്യവഹാര തലങ്ങളെ നിർണയിക്കുന്ന വ്യവസ്ഥയാണ് എന്ന് വ്യക്തമാക്കുന്നു. ഈ നിർണയം സാധ്യമാക്കുന്നവിധം ആ വ്യക്തിയുടെ ഉള്ളിൽ നിന്ന് ഊർജസ്വലതയോടെ രൂപപ്പെടുന്ന മാനസികവും ശാരീരികവുമായ ഘടകങ്ങളുടെ ചേരുവയാണ് വ്യക്തിത്വം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

വ്യക്തിത്വമില്ലാത്തവരായി ആരുമില്ല. ഒരാളുടെ പെരുമാറ്റ രീതികൾ, താൽപര്യങ്ങൾ, ആഭിമുഖ്യങ്ങൾ തുടങ്ങി ശാരീരികവും മാനസികവുമായ എല്ലാ സവിശേഷതകളും ചേർന്നതാണ് അയാളുടെ വ്യക്തിത്വം. ഈ ഘടകങ്ങളിലുള്ള വ്യത്യാസം കൊണ്ടാണ് ഒരേ ബാഹ്യപ്രകൃതമുള്ളവർ പോലും വ്യത്യസ്തരായിരിക്കുന്നത്.

### പാരമ്പര്യവും പരിസരവും

ഒരാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ചില ജനിതക ഘടകങ്ങളുണ്ട്. ഒരാൾക്ക് ഇങ്ങനെ പാരമ്പര്യമായി ലഭിക്കുന്ന സവിശേഷതകൾ എന്തൊക്കെയാണ്?

- ശരീരത്തിന്റെ വലിപ്പം
- ത്വക്കിന്റെ നിറം
- കണ്ണിന്റെ പ്രത്യേകത
- മൂക്കിന്റെ ആകൃതി

- തലമുടിയുടെ പ്രത്യേകത
- സംസാരരീതി
- 
- 

മറ്റെന്തെല്ലാം പ്രത്യേകതകളാണ് നാം പാരമ്പര്യം വഴി ആർജിക്കുന്നത്.? നിങ്ങളുടെ പരിചയ മണ്ഡലത്തിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്താമല്ലോ.

പാരമ്പര്യ ഘടകങ്ങൾ മാത്രമാണോ ഒരാളുടെ വ്യക്തിത്വത്തെ സമ്പൂർണമായി നിർണയിക്കുന്നത്?

ഒരു സംഭവകഥ പരിശോധിക്കാം

1920-ൽ മിഡ്നാപ്പൂർ വനാന്തരങ്ങളിൽ നിന്ന് ചെന്നായ്ക്കളോടൊപ്പം കഴിഞ്ഞിരുന്ന ആറും എട്ടും വയസ്സുള്ള രണ്ടു മനുഷ്യക്കുട്ടികളെ കണ്ടെത്താനിടയായി. ഇളയ കുട്ടി (അമല)ഏതാനും മാസങ്ങൾക്കുള്ളിൽ മരിച്ചുപോയി. മൂത്ത കുട്ടി (കമല) മനുഷ്യരുടെ സഞ്ചാരരീതികൾക്കു പകരം ചെന്നായ നടക്കുന്നതുപോലെ നടക്കുകയും ചെന്നായയെപ്പോലെ ശബ്ദമുണ്ടാക്കുകയുമാണ് ചെയ്തിരുന്നത്. ഒരു ഭാഷയും കമലയ്ക്ക് അറിയില്ലായിരുന്നു. ഒമ്പതു വർഷത്തെ നിരന്തര ശ്രമം കൊണ്ട് ചില മനുഷ്യസ്വഭാവങ്ങൾ ശീലിച്ചെങ്കിലും പതിനേഴാമത്തെ വയസ്സിൽ കമലയും മരിച്ചു.

വ്യക്തിത്വരൂപീകരണത്തിൽ പരിസ്ഥിതിക്കുള്ള സ്വാധീനമല്ലേ ഈ സംഭവകഥ തെളിയിക്കുന്നത്?

മനുഷ്യന് ജീവൻ നിലനിർത്താനും ആരോഗ്യത്തോടെ കഴിയാനും മനുഷ്യസഹവാസം ആവശ്യമാണ്. സാമൂഹ്യബന്ധങ്ങളിൽ നിന്നാണ് വ്യക്തിത്വം രൂപപ്പെടുന്നത്.

ഏതെല്ലാം പാരിസ്ഥിതിക ഘടകങ്ങളാണ് ഒരാളുടെ വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്നതെന്ന് പട്ടികപ്പെടുത്തിനോക്കൂ.

- ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
- കാലാവസ്ഥ
- വിഭവങ്ങളുടെ ലഭ്യത
- കുടുംബം
- മതസ്ഥാപനങ്ങൾ
- ആചാരാനുഷ്ഠാനങ്ങൾ
- സാമൂഹിക മൂല്യങ്ങൾ
- രാഷ്ട്രീയാന്തരീക്ഷം
- 
- 

## പ്രകൃതിദത്ത പരിസ്ഥിതി, സാമൂഹ്യപരിസ്ഥിതി

ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ വ്യക്തിയിൽ ഏതെല്ലാം മേഖലകളിലാണ് സ്വാധീനം ചെലുത്തുന്നത്?

- തൊഴിൽ
- ജീവിതരീതി
- ആചാരാനുഷ്ഠാനങ്ങൾ
- 
- 

സാമൂഹ്യ-സാംസ്കാരിക ചുറ്റുപാടുകൾ എങ്ങനെയാണ് ഒരാളുടെ വ്യക്തിത്വത്തെ നിർണയിക്കുന്നത്? ഒരു ഉദാഹരണം നോക്കൂ.

ഓസ്കാറും ജാക്കും ഇരട്ട സഹോദരങ്ങളായിരുന്നു. കുട്ടിക്കാലത്തു തന്നെ വേർപിരിയേണ്ടിവന്ന അവരിൽ ജാക്ക് പിതാവൊത്ത് അമേരിക്കയിലേക്കും ഓസ്കാർ മാതാവിനൊപ്പം ചെക്കോസ്ലോവാക്യയിലേക്കും പോയി. അമേരിക്കയിലെ ലിബറൽ സമൂഹത്തിൽ വളർന്ന ജാക്ക് സ്വതന്ത്ര ചിന്താഗതിക്കാരനും തികഞ്ഞ ഫാസിസ്റ്റ് വിരുദ്ധനുമായി മാറിയപ്പോൾ ചെക്കോസ്ലോവാക്യയിലെ ഫാസിസ്റ്റ് സമൂഹത്തിൽ വളർന്ന ഓസ്കാർ ഹിറ്റ്ലറുടെ

ആരാധകനും അദ്ദേഹത്തിന്റെ സ്വേച്ഛാധിപത്യ ആശയങ്ങളോട് ആഭിമുഖ്യമുള്ളവനുമായി മാറുകയാണ് ചെയ്തത്. ഒരേ പാരമ്പര്യമുള്ള രണ്ടു വ്യക്തികളുടെയും ജീവിതവീക്ഷണങ്ങളെത്തന്നെ അവർ വളർന്നുവന്ന സാമൂഹ്യസാഹചര്യങ്ങൾ മാറ്റി മറിച്ചുവെന്നാണ് ഈ ഉദാഹരണം വ്യക്തമാക്കുന്നത്.

വ്യക്തിത്വത്തെ സ്വാധീനിക്കുന്ന സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ ഏതൊക്കെയാണ്?

- കുടുംബം
- മതം
- ഭാഷ
- ആചാരാനുഷ്ഠാനങ്ങൾ
- 

സമൂഹം എങ്ങനെ ഒരു വ്യക്തിയെ സ്വാധീനിക്കുന്നുവെന്ന് വ്യക്തമാക്കുന്ന കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താമോ ?

സമൂഹത്തിൽ നിന്നു പറിച്ചു മാറ്റപ്പെടുന്ന വ്യക്തികൾക്ക് എന്തു സംഭവിക്കും? മുൻപ് നാം ചർച്ചചെയ്ത ചെന്നായ വളർത്തിയ കുട്ടികളുടെ കഥയുടെ പശ്ചാത്തലത്തിൽ ആലോചിച്ചു നോക്കൂ.

ഏതെല്ലാം വിധത്തിലാണ് സമൂഹം അതിലെ അംഗങ്ങളെ മാനുഷിക-സാമൂഹിക-സാംസ്കാരിക മൂല്യങ്ങൾ അഭ്യസിപ്പിച്ചുകൊണ്ട് പാകപ്പെടുത്തിയെടുക്കുന്നത്?

### സാമൂഹീകരണം (Socialisation)

നിങ്ങൾ മരണവീട്ടിലും വിവാഹസ്ഥലത്തും ഒരുപോലെയാണോ പെരുമാറുന്നത്? മാതാപിതാക്കളോടും കൂട്ടുകാരോടും ഒരുപോലെയാണോ നാം ഇടപെടുക?

ഇത്തരം വൈവിധ്യമാർന്നതും സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതുമായ പെരുമാറ്റ രീതികൾ നാം പരിചയിച്ചതെങ്ങനെയാണ്? സമൂഹത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ശീലങ്ങൾ, കഴിവുകൾ, വിശ്വാസങ്ങൾ മുതലായവ സ്വാംശീകരിച്ചത് സാമൂഹീകരണ പ്രക്രിയ (Socialisation Process) യിലൂടെയാണ്.

ജനനം തൊട്ട് മരണം വരെയുള്ള ഒരു ക്രമീകരണമാണ് സാമുഹീകരണം. ആചാരങ്ങളും അനുഷ്ഠാനങ്ങളും മൂല്യങ്ങളും സംഘവ്യവഹാരങ്ങളും ഭാഷയും പരിചയപ്പെടുന്നതും ശീലിക്കുന്നതും സാമുഹീകരണത്തിലൂടെയാണ്. ഭാഷ, ഭക്ഷണരീതികൾ, വേഷം, പൊതു അഭിപ്രായങ്ങൾ, പെരുമാറ്റ രീതികൾ എന്നിവ ഈ പ്രക്രിയയിലൂടെ കുട്ടി സ്വാംശീകരിച്ചെടുക്കുന്നു. ബാല്യകാലത്തെ സാമുഹീകരണം (Childhood Socialisation) ഒരു വ്യക്തിയുടെ രൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. വ്യക്തിത്വത്തിന്റെ അടിത്തറ രൂപീകരിക്കപ്പെടുന്നത് അപ്പോഴാണ്. പിന്നീട് കൗമാരകാലത്തും (Adolescent Socialisation) പ്രായപൂർത്തിയായിക്കഴിഞ്ഞതിനു ശേഷം മരണം വരെയും (Continuing Socialisation) സാമുഹീകരണം തുടരുന്നു.

### സാമുഹീകരണ പ്രക്രിയയിലെ ഏജൻസികൾ (Agencies of Socialisation)

സംഗീതപാരമ്പര്യമുള്ള ഒരു കുടുംബത്തിലായിരുന്നു വിനു ജനിച്ചത്. സംഗീതത്തോട് ജന്മനാ തന്നെ അവന് വലിയ ആഭിമുഖ്യമായിരുന്നു. വിദ്യാലയത്തിലെത്തിയപ്പോൾ സാമൂഹ്യശാസ്ത്ര വിഷയത്തിൽ താൽപര്യം ജനിച്ച വിനുവിന്റെ ഇഷ്ടതോഴരായത് ചരിത്ര പുസ്തകങ്ങളായിരുന്നു. ക്രമേണ കളിക്കൂട്ടുകാരുടെ കൂടെ ചേർന്ന് അവനൊരു ക്രിക്കറ്റ് ഭ്രമക്കാരനായി മാറി. ഏറെത്താമസിയാതെ പഠനത്തിൽ അവന്റെ താൽപര്യം നഷ്ടമായി.

വിനുവിന്റെ താൽപര്യങ്ങളെ അടിക്കടി മാറ്റി മറിച്ചത് ഏതെല്ലാം സാമൂഹ്യഘടകങ്ങളാണ്?

- സംഗീതാഭിരുചി പകർന്നു കിട്ടിയത് കുടുംബത്തിൽ നിന്ന്
- സാമൂഹ്യശാസ്ത്രാഭിമുഖ്യം വളർന്നത് വിദ്യാലയത്തിൽ നിന്ന്
- ക്രിക്കറ്റ് ഭ്രമം ഉണ്ടായത് സമപ്രായക്കാരിൽ നിന്ന് (Peer group)

നിങ്ങളുടെ താൽപര്യങ്ങൾ, അഭിരുചികൾ, ഇഷ്ടാനിഷ്ടങ്ങൾ, വിശ്വാസങ്ങൾ, നിലപാടുകൾ എന്നിവയൊക്കെ സ്വയം രേഖപ്പെടുത്തി നോക്കൂ. ഓരോന്നിലും നിങ്ങളെ സ്വാധീനിച്ച ഒരു സാമൂഹ്യ ഘടകത്തെ കണ്ടെത്താനാവുന്നില്ലേ? ഈ കണ്ടെത്തലുകളെ കൂട്ടുകാരുടേതുമായി താരതമ്യപ്പെടുത്തി നോക്കൂ.

ഏതെല്ലാം ഏജൻസികളാണ് സാമൂഹീകരണപ്രക്രിയയിൽ പങ്കാളികളാകുന്നത്? അവ ഏതു വിധത്തിലാണ് സാമൂഹീകരണം നിർവഹിക്കുന്നത്? ഈ പട്ടിക പൂർത്തിയാക്കൂ. ഈ ഏജൻസികൾ ഒരേപോലെയാണോ അവയുടെ സാമൂഹീകരണധർമം നിർവഹിക്കുന്നത്?

കുടുംബവും വിദ്യാലയവും നടത്തുന്ന സാമൂഹീകരണത്തിന്റെ വ്യത്യാസങ്ങൾ എന്തെല്ലാം?

മതം എങ്ങനെയാണ് ഒരു സാമൂഹീകരണ ഏജൻസിയാകുന്നത്?

മാധ്യമങ്ങൾ നടത്തുന്ന സാമൂഹീകരണ പ്രക്രിയയ്ക്ക് സ്വാധീനം വർധിച്ചു വരുന്നുണ്ടോ? എന്തുകൊണ്ട്?

പല ഏജൻസികളിൽ നിന്നായി നാം ആർജിച്ചെടുക്കുന്ന എല്ലാ വ്യക്തിത്വസവിശേഷതകളും സാമൂഹ്യ നന്മയ്ക്ക് ഉതകുന്നവയാണോ?

| ഏജൻസി | സാമൂഹീകരണ പ്രക്രിയ |
|---|---|
| കുടുംബം | • കൂട്ടായ്മയുടെ പ്രാധാന്യം ആദ്യമായി പരിചയപ്പെടുത്തുന്നു<br>• സാമൂഹ്യബോധം, സ്നേഹം, വിട്ടുവീഴ്ച, ത്യാഗം തുടങ്ങിയ ഗുണങ്ങൾ പഠിപ്പിക്കുന്നു.<br>• പെരുമാറ്റ ശീലങ്ങൾ അഭ്യസിപ്പിക്കുന്നു.<br>•<br>• |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | • വ്യക്തിത്വ വികസനത്തിനുള്ള വിവരങ്ങൾ, ആശയങ്ങൾ, മൂല്യങ്ങൾ മുതലായവ പരിചയപ്പെടുത്തുന്നു.<br>• പരസ്പരാശ്രയത്വം, പൗരത്വബോധം, കൃത്യനിഷ്ഠ തുടങ്ങിയ ഗുണങ്ങൾ ശീലിപ്പിക്കുന്നു.<br>•<br>• |
| സമാനവയസ്കരുടെ സംഘം (Peer Group) | • തുറന്ന ചർച്ചയ്ക്കും ആശയരൂപീകരണത്തിനും സഹായിക്കുന്നു.<br>•<br>• |
| മാധ്യമങ്ങൾ | • സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നു<br>•<br>• |
| മതം | •<br>• |

സമൂഹത്തിനും വ്യക്തിക്കും ഗുണകരമല്ലാത്ത ശീലങ്ങളെയും അഭിരുചികളെയും നിയന്ത്രിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്?

## സാമൂഹികനിയന്ത്രണം (Social Control)

വ്യക്തികളുടെ വിചാര-വികാര- വ്യവഹാര തലങ്ങളെ അതത് സമൂഹങ്ങളുടെ രീതികൾക്കനുസരിച്ച് ചിട്ടപ്പെടുത്താൻ സമൂഹം ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് സാമൂഹിക നിയന്ത്രണം (Social Control).

സാമൂഹിക നിയന്ത്രണത്തിന് ഔപചാരികവും അനൗപചാരികവുമായ സംവിധാനങ്ങളുണ്ട്. ഔപചാരിക സംവിധാനങ്ങൾ ഏതൊക്കെയാണ്?

- ഉദ്യോഗസ്ഥ സംവിധാനം
- പോലീസ്
- കോടതി
- ജയിൽ
- 

ഔപചാരിക സാമൂഹിക നിയന്ത്രണ ഏജൻസികൾ എങ്ങിനെയാണ് സാമൂഹിക നിയന്ത്രണം നിർവഹിക്കുന്നത്?

- നിയമങ്ങൾ വഴി
- ബലപ്രയോഗത്തിലൂടെ
- ഔപചാരിക ശിക്ഷകളിലൂടെ
- 

നാം സാമൂഹ്യ മര്യാദകളും നിയമങ്ങളും പരിപാലിക്കുന്നത് കോടതിയെയും പോലീസിനെയും ഭയന്നാണോ?

സ്വാഭാവികമായി രൂപം കൊള്ളുകയും കാലാന്തരത്തിൽ പ്രചാരത്തിലാവുകയും ചെയ്യുന്ന നാട്ടാചാരങ്ങൾ (Folkways), നാട്ടുമര്യാദ (Mores), വിലക്കുകൾ (Taboos) മുതലായവയെ അനൗപചാരിക സാമൂഹ്യ നിയന്ത്രണ ഏജൻസികൾ എന്നു പറയാം. അനൗപചാരിക സാമൂഹിക നിയന്ത്രണ ഏജൻസികളുടെ സവിശേഷതകൾ എന്തൊക്കെയാണ്?

- സാമൂഹിക നിയന്ത്രണത്തിന് വിധേയരാകാത്തവർ ഔപചാരിക മാർഗങ്ങളിലൂടെ ശിക്ഷിക്കപ്പെടുന്നില്ല.
- ബലപ്രയോഗമില്ല
- സാമൂഹിക നിയന്ത്രണത്തിനു വിധേയരാകുന്നവർക്ക് സമൂഹത്തിൽ സ്വീകാര്യത വർധിക്കുന്നു.

താഴെ കൊടുത്ത സാമൂഹിക നിയന്ത്രണ ഏജൻസികളെ ഔപചാരിക ഏജൻസികൾ, അനൗപചാരിക ഏജൻസികൾ എന്നിങ്ങനെ തരം തിരിക്കാമോ?

- തൊഴിലാളി സംഘടനകൾ
- മത സംഘടനകൾ, സ്ഥാപനങ്ങൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ
- സന്നദ്ധ സംഘടനകൾ
- 

സാമൂഹീകരണ ഏജൻസികളെല്ലാം സാമുഹിക നിയന്ത്രണ ഏജൻസികളാണോ? ഒരു വിലയിരുത്തൽ നടത്തുക.

സാമൂഹീകരണ പ്രക്രിയയുടെയും സാമൂഹ്യ നിയന്ത്രണങ്ങളുടെയും ഇടപെടൽ കൊണ്ട് ഫലപ്രദമായ വ്യക്തിത്വരൂപീകരണം സാധ്യമാകാതിരിക്കുമ്പോൾ ചിലരെങ്കിലും സാമൂഹ്യ വിരുദ്ധരാകാറില്ലേ? ഉദാഹരണം:

- ഭീകര വാദികൾ
- കുറ്റവാളികൾ
- 
- 

ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് സാമൂഹികനിയന്ത്രണ ഏജൻസികൾക്ക് എന്ത് പങ്കു വഹിക്കാൻ കഴിയും?

എല്ലാ സാമൂഹിക നിയമങ്ങളും അനുശാസനകളും അന്ധമായി പാലിക്കുകയാണോ ഉത്തമപൗരന്റെ ചുമതല? സമൂഹത്തിന്റെ പൊതുവായ നന്മയെയും പുരോഗതിയെയും ആധാരമാക്കി നിലനിൽക്കുന്ന മൂല്യങ്ങളെയും നിയമങ്ങളെയും വിമർശനാത്മകമായി വിലയിരുത്തുകയും പുതിയ മൂല്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തവരാണ് സമൂഹത്തിന്റെ ചലനാത്മകത നിലനിർത്തുകയും സമൂഹത്തെ മുമ്പോട്ട് നയിക്കുകയും ചെയ്തിട്ടുള്ളത്.

സാമുഹീകരണവും സാമൂഹികനിയന്ത്രണവും മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

## സെമിനാർ

'ഒരു സാമുഹീകരണ ഏജൻസി എന്ന നിലയിലും സാമൂഹികനിയന്ത്രണ ഏജൻസി എന്ന നിലയിലും മതം വഹിക്കുന്ന പങ്ക്' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്താം.

സെമിനാറിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താം?

- മതം ഒരു സാമുഹീകരണ ഏജൻസി
- വിശ്വാസങ്ങളിലും നിലപാടുകളിലും മതത്തിന്റെ സ്വാധീനം
- മതപരമായ ആചാരങ്ങൾ, ചടങ്ങുകൾ മുതലായവയുടെ സ്വാധീനം.
- മതം ഒരു സാമൂഹിക നിയന്ത്രണ ഏജൻസി
- ജീവിതരീതികളെ ചിട്ടപ്പെടുത്തൽ
- അരാജക പ്രവണതകളെ തടയൽ.
- വിശ്വാസത്തിന്റെയും ദർശനങ്ങളുടെയും ദുരുപയോഗം. (വർഗീയത, മതവിദ്വേഷം മുതലായവ)
- 
- 

## സംഗ്രഹം

- ഓരോ വ്യക്തിക്കും തനതായ വ്യക്തിത്വമുണ്ട്.
- വ്യക്തിത്വരൂപീകരണത്തിൽ പാരമ്പര്യത്തിനും പരിസ്ഥിതിക്കും പ്രാധാന്യമുണ്ട്.
- ജനനം തൊട്ട് മരണം വരെയുള്ള ഒരു ക്രമീകരണമാണ് സാമുഹീകരണം.
- കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മാധ്യമങ്ങൾ, മതം മുതലാവ സാമുഹീകരണ ഏജൻസികളാണ്.
- സാമൂഹിക നിയന്ത്രണത്തിന് ഔപചാരികവും അനൗപചാരികവുമായ സംവിധാനങ്ങളുണ്ട്.

## ചോദ്യങ്ങൾ

- എന്താണ് വ്യക്തിത്വം?
- വ്യക്തിത്വരൂപീകരണത്തിൽ പങ്കുവഹിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
- സാമുഹീകരണ പ്രക്രിയയിലെ ഏജൻസികൾ ഏതെല്ലാം?
- സാമൂഹികനിയന്ത്രണം ഇല്ലാതിരുന്നാൽ എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകും?

# 12 ജനാധിപത്യം ഇന്ത്യയിൽ

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണല്ലോ. ജനാധിപത്യം എന്നതുകൊണ്ട് എന്താണർഥമാക്കുന്നത്? അത് കേവലം ഒരു ഭരണക്രമം മാത്രമാണോ?

പ്രസിദ്ധരാഷ്ട്രമീമാംസകനായ ജെ ഡബ്ലിയു. ഗാർനറിന്റെ അഭിപ്രായം നോക്കൂ: "ഒരു ഭരണക്രമമായിട്ടാണ് സാധാരണജനങ്ങൾ ജനാധിപത്യത്തെ മനസ്സിലാക്കുന്നത്. എന്നാൽ ജനാധിപത്യം ഒരു പ്രത്യേകതരം ഭരണക്രമം മാത്രമല്ല. അത് ഒരേ സമയം ഒരു രാഷ്ട്രീയ പദവിയും നൈതിക ആശയവും സാമൂഹിക പരിസ്ഥിതിയും ആകുന്നു".

✸ *ജനാധിപത്യത്തെപ്പറ്റിയുള്ള വിവിധ അഭിപ്രായങ്ങൾ ശേഖരിച്ച് വിലയിരുത്തുക.*

ജനാധിപത്യം ചില സാമൂഹിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു ജീവിതക്രമമാണ്. എന്തൊക്കെയാണ് ജനാധിപത്യത്തിന്റെ സവിശേഷ മൂല്യങ്ങൾ?

- സ്വാതന്ത്ര്യം
- സമത്വം
- സാഹോദര്യം
- മൗലികാവകാശങ്ങൾ
- സാമൂഹികനീതി
- നീതിന്യായ വ്യവസ്ഥയുടെ സ്വതന്ത്രാവസ്ഥ
- 

ഈ മൂല്യങ്ങൾ പ്രായോഗികമാക്കുന്നചില സാഹചര്യങ്ങൾ നോക്കാം:

- എല്ലാവർക്കും അവസരം ലഭിക്കുന്നു.
- ഉത്തരവാദിത്വം പങ്കു വയ്ക്കുന്നു.
- അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നു.
- മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുന്നു.

- ഭൂരിപക്ഷാഭിപ്രായത്തെ അംഗീകരിക്കുന്നു.
- ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.
- ഓരോരുത്തരും അവരവരുടെ ഊഴം കാത്തു നിൽക്കുന്നു
- 
- 

ഇതുപോലെ ഒട്ടേറെ പ്രത്യേകതകൾ ഇനിയും കണ്ടെത്താമല്ലോ.

അപ്പോൾ സമ്പൂർണമായ അർഥത്തിൽ ജനാധിപത്യം എന്നാൽ എന്താണ്?

✸ *'ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല ഒരു ജീവിത രീതി കൂടിയാണ്' ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്?*

ക്ലാസിൽ ഒരു ചർച്ചയായാലോ?

## പ്രത്യക്ഷജനാധിപത്യം

ഒരു ഭരണക്രമം എന്ന അർഥത്തിൽ ജനാധിപത്യം ഫലപ്രദമാകണമെങ്കിൽ മുഴുവൻ ജനങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തം ഭരണ നിർവഹണത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകേണ്ടതില്ലേ?

ഭരണകാര്യങ്ങളിൽ ജനങ്ങൾ നേരിട്ട് ഇടപെടുകയും തീരുമാനമെടുക്കുകയും ചെയ്യുന്നുവെങ്കിൽ അത്തരം സമ്പ്രദായത്തെ പ്രത്യക്ഷ ജനാധിപത്യം (Direct Democracy) എന്നാണ് പറയുക. ഈ രീതി പ്രാചീനഭാരതത്തിലും ഗ്രീസിലും റോമിലും നിലനിന്നിരുന്നു. പ്രായപൂർത്തിയായ പൗരന്മാർ ഒന്നിച്ചുകൂടി പൊതുകാര്യങ്ങൾ തീരുമാനിച്ചിരുന്നു.

പ്രത്യക്ഷ ജനാധിപത്യത്തിന്റെ സത്ത ഉൾക്കൊള്ളുന്ന ചില രീതികൾ ഇന്നും നില



നിർത്തി പ്പോരുന്ന ഒരു രാഷ്ട്രമാണ് സ്വിറ്റ്സർലണ്ട്. ചില ഉദാഹരണങ്ങൾ:

- ഭരണകൂടമെടുക്കുന്ന തീരുമാനങ്ങളെ ജനങ്ങൾ നേരിട്ടു പരിശോധിക്കുന്ന ഹിതപരിശോധന (Referendum).
- ജനഹിതത്തിനു വിപരീതമായി പ്രവർത്തിക്കുന്ന പ്രതിനിധികളെ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് തിരിച്ചു വിളിക്കൽ (Recall).
- ജനങ്ങളുടെ മുൻകൈയോടെയുള്ള നിയമനിർമാണം (Initiative).
- രാഷ്ട്രീയ കാര്യങ്ങളിൽ ജനങ്ങൾ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കൽ (Plebiscite).

ഇന്ത്യയിൽ 1993 ലെ 73-ാം ഭരണഘടനാഭേദഗതിയിലൂടെ നിലവിൽ വന്ന ' ഗ്രാമസഭകൾ' പ്രത്യക്ഷജനാധിപത്യ സമ്പ്രദായത്തിന് ഒരു ഉദാഹരണമാണ്.

എന്നാൽ പ്രത്യക്ഷ ജനാധിപത്യരീതി ഒരു രാഷ്ട്രത്തിനാകെ പൂർണ അർഥത്തിൽ അപ്രായോഗികമാണ്.

എന്തൊക്കെയാണ് ഇതിനു കാരണം?

- വർധിച്ച ജനസംഖ്യ
- വിസ്തൃതമായ ഭൂവിഭാഗം
- നിരവധി ഭാഷാസമൂഹങ്ങൾ
- സാംസ്കാരികവൈവിധ്യം
- 

ഇന്ന് മിക്ക രാജ്യങ്ങളിലെയും സ്ഥിതി ഇതാണല്ലോ. എങ്കിൽ ഏതുതരം ജനാധിപത്യവ്യവസ്ഥയാണ് നമുക്ക് പ്രായോഗികമായത്?

## പ്രാതിനിധ്യജനാധിപത്യം

ഇന്ത്യയിൽ നിലനിൽക്കുന്നത് പ്രാതിനിധ്യജനാധിപത്യ (Representative Democracy) വ്യവസ്ഥയാണ്. ഇതിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

- ജനപ്രതിനിധികൾ ഭരണാധികാരികളാവുന്നു.
- വ്യക്തമായ ഒരു പ്രാതിനിധ്യവ്യവസ്ഥ നിലനിൽക്കുന്നു.
- നിശ്ചിത കാലയളവിലുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നു.



- ഒന്നിലേറെ രാഷ്ട്രീയ പാർട്ടികൾ അധികാരത്തിനു വേണ്ടി മത്സരിക്കുന്നു.
- താൽപര്യ ഗ്രൂപ്പുകളുടെയും സമ്മർദ ഗ്രൂപ്പുകളുടെയും സാന്നിധ്യം നിലനിൽക്കുന്നു.
- സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കുന്നു.
- 

പ്രാതിനിധ്യ ജനാധിപത്യ വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ് തിരഞ്ഞടുപ്പ്. ജനങ്ങൾക്ക് തങ്ങളുടെ പ്രതിനിധികളെ വോട്ടു ചെയ്ത് തിരഞ്ഞെടുക്കുവാനുള്ള അവകാശം ഇതിന്റെ പ്രത്യേകതയാണ്.

## വോട്ടവകാശം

ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന എല്ലാ രാഷ്ട്രങ്ങളിലും വോട്ടവകാശം നടപ്പാക്കിയിരിക്കുന്നത് ഒരുപോലെയല്ല. ബ്രിട്ടണിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത് 1918 മുതൽ മാത്രമാണ്. ആധുനിക ജനാധിപത്യ രാഷ്ട്രങ്ങളിലെല്ലാം പ്രായപൂർത്തി വോട്ടവകാശം ഇന്ന് നിലവിലുണ്ട്.

പൗരന്മാർക്ക് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം (Universal Adult Franchise) നമ്മുടെ ഭരണഘടന ഉറപ്പു നൽകുന്നു.

ലോകസഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ത്രിതല പഞ്ചായത്തുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനമാക്കിയാണ് നടക്കുന്നത്.

ജാതി- മത, സ്ത്രീ-പുരുഷ ഭേദമില്ലാതെ എല്ലാ പൗരന്മാർക്കും ഭാരതത്തിൽ തുല്യ വോട്ടവകാശമുണ്ട്. 1988 ലെ 61-ാം ഭരണഘടനാ ഭേദഗതി ഇന്ത്യയിലെ വോട്ടിങ് പ്രായം 21ൽ നിന്നു 18 ആക്കി മാറ്റിയിട്ടുണ്ട്. എന്നാൽ 18 വയസ്സ് തികഞ്ഞ എല്ലാവർക്കും വോട്ടവകാശം ലഭിക്കുന്നുണ്ടോ?

തിരഞ്ഞെടുപ്പു സംബന്ധമായ കേസുകളിൽ ശിക്ഷ ലഭിച്ചിട്ടുള്ളവർക്കും ചിത്തഭ്രമം ബാധിച്ചവർക്കും വോട്ടവകാശം ഉപയോഗപ്പെടുത്തുന്നതിന് അയോഗ്യത കല്പിച്ചിട്ടുണ്ട്.

രാഷ്ട്രീയ പാർട്ടികൾ വ്യക്തമായ ആശയങ്ങളുടെയും പ്രവർത്തന പരിപാടികളുടെയും അടിസ്ഥാനത്തിൽ സമ്മതിദായകരെ ബോധവൽക്കരിക്കുന്നു. ആശയങ്ങൾക്കും പ്രവർത്തന പരിപാടികൾക്കുമപ്പുറം സമ്മതിദായകരെ സ്വാധീനിക്കുന്ന ചില ഘടകങ്ങളും നിലവിലുണ്ട്.

## രാഷ്ട്രീയ പാർട്ടികൾ

ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിന് പാർട്ടി സമ്പ്രദായം കൂടിയേ തീരു. പ്രാതിനിധ്യ ജനാധിപത്യത്തിൽ ജനങ്ങളെ രാഷ്ട്രീയമായി ബോധവൽക്കരിക്കുകയും പ്രതിനിധീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സാമൂഹിക ഘടകമാണ് രാഷ്ട്രീയ പാർട്ടികൾ. ഒരു സമൂഹത്തിൽ നിരവധി സംഘടനകളുണ്ടാകാം. എന്നാൽ മറ്റ് സംഘടനകളിൽ നിന്ന് വ്യത്യസ്തമായി രാഷ്ട്രീയ പാർട്ടികൾക്ക് ചില പ്രത്യേകതകളുണ്ട്.

രാഷ്ട്രീയ പാർട്ടികൾക്കുള്ള ഈ പ്രത്യേകതകൾ എന്തൊക്കെയാണ്?

- സംഘടനാരൂപവും കെട്ടുറപ്പും
- വ്യക്തമായ ലക്ഷ്യങ്ങൾ
- ആശയങ്ങളുടെയും തത്ത്വങ്ങളുടെയും അടിസ്ഥാനത്തിലുള്ള പ്രവർത്തനം
- പൊതുപ്രശ്നങ്ങളിൽ സാമാന്യമായ അഭിപ്രായം
- ഭരണാധികാരം നേടുക എന്നത് മുഖ്യ ലക്ഷ്യം.
- 
- 

ഒരു രാജ്യത്ത് നിലനിൽക്കുന്ന രാഷ്ട്രീയ സംസ്കാരമാണ് അവിടത്തെ പാർട്ടി സമ്പ്രദായത്തിന് വഴിതെളിക്കുന്നത്. തങ്ങളുടെ രാഷ്ട്രത്തിന്റെ വ്യവസ്ഥകളെയും സ്ഥാപനങ്ങളെയും പ്രതിഭാസങ്ങളെയും കുറിച്ച് ജനങ്ങൾക്കുള്ള ധാരണയുടെയും വച്ചുപുലർത്തുന്ന മൂല്യങ്ങളുടെയും പങ്കാളിത്ത മനോഭാവത്തിന്റെയും ആകെത്തുകയാണ് ഒരു സമൂഹത്തിന്റെ രാഷ്ട്രീയ സംസ്കാരം. ഒരു രാഷ്ട്രത്തിൽ എത്ര രാഷ്ട്രീയ പാർട്ടികൾ നിലനിൽക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പാർട്ടി സമ്പ്രദായത്തെ ഏക കക്ഷി, ദ്വികക്ഷി, ബഹുകക്ഷി എന്നീ നിലയിൽ തരം തിരിക്കാവുന്നതാണ്.

നിലവിലുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തന മേഖല, ലക്ഷ്യം, താൽപര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ദേശീയ പാർട്ടി, സംസ്ഥാന പാർട്ടി, പ്രാദേശിക പാർട്ടി എന്നീ നിലയിലും പാർട്ടികളെ തരം തിരിക്കാം.

ഒരു രാജ്യത്തെ പാർട്ടി സമ്പ്രദായത്തെയും അതിന്റെ പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. അവ ഏതൊക്കെയാണ്?

- രാഷ്ട്രീയ പാർട്ടികളുടെ സഹവർത്തിത്വം
- വംശീയ- വർഗ- ജാതി ഘടകങ്ങൾ
- പാർട്ടികളുടെ തത്ത്വങ്ങളും ആശയങ്ങളും.
- പാർട്ടികളുടെ എണ്ണം
- പാർട്ടികളുടെ കൂട്ടുകെട്ട്
-

രാഷ്ട്രീയ പാർട്ടികൾ പല തരം ചുമതലകൾ നിർവഹിക്കുന്നുണ്ട്. ഏതൊക്കെയാണവ?

- ഭരണ നേതൃത്വം വഹിക്കുക.
- നയ രൂപീകരണം നടത്തുക.
- ആശയ പ്രചാരണം നടത്തുക.
- പൊതുജനാഭിപ്രായം രൂപീകരിക്കുക
- ക്രിയാത്മക ഭരണപക്ഷമായും പ്രതിപക്ഷമായും പ്രവർത്തിക്കുക.
- ജനങ്ങളെയും ഭരണകൂടത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയായി വർത്തിക്കുക.
-
-

**കൂട്ടുകക്ഷി ഭരണം (Coalition Government)**

ബഹുകക്ഷി സമ്പ്രദായത്തിൽ പലപ്പോഴും കൂട്ടുകക്ഷി ഭരണം അനിവാര്യമാണ്. തിരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടാതെ വരുന്ന സാഹചര്യത്തിൽ രണ്ടോ അതിലധികമോ രാഷ്ട്രീയ പാർട്ടികൾ പൊതു ധാരണയുടെ അടിസ്ഥാനത്തിൽ പരസ്പരം സ്വീകാര്യമായ പ്രവർത്തനപരിപാടികൾ ആവിഷ്കരിച്ചു കൊണ്ട് കൂട്ടുകക്ഷി ഗവൺമെന്റ് ഉണ്ടാക്കുന്നു.

**പാർട്ടികളുടെ അംഗീകാരം**

രാഷ്ട്രീയ പാർട്ടികളും അവയുടെ തത്ത്വങ്ങളും ജനങ്ങളുടെ അംഗീകാരം നേടിയാലേ നിലനിൽക്കുകയുള്ളു. ജനപിന്തുണയാണ് മുഖ്യമായ കാര്യം. ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികളെ അംഗീകരിക്കുന്നതിന് ചില വ്യവസ്ഥകളുണ്ട്. അഞ്ചു വർഷത്തെ തുടർച്ചയായ രാഷ്ട്രീയ പ്രവർത്തനമുള്ളതും തൊട്ടുമുമ്പു നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത സാധുവായ വോട്ടിന്റെ നാലു ശതമാനമെങ്കിലും ലഭിച്ചതുമായ പാർട്ടികളെ പ്രാദേശിക പാർട്ടികളായി തിരഞ്ഞെടുപ്പു കമ്മിഷൻ അംഗീകരിക്കുന്നു.

ഇന്ത്യയിൽ ഏതെങ്കിലും നാലു സംസ്ഥാനങ്ങളിൽ അംഗീകാരം ലഭിച്ച പാർട്ടികളെയാണ് ദേശീയ പാർട്ടികളായി അംഗീകരിക്കുന്നത്.

പ്രാദേശിക പാർട്ടിയായി അംഗീകരിച്ചിട്ടില്ലെങ്കിലും തിരഞ്ഞെടുപ്പു കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാർട്ടികളാണ് അംഗീകൃത പാർട്ടികൾ. ഇന്ത്യയിൽ ഇപ്പോൾ എത്ര ദേശീയ പാർട്ടികളുണ്ട്? അവയേതെല്ലാം?

### തിരഞ്ഞെടുപ്പു കമ്മിഷൻ

ജനാധിപത്യ സമ്പ്രദായത്തിൽ തിരഞ്ഞെടുപ്പുകൾക്ക് വളരെ പ്രാധാന്യമുണ്ടെന്നറിയാമല്ലോ? ഇന്ത്യയിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ രീതിയിൽ തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ഏജൻസിയാണ് തിരഞ്ഞെടുപ്പു കമ്മിഷൻ. ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്തതനുസരിച്ചാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ നിലവിൽ വന്നത്. ഇന്ത്യൻ പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഇന്ത്യൻ യൂണിയൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ പദവികളിലേക്കും തിരഞ്ഞെടുപ്പു നടത്തുന്നത് തിരഞ്ഞെടുപ്പ് കമ്മീഷനാണ്.

#### തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഘടന

ഒരു മുഖ്യ തിരഞ്ഞെടുപ്പു കമ്മിഷണറും രാഷ്ട്രപതി അപ്പോഴപ്പോൾ നിജപ്പെടുത്തുന്നത്ര എണ്ണം മറ്റ് തിരഞ്ഞെടുപ്പ് കമ്മിഷണർമാരും ചേർന്നതാണ് കേന്ദ്ര തിരഞ്ഞെടുപ്പു കമ്മിഷൻ. മുഖ്യതിരഞ്ഞെടുപ്പു കമ്മിഷണർ കമ്മിഷന്റെ ചെയർമാൻ ആയി പ്രവർത്തിക്കേണ്ടതാണ് പാർലമെന്റ് ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി രാഷ്ട്രപതിയാണ് തിരെഞ്ഞെടുപ്പ് കമ്മിഷൻ അംഗങ്ങളെ നിയമിക്കുന്നത്. തിരഞ്ഞെടുപ്പ് കമ്മിഷന് നൽകിയിരിക്കുന്ന ചുമതലകളിൽ അവരെ സഹായിക്കുന്നതിന് ആവശ്യമെങ്കിൽ പ്രാദേശിക കമ്മിഷണർമാരെക്കൂടി രാഷ്ട്രപതിക്ക് നിയമിക്കാവുന്നതാണ്. കേന്ദ്രതിരഞ്ഞെടുപ്പു കമ്മിഷനെ കൂടാതെ ഓരോ സംസ്ഥാനത്തും സംസ്ഥാനതല തിരഞ്ഞെടുപ്പു കമ്മിഷനുകൾ നിലവിലുണ്ട്.

തിരഞ്ഞെടുപ്പു കമ്മിഷന്റെ ചുമതലകൾ എന്തൊക്കെയാണ്?

- വോട്ടർ പട്ടിക തയാറാക്കുക; ഓരോ സെൻസസിനു ശേഷവും തിരഞ്ഞെടുപ്പിനു മുമ്പും അതു പുതുക്കുക.
- തിരഞ്ഞെടുപ്പു പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കുക.
- തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുക.
- നാമനിർദേശപത്രികാസമർപ്പണം, സൂക്ഷ്മ പരിശോധന, വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നിവയ്ക്കുള്ള തീയതി നിശ്ചയിക്കുക.
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസിഡണ്ട്, ഗവർണർമാർ എന്നിവർക്ക് മാർഗ നിർദേശങ്ങൾ നൽകുക.
- രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുക, ചിഹ്നം അനുവദിക്കുക.
- രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും പാലിക്കേണ്ട പെരുമാറ്റച്ചട്ടം തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- തിരഞ്ഞെടുപ്പു ഫലം പ്രഖ്യാപിക്കുക
- തിരഞ്ഞെടുപ്പു സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുക.
- തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരുടെ തിരഞ്ഞെടുപ്പ് ചെലവ് പരിശോധിക്കുക.
-
-

### ഭരണ പക്ഷവും പ്രതിപക്ഷവും

ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ ധർമങ്ങൾ എന്തെല്ലാമാണെന്നുനോക്കാം.

പൊതു തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുന്ന കക്ഷിയോ കക്ഷികളുടെ സഖ്യമോ ആണ് ഭരണാധികാരത്തിൽ വരുന്നത്. ഭൂരിപക്ഷം ലഭിക്കാത്ത കക്ഷി പ്രതിപക്ഷമായി വർത്തിക്കും. ജനാധിപത്യപ്രക്രിയയിൽ പ്രതിപക്ഷത്തിന് വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുവാനുള്ളത്. എന്തൊക്കെയാണവ?

- ഭരണകക്ഷി സ്വേച്ഛാധിപത്യത്തിലേക്ക് നീങ്ങുന്നത് തടയുക.
- ഭരണരംഗത്തെ പോരായ്മകളെ വിമർശിക്കുകയും പൊതുജനമധ്യത്തിൽ തുറന്നു കാട്ടുകയും ചെയ്യുക.

- ഗവൺമെന്റ് തെറ്റ് ചെയ്താൽ അതിനെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കുക.
- ഭരണരംഗത്ത് ബദൽ നിർദേശങ്ങൾ ഉയർത്തിക്കൊണ്ടു വരിക.
- ജനങ്ങളിൽ രാഷ്ട്രീയ ബോധവൽക്കരണം നടത്തുക.
- 

ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷത്തിന്റെ പങ്കിനെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

### അധികാര വികേന്ദ്രീകരണം

അധികാരത്തിന്റെ വിനിയോഗം പൊതുവെ രണ്ടു രീതിയിലാകാം - കേന്ദ്രീകൃത അധികാര വിനിയോഗവും വികേന്ദ്രീകൃതമായ അധികാര വിനിയോഗവും. ജനാധിപത്യസമൂഹങ്ങൾ വികേന്ദ്രീകൃതമായ അധികാര വിനിയോഗരീതിക്കാണ് പ്രാധാന്യം നൽകുന്നത്. പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് ശക്തിയും മുൻഗണനയും നൽകിക്കൊണ്ടാണ് ജനാധിപത്യ സമൂഹങ്ങൾ ഇത് പ്രാവർത്തികമാക്കുന്നത്. ഇന്ത്യയിൽ നിലനിൽക്കുന്ന പഞ്ചായത്തിരാജ് സംവിധാനം ഈ ലക്ഷ്യം വച്ചുകൊണ്ട് നടപ്പാക്കിയതാണ്.

ഇന്ത്യയെപ്പോലെ വലിയ ജനസംഖ്യയും ഭൂവിസ്തൃതിയും ഒട്ടേറെ വൈവിധ്യവും നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിൽ പ്രാദേശിക ആവശ്യങ്ങൾ സമർഥമായി നിർവഹിക്കാൻ ഒരു കേന്ദ്രീകൃത ഭരണ സംവിധാനത്തിനു മാത്രം കഴിയുമോ?

ഭരണഘടനയുടെ 73, 74 എന്നീ ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ഉത്തരവാദിത്വവും നൽകാനുള്ള ശ്രമമുണ്ടായി. അധികാരവികേന്ദ്രീകരണത്തിലൂടെ ജനാധിപത്യ ഭരണ വ്യവസ്ഥ കൂടുതൽ മെച്ചപ്പെടുത്താൻ ഇതു മൂലം സാധിക്കുന്നു. അങ്ങനെ നിലവിൽ വന്ന പ്രാദേശിക ഭരണസംവിധാനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

- തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് രാജ്യത്താകെ ഘടനാപരമായ ഐകരൂപ്യം ഉണ്ടായി.
- പ്രാദേശിക ഭരണത്തിൽ (പഞ്ചായത്തുകളിൽ) അഞ്ചുവർഷത്തിലൊരിക്കൽ തിരഞ്ഞെടുപ്പുകൾ നിർബന്ധമാക്കി.
- ത്രിതല പഞ്ചായത്തിലേക്കുള്ള തിരഞ്ഞെടുപ്പു ചുമതലകൾ തിരഞ്ഞെടുപ്പു കമ്മിഷനിൽ നിക്ഷിപ്തമാക്കി.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 33% സ്ഥാനങ്ങൾ വനിതകൾക്കായി സംവരണം ചെയ്തു.
- പ്രാദേശിക വികസന പക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനായി ഗ്രാമസഭകൾ നിലവിൽ വന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസനാസൂത്രണത്തിൽ ഏർപ്പെടാനുള്ള ഉത്തരവാദിത്വം ഊന്നിപ്പറഞ്ഞു.
- 

### ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

ഇന്ത്യയുടെ ജനാധിപത്യസംവിധാനം കഴിഞ്ഞ അര നൂറ്റാണ്ടിലേറെക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നു. എന്നാൽ ജനാധിപത്യവൽക്കരണത്തിന് ഒട്ടനവധി വെല്ലുവിളികളും നേരിടേണ്ടി വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു ചർച്ച സംഘടിപ്പിക്കൂ.

എന്തൊക്കെ കാര്യങ്ങൾ അതിൽ ഉൾപ്പെടുത്താം?

- വിഭാഗീയ പ്രവണതകൾ
- തീവ്രവാദം/ ഭീകരവാദം
- തൊഴിലില്ലായ്മ

- രാഷ്ട്രീയ അസ്ഥിരത
- പ്രാദേശികവാദം
- വർധിച്ച നിരക്ഷരത
- അഴിമതിയും സ്വജനപക്ഷപാതവും
- 

ജനാധിപത്യ വ്യവസ്ഥയുടെ വിജയകരമായ നടത്തിപ്പിന് ചില അനിവാര്യമായ സാഹചര്യങ്ങൾ ഉണ്ടായേ തീരൂ. ഏതൊക്കെയാണവ?

- അവസരസമത്വം.
- സാക്ഷരത.
- സഹിഷ്ണുതയും സാഹോദര്യവും.
- പൗരബോധമുള്ള ജനത.
- സാമൂഹ്യ നീതി.
- സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് സമ്പ്രദായം.
- ലക്ഷ്യബോധവും തത്ത്വദീക്ഷയുമുള്ള നേതൃത്വം.
- ശക്തവും ഉത്തരവാദിത്വമുള്ളതുമായ പ്രതിപക്ഷം.
- സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ.

## സംഗ്രഹം

- ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല ഒരു ജീവിതരീതി കൂടിയാണ്
- പ്രാതിനിധ്യ ജനാധിപത്യ രീതിയാണ് ഇന്ത്യയുൾപ്പെടെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും നിലനിൽക്കുന്നത്.
- ജനാധിപത്യ വ്യവസ്ഥയിലെ ഒരു നിർണായക പ്രക്രിയയാണ് തിരഞ്ഞെടുപ്പ്.
- വോട്ടവകാശത്തിന് വ്യവസ്ഥകളുണ്ട്.
- ജനാധിപത്യത്തിന്റെ നിലനിൽപ്പിൽ പാർട്ടി സമ്പ്രദായത്തിന് പ്രധാന പങ്കുണ്ട്.
- ഇന്ത്യയിൽ തിരഞ്ഞെടുപ്പുകളുടെ ചുമതല വഹിക്കുന്നത് തിരഞ്ഞെടുപ്പ് കമ്മിഷനാണ്.
- ജനാധിപത്യ പ്രക്രിയയിൽ ഭരണപക്ഷത്തെപ്പോലെ പ്രതിപക്ഷത്തിനും ഉത്തരവാദിത്വങ്ങളും ചുമതലകളും ഉണ്ട്.
- ഇന്ത്യൻ ജനാധിപത്യം ചില വെല്ലുവിളികൾ നേരിടുന്നുണ്ട്.

## ചോദ്യങ്ങൾ

1. 'ഒരു ഭരണക്രമം എന്നതിനെക്കാൾ ഒരു ജീവിത ക്രമമാണ് ജനാധിപത്യം' ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്?
2. 'ജനാധിപത്യ ഭരണ വ്യവസ്ഥയിൽ പ്രതിപക്ഷത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ ഒരു ലേഖനം തയാറാക്കൂ.
3. 'തിരഞ്ഞെടുപ്പു കമ്മിഷനും ജനാധിപത്യ വ്യവസ്ഥയും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം തയാറാക്കുക.
4. ജനാധിപത്യ വ്യവസ്ഥയുടെ മേന്മകൾ എന്തെല്ലാമാണ്? ജനായിപത്യ വ്യവസ്ഥയുടെ പോരായ്മകൾ എന്തൊക്കെ?

# 13 മനുഷ്യാവകാശങ്ങൾ


സ്ത്രീകളിൽ 22 ശ.മാ. അതിക്രമങ്ങൾക്ക് ഇരയാകുന്നെന്ന് പഠന റിപ്പോർട്ട്

കസ്റ്റഡിയിലെ പീഡനം മോശം കുറ്റകൃത്യം: സുപ്രീംകോടതി

ന്യൂഡൽഹി: പോലീസ് കസ്റ്റഡിയിലെ ശാരീരിക പീ... പരിഷ്കൃത സമൂഹത്തിലെ ഏറ്റവും മോശമായ കുറ്റകൃ... ളിൽ ഒന്നാണെന്നു സുപ്രീംകോടതി ചൂണ്ടിക്കാട്ടി. ക... യിലെ പീഡനം തടയുന്നതിനും ഈ കുറ്റകൃത്യം ചെയ്യുന്ന... ശിക്ഷിക്കപ്പെടാതെപോകുന്നത് ഒഴിവാക്കാനും ... ന്നിൽ ആവശ്യമായ മാറ്റം കൊണ്ടുവരുന്ന കാര്യം പരി... കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു.

കർഷകരുടെ ആത്മഹത്യ മനുഷ്യാവകാശ കമീഷൻ അന്വേഷിക്കുന്നു

അമ്മ വീട്ടുതടങ്കലിൽ പാർപ്പിച്ച അഞ്ചുവയസ്സുകാരനെ മോചിപ്പിച്ചു

കുഞ്ഞിന്റെ മൃതദേഹം ഉപേക്ഷിച്ചനിലയിൽ

**കൊ**ളാഷ് ശ്രദ്ധിക്കൂ. ഇതുപോലെ എത്രയെത്രവാർത്തകളാണ് ദിവസേന പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്! ഈ സംഭവങ്ങൾ വിലയിരുത്തൂ. ഇവയൊക്കെ കേവലദുരന്തങ്ങൾ മാത്രമല്ല. മനുഷ്യാവകാശലംഘനങ്ങൾ കൂടിയാണെന്ന് കണ്ടെത്താം.

## മനുഷ്യാവകാശം

- രോഗത്തിന് ചികിത്സ ലഭിക്കേണ്ടതും പോഷകാംശമുള്ള ആഹാരം ലഭിക്കേണ്ടതും ഒരാളുടെ അവകാശമാണോ?
- കുട്ടികളെ സ്കൂളിൽ അയക്കാതിരിക്കുന്നതും അവരെ ചെറു പ്രായത്തിൽ കൂലി വേലയ്ക്ക് നിയോഗിക്കുന്നതും അവകാശ ലംഘനമാണോ?
- കുറ്റം ആരോപിക്കപ്പെട്ട പ്രതിയെ ക്രൂരമായി മർദിച്ച് സത്യം പറയിക്കുന്നത് മനുഷ്യത്വ പരമായ നടപടിയാണോ?

മേൽ സൂചിപ്പിച്ച ചോദ്യങ്ങൾ നമ്മെ നയിക്കുന്നത് മനുഷ്യാവകാശങ്ങൾ സംബന്ധിച്ച കൂടുതൽ ചർച്ചയിലേക്കാണ്. എന്താണ് മനുഷ്യാവകാശം.?

സമൂഹത്തിലെ അംഗമെന്ന നിലയിൽ ഓരോ വ്യക്തിക്കും ജീവൻ, സ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നിവ സംബന്ധിച്ച് ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. ഇവ വിവിധ അന്താരാഷ്ട്ര കരാറുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതും ഇന്ത്യയിലെ കോടതികൾക്ക് നടപ്പാക്കാവുന്നതുമായ അവകാശങ്ങൾ കൂടിയാണ്.

ഏതെല്ലാമാണ് മനുഷ്യാവകാശം സംബന്ധിച്ച അന്താരാഷ്ട്ര കരാറുകൾ?

### മനുഷ്യാവകാശ സംരക്ഷണത്തിനുള്ള അന്താരാഷ്ട്രശ്രമങ്ങൾ

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നത് ഭരണകൂടത്തിന്റെ ബാധ്യതയാക്കിക്കൊണ്ടുള്ള ആദ്യരേഖ 1215 ൽ ഒപ്പുവച്ച മാഗ്നാകാർട്ടയാണ്. അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യപ്രഖ്യാനം, ബ്രിട്ടനിലെ ബിൽ ഓഫ് റൈറ്റ്സ്, ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട മനുഷ്യാവകാശ പ്രഖ്യാപനം എന്നിവയും മനുഷ്യാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട നിർണായകമായ സംഭവങ്ങളാണ്. ഇതു സംബന്ധിച്ച ആദ്യത്തെ ആഗോള രേഖ 1945 ജൂൺ 25 ന് അംഗീകരിക്കപ്പെട്ട യു. എൻ. ചാർട്ടർ ആണ്. ഇതേക്കുറിച്ചെല്ലാം നിങ്ങൾ മുൻക്ലാസുകളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

ലോകമഹായുദ്ധങ്ങളിൽ മനുഷ്യാവകാശങ്ങൾ നിർദയം ചവിട്ടിമെതിക്കപ്പെട്ടതിന്റെ ചരിത്രം നാം ചർച്ച ചെയ്തു. തുടർന്ന് രൂപീകൃതമായ ഐക്യരാഷ്ട്രസംഘടന മനുഷ്യാവകാശ സംരക്ഷണത്തിന് നൽകിയ പ്രാധാന്യത്തെക്കുറിച്ചും നാം ചർച്ച ചെയ്തിട്ടുണ്ട്. 'ഐക്യ രാഷ്ട്രങ്ങളിലെ ജനതതികളായ ഞങ്ങൾ മനുഷ്യന്റെ അടിസ്ഥാന സ്വാതന്ത്ര്യത്തിലും സ്ത്രീ പുരുഷ തുല്യാവകാശങ്ങളിലും വ്യക്തി വൈശിഷ്ട്യത്തിലും ഉള്ള ദൃഢവിശ്വാസം പ്രഖ്യാപിക്കുന്നു' എന്ന് യു. എൻ. ചാർട്ടറിന്റെ ആമുഖത്തിൽ സൂചിപ്പിക്കുന്നു.

1946-ലാണ് ഐക്യരാഷ്ട്ര സംഘടനയുടെ കീഴിൽ സാർവദേശീയ തലത്തിൽ ഒരു മനുഷ്യാവകാശ കമ്മിഷൻ രൂപീകൃതമായത്. 1948 ഡിസംബർ 10-ാം തീയതി ഐക്യരാഷ്ട്രസംഘടന വിഖ്യാതമായ മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചു.

ജാതി, മതം, വംശം, ഭാഷ, പൗരത്വം, വിശ്വാസം, സംസ്കാരം, കുടുംബം, സ്ത്രീപുരുഷ ഭേദം തുടങ്ങിയ വിവേചനങ്ങൾ കൂടാതെ മനുഷ്യോചിതമായ ജീവിതം നയിക്കാനുള്ള ജന്മസിദ്ധമായ അവകാശം ലോകജനതയ്ക്ക് ഉറപ്പു നൽകുന്നതായിരുന്നു ആ പ്രഖ്യാപനം.

✱ *മനുഷ്യാവകാശ സംരക്ഷണത്തിനുള്ള അന്താരാഷ്ട്രശ്രമങ്ങളെ അധികരിച്ച് 'മനുഷ്യാവകാശ സംരക്ഷണം' - കാലഗണനാ ചാർട്ട് തയാറാക്കൂ.*

### മനുഷ്യാവകാശ സംരക്ഷണം ഇന്ത്യയിൽ

ഇന്ത്യൻ ഭരണഘടനയുടെ പൊതുസ്വഭാവത്തെക്കുറിച്ച് മുൻ ക്ലാസിൽ പ്രതിപാദിച്ചിരുന്നല്ലോ. ആഗോള മനുഷ്യാവകാശ പ്രഖ്യാപന

ത്തിന്റെ സ്വാധീനം നമ്മുടെ ഭരണഘടനയിൽ എവിടെയെല്ലാമാണ് ദർശിക്കാനാവുന്നത്.?

ഭരണഘടന നിഷ്കർഷിക്കുന്ന മനുഷ്യാവകാശങ്ങൾ ഏതൊക്കെയാണ്?

- സമത്വത്തിനുള്ള അവകാശം
- ജാതി, മതം, വംശം, സ്ത്രീ-പുരുഷഭേദം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിനെതിരെയുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- ജീവിക്കാനും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കാനുമുള്ള അവകാശം
- സാമൂഹിക സുരക്ഷിതത്വത്തിനുള്ള വകാശം
- ചൂഷണത്തിനെതിരായ അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
- ഭരണഘടനാപ്രതിവിധിക്കുള്ള അവകാശം
- പൗരത്വത്തിനുള്ള അവകാശം
- വോട്ടവകാശം
- സ്വത്തവകാശം
- 
- 

ഭരണഘടനയിലെ മേൽസൂചിപ്പിച്ച അവകാശങ്ങൾ പാലിക്കപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്?

അവകാശലംഘനത്തിന് ആരോടാണ് പരാതിപ്പെടേണ്ടത്?

ഒരു നിയമവിദഗ്ധനുമായി അഭിമുഖം നടത്തിയാലോ? അഭിമുഖത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന അഭിപ്രായങ്ങൾ അന്വേഷണ ക്കുറിപ്പുകളിൽ ചേർക്കൂ.

**ഇന്ത്യൻ ഭരണഘടന**

മിക്ക മനുഷ്യാവകാശങ്ങളെയും മൗലികാവകാശങ്ങൾ എന്ന നിലയിൽ ഇന്ത്യയുടെ ഭരണഘടന സംരക്ഷിക്കുന്നുണ്ട്. മൗലികാവകാശ സംരക്ഷണം ഉറപ്പു വരുത്താൻ കോടതികൾ ജാഗ്രതയോടെ പ്രവർത്തിക്കുന്നു. എന്നിട്ടും വിവിധതരം മനുഷ്യാവകാശലംഘനങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര തലത്തിൽ ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിലാണ് 1993-ൽ ഇന്ത്യയിൽ ദേശീയ മനുഷ്യാവകാശ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമമനുസരിച്ച് ഇന്ത്യയിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും മനുഷ്യാവാകാശ കമ്മിഷനുകൾ രൂപീകൃതമായി. ഈ രണ്ടു കമ്മിഷനുകളുടെയും ഘടന, അധികാരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൂ.

മനുഷ്യാവകാശ കമ്മിഷനുകളുടെ ചുമതലകൾ എന്തൊക്കെയാണ്?

- മനുഷ്യവാകാശത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക
- മനുഷ്യാവകാശലംഘനം നടന്നുവെന്ന് കമ്മീഷന് ബോധ്യമാകുന്ന സംഭവങ്ങളിൽ യുക്തമായ നടപടിയെടുക്കാൻ സർക്കാരിനോടോ അധികൃതരോടോ ശുപാർശ ചെയ്യുക.
- അവകാശങ്ങൾ ലംഘിക്കപ്പെട്ട വ്യക്തിക്ക് യുക്തമായ നഷ്ടപരിഹാരം നൽകാൻ ശുപാർശ ചെയ്യുക.
- 

മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ പല സംസ്ഥാനങ്ങളിലും ഉണ്ട്.

✸ *സംസ്ഥാന മനുഷ്യാവകാശ കമ്മിഷനും ദേശീയ മനുഷ്യാവകാശ കമ്മിഷനും അടുത്തകാലത്തായി ഇടപെട്ട സംഭവങ്ങൾ,*

*ഉണ്ടായ തീർപ്പുകൾ, നടപടികൾ ഇവ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കൂ.*

മനുഷ്യാവാകാശ സംരക്ഷണത്തിനു വേണ്ടി ആഗോളതലത്തിലും സംസ്ഥാന-ദേശീയ തലങ്ങളിലും നടന്ന നിയമനിർമാണങ്ങളുടെയും അനുബന്ധനടപടികളുടെയും ഏകദേശ സൂചനകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇതുമൂലം നമ്മുടെ നാട്ടിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കുവാൻ കഴിഞ്ഞുവോ? ഒരന്വേഷണമാവാം.

ഏതാനും ദിവസങ്ങളിലെ പത്രങ്ങൾ തുടർച്ചയായി ശേഖരിച്ച് അവയിലെ മനുഷ്യാവകാശലംഘനസംബന്ധമായ വാർത്തകൾ കണ്ടെത്തൂ. മനുഷ്യാവകാശ ലംഘനത്തിന് കുറവ് വരുന്നുണ്ടോ? ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി അവകാശ ലംഘനത്തിന് വിധേയരാവുന്നുണ്ടോ? അവകാശലംഘനം നടക്കുന്ന പ്രത്യേക മേഖലകൾ ഏതൊക്കെയാണ്?

കണക്കുകളനുസരിച്ച് ഏറ്റവുമധികം അവകാശലംഘനത്തിന് വിധേയരാവുന്നത് സ്ത്രീകളും ദളിതരും കേസുകളുമായി ബന്ധപ്പെട്ട് പോലിസ് കസ്റ്റഡിയിലും ജയിലിലും കഴിയേണ്ടിവരുന്നവരുമാണ്. നിങ്ങൾ ശേഖരിച്ച പത്രവാർത്തകൾ ഈ വസ്തുതത ശരിവയ്ക്കുന്നുണ്ടോ?

പ്രത്യേക നിയമനിർമാണങ്ങളും ഇതര നടപടികളും ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? ചർച്ചചെയ്യൂ.

## കുട്ടികളുടെ അവകാശങ്ങൾ

1989-ലെ ബാലാവകാശങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര പ്രഖ്യാപനവും 1993-ലെ വിയന്നാ കൺവെൻഷനും അനുസരിച്ച് കുട്ടികളുടെ പ്രധാനപ്പെട്ട അവകാശങ്ങൾ എന്തൊക്കെയെന്നു നോക്കൂ.

- ജീവിക്കാനുള്ള അവകാശം
- വ്യക്തിത്വസംരക്ഷണത്തിനുള്ള അവകാശം
- പൗരത്വത്തിനും ദേശീയതയ്ക്കുമുള്ള അവകാശം
- മാതാപിതാക്കളിൽ നിന്ന് വേർപെടുത്താതിരിക്കാനുള്ള അവകാശം
- അഭിപ്രായപ്രകടനത്തിനുള്ള അവകാശം
- അറിയാനുള്ള അവകാശം.
- സ്വകാര്യത, അഭിമാനം,സൽപ്പേര്, എന്നിവയ്ക്കുള്ള അവകാശം
- ലൈംഗിക ചൂഷണത്തിൽ നിന്ന് സംരക്ഷണത്തിനുള്ള അവകാശം
- ആരോഗ്യസംരക്ഷണത്തിനുള്ള അവകാശം
- വിശ്രമത്തിനും വിനോദത്തിനുമുള്ള അവകാശം
- മയക്കുമരുന്നു പോലെ ഹാനികരമായ വസ്തുക്കളിൽ നിന്ന് സംരക്ഷണം ലഭിക്കാനുള്ള അവകാശം
- ദത്തെടുക്കൽ നിബന്ധനകൾ പാലിക്കപ്പെടുന്നതിനുള്ള അവകാശം
- അഭയാർഥി ശിശുവിന്റെ അവകാശങ്ങൾ
- രക്ഷാകർത്തൃരഹിതരായ ശിശുക്കളുടെ അവകാശങ്ങൾ
- 

**ഇന്ത്യൻ ഭരണഘടനയും കുട്ടികളുടെ അവകാശങ്ങളും**

ഇന്ത്യൻ ഭരണഘടന കുട്ടികൾക്കു നല്കുന്ന അവകാശങ്ങളുടെ പരിരക്ഷ ഏതു വിധമാണെന്നു നോക്കാം.

- കുട്ടികൾക്കു വേണ്ടി പ്രത്യേക വ്യവസ്ഥകൾ ആകാം എന്ന് 15-ാം അനുച്ഛേദം വ്യക്തമാക്കുന്നു.
- ഇരുപത്തിനാലാം അനുഛേദം ബാലവേല നിരോധിക്കുന്നു.
- ഭരണഘടനയുടെ അനുച്ഛേദം 21 (A)



അനുസരിച്ച് 6 വയസ്സിനും 14 വയസ്സിനും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും ഭരണകൂടം നിയമം മൂലം നിശ്ചയിക്കുന്ന നിർബന്ധിതമായ വിദ്യാഭ്യാസം നൽകേണ്ടതാണ്.

ഈ അധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ കുട്ടികളുടെ ഏതെല്ലാം അവകാശങ്ങളാണ് ലംഘിക്കപ്പെട്ടത്? മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം നോക്കൂ. കുട്ടികളുടെ അവകാശലംഘനവുമായി ബന്ധപ്പെട്ട എന്തെല്ലാം സൂചനകളാണ് അത് തരുന്നത്?

- ആരോഗ്യസംരക്ഷണത്തിനുള്ള അവകാശം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- ജീവിക്കാനുള്ള അവകാശം
- 

✸ *'കുട്ടികളുടെ അവകാശങ്ങളും അവയുടെ ലംഘനവും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു കുറിപ്പു തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.*

### സ്ത്രീകളുടെ അവകാശങ്ങൾ

സ്ത്രീകൾക്ക് സമൂഹത്തിൽ അനുഭവിക്കേണ്ടി വരുന്ന അവഗണനയെ സംബന്ധിച്ച് മുൻക്ലാസിൽ ചർച്ച ചെയ്തതാണല്ലോ.

**വനിതാപ്രാതിനിധ്യം**

*1952 മുതൽ 1998 വരെയുള്ള കാലയളവിൽ ലോകസഭയിലെ സ്ത്രീ പങ്കാളിത്തം 5.9 ശതമാനം മാത്രമായിരുന്നു.*

നമ്മുടെ നിയമസഭയിൽ സ്ത്രീപങ്കാളിത്തം വേണ്ടത്ര ഉണ്ടായിട്ടുണ്ടോ? സ്ത്രീകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നിയമനിർമാണങ്ങളും നടപടികളുമാണ് ഇതിനകം ഉണ്ടായിട്ടുള്ളത്?

#### സ്ത്രീവിവേചന നിവാരണ നടപടി

1979 ഡിസംബർ 18-ന് ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഈ ഉടമ്പടി ചില കർമപരിപാടികൾ നിർദേശിച്ചിട്ടുണ്ട്.

- സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീപുരുഷ സമത്വം
- ഗ്രാമീണവനിതകളുടെ ഉന്നമനവും വികസനപ്രക്രിയയിലെ പങ്കാളിത്തവും
- സിവിൽ രാഷ്ട്രീയ അവകാശസമത്വം.

ഗ്രാമീണ വനിതകളുടെ അവകാശങ്ങൾ സംബന്ധിച്ച അന്തർദേശീയ ധാരണകൾക്ക് സമാനമായ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിലും വിവിധ സന്ദർഭങ്ങളിൽ കേന്ദ്ര-സംസ്ഥാന നിയമസഭകൾ നിർമിച്ച നിയമങ്ങളിലും കാണാം. ഏതൊക്കെയാണവ?

- ഭരണകൂടം ഒരു പൗരനും നിയമത്തിന്റെ മുന്നിൽ സമത്വം അഥവാ നിയമത്തിന്റെ തുല്യപരിരക്ഷ നിഷേധിക്കരുത്.
- ജാതി, മതം, വംശം, സ്ത്രീ-പുരുഷ ഭേദം, ജനനസ്ഥലം, എന്നിവയുടെ പേരിലുള്ള വിവേചനം ഉണ്ടാവരുത്.
- സ്ത്രീപുരുഷന്മാർക്ക് തുല്യജോലിക്ക് തുല്യ വേതനം നൽകണം.

**സ്ത്രീ ശാക്തീകരണം**

*ഐക്യരാഷ്ട്രസംഘടനയുടെ 2001-ലെ വികസന റിപ്പോർട്ടനുസരിച്ച് സ്ത്രീകളുടെ വികസനകാര്യങ്ങളിൽ ഇന്ത്യയ്ക്ക് ലോക രാജ്യങ്ങളുടെയിടയിൽ 105-ാം സ്ഥാനം മാത്രമാണുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് പത്താം പദ്ധതിയിൽ സ്ത്രീശാക്തീകരണം മുഖ്യ ഇനമാക്കിയിരിക്കുന്നത്.*

**ചില നിയമങ്ങൾ**

- 1986-ലെ സ്ത്രീധനനിരോധന നിയമം.
- 1986-ലെ അശ്ലീലചിത്രീകരണ നിരോധന നിയമം.
- 1994-ലെ ലിംഗനിർണയ നിരോധന നിയമം
- 

സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങൾ ഇല്ലാതാക്കാൻ ഉണ്ടാക്കിയിട്ടുള്ള ചില നിയമങ്ങളാണിവ. ഈ നിയമങ്ങൾക്ക് സ്ത്രീകളുടെ അവകാശങ്ങളെ എത്രമാത്രം ഫലപ്രദമായി സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിക്കൂ.

✸ *കേരളത്തിൽ സ്ത്രീകളുടെ അവകാശ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്വതന്ത്ര ഏജൻസിയാണ് 'കേരള വനിതാ കമ്മിഷൻ.' ഇതിന്റെ പ്രവർത്തന രീതിയെക്കുറിച്ച് വിവരശേഖരണം നടത്തി റിപ്പോർട്ട് തയാറാക്കൂ.*

സ്ത്രീകളുടെ അവകാശലംഘനവുമായി ബന്ധപ്പെട്ട് പത്രവാർത്തകളിൽ കാണുന്ന സംഭവങ്ങൾ വിലയിരുത്തുക. നിരവധി നിയമങ്ങളുടെ പരിരക്ഷ ഉണ്ടായിട്ടും ഇപ്പോഴും സ്ത്രീകൾക്കു നേരെയുള്ള അവകാശലംഘനങ്ങൾ തുടരുന്നില്ലേ? ഏതൊക്കെ രീതിയിലാണ് ഈ അവകാശലംഘനങ്ങൾ നടക്കുന്നത്?

- സ്ത്രീധനപീഡനം
- തൊഴിൽസ്ഥലങ്ങളിലെ പീഡനം
- അവസരസമത്വനിഷേധം
- വേതനവ്യത്യാസം
- 
- 

**മനുഷ്യാവകാശങ്ങളും ദളിത് സമൂഹവും**

സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിൽ മുഖ്യധാരയിൽ നിന്ന് പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് ദളിതർ.

ദളിതരുടെ അടിസ്ഥാന ആവശ്യം മനുഷ്യർ എന്ന നിലയിലുള്ള മുഴുവൻ അവകാശങ്ങളും നേടിയെടുക്കുക എന്നതാണ്.

ഈ വിഭാഗങ്ങൾക്ക് അധികാരവും അവകാശവും നിഷേധിക്കപ്പെടുന്നുണ്ടോ? ഏതെല്ലാം രംഗത്താണ് അങ്ങനെ സംഭവിക്കുന്നത്? കണ്ടെത്തി രേഖപ്പെടുത്തൂ.

മുമ്പ് പ്രസ്താവിച്ച അന്തർദേശീയ മനുഷ്യാവകാശ കരാറുകൾക്കും ഉടമ്പടികൾക്കും പുറമെ ഈ വിഭാഗങ്ങളുടെ അവകാശസംര

ക്ഷണത്തിനായി നമ്മുടെ ഭരണഘടനയും ഒട്ടേറെ നിർദേശങ്ങൾ നൽകുന്നുണ്ട്.

ഭരണഘടന പൊതുവിൽ ഉറപ്പു വരുത്തുന്ന അവകാശങ്ങൾ കൂടാതെ ദളിത് വിഭാഗത്തിന് പ്രത്യേക പിരഗണനയാകാം എന്ന് ഭരണഘടന അനുശാസിക്കുന്നു.

ഇന്ത്യയിൽ ദളിത് വിഭാഗത്തിന്റെ പൊതുവായ പ്രശ്നങ്ങൾ പഠിക്കുന്നതിനും യഥാവിധി പരിഹാരമുണ്ടാക്കുന്നതിനുംവേണ്ടി പ്രവർത്തിക്കുന്ന ഭരണവകുപ്പുകൾ ഉണ്ട്.

### നിയമപാലനവും മനുഷ്യാവകാശവും

അറസ്റ്റ് ചെയ്യപ്പെടുന്നവർ ചോദ്യം ചെയ്യലിനിടയിലും ജയിൽശിക്ഷ അനുഭവിക്കുന്നവർ ജയിലുകളിലും നേരിടേണ്ടിവരുന്ന പീഡനം മനുഷ്യാവകാശലംഘനമാണ്.

നിയമാനുസൃതമായ ബലപ്രയോഗത്തിന് പോലീസിന് അധികാരമുണ്ടെങ്കിലും പ്രാകൃതമായ മനുഷ്യപീഡനം നിയമവിരുദ്ധമാണ്. മനുഷ്യാവകാശങ്ങൾ അനുഭവിക്കുന്നതിന് കുറ്റവാളിക്കും കുറ്റം ആരോപിക്കപ്പെട്ടയാൾക്കും അർഹതയുണ്ട്.

പോലീസ് കസ്റ്റഡിയിലും ജയിലറകളിലും മനുഷ്യത്വപൂർണമായ സമീപനം ഉണ്ടാവണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മിഷൻ നിർദേശിച്ചിട്ടുണ്ട്. ഇതിനായി ശാസ്ത്രീയ കുറ്റാന്വേഷണരീതികളിൽ പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ട്.

**മൂന്നാം മുറ**

*"കേസന്വേഷണവുമായി ബന്ധപ്പെട്ട് 'മൂന്നാംമുറ' ഉപയോഗിക്കുന്നത് അനുവദിക്കുന്ന തരത്തിലുള്ള സമീപനം ഇന്ത്യയിൽ ഗുരുതരമായ മനുഷ്യാവകാശലംഘനത്തിന് കാരണമാകുന്നുണ്ട്. ഇത് അനിവാര്യമായിരുന്നുവെന്ന് വിശ്വസിക്കാനാവുന്നില്ല".*

**ദേശീയ മനുഷ്യാവകാശ കമ്മിഷൻ.**

### മനുഷ്യാവകാശ സംരക്ഷണം സന്നദ്ധസംഘടനകളിലൂടെ

മനുഷ്യാവകാശ സംരക്ഷണത്തിൽ സന്നദ്ധ സംഘടനകൾക്ക് നിർണായകമായ പങ്ക് വഹിക്കാൻ കഴിയുന്നുണ്ട്. ആഗോളതലത്തിലും ദേശീയ തലത്തിലും പ്രാദേശിക തലങ്ങളിലും ഈ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനരീതി എന്തെന്നു നോക്കാം.

- മനുഷ്യാവകാശനിഷേധങ്ങൾ വെളിച്ചത്തു കൊണ്ടുവന്ന് ജനങ്ങളുടെ പ്രതികരണ ശേഷി വളർത്തുന്നു.
- മനുഷ്യാവകാശ സംരക്ഷണത്തിന് ഭരണകൂടത്തെ പ്രേരിപ്പിക്കുന്നു.
- 
- 

ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘടനകൾ ഏതൊക്കെയാണ്?

- ആംനെസ്റ്റി ഇന്റർനാഷണൽ
- ഏഷ്യാ വാച്ച്
- 

**ആംനെസ്റ്റി ഇൻറർനാഷണൽ**

*മനുഷ്യാവകാശ സംരക്ഷണം മുൻനിർത്തി. അന്താരാഷ്ട്രതലത്തിലുള്ള പ്രധാന സന്നദ്ധ സംഘടനയാണ് ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആംനെസ്റ്റി ഇന്റർ നാഷണൽ. ഈ സംഘടനയ്ക്ക് യു.എൻ. അംഗീകാരവും കൂടിയാലോചനാപദവിയുമുണ്ട്. 1974ൽ സമാധാനത്തിനുള്ള നോബൽ സമ്മാനവും 1978ൽ മികച്ച മനുഷ്യാവകാശ പ്രവർത്തനത്തിനുള്ള യു.എൻ. അവാർഡും ലഭിച്ചു. ലോകത്തിലെ മിക്ക രാജ്യങ്ങളിലെയും തടവുകാർ അനുഭവിക്കുന്ന പീഡനങ്ങളും ക്രൂരതകളും ഈ സംഘടന വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്.*

ഈ മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ തലത്തിലുള്ള സന്നദ്ധ സംഘടനകൾ ഏതൊക്കെയെന്ന് കണ്ടെത്തൂ.

- പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ്
- പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ്
-
-

## പ്രോജക്റ്റ്

'മനുഷ്യാവകാശങ്ങളും വർത്തമാനകാല ലോകവും'

മനുഷ്യാവകാശലംഘനം സംബന്ധിച്ച പത്ര വാർത്തകൾ, ആനുകാലികങ്ങളിലെ ലേഖന ങ്ങൾ, സ്ഥിതി വിവരക്കണക്കുകൾ എന്നിവ ശേഖരിക്കുക.

ഒരു നിശ്ചിത കാലയളവിലെ കണക്കുകൾ പരി ശോധിച്ച് താഴെ പറയുന്ന കാര്യങ്ങൾ വില യിരുത്തുക.

മനുഷ്യാവകാശ ലംഘനങ്ങൾ വർധിക്കുക യാണോ?

ഏതു വിഭാഗം ജനങ്ങൾക്കെതിരെയാണ് മനുഷ്യാവകാശലംഘനം കൂടുതലായി നടക്കു ന്നത്?

അവകാശലംഘനത്തിനെതിരെ സർക്കാർ, മനുഷ്യാവകാശ കമ്മിഷനുകൾ, സംഘടനകൾ തുടങ്ങിയ ഏജൻസികളുടെ ഇടപെടൽ എന്തു മാത്രം പര്യാപ്തമാവുന്നുണ്ട്?

മേൽ സൂചിപ്പിച്ച വിവരങ്ങളുടെ അടിസ്ഥാന ത്തിൽ നിങ്ങളുടെ നിഗമനങ്ങളും നിർദേശ ങ്ങളും രേഖപ്പെടുത്തി പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കൂ.

## സംഗ്രഹം

- മനുഷ്യാവകാശസംരക്ഷണവുമായി ബന്ധപ്പെട്ട പ്രധാന രേഖകളാണ് മാഗ്നാ കാർട്ട, യു.എൻ. ചാർട്ടർ, മനുഷ്യാവകാ ശപ്രഖ്യാപനം, അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം മുതലായവ.
- ഇന്ത്യയുടെ ഭരണഘടന മനുഷ്യാവകാശ ങ്ങൾ ഉറപ്പുനൽകുന്നു.
- 1993-ലെ മനുഷ്യാവകാശസംരക്ഷണ നിയമമനുസരിച്ച് ഇന്ത്യയിൽ ദേശീയത ലത്തിലും സംസ്ഥാനതലത്തിലും മനു ഷ്യാവകാശകമ്മിഷനുകൾ രൂപീകൃത മായി.
- സ്ത്രീകൾ, ദളിതർ, കുട്ടികൾ, പോലീസ് കസ്റ്റഡിയിലും ജയിലിലും കഴിയുന്നവർ എന്നീ വിഭാഗങ്ങളാണ് ഏറ്റവുമധികം മനു ഷ്യാവകാശലംഘനത്തിനു വിധേയരാകു ന്നവർ.
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കു ന്നതിനുള്ള വിവിധ നിയമങ്ങൾ ഉണ്ട്.
- സ്ത്രീവിവേചനം ഇല്ലാതാക്കുന്നതിനും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷി ക്കുന്നതിനും ഇന്ത്യയിൽ പല നിയമ ങ്ങളും സംവിധാനങ്ങളുമുണ്ട്.
- ദളിതരുടെ അവകാശസംരക്ഷണത്തിന് പല നിയമങ്ങളുമുണ്ട്.
- മനുഷ്യാവകാശസംരക്ഷണപ്രവർത്തന ങ്ങളിൽ അന്തർദേശീയതലത്തിലും ദേശീ യതലത്തിലും പല സന്നദ്ധസംഘടന കളും വ്യാപൃതരായിട്ടുണ്ട്.

## ചോദ്യങ്ങൾ

- മനുഷ്യാവകാശസംരക്ഷണത്തിനുള്ള അന്താരാഷ്ട്രശ്രമങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

- ഇന്ത്യയിലെ ദേശീയ സംസ്ഥാനമനുഷ്യാവകാശകമ്മിഷനുകളുടെ ചുമതലകൾ എന്തെല്ലാം? ഇവയുടെ പ്രവർത്തനം വിലയിരുത്തുക.
- കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന ചില സന്ദർഭങ്ങൾ എഴുതുക.
- 'മനുഷ്യാവകാശസംരക്ഷണവും സന്നദ്ധസംഘടനകളും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു കുറിപ്പു തയാറാക്കുക.
- സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായുള്ള നിയമങ്ങളും സംവിധാനങ്ങളും വിലയിരുത്തുക.



SCERT

വിദ്യാഭവൻ

PRINTED BY THE MANAGING DIRECTOR
KERALA BOOKS AND PUBLICATIONS SOCIETY, KAKKANAD, KOCHI-682 030